
ഏഴാം മുതൽ

നേതൃത്വ പരിശീലനം




deb

dcb

നേതൃത്വ പരിശീലനം



ഫാ. ഏബ്രഹാം മുത്തോലത്ത്

1954 ഒക്ടോബർ 23 ന് പാലാസ്സുടുത്തു് പേർപ്പുകൽ ജനിച്ചു.
ആലുവാ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു
തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബാച്ചിലർ ബിരുദം
നേടി. 1980 ൽ കോട്ടയം രൂപതയിൽ വൈദികനായി.
അപ്നാദേശ് ദൈവാരികയുടെ ചീഫ് എഡിറ്റർ,
തിരുഹൃദയമാസികയുടെ എഡിറ്റർ, വൈ. എം. സി. എ.
കേരളയുവതയുടെ പത്രാധിപസമിതി അംഗം, ജ്യോതി ബുക്ക് ഹൗസ്,
കുഞ്ഞലിക്ക് മിഷൻ പ്രസ്സ് എന്നിവയുടെ മാനേജർ,
ഇടവക വികാരി എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്നു.
പ്രേഷിതകേരളം പത്രാധിപസമിതി അംഗമായിരുന്നു.
വെളിയനാട് വൈ. എം. സി. എ യുടെയും
കോട്ടയം രൂപത പ്ലാറ്റിനം ജൂബിലിയുടെയും സ്മരണികകളുടെ
മുഖ്യ പത്രാധിപരും. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ
ധാരാളം ലേഖനങ്ങൾ എഴുതുന്നുണ്ട്. കേരളത്തിന്റെ വിവിധ
ഭാഗങ്ങളിൽ പ്രസംഗങ്ങളും നേതൃത്വ പരിശീലന ക്ലാസ്സുകളും
നടത്തിവരുന്നു. നിങ്ങൾക്കും നേതാവാകാം,
വൈദിക നേതൃത്വം—ഇന്ന് നാളെ, ബൈബിളും ഗെയിംസും
എന്നീ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

മാതാപിതാക്കൾ: ചാക്കോ, അച്ചാമ്മ.

വിലാസം: മുത്തോലത്ത്, പേർപ്പുകൽ പി. ഓ.
കോട്ടയം 686 584

നേതൃത്വ പരിശീലനം

ഏബ്രഹാം മുത്തോലത്ത്

ഡിസിബുക്സ് കോട്ടയം

1987

വില: 20. 00 രൂപ



(Malayalam)
Nethruthwa Pariseelanam
Social Psychology
by Fr. Abraham Mutholath
Rights Reserved
First Published July 1987
Cover design: Asok
Printed at Catholic Mission Press Training Centre, Kottayam
Publishers:
D. C. BOOKS, KOTTAYAM-686 001
Kerala State, India
Distributors:
CURRENT BOOKS
Kottayam Trivandrum, Quilon, Alleppey
Ernakulam, Alwaye, Kozhikode, Tellicherry

Rs. 20.00

69/87 (d/4) S. No. 1269 dcb 999 Or. 15.2 - 2000 - 0787

പ്രിയ വായനക്കാരോട്

ഇന്ന് നേതൃത്വ പരിശീലനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഏറെയാണ്. വിവിധ മതവിഭാഗങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും സാമൂഹ്യിക സാംസ്ക്കാരിക സംഘടനകളുടെയും ആഭിമുഖ്യത്തിൽ അനവധി യുവജന പ്രസ്ഥാനങ്ങളും അടുത്ത കാലത്തായ് രൂപംകൊണ്ടിട്ടുണ്ട്. തങ്ങളുടെ മതത്തിനോ സമുദായത്തിനോ പാർട്ടിക്കോ സംഘടനയ്ക്കോ പ്രസ്ഥാനത്തിനോ ഭാവിയിൽ നേതൃത്വം നല്കേണ്ട കുരുന്നുറ നേതാക്കളെ വാർത്തെടുക്കുന്നുവെന്നതാണ് ഈ യുവജന പ്രസ്ഥാനങ്ങളിലൂടെ കുട്ടികൾക്കും യുവതീയുവാക്കൾക്കും നേതൃത്വ പരിശീലനം നല്കുകയെന്നത് അവയുടെ പ്രധാന ലക്ഷ്യം.

സമൂഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചോ നേതൃത്വത്തിന്റെ പ്രത്യേകതകളെക്കുറിച്ചോ ക്ലാസ്സുകൾ എടുക്കുന്നതുകൊണ്ടുമാത്രം വേണ്ടത്ര ഫലം ലഭ്യമാകുന്നില്ല അതിനാൽ ക്ലാസ്സുകളോടൊപ്പം വിവിധ സാമൂഹ്യ സാഹചര്യങ്ങൾ കൃത്രിമമായി സൃഷ്ടിച്ചുകൊണ്ട് കളികളിലൂടെയും ടെക്നിക്കുകളിലൂടെയും പല പ്രായോഗിക തത്വങ്ങളും അനുഭവേദ്യമാക്കി പഠിപ്പിക്കുവാൻ സാധിക്കണം. 'ഗ്രൂപ്പ് ഡൈനാമിക്സ്' എന്ന സാമൂഹ്യ മനഃശാസ്ത്ര ശാഖയുടെ വളർച്ചയോടെ ഇന്ന് ഇത്തരം പരിശീലനത്തിനാണ് മുൻതൂക്കം നല്കുന്നത്.

കേരളത്തിൽ നേതൃത്വ പരിശീലന കളരികളും നേതൃത്വപരിശീലകരും ധാരാളമുണ്ട്. എന്നാൽ നേതൃത്വ പരിശീലനത്തിന് സഹായകരമായ ഇത്തരം പുസ്തകം നമ്മുടെ മാതൃഭാഷയിൽ ലഭ്യമല്ല എന്നത് വലിയൊരു കുറവാണ്. 1979 ൽ 'നിങ്ങൾക്കും നേതാവാകാം' എന്ന പുസ്തകം പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ രണ്ടാം ഭാഗമായി 'കളികളും ടെക്നിക്കുകളും' പെട്ടിരുന്നു. 1981 ൽ അതിന്റെ പരിഷ്ക്കരിച്ച പതിപ്പ് പ്രസിദ്ധീകരിച്ചപ്പോൾ ആദ്യഭാഗം മാത്രം 'നിങ്ങൾക്കും നേതാവാകാം' എന്ന പേരിൽ കൂടുതൽ വിപുലീകരിച്ച പ്രസിദ്ധീകരിക്കേണ്ടതായിത്തീർന്നു. രണ്ടാം ഭാഗം, നേതൃത്വ പരിശീലകരെ ഉദ്ദേശിച്ച് നേതൃത്വത്തെയും സമൂഹസ്വഭാവത്തെയും വെളിപ്പെടുത്തുന്ന കൂടുതൽ കളികളോടും ടെക്നിക്കുകളോടുംകൂടി ആനുകാലികമാക്കി അവതരിപ്പിക്കുകയാണ് ഈ ഗ്രന്ഥത്തിൽ.

വലിയ രംഗസജ്ജീകരണങ്ങളും കൂടാതെ ഇതിലെ കളികളും ടെക്നിക്കുകളും അവതരിപ്പിക്കുവാൻ കഴിയും. പരിചയസമ്പന്നരല്ലാത്തവർക്കും ഉപയോഗിക്കത്തക്കവിധം അവയെ കഴിവതും ലളിതവും വ്യക്തവു

മാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അതിനാൽ നേതൃപരിശീലകരല്ലാത്തവർക്കുകൂടി സുഹൃത്തുക്കളുമായി ഒത്തുചേരുമ്പോഴോ, കുട്ടികളും യുവാക്കളുമായി ഇടപഴകുവാൻ അവസരം ലഭിക്കുമ്പോഴോ അവരെയും പരീക്ഷിച്ചു നോക്കാം. പുസ്തകങ്ങളിൽനിന്നും എന്നതിനേക്കാളും നിരവധി കാര്യങ്ങളും മനസ്സിലാക്കുവാൻ അതു് ഉപകരിക്കും.

ഈ ഗ്രന്ഥം തയ്യാറാക്കുന്നതിനു് അനുകൂല സാഹചര്യമൊരുക്കുകയും വേണ്ട പ്രോത്സാഹനം നല്കുകയും ചെയ്ത കോട്ടയം ബിഷപ്പു് മാർ കുര്യാക്കോസു് കുന്നശ്ശേരിയോടു് എനിക്കുള്ള നന്ദി വളരെയേറെയാണു്. കേരളത്തിലെ പല രൂപതകളിലും ഇടവകകളിലും കോളേജുകളിലും സ്കൂളുകളിലും ഇതര സ്ഥാപനങ്ങളിലും നേതൃത്വ പരിശീലന സെമിനാറുകൾ നടത്തുവാൻ സാധിച്ചതുമൂലമാണു് ഇതിലെ പല ആശയങ്ങളും ടെക്നിക്കുകളും രൂപപ്പെടുത്തുവാൻ എനിക്കിടയായതു്. നേതൃത്വ പരിശീലന രംഗത്തു പ്രവർത്തിക്കുന്ന പല ആത്മാർത്ഥ സുഹൃത്തുക്കളുടെയും പ്രേരണയും പ്രോത്സാഹനവും ഈ ഗ്രന്ഥരചനയിൽ എനിക്കു ലഭിച്ചിട്ടുണ്ടു്. ഈ പുസ്തകത്തിന്റെ കൈയെഴുത്തു പ്രതി വായിച്ചു് വേണ്ട തിരുത്തലുകൾ വരുത്തുവാൻ സഹായിച്ച എന്റെ സുഹൃത്തു് ഫാ. ജോസു് പുതുക്കയിൽ എം. എ., റവ. സി. റൊസോറാ എസു്. വി. എം. എന്നിവരോടും ഇതിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച ശ്രീ. ഡി. സി. കിഴക്കേമുറിയോടും ഇതിന്റെ അച്ചടിയിൽ സഹായിച്ച കാത്തലിക് മിഷൻ പ്രസ്സു് ടെയിനിംഗ് സെന്ററിലെ സഹപ്രവർത്തകരോടും എനിക്കുള്ള നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

നേതൃത്വ പരിശീലനം കാംക്ഷിക്കുന്ന കേരളത്തിലെ യുവതീയുവാക്കളും കുട്ടികളും അവർക്കു് പരിശീലനം നല്കുന്നവർക്കുമായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു; നിങ്ങൾക്കെന്നും ഉപകാരപ്രദമായ ഒരു ഹാൻഡ് ബുക്കായിരിക്കും ഈ പുസ്തകം എന്ന ശുഭപ്രതീക്ഷയോടെ.

കോട്ടയം
ജൂലൈ 1, 1987

ഫാ. ഏബ്രഹാം മുത്തോലത്തു്

ഉള്ളടക്കം

1 പരിശീലന മാഗ്നങ്ങം 13

2 സെമിനാറിനു് ഒരുക്കം 16

3 അവതരണ രീതി 19

4 കോഴ്സുകം പലവിധം 22

- i പതിവായി ഏതാനും മണിക്കൂറുകം 22
- ii അർദ്ധദിന സെമിനാർ 23
- iii ഏകദിന സെമിനാർ 24
- iv നേതൃത്വ പരിശീലന ക്യാമ്പു് 25

5 പ്രായാടിസ്ഥാനത്തിൽ 27

- i മിഡിൽ സ്കൂം കുട്ടികും 27
- ii ഹൈസ്കൂം കുട്ടികും 28
- iii യുവജനങ്ങം 29

6 പ്രാർത്ഥനാ സമ്മേളനങ്ങം 30

- i വസ്തുക്കളുടെ സഹായത്തോടെ 31
- ii കഥ, സംഭവം 37
- iii മതഗ്രന്ഥം 38
- iv ചെറിയ ഗ്രൂപ്പുകളിൽ 40

7 കളികം 44

- i കുട്ടികൾക്കു്: ക്ലാസ്സുമുറിയിൽ 46
  - 1 ലീഡർ സെയ്സു് 46
  - 2 ഡൂ ദിസു്, ഡൂ ദാറ്റു് 46
  - 3 ഭാരതീയ നേതാക്കൾ 46
  - 4 ബലൂൺ വീർപ്പിക്കൽ 47
  - 5 ത്രുവാല വീഴ്ത്തൽ 47

6 മനുഷ്യ ഹാർമോണിയം 47
7 താളാത്മകമായ കൈയടി 47
8 താളം പിടിക്കൽ 48

ii കുട്ടികൾക്കു്: കു്ളാസ്സിനു വെളിയിൽ 48

1 പുഞ്ചിരി മത്സരം 48
2 ബോധം പാസ്സിംഗ് 48
3 സംഗീത ബണ്ടു് 49
4 സമ്മാന കൈമാറ്റം 49
5 ഭാഗ്യം കൈമാറൽ 49
6 തൊപ്പി കൈമാറ്റം 50
7 പുറന്തിരിയൽ 50
8 ജി. ജാസ്സു് ഗെയിം 51
9 താങ്കൾ എന്നെ സ്നേഹിക്കുന്നോ? 51
10 പേരു പൊല്ലൽ 52
11 ബോംബിടീൽ 52
12 അണ്ണാൻ പാലുകൾ 53
13 ബലൂൺ ഉരുൾ 53
14 ഓറഞ്ചും നാരങ്ങയും 53
15 മറു കളികൾ 54

iii കുട്ടികൾക്കും യുവജനങ്ങൾക്കും: ക്ലാസ്സുമുറിയിൽ 55

1 ദുർഘട നടത്തം 55
2 ജീവിതാനുകരണം 56
3 പിങ്ങ്, പാങ്ങ്, പോങ്ങ് 56
4 മാജിക്കു് 57
5 ഫാൻസി ഡ്രസ്സു് 57
6 ചൂടും തണുപ്പും 57
7 കാട്ടിലെ പുലരി 58

iv കുട്ടികൾക്കും യുവജനങ്ങൾക്കും:
ക്ലാസ്സിനു വെളിയിൽ 58

1 ഓത്തൽ 58
2 അയല്പക്കാർ 58
3 തിരിച്ചുനിയൽ 59
4 കൂട്ടംകൂടൽ 59
5 നോഹയുടെ പേടകം 60
6 കടലാസ്സു് ഉപയോഗിച്ചു് ഓട്ടമത്സരം 60
7 തൊപ്പി തെറിപ്പിക്കൽ 61

8 പാമ്പുകളി 61
9 പാലത്തിനടിയിൽ 61
10 ബ്ലൂ ൺ കൈമാറ്റം 62
11 ബ്ലൂ ൺ കളി 62
12 നിധി കണ്ടെത്തൽ 62
13 ഗ്രൂപ്പടിസ്ഥാനത്തിൽ വിനോദമത്സരം 63

v യുവജനങ്ങൾക്കു്: ക്ലാസ്സിൽ 64

1 പുനരിക്കരങ്ങുന്ന ഗാനം 64
2 പുറക്കരങ്ങുന്ന കഥ 64
3 വിൽപത്ര രചന 64
4 പേരിടീൽ മത്സരം 64
5 റബർബാൻഡു് റിലേ 65

vi യുവജനങ്ങൾക്കു്: ക്ലാസ്സിനു വെളിയിൽ 65

1 ബസ്സു് കളി 65
2 ബാല്യകാലാനുഭവങ്ങൾ 66
3 വിഡ്ഢിത്തം പറയൽ 66
4 കൂട്ടുകാരനെ കണ്ടുപിടിക്കുക 66
5 ജാസ്സു് സ്പ്രാട്ടു് 67
6 ചിരിപ്പിക്കൽ 67
7 മറ്റു മത്സരങ്ങൾ 68

8 ടെക്നിക്കുകൾ 69

1 പരിചയപ്പെടൽ 71

i സ്വയം പരിചയപ്പെടുത്തൽ 71
ii ''നിങ്ങളുടെ ഉറ്റ സുഹൃത്തു്'' 71
iii ''ഞാൻ ആരു്?'' 72
iv പരസ്പരം പരിചയപ്പെടുത്തൽ 72
v മൂന്നുപേർ വീതം 73
vi പുനരിക്കരങ്ങൽ 73

2 ഗ്രൂപ്പു വിഭജനം 74

i നമ്പർ ക്രമത്തിൽ 74
ii സാധനങ്ങൾ കൈമാറിക്കൊണ്ടു് 74
iii അപരിചിതർ ഒന്നിച്ചുകൊണ്ടു് 75
iv പരസ്പര ധാരണയിൽ 75
v നറുക്കെടുപ്പിലൂടെ 76
vi ശബ്ദത്തിലൂടെ 76

3 തെരഞ്ഞെടുപ്പ് 77

4 നേതാക്കളുടെ ആവിർഭാവം 78

i പാർട്ടി അംഗങ്ങളെ കണ്ടുപിടിക്കൽ 79
ii സമൂഹഗാന മത്സരം 80
iii ദ്വേനാത്മകമായ വിലയിരുത്തൽ 81

5 നേതൃത്വ ഗുണങ്ങൾ 84

i ഗ്രൂപ്പിലെ നേതാവിന്റെ കഴിവുകൾ 85
ii എല്ലാവർക്കും ഇഷ്ടപ്പെട്ട നേതാവ് 85
iii ആദർശ നേതാവ് 86

6 സ്വന്തം കഴിവുകളുടെ വിലയിരുത്തൽ 87

i തന്റെ തന്നെ വീക്ഷണത്തിൽ 88
ii മറ്റുള്ളവരുടെ വീക്ഷണത്തിൽ 88

7 നേതാക്കളുടെ നന്മതിന്മകൾ 90

i നേതാക്കളിലെ നന്മകൾ 90
ii ചെയ്യേണ്ടവയും ചെയ്യരുതാത്തവയും 91
iii നല്ലതും ദുഷിച്ചതും 91

8 മാതൃകായോഗ്യരായ നേതാക്കൾ 92

i എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട നേതാവ് 92
ii പ്രധാനവും അപ്രധാനവുമായ ഗുണങ്ങൾ 92

9 നേതൃത്വാനുഭവം 94

10 സമൂഹത്തോട് താദാത്മ്യപ്പെടൽ 97

11 സൗഹൃദത്തിന്റെ മനഃശാസ്ത്രം 104

12 സൗഹൃദ ശൃംഖലയിലെ വ്യതിയാനം 108

13 അഭിനന്ദനത്തിന്റെ പ്രാധാന്യം 109

14 മത്സരത്തിന്റെ ഗുണദോഷങ്ങൾ 111

i മത്സരവും സഹകരണവും 111
ii മത്സരത്തിന്റെ ദോഷഫലം 112
iii മത്സരത്തിന്റെ മേന്മ 114

15 സമൂഹത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച നേതൃത്വഗുണങ്ങൾ 116

i വ്യത്യസ്ത ജോലികൾക്ക് നേതാക്കൾ 116
ii വിവിധ രംഗങ്ങളിലെ നേതൃത്വഗുണങ്ങൾ 117

16 വിവിധ നേതൃത്വശൈലികൾ 119

i നാടക മത്സരം 119
ii പൊതു അടയാളം കണ്ടുപിടിക്കൽ 123

17 സമൂഹ സ്വാധീനം വ്യക്തികളിൽ 125

i സംഗീത മത്സരം 126
ii തെറ്റുകൾ മറച്ചുവയ്ക്കുന്നു 128
iii കൂട്ടുപ്രണി 130

18 പരിഷ്കാസമ്മേളനങ്ങളുടെ സൽഫലങ്ങൾ 133

19 കൂട്ടായ പ്രവർത്തനത്തിന്റെ ഗുണദോഷങ്ങൾ 135

20 ശുദ്ധ വ്യക്തികളിലും 137

21 വ്യക്തിപരമായ ലക്ഷ്യങ്ങൾ 144

22 പൊതുലക്ഷ്യവും നിയമങ്ങളും 146

23 സമൂഹാംഗങ്ങളുടെ ഐക്യം 148

i ഗ്രൂപ്പു തിരിഞ്ഞു മുദ്രാവാക്യ മത്സരം 149
ii നേതാവിനെ കണ്ടുപിടിക്കുക 150
iii ഏറ്റവും നീളംകൂടിയ നിര 151
iv കൈകൾ ഉയർത്തിപ്പിടിക്കൽ 152
v നാടക അവതരണം 152

24 സമൂഹ ഘടന നിർണ്ണയിക്കൽ 156

i അന്യ സമൂഹങ്ങളുടെ 156
ii സ്വന്തം സമൂഹത്തിന്റെ 160
iii ഔപചാരിക സമൂഹങ്ങളുടെ 161

25 ഘടനയിൽ വരാവുന്ന മാറ്റങ്ങൾ 162

26 ആശയ വിനിമയത്തിലെ അപാകതകൾ 165

i മൂന്നംഗ സംഘങ്ങൾ 165
ii വിവിധ വ്യാഖ്യാനങ്ങൾ 166
iii ചിത്ര റിപ്പോർട്ടുകൾ 167
iv ചിത്ര രചന 167

v വീക്ഷണ വ്യത്യാസം 168
vi അന്ധർ ആനയെ കണ്ട കഥ 168

27 കിംവദന്തികൾ 170

i സംഭവ വിവരണം 170
ii നിശ്ശബ്ദ അഭിനയം 171
iii സന്ദേശം കൈമാറൽ 171

28 വഴക്കുകളോടുള്ള സമീപനം 173

i തെറ്റിദ്ധാരണ നീക്കൽ 173
ii 'തീ ആളിപ്പടരുംമുമ്പേ കെടുത്തുക' 175

29 വഴക്കുകൾ പരിഹരിക്കൽ 177

30 പൊതുസമ്മേളനങ്ങൾ സംഘടിപ്പിക്കൽ 184

i പദ്ധതി തയ്യാറാക്കൽ 184
ii സ്വയം സജ്ജീകൃത സമ്മേളനം 185

31 ആൾക്കൂട്ട നിയന്ത്രണം 186

i ഉൾവശം വർദ്ധിപ്പിക്കുക 187
ii കയറാനും ഇറങ്ങാനും പ്രത്യേക വഴികൾ 188

32 ഉത്തേജിത ജനക്കൂട്ടം 189

33 പ്രശ്നവേദി 191

i സമൂഹവും നേതൃത്വവും 192
ii നിങ്ങളുടെ നേതൃത്വ കഴിവുകൾ 193
iii ഞാൻ ഒരു സംഘടനയുടെ നേതാവെങ്കിൽ 195

9 സംഘടനകൾക്കനുസരിച്ച പരിശീലനം 198

ക്രൈസ്തവ നേതൃത്വം 198

10 കൃത്യം അവലോകനം 202

1 പരിശീലന മാർഗ്ഗങ്ങൾ

ചൈനയിൽ ഫുട്ബോൾ കളി ആരംഭിച്ചതിനെക്കുറിച്ച് രസകരമായൊരു കഥയുണ്ട്. ഈ കളി തങ്ങളുടെ രാജ്യത്തും തുടങ്ങണമെന്ന് ചൈനയിലെ അധികാരികൾക്കൊരു മോഹം. പക്ഷേ കളി പഠിപ്പിക്കുവാൻ പരിശീലകർ വേണ്ടേ? ആ ചുമതല അവർ ഒരു ജില്ലയിലെ അദ്ധ്യാപകരെ ഏല്പിച്ചു. പാവങ്ങൾ! അവർ എന്തുചെയ്യും? അവർക്കും അറിഞ്ഞുകൂടാ ഈ കളി. എങ്കിലും ജോലി നിർവഹിക്കണമല്ലോ. അതിന് ആ കളിയുടെ രീതികളും നിയമങ്ങളും സവിസ്തരം പ്രതിപാദിക്കുന്ന ഒരു പുസ്തകം അവർ തേടിപ്പിടിച്ചുകൊണ്ടുവന്നു. മാത്രമല്ല, അവർതന്നെ അതു് മാതൃഭാഷയിലേയ്ക്കു പരിഭാഷപ്പെടുത്തി. അതിൽ പ്രതിപാദിക്കപ്പെട്ടവ വള്ളിപുള്ളി വിടാതെ പകർത്തി മന:പാഠമാക്കുവാൻ അവർ കുട്ടികളെ നിർബന്ധിച്ചു.

നിയമങ്ങളെല്ലാം കുട്ടികൾ ഹൃദിസ്ഥമാക്കിയപ്പോൾ പാഠങ്ങളെല്ലാം അവർക്കു ശരിക്കു വ്യക്തമായോയെന്നു് ഉറപ്പു വരുത്തുവാൻ അദ്ധ്യാപകർ വിശദീകരണ ക്ലാസ്സുകളും തുടർന്നു പരീക്ഷയും നടത്തി. പക്ഷേ, നിയമങ്ങൾ മന:പാഠമായെന്നതൊഴിച്ചു് ആർക്കും ശരിക്കു പന്തു തട്ടാൻപോലും അറിഞ്ഞുകൂടായിരുന്നു.

ആയിടയ്ക്കു് ഒരു ഇംഗ്ലീഷുകാരൻ ആ സ്ഥലം സന്ദർശിക്കുവാൻ ഇടയായി. ഫുട്ബോൾ കളി പഠിക്കുവാൻ തങ്ങൾ അത്യധികമായി ആഗ്രഹിച്ചെങ്കിലും അനേകം മണിക്കൂറുകൾ ബുദ്ധിമുട്ടിയിട്ടും അതു വെറും പാഴ്വേലയായിപ്പോയ കാര്യം ആ കുട്ടികളിൽ ചിലർ അദ്ദേഹത്തെ അറിയിച്ചു.

അദ്ദേഹം പറഞ്ഞു: 'ഹയ്യോ! അങ്ങനെ ഒരിക്കലും നിങ്ങൾ കളി പഠിക്കില്ല. കളി പഠിക്കാനുള്ള ഏക മാർഗം കളിക്കുകതന്നെയാണു്.'

പന്തുമായി അദ്ദേഹം അവരെ കളിസ്ഥലത്തേയ്ക്കു നയിച്ചു. ഒന്നര മാസക്കാലത്തെ അവരുടെ നിരന്തര പ്രയത്നത്തിൽനിന്നു ലഭിച്ചതിനേക്കാൾ കൂടുതൽ അറിവ് അരമണിക്കൂർകൊണ്ടു് ഇക്കാര്യത്തിൽ അവർക്കുണ്ടായി.

നേതൃത്വപരിശീലനത്തെ സംബന്ധിച്ചും 'ചൈനാക്കാരുടെ രീതി' അവലംബിക്കുന്നവരാണു് പലരും. നേതൃത്വ

ത്തെയും സമൂഹ മന:ശാസ്ത്രത്തെയുംകുറിച്ച് പ്രതിപാദിക്കുന്ന പല ഗ്രന്ഥങ്ങളും വായിച്ചതുകൊണ്ടോ, സ്റ്റഡീക്ലാസ്സുകളും ശ്രവിച്ചതുകൊണ്ടോ ഒരുവൻ നേതൃത്വത്തെക്കുറിച്ച ശരിക്കും പഠിക്കില്ല. ഈ പഠനങ്ങളോടൊപ്പം ഇതരവ്യക്തികളുമായി ബന്ധപ്പെട്ട് നേതൃത്വകഴിവുകളും പ്രകടിപ്പിക്കുവാനും സമൂഹത്തിന്റെ പ്രവർത്തനരീതികളും മനസ്സിലാക്കുവാനും അവസരം ലഭിക്കണം.

നേതൃത്വപരിശീലന കോഴ്സുകളിലും ക്യാമ്പുകളിലും സെമിനാറുകളിലും സമൂഹത്തിന്റെ വിവിധ സ്വഭാവങ്ങളെയും നേതൃത്വത്തെയും സാമൂഹ്യബന്ധങ്ങളെയും മനസ്സിലാക്കുവാനുള്ള എളുപ്പമാർഗങ്ങളാണ് കളികളും, ടെക്നിക്കുകളും മുതലായവ. സുദീർഘങ്ങളായ പ്രസംഗങ്ങളും ക്ലാസ്സുകളും പലരും വെറുത്തെന്നുവരും എന്നാൽ ഏതു പ്രായക്കാരും ഇഷ്ടപ്പെടുന്നതാണ് കളികളും ടെക്നിക്കുകളും. കളികളിലൂടെ നിരവധി തത്വങ്ങളും അവക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ കഴിയും. മാത്രമല്ല അവയിലൂടെ നേതൃത്വത്തിന്റെയും സമൂഹഭാഗഭാഗിത്വത്തിന്റെയും നിരവധി മൂല്യങ്ങളും അവർ സ്വയം സ്വാംശീകരിച്ചുകൊള്ളും. എന്താണ്ട് ഇതേരീതിയിൽത്തന്നെയാണ് ടെക്നിക്കുകളും പ്രവർത്തിക്കുക. വിവിധ സമൂഹ സാഹചര്യങ്ങളും വിദ്യാർത്ഥികളുടെയിടയിൽ സൃഷ്ടിച്ചുകൊണ്ട് സമൂഹത്തിന്റെയും നേതൃത്വത്തിന്റെയും സാമാന്യതത്വങ്ങളും, സ്വന്തം അനുഭവത്തിന്റെയും പ്രതിയോടെയും വെളിച്ചത്തിൽ, സ്വയം മനസ്സിലാക്കുവാൻ അവരെ പ്രേരിപ്പിക്കുകയാണ് നേതൃത്വത്തെക്കുറിച്ചുള്ള ടെക്നിക്കുകളും. അങ്ങനെ സ്വായത്തമാക്കുന്ന ആശയങ്ങളും കഴിവുകളും പരസ്യമായി പ്രകടിപ്പിക്കുവാൻ അവസരം ലഭിക്കുന്നു അത് കൂടുതൽ ആനന്ദകരമാണ്. അതിനാലാണ് ഇത്തരം വിദ്യാർത്ഥി-കേന്ദ്രീകൃതവിദ്യാഭ്യാസത്തിനു് ഇന്നു പ്രാധാന്യവും അംഗീകാരവും ലഭിച്ചുവരുന്നതു്. ഈ രീതിയിലുള്ള നേതൃത്വപരിശീലനകോഴ്സുകളും പരിശീലകരെ സഹായിക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം.

ഇവിടെ അവതരിപ്പിക്കുന്ന ചില കളികളും ടെക്നിക്കുകളും വിവിധ രീതികളിലെങ്കിലും ഇന്നു പ്രചാരത്തിലുള്ളവയാണ്. അവയോടൊപ്പം പല പുതിയ ടെക്നിക്കുകളും വീക്ഷണങ്ങളും നല്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഓരോ ടെക്നിക്കിന്റെയും ലക്ഷ്യവും സംഘടിപ്പിക്കേണ്ട വിധവും അതിൽ നിന്നു് ഉരുത്തിരിയുന്ന ആശയങ്ങളും വിശദമാക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ പരിശീലകന്റെ കഴിവും ഒറിജിനാലിറ്റിയും ഇത്തരം പരിപാടികൾക്കു് മാറ്റുകൂട്ടും. കൂടാതെ ക്യാമ്പംഗങ്ങളുടെ അംഗസംഖ്യ, പ്രായം, ലിംഗഭേദം, ക്യാമ്പു നടത്തുന്ന സ്ഥലത്തിന്റെ പ്രത്യേകതകളും, സമയപരിധി മുതലായവയുന്നസ

രീതിയ്ക്ക് കളികളിലും ടെക്നിക്കുകളിലും കാര്യപരിപാടികളിലും മാറ്റങ്ങൾ ആവശ്യമായി വരാം. മാത്രമല്ല, പരിശീലകൻ നല്ലാണുദ്ദേശിക്കുന്ന ആശയങ്ങൾക്കനുസരിച്ച കളികളും ടെക്നിക്കുകളുമാണ് അവതരിപ്പിക്കേണ്ടത്. അതിനാൽ കൃത്യമായ ദിവസമോ സമയമോ കണക്കിലെടുക്കാതെയും ക്ലിപ്തമായ ക്രമത്തിലാക്കാതെയുമാണ് കളികളും ടെക്നിക്കുകളും ഈ ഗ്രന്ഥത്തിൽ ചേർക്കുന്നത്. സാഹചര്യങ്ങൾക്കനുസരിച്ച് ആവശ്യമായവ തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയാവും ഉത്തമം.

ക്യാമ്പുകൾ പ്രാർത്ഥനാ ശ്രുശ്രൂഷയോടെ ആരംഭിക്കുകയും, തുടർന്ന് എല്ലാവർക്കും അടുത്തറിയാൻ ഇടപഴകുവാൻ തക്കവിധമുള്ള കളികൾ (Ice Breaking Session) നടത്തുകയുമാണ് നല്ലത്. അവസ്സാ ശേഷം വിവിധ ടെക്നിക്കുകൾ പ്രായോഗികമാക്കാം. ഓരോ കളിയുടെയും ടെക്നിക്കിന്റെയും അന്ത്യത്തിൽ അവയിൽനിന്ന് എന്തെല്ലാം വ്യക്തമാകുന്നുവെന്ന് ക്യാമ്പംഗങ്ങളെക്കൊണ്ടുതന്നെ പറയിക്കുകയോ പരിശീലകൻ തന്നെ വിശദീകരിക്കുകയോ വേണം. അംഗങ്ങൾക്ക് ക്യാമ്പിൽ താത്പര്യം കുറയാതിരിക്കാൻ കളികൾ സഹായിക്കും; പ്രത്യേകിച്ച് ക്യാമ്പിന്റെ ആരംഭത്തിലും ഉപവിശ്രമത്തിനുശേഷം ഒന്നുമേതുമ്പോഴും നടത്തപ്പെടുന്നവ.

എല്ലാ പ്രായക്കാർക്കും ഉപയോഗിക്കത്തക്കവിധം എത്രയും ലളിതമായ കളികളും ടെക്നിക്കുകളുമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇവയെല്ലാംതന്നെ പ്രായോഗികമാണെന്നു തെളിഞ്ഞിട്ടുള്ളവയാണ്. ഇവ വായിച്ചു മനസ്സിലാക്കുവാൻ മാത്രമുള്ളവയല്ല; പ്രായോഗികമാക്കി പഠിക്കുവാനുള്ളവയാണ്. അമൂല്യമായ പല നല്ല ആശയങ്ങളും നമ്മുടെ സ്മൃതിപഥത്തിൽ മായാത്തവിധം പതിപ്പിയ്ക്കുവാൻ ഇവയ്ക്കോരോന്നിനും കഴിയും. ക്യാമ്പുകൾ എത്രയും സജീവവും വിജയപ്രദവും ആനന്ദകരവുമാകുവാൻ ഇവ ഉപകരിക്കട്ടെ.

2 സെമിനാറിനു് ഒരുക്കം

ഗ്രൂപ്പ് ഡൈനാമിക്സിനനുസരിച്ചു് നേതൃത്വ പരിശീലനം നല്കണമെങ്കിൽ, കോഴ്സിനു മുമ്പുതന്നെ ശരിയായ ഒരുക്കം ആവശ്യമാണു്. പരിശീലകൻ സെമിനാർ ഏറ്റെടുക്കുമ്പോൾ സംഘാടകരുമായി ആലോചിച്ചു് തനിക്കു് സൗകര്യപ്രദമായ ക്രമീകരണങ്ങൾ ചെയ്യുതരാൻ ആവശ്യപ്പെടാം. ഈ പുസ്തകത്തിൽ പറയുംപ്രകാരമുള്ള പരിപാടികൾ വിജയപ്രദമാകുന്നതിനു് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

(1) സെമിനാറിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതു് ആവശ്യമാണു്. ഉച്ചഭാഷിണിയുടെ സഹായത്തോടെ നൂറുകണക്കിനാളുകളെ പങ്കെടുപ്പിച്ചുകൊണ്ടു് പ്രഭാഷണം നടത്തുന്ന രീതിയിൽ ഇത്തരം സെമിനാർ നടത്താനാവില്ല. 30 മുതൽ 60 വരെ അംഗങ്ങളാകാം. 90 ൽ അധികം അംഗങ്ങളായാൽ സെമിനാർ വിജയിപ്പിക്കുക ദുഷ്കരമാണു്. ചെറിയ ഗ്രൂപ്പാണെങ്കിലും (30 ൽ താഴെ) ഈ ഗ്രന്ഥത്തിലെ മിക്കപരിപാടികളും അവതരിപ്പിക്കുവാൻ കഴിയും.

(2) സെമിനാറിൽ പങ്കെടുക്കുന്ന അംഗങ്ങൾ ഒരു നിശ്ചിത പ്രായപരിധിയിൽ പെടുന്നവരായിരിക്കുവാൻ ശ്രദ്ധിക്കണം. കുട്ടികളെയും യുവജനങ്ങളെയും ഒരുമിച്ചിരുത്തി ഇത്തരം പരിപാടികൾ നടത്താനാവില്ലല്ലോ. അതായതു് പ്രായപരിധിയിൽ പെട്ടവരുടെ അഭിരുചിയും കഴിവും താല്പര്യങ്ങളും കണക്കിലെടുത്തുകൊണ്ടുവേണം സെമിനാറിലെ പരിപാടികൾ ക്രമപ്പെടുത്തുവാൻ.

(3) ചില സെമിനാറുകൾ പുരുഷന്മാർക്കുമാത്രമോ വനിതകൾക്കു തനിച്ചോ ആകാം. എന്നാൽ ഭൂരിപക്ഷം സെമിനാറുകളിലും ഇരുവിഭാഗവും കാണും. ഇരുകൂട്ടരുടെയും എണ്ണം ഏതാണ്ടു തുല്യമായിരിക്കുകയാണു നല്ലതു്. ഗ്രൂപ്പടിസ്ഥാനത്തിലുള്ള പരിപാടികൾക്കും ഇരു വിഭാഗക്കാരുമുൾക്കൊള്ളുന്ന ഗ്രൂപ്പുകളായി തിരിക്കുക. എന്നാൽ ചുരുക്കം ചില പരിപാടികൾ നമ്മുടെ നാടിന്റെ സാംസ്കാരിക പശ്ചാത്തലം കൂടി കണക്കിലെടുത്തു് പുരുഷന്മാർക്കും വനിതകൾക്കും പ്രത്യേക ഗ്രൂപ്പുകളിലായി നടത്തേണ്ടിവരും.

(4) ക്ലാസ്സു് എടുക്കുന്നതിനു് ഇരിപ്പിട സൗകര്യങ്ങളും പ്രധാന കാര്യംങ്ങളും രേഖപ്പെടുത്തുന്നതിനു് ബോർഡും ചോക്കും ഉണ്ടായിരിക്കണം. സെമിനാറിൽ പങ്കെടുക്കുന്നവരോടു് ബുക്കും പേനയും കൊണ്ടുവരുവാൻ നേരത്തെ അറിയിച്ചിരിക്കണം. അല്പാത്തപക്ഷം സംഘാടകരോ പരിശീലകനോ എഴുതുവാനുള്ള കടലാസും പെൻസിലും കുറെയെങ്കിലും കരുതിയിരിക്കണം.

(5) ക്ലാസ്സെടുക്കുന്നതിനുള്ള ഇരിപ്പിടങ്ങൾക്കപ്പുറമേ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പരിപാടികളും പൊതുവായ കളികളും നടത്തുന്നതിനാവശ്യമായ ക്ലാസ്സു് മുറികളോ, ഹാളോ, മൈതാനമോ ഉണ്ടായിരിക്കണം.

(6) സെമിനാറിൽ പരിശീലകനു ലഭിക്കുന്ന കൃത്യമായ സമയ പരിധി സംഘാടകരോടു നേരത്തെ ചോദിച്ചറിയണം. ഒരുപക്ഷേ അവർക്കു് കുറേ സമയത്തേയ്ക്കു് മറ്റു പരിപാടികൾ ഉണ്ടെന്നു വരാം. ലഭ്യമാകുന്ന സമയത്തിനുള്ളിൽ ഒതുങ്ങത്തക്കവിധം വിഷയത്തിന്റെ പ്രസക്ത ഭാഗങ്ങളെങ്കിലും അവതരിപ്പിക്കുവാൻ ശ്രദ്ധിക്കണം. നാം ഒരുങ്ങിയതെല്ലാം അവതരിപ്പിച്ചോ എന്നതല്ല സെമിനാറിന്റെ വിജയത്തിന്റെ മാനദണ്ഡം. നാം എന്തെല്ലാം അവതരിപ്പിക്കുവാൻ ഉദ്ദേശിച്ചിരുന്നുവെന്നതു് പങ്കെടുക്കുന്നവർക്കു് അജ്ഞാതമായിരിക്കും.

(7) സെമിനാറിനു നേതൃത്വം കൊടുക്കുന്ന പരിശീലകനോ, പരിശീലകരുടെ ടീമോ മുൻകൂട്ടി പരിപാടികൾ നിശ്ചയിക്കണം. അതിനനുസരിച്ചുവേണ്ട ഉപകരണങ്ങൾ തയ്യാറാക്കണം. കളികളും ടെക്നിക്കുകളും മറ്റും നടത്തേണ്ട ക്രമവും അവയോടനുബന്ധിച്ചു വിശദീകരിക്കേണ്ട ആശയങ്ങളും ഹൃദിസ്ഥമാക്കുകയോ കേന്ദ്രാശയങ്ങൾ മാത്രം കുറിച്ചു വയ്ക്കുകയോ വേണം. ഇത്തരം പരിപാടികൾ നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ ഓമ്മ പുതുക്കാൻ പുസ്തകം മറിച്ചുനോക്കുന്നതു് ഉചിതമല്ല.

(8) സെമിനാറിൽ അവതരിപ്പിക്കുന്ന വിഷയങ്ങൾ അതിൽ പങ്കെടുക്കുന്നവരുടെ പ്രായത്തിനനുസരിച്ചു് ലളിതമോ ഗഹനമോ ആയിരിക്കണം. വിഷയം കാലാനുസൃതവും പ്രായോഗികവും തുടങ്ങും അവശ്യം അറിഞ്ഞിരിക്കേണ്ടതുമാണെന്ന ബോധ്യവും വരത്തക്കവിധം അവതരിപ്പിക്കണം.

(9) പ്രവേശനഫീസു് വാങ്ങുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ക്യാമ്പിൽ വരുന്നതിനു മുമ്പുതന്നെ എല്ലാവർക്കും പ്രവേശന പാസ്സുകൾ നല്കുന്നതു നല്ലതാണു്. പ്രവേശനഫീസു് ഈ

ടാക്കുന്നില്ലെങ്കിൽ 'കോംപ്ളിമെൻററി ടിക്കറ്റ്' (Complementary Ticket) എന്ന പേരിൽ അതു് അച്ചടിപ്പിച്ചു് നല്കാം. തങ്ങൾ ഏതോ അമൂല്യവും സുപ്രധാനവുമായ കാര്യപരിപാടിയിലാണു് സംബന്ധിക്കുവാൻ പോകുന്നതു് എന്ന ബോധം അംഗങ്ങളിൽ അങ്കുരിപ്പിക്കുവാനും പരിപാടിയിൽ പങ്കെടുക്കുവാനുള്ള അവരുടെ ഉത്സാഹത്തെ ത്വരിതപ്പെടുത്തുവാനും അതു സഹായകമാണു്.

(10) ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാവർക്കും ബാഡ്ജുകളും നല്കുക, അവരുടെ പേരു് രജിസ്റ്റർ ചെയ്യുക, പ്രസിദ്ധരായ വ്യക്തികളെക്കൊണ്ടു് ക്യാമ്പിന്റെ ഉദ്ഘാടനകർമ്മം നിർവഹിപ്പിക്കുക, ക്യാമ്പു് നടക്കുന്ന സ്ഥലവും പരിസരങ്ങളും അലങ്കരിക്കുക, ബാനറുകളും വലിച്ചുകെട്ടുകതുടങ്ങിയവ ക്യാമ്പിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുവാൻ ഉപകരിക്കും. ബാഡ്ജുകളും ക്യാമ്പു് അവസാനിക്കുന്നതുവരെ എല്ലാവരും ധരിക്കുകയെന്നതു് നിർബന്ധമാക്കണം. ക്യാമ്പിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ മാത്രമല്ല കൂടുതൽ സമൂഹബോധം വളർത്തുവാനും ബാഡ്ജുകളിൽ പേരും വിലാസവും കുറിക്കുന്നപക്ഷം പരസ്പരം എളുപ്പത്തിൽ പരിചയപ്പെടുവാനും അതു് സഹായിക്കുന്നു. നേതൃത്വത്തെക്കുറിച്ചോ, ക്യാമ്പിലെ ചർച്ചാവിഷയങ്ങളെക്കുറിച്ചോ പ്രതിപാദിക്കുന്ന പ്രസക്തമായ ഉദ്ധരണികളും ഭിത്തിമേലും മറ്റും വലുതായി എഴുതിപതിപ്പിക്കുന്നതും അഭികാമ്യമാണു്; പ്രത്യേകിച്ചു് കൂട്ടികൾക്കുവേണ്ടിയുള്ള ക്യാമ്പിൽ.

3 അവതരണ രീതി

നേതൃത്വ പരിശീലന കോഴ്സിന്റെ ഒരുക്കത്തിലെന്ന പോലെതന്നെ അവതരണത്തിലും ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുമുണ്ട്.

(1) സെമിനാർ ആരംഭിക്കേണ്ട നിശ്ചിത സമയത്തിനു് അരമണിക്കൂർ മുമ്പെങ്കിലും പരിശീലനം നൽകുന്നവർ സ്ഥലത്തു് എത്തിയിരിക്കണം. ക്ലാസ്സിന്റെ ക്രമീകരണം, കളികൾ നടത്തുന്നതിനും പ്രാർത്ഥനാസമ്മേളനത്തിനും വേണ്ട സൗകര്യങ്ങൾ, അവശ്യാവശ്യമായ ഉപകരണങ്ങൾ മുതലായവ സംഘാടകരെക്കൂടി സഹകരിപ്പിച്ചു് കോഴ്സ് ആരംഭിക്കുന്നതിനുമുമ്പേ തയ്യാറാക്കണം.

(2) ഒന്നോ അതിലധികമോ ദിവസം ക്യാമ്പു നടത്തുമ്പോൾ ക്യാമ്പംഗങ്ങളിൽനിന്നുതന്നെ വിവിധ കമ്മറിറികൾ രൂപപ്പെടുത്തുന്നതു നല്ലതാണു്. ഫുഡ് കമ്മറിറി, അക്കമ്മഡേഷൻ കമ്മറിറി, റിസപ്ഷൻ കമ്മറിറി, എൻറർട്ടെയിൻമെൻറ് കമ്മറിറി, ലിറ്ററേച്ചർ കമ്മറിറി, പ്രോഗ്രാം കമ്മറിറി തുടങ്ങി ക്യാമ്പിന്റെ വിവിധ ആവശ്യങ്ങൾക്കനുസരിച്ച കമ്മറിറികളാണു് രൂപപ്പെടുത്തേണ്ടതു്. കമ്മറിറിയിൽ അംഗങ്ങളാകുന്നവർക്കു് പ്രായോഗിക പരിശീലനത്തിനു് ഇതു സഹായിക്കും. മാത്രമല്ല, ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനു് അവരുടെ സേവനം പരിശീലകനും സംഘാടകർക്കും വലിയ സഹായവുമായിരിക്കും. ഓരോ കമ്മറിറിയും അവർ ചെയ്യേണ്ട പ്രവർത്തനങ്ങൾ വ്യക്തമാക്കി കൊടുക്കണം. അവർ പുതിയ തീരുമാനങ്ങൾ എന്തെങ്കിലുമെടുത്താൽ പരിശീലകനുമായി ആലോചിച്ച ശേഷമേ പ്രാവർത്തികമാക്കാവൂ എന്നു് നിർദ്ദേശിക്കണം.

(3) പുതിയ പ്രാർത്ഥനാ രീതികൾ, കളികൾ, ടെക്നിക്കുകൾ മുതലായവ അംഗങ്ങൾക്കു് അപരിചിതമായിരിക്കും. അതിനാൽ ഓരോന്നും നടത്തുന്നതിനുമുമ്പു് അതെക്കുറിച്ചു് ശരിയായി വിശദീകരിക്കുകയും സംശയങ്ങളുണ്ടെങ്കിൽ ദൂരീകരിക്കുകയും വേണം.

(4) കളികളും ടെക്നിക്കുകളും പ്രാർത്ഥനയും മറ്റും നടത്തുമ്പോൾ പരിശീലകന്റെ ടീം അംഗങ്ങളുടേയോ സംഘാടകരുടേയോ സഹായം ഉപയോഗപ്പെടുത്താം. ഗ്രൂപ്പു് അടി

സ്ഥാനത്തിലുള്ള പരിപാടികളും നടത്തുമ്പോൾ അവർ ഓരോ ഗ്രൂപ്പും ആവശ്യാനുസരണം നിരീക്ഷിക്കുകയും വേണ്ടിവന്നാൽ ആവശ്യമായ വിശദീകരണങ്ങളും നല്കുകയും വേണം. ക്യാമ്പിന്റെ ആരംഭത്തിൽ രൂപീകരിക്കുന്ന ഓരോ കമ്മറ്റിയുടെയും പ്രവർത്തനങ്ങളെ അവർ നിരീക്ഷിക്കുകയും ആവശ്യമായ സഹായങ്ങളും നല്കുകയും ചെയ്യണം.

(5) കളിയോ ടെക്നിക്കോ നടത്തിയശേഷം സെമിനാറിന്റെ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളും ക്യാമ്പിലെ അംഗങ്ങളുംതന്നെ പങ്കുവയ്ക്കുന്നതിനുള്ള അവസരമുണ്ടാക്കണം. ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ളവയ്ക്ക് ഗ്രൂപ്പ് പ്രതിനിധിയും, പൊതുപരിപാടികൾക്ക് സ്വയം സന്നദ്ധരാകുന്നവരും ക്യാമ്പംഗങ്ങളെ അഭിസംബോധന ചെയ്ത് ചുരുങ്ങിയ വാക്കുകളിൽ തങ്ങളും മനസ്സിലാക്കിയ ആശയങ്ങളും പങ്കുവയ്ക്കണം.

(6) ടെക്നിക്കുകൾക്കുശേഷം വിഷയം വിശദീകരിച്ചുകൊണ്ട് പരിശീലകൻ ക്ലാസ്സെടുക്കണം. അല്ലെങ്കിൽ ക്യാമ്പുവെറും വിനോദോപാധിയായി മാത്രം കാണപ്പെടും. ക്ലാസ്സ് കഴിവതും ഹ്രസ്വവും ആസ്വാദ്യകരവുമാക്കണം. സാന്ദർഭികവും വിഷയത്തോടു ബന്ധപ്പെട്ടതുമായ ഫലിതങ്ങളും, കഥകളും, സംഭവങ്ങളും, ഉദാഹരണങ്ങളും മുതലായവ വളരെ പ്രയോജനപ്പെടും. ക്ലാസ്സിൽ അംഗങ്ങളും സജീവമായി പങ്കെടുത്ത് ഉത്തരം പറയത്തക്കവിധം ലഘുചോദ്യങ്ങളും പൊതുവായി ചോദിയ്ക്കുന്നതു നന്നായിരിക്കും. അവയ്ക്കുള്ള അവരുടെ ഉത്തരങ്ങളും അവരുടെ വിജ്ഞാനനിലവാരത്തെ വെളിപ്പെടുത്തും. അതനുസരിച്ച് പരിശീലകന്റെ വിശദീകരണം ക്രമപ്പെടുത്തുകയും ചെയ്യാം.

(7) വിശദീകരണ ക്ലാസ്സുകൾക്ക് ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളും ഉപയോഗപ്പെടുത്തുന്നതു നല്ലതാണ്. പ്രധാന ആശയങ്ങളും ബോർഡിൽ എഴുതിയിടുക, ചിത്രങ്ങളും അടയാളങ്ങളും ബോർഡിൽ രേഖപ്പെടുത്തി വിശദീകരിക്കുക, ചാർട്ടുകളും ക്യാൻവാസ് ചിത്രങ്ങളും പ്രയോജനപ്പെടുത്തുക, അംഗങ്ങളുംതന്നെ ക്ലാസ്സിന്റെ സമയത്ത് കേന്ദ്ര ആശയങ്ങളും കുറിച്ചെടുക്കുക, മുതലായവ സാധാരണഗതിയിൽ ആവശ്യമാണ്. ചില പ്രത്യേക ടെക്നിക്കുകൾക്ക് ടേപ്പ്റിക്കോർഡർ, വീഡിയോ മുതലായവ പ്രയോജനപ്പെടുത്താം.

(8) വിശദീകരണക്ലാസ്സിലെ ആശയങ്ങളും ക്രമാനുഗതമായിരിക്കുവാനും വിഷയത്തിൽനിന്നു വ്യതിചലിക്കാതിരിക്കുവാനും ശ്രദ്ധിക്കണം. വിശദീകരണത്തിനു ശേഷം അംഗങ്ങളുടെ സംശയ നിവാരണത്തിനു അവസരം കൊടുക്കണം. അപ്രസ

ക്തമായ ചോദ്യങ്ങളം നിരുത്സാഹപ്പെടുത്താം. ചിലർ പരസ്യ മായി ചോദ്യം ചോദിക്കുവാൻ മടിയ്ക്കും. ഒരുപക്ഷേ അവർ ക്ലാസ്സിനുശേഷം പരിശീലകനെ ഒറയ്ക്കോ കൂട്ടുകാരോടുകൂടിയോ കണ്ട് സംശയം ചോദിച്ചെന്നു വരാം. അപ്പോഴും വേണ്ട വിശദീകരണം നല്കുവാൻ ശ്രദ്ധിക്കണം.

(9) പരിശീലകന്റെ നിർദ്ദേശങ്ങളംക്കനുസൃതമായി ക്യാമ്പിലെ പരിപാടികളം നന്നായി ചെയ്യുന്ന വ്യക്തികളെയോ ഗ്രൂപ്പുകളെയോ കഴിവതും പരസ്യമായി അംഗീകരിക്കുകയും അഭിനന്ദിക്കുകയും വേണം. അഭിനന്ദന വാക്കുകളം, സദസ്സിനെക്കൊണ്ട് കൈ അടിപ്പിയ്ക്കൽ, സ്റ്റേജിൽ പ്രത്യേക സ്ഥാനം, സമ്മാനങ്ങളം മുതലായവ ഇതിനു് പ്രയോജനപ്പെടുത്താം. ക്ലാസ്സിനുശേഷം വ്യക്തിപരമായി സംസാരിക്കുമ്പോഴും അനുമോദന വാക്കുകളം വളരെ ഫലം ചെയ്യും.

(10) കളികളും ടെക്നിക്കുകളും മറ്റും നടത്തുമ്പോളം അനിഷ്ടകരമായ കാര്യങ്ങളം ചെയ്യാൻ ആരെയും നിർബ്ബന്ധിക്കാതിരിക്കയാണു നല്ലതു്. ചില പരിപാടികളം അംഗങ്ങളംക്കു പൊതുവെയും മറ്റു ചിലതു് കുറേപേർക്കും അസ്വീകാര്യമായെന്നു വരാം. എല്ലാ പരിപാടികളും എല്ലായിടത്തും ഒരുപോലെ വിജയിച്ചെന്നും വരില്ല.

(11) ക്ലാസ്സുകളംക്കിടയ്ക്കുള്ള വിശ്രമവേളകളിൽ പരിശീലകൻ അംഗങ്ങളുമായി കഴിവതും അനൗപചാരികമായി ഇടപഴകുന്നതു നല്ലതാണു്. എന്നാൽ അങ്ങനെയുള്ള അവസരങ്ങളിൽ തന്റെ നിലവാരം നിലനിർത്തുവാനും ശ്രദ്ധിക്കണം. പരിശീലകനോടു വ്യക്തിപരമായി സംസാരിക്കാനാഗ്രഹിക്കുന്നവർക്കും സംശയ നിവാരണം വരുത്താനാഗ്രഹിക്കുന്നവർക്കും അതു പ്രയോജനപ്പെടും. മാത്രമല്ല, സെമിനാറിലെ പരിപാടികളെ സംബന്ധിച്ച അംഗങ്ങളുടെ പ്രതികരണങ്ങളും അവരുടെ പൊതു താല്പര്യങ്ങളും മനസ്സിലാക്കുവാനും അതു് ഇടയാക്കുമെന്നു വരാം.

4 കോഴ്സുകൾ പലവിധം

സമയാടിസ്ഥാനത്തിൽ വീക്ഷിക്കുമ്പോൾ പലവിധ നേതൃത്വപരിശീലന കോഴ്സുകളുണ്ട്. അവസ്സ വരുത്താവുന്ന ക്രമീകരണങ്ങളിലേയ്ക്ക് വെളിച്ചംവീശുവാനാണ് ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നത്. ഇവയെല്ലാം എപ്പോഴും സ്വീകാര്യമാകണമെന്നില്ല.

(i) പതിവായി ഏതാനും മണിക്കൂറുകൾ

വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാംസ്കാരികസംഘടനകൾ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ യുവജനപ്രസ്ഥാനങ്ങൾ ആദിയായവയുടെ ആഭിമുഖ്യത്തിൽ പതിവായി നിശ്ചിത ദിവസങ്ങളിൽ ഏതാനും മണിക്കൂറുകൾ മാത്രം നേതൃത്വപരിശീലന കോഴ്സ് നടത്തുവാൻ അവസരം ഉണ്ടാകാറുണ്ട്. അപ്പോൾ താഴെ പറയുന്നവയിൽ സാഹചര്യത്തിനനുസരിച്ച് പ്രസക്തമായവ ഉപയോഗപ്പെടുത്താം.

— കോഴ്സിൽ പങ്കെടുക്കുവാൻ അംഗങ്ങളെ നിർബന്ധിക്കുവാൻ പറ്റാത്ത സാഹചര്യമാണെങ്കിൽ അതിൽ മുടങ്ങാതെ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതിനു് ഹാജരിനു് പോയിൻറ് നിശ്ചയിക്കുകയും, മറ്റു കളികളിലും മത്സരങ്ങളിലും വിജയിക്കുന്നതിനു് ലഭിക്കുന്ന പോയിൻറുകളും അവയോട് കൂട്ടി അവസാനം ഏറ്റവും കൂടുതൽ പോയിൻറു നേടുന്നവർക്കു് സമ്മാനം കൊടുക്കുകയും ചെയ്യുക. ഹാജർ വസ്സൽ അംഗങ്ങളെക്കൊണ്ടതന്നെയോ അവരുടെ ലീഡറിനെക്കൊണ്ടോ ചെയ്യിക്കാം.

— ക്ലാസ്സിൽ പലപ്പോഴും വൈകിവരുന്നവരുണ്ടാകും. അവരും സമയത്തു വന്നുചേരുന്നതിനു പ്രേരിപ്പിക്കുവാൻ ഹാജരിനു് ഓരോ പോയിൻറു കൂട്ടുമ്പോൾ വൈകിവരുന്നവരുടെ പോയിൻറ് പകുതിയാക്കി കുറയ്ക്കാം.

— കൂട്ടികൾക്കുള്ള കോഴ്സാണെങ്കിൽ മുൻ ക്ലാസ്സിൽ പഠിപ്പിച്ച മന:പാഠമാക്കേണ്ട പാഠങ്ങൾക്കു് ഓരോ ക്ലാസ്സിൻറെയും ആരംഭത്തിൽ ചുരുങ്ങിയ സമയംകൊണ്ടു് പരീക്ഷ നടത്താം. കുട്ടികൾ എഴുതിയ ഉത്തരങ്ങൾ അവരെക്കൊണ്ടുതന്നെ ആളുമാറി നോക്കിച്ചു് കിട്ടുന്ന മാർക്കിനു് ആനുപാതികമായി അവർക്കു പോയിൻറു കൂട്ടി കൊടുക്കാം.

— കോഴ്സിന്റെ പിലവിലേയുള്ള ധനസമ്പാദനം അംഗങ്ങളിൽനിന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ, ക്ലാസ്സിൽ വരുമ്പോഴും മറ്റുള്ളവർക്ക് ഉപകാരപ്രദമായ എന്തെങ്കിലും സാധനം സമ്മാനമായി കൊണ്ടുവരുവാൻ പറയുക അങ്ങനെ ലഭിക്കുന്ന സാധനങ്ങൾ സാധാരണ ലേലമായോ, കുട്ടലേലമായോ (നിശ്ചിത തുക ഓരോരുത്തനും കൊടുത്തുകൊണ്ട് ലേലത്തുക കൂട്ടിവച്ച്) നടത്താം.

— ഓരോ ക്ലാസ്സിലും ഓരോ കളിയോ ടെക്നിക്കോ നടത്തിയാൽ മതിയാവും. പ്രാത്ഥനയുണ്ടെങ്കിൽ അതും ദൈർഘ്യം കുറഞ്ഞതായിരിക്കണം. എന്നാൽ ആവശ്യത്തിനു പ്രഭാഷണം വേണം. ഓരോ ക്ലാസ്സുവഴിയും എന്തെങ്കിലും പുതിയ അറിവു ലഭിച്ചുവെന്ന സംതൃപ്തി അംഗങ്ങൾക്ക് ഉണ്ടാകണം.

— പരിശീലകൻ വരുമ്പോഴേയ്ക്കും ക്ലാസ്സിലെ സൗകര്യങ്ങൾ തയ്യാറാക്കുന്നതിന് പ്രോഗ്രാം കമ്മറി, സാമ്പത്തിക കാര്യങ്ങൾ കൈകാര്യംചെയ്യുന്നതിന് ഫിനാൻസ് കമ്മറി, വിനോദപരിപാടികൾ ആസൂത്രണം ചെയ്യുവാൻ എൻറർടൈൻമെൻറ് കമ്മറി മുതലായവ ആവശ്യാനുസരണം രൂപീകരിച്ച് അവരുടെ സേവനം പ്രയോജനപ്പെടുത്താം. കമ്മറിയംഗങ്ങൾക്ക് അതുവഴി കോഴ്സിനോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാനും സഹായിക്കും.

(ii) അർദ്ധദിന സെമിനാർ (Half Day Seminar)

— നേതൃത്വപരിശീലനത്തിന് ഇത്തരം സെമിനാറിൽ ഒരാളോ രണ്ടുപേരോ ആകാം.

— പരിശീലകൻ (ർ) ഇത്തരം കോഴ്സു നടത്തുവാൻ പ്രഗത്ഭനും പ്രതിപാദ്യവിഷയം കാലാനുസൃതവും അംഗങ്ങൾക്ക് പ്രയോജനപ്രദവുമാണെന്നും ആരംഭത്തിൽ സൂചിപ്പിക്കണം (ഏകദിന സെമിനാറുകൾക്കും ക്യാമ്പുകൾക്കും ഇതു ബാധകമാണ്).

— കളികളോ ടെക്നിക്കുകളോ എന്തവതരിപ്പിച്ചാലും ഒരു വിഷയത്തിൽ മാത്രം കേന്ദ്രീകരിക്കുക.

— സമയം പരിമിതമായതിനാൽ ഗ്രൂപ്പ് ചർച്ചയും പ്രാത്ഥനയും ദീർഘിപ്പിക്കേണ്ടതില്ല.

— സെമിനാറിനിടയ്ക്ക് വിശ്രമവേളയും ആ അവസരത്തിൽ ലഘുഭക്ഷണവും നല്ലാം (Coffee break).

— അല്പ സമയത്തേയ്ക്കുകിലും ഒരു അന്തിമ വിലയിരുത്തൽ (Final evaluation) നടത്തുന്നതു നല്ലതാണ്.

(iii) ഏകദിന സെമിനാർ (One Day Seminar)

— പരിശീലനം നല്കുന്ന ടീമിൽ രണ്ടോ മൂന്നോ പേരാകാം.

— രജിസ്ട്രേഷൻ ഫീസ് വാങ്ങിക്കൊണ്ടോ അല്ലാതെയോ, സെമിനാറിനു മുമ്പ് പങ്കെടുക്കുന്നവർ പേരു രജിസ്റ്റർ ചെയ്യണം.

—ബാഡ്ജ്, ഫയലും കടലാസും, പേന, അച്ചടിച്ച പ്രോഗ്രാം മുതലായവ സൗജന്യമായി നല്കുന്നതു നല്ലതാണ്. ഐക്യബോധവും സംഘാടകരെപ്പറ്റി മതിപ്പും അവ ഉളവാക്കും.

— സെമിനാർ നടത്തുന്ന പ്രദേശത്തു് അലങ്കാരങ്ങൾവഴി അന്നത്തെ പരിപാടികളുടെ പ്രാധാന്യത്തെ സൂചിപ്പിക്കാം.

— സെമിനാറിലെ വിഷയവുമായി ബന്ധപ്പെട്ട ചിന്താശകലങ്ങൾ, ചിത്രീകരണങ്ങൾ, ചാർട്ടുകൾ മുതലായവ നോട്ടീസ് ബോർഡിലോ ഹാളിൽ സൗകര്യപ്രദമായ സ്ഥലങ്ങളിലോ പരസ്യപ്പെടുത്താം. ക്ലാസ്സിൽ അവയെ വിശദീകരിക്കണം. കുട്ടികളുടെ സെമിനാറിൽ അവസാനം പരീക്ഷ നടത്തുന്നുണ്ടെങ്കിൽ പോദ്യങ്ങളിൽ അവയും ഉൾപ്പെടുത്താം.

— സെമിനാറിനെക്കുറിച്ച് മുൻകൂട്ടിയുള്ള പ്രചരണത്തിനും അതിന്റെ ഗൗരവത്തെ വർദ്ധിപ്പിക്കുന്നതിനും സെമിനാർ പ്രഗത്ഭനായ വ്യക്തിയെക്കൊണ്ടു് ഉദ്ഘാടനം ചെയ്യിക്കാം. എന്നാൽ ഉദ്ഘാടനസമ്മേളനം ഹ്രസ്വമായിരിക്കണം.

— സെമിനാർ സംബന്ധിച്ച ഫോട്ടോയും വാർത്തയും പത്രങ്ങളിൽ പ്രസിദ്ധീകരണത്തിനു നല്കുന്നതു് സെമിനാറിന്റെ പ്രചരണവും പ്രാധാന്യവും വർദ്ധിപ്പിക്കുവാൻ ഉപകരിക്കും.

— ഒരേ മതവിഭാഗത്തിൽപ്പെട്ടവർക്കാണു് സെമിനാർ നടത്തുന്നതെങ്കിൽ അംഗങ്ങളുടെ സജീവ ഭാഗഭാഗിത്വത്തോടെ സെമിനാറിന്റെ വിഷയത്തോടു ബന്ധപ്പെടുത്തിയുള്ള പ്രാർത്ഥനയ്ക്കു് (ബൈബിൾ ശ്രുശ്രൂഷ, ദിവ്യബലി, ക്ഷേത്രിഗാനങ്ങൾ, സ്വയംപ്രേരിതപ്രാർത്ഥനകൾ മുതലായവയ്ക്കു്) ഒരു നിശ്ചിത സമയം മാറ്റിവയ്ക്കുന്നതു നല്ലതാണു്. അതു് സെമിനാറിന്റെ ആരംഭത്തിലോ മദ്ധ്യത്തിലോ അന്ത്യത്തിലോ ആകാം.

— സെമിനാറിൽ പങ്കെടുക്കുന്നവർ ഉച്ചഭക്ഷണത്തിനും ലഘുഭക്ഷണത്തിനുമായി വെളിയിൽ പോകേണ്ട സാഹചര്യം ഒഴിവാക്കുകയാണു നല്ലതു്.

— സെമിനാറിന്റെ അവസാനത്തോടുകൂടി എല്ലാവരേയും കൂടുതൽ സംതൃപ്തരാക്കത്തക്കവിധം വിനോദപരിപാടികൾക്കു് അല്പ സമയം നല്കണം. സ്വയംപ്രേരിതമായോ, മത്സരം വഴിയോ കലാപരിപാടികൾ അവതരിപ്പിക്കാം. അല്ലെങ്കിൽ ഓരോ ഗ്രൂപ്പും നിശ്ചിത സമയത്തിനുള്ളിൽ കഴിയുന്നത്ര അംഗങ്ങളെ പങ്കെടുപ്പിച്ചു് വിനോദപരിപാടികൾ അവതരിപ്പിക്കാം. പൊതുവെ ഏറ്റം നന്നായി അവതരിപ്പിക്കുന്ന ഗ്രൂപ്പിനു സമ്മാനവും നല്കണം.

— അന്തിമ വിലയിരുത്തലിനു് അല്പസമയം നല്കണം. സെമിനാറിലൂടെ തങ്ങൾക്കു ലഭിച്ച പുതിയ ആശയങ്ങളും അവയുടെ പ്രായോഗികതയും വിലയിരുത്തലിനു് വിഷയമാക്കാം. ക്യാമ്പിന്റെ നടത്തിപ്പു സംബന്ധിച്ച അവരുടെ ആശയങ്ങൾ വ്യക്തിപരമായോ ഗ്രൂപ്പു് അടിസ്ഥാനത്തിൽ ചർച്ച ചെയ്തു ശേഷമോ പരസ്യമായി അവതരിപ്പിയ്ക്കാൻ അവസരമേകണം.

— പ്രോഗ്രാം കമ്മറിയുടെ നേതൃത്വത്തിൽ സമാപനസമ്മേളനം നടത്താം. എന്നാൽ അതു് ഹ്രസ്വമായിരിക്കണം. കാരണം അംഗങ്ങൾ തിരികെ പോകുവാനുള്ള ധൃതിയിലായിരിക്കും. വേണമെങ്കിൽ പ്രശസ്തനായൊരു വ്യക്തിയെ സമാപനസമ്മേളനത്തിലേയ്ക്കു ക്ഷണിക്കാം. സമ്മാനവിതരണമുണ്ടെങ്കിൽ ഈ അവസരത്തിൽ നല്കുന്നതാണുത്തമം.

— ചില സംഘാടകർ ഏകദിന സെമിനാറിന്റെ പകുതിഭാഗം സന്നദ്ധ സേവനത്തിനോ, വിനോദയാത്രയ്ക്കോ മാറ്റിവച്ചെന്നു വരാം. അത്തരം സാഹചര്യങ്ങളിൽ ജോലിക്കിടയിലെ വിശ്രമവേളയിലോ, വിനോദയാത്രയുടെ ലക്ഷ്യസ്ഥാനത്തു് എത്തിക്കഴിഞ്ഞോ സമയമുണ്ടെങ്കിൽ കളികളോ വിനോദപരിപാടികളോ, വിഷയവുമായി ബന്ധപ്പെട്ട ക്ലാസ്സുകളോ നടത്താം.

(iv) നേതൃത്വപരിശീലന ക്യാമ്പ്

(ഒരു ദിവസത്തിലധികം നീണ്ടുനില്ക്കുന്നതു്)

— ഏകദിന സെമിനാറുകൾക്കു് പറഞ്ഞ മിക്കവാറും കാര്യങ്ങൾ നേതൃത്വപരിശീലനക്യാമ്പുകൾക്കും ബാധകമാണു്.

— ക്ലാസ്സുകളെടുക്കുവാൻ പ്രഗത്ഭരായ പല വ്യക്തികളെ ഉൾപ്പെടുത്തുകയും വിഷയം വീതിച്ചു നല്കുകയും ചെയ്യാം.

— പത്രവാർത്തകൾ, ബാനറുകൾ, അലങ്കാരത്തോടുകൂടിയ പ്രവേശന കവാടങ്ങൾ, അച്ചടിച്ച നോട്ടീസുകൾ മുതലായവ

ക്യാമ്പുകളുടെ പ്രചരണത്തിനു് പ്രയോജനപ്പെടുത്തുന്നതു നല്ലതാണു്.

— കളി, ഭക്ഷണം, ക്ലാസു്, വിശ്രമം ഇവയ്ക്കു് വ്യത്യസ്ത സ്ഥലങ്ങളും ക്രമീകരിക്കയാണു നല്ലതു്.

— ക്യാമ്പിന്റെ ഗൗരവത്തിനനുസരിച്ചു് വിശിഷ്ടാതിഥികളെ ഉദ്ഘാടനസമ്മേളനത്തിനും സമാപനസമ്മേളനത്തിനും ക്ഷണിക്കണം.

— നേതൃത്വപരിശീലനത്തിനു് കൂടുതൽ പേർക്കു് അവസരമേകാൻ ഓരോ ദിവസവും വേണമെങ്കിൽ പുതിയ കമ്മറിറികളെ തെരഞ്ഞെടുക്കാം.

— എല്ലാ ദിവസവും പ്രാർത്ഥനയ്ക്കും വിനോദത്തിനും അവസരം നല്കണം. എന്നാൽ ഓരോ ദിവസവും അവയിൽ തന്നെ വൈവിധ്യം വരുത്തുന്നതു നല്ലതാണു്.

— ക്യാമ്പു് ഡയറി ഓരോ ദിവസവും എഴുതി സൂക്ഷിക്കുവാൻ കോഴ്സിൽ പങ്കെടുക്കുന്നവരോടു് ആവശ്യപ്പെടാം. ഏറ്റവും നന്നായി ഡയറി തയ്യാറാക്കുന്നവർക്കു സമ്മാനം നല്കണം.

— ക്യാമ്പിനുവേണ്ടി ഒരു പത്രാധിപസമിതിയെ (വേണമെങ്കിൽ ഓരോ ദിവസത്തേയ്ക്കും പ്രത്യേകം പ്രത്യേകം സമിതിയെ) നിശ്ചയിക്കാം. അവർ വിശ്രമസമയങ്ങളിൽ ഒന്നിച്ചുകൂടി ചർച്ച ചെയ്തു് ക്യാമ്പിനെ സംബന്ധിച്ചു്, കഴിഞ്ഞതും നടക്കാനിരിക്കുന്നതുമായ കാര്യങ്ങളെക്കുറിച്ചു്, പത്രവാർത്താരൂപത്തിൽ കൈയെഴുത്തുപ്രതി തയ്യാറാക്കി നോട്ടീസു് ബോർഡിൽ മറ്റുള്ളവർക്കു് വായിക്കത്തക്കവിധം പരസ്യപ്പെടുത്തണം. അതിൽ കഴിവനുസരിച്ചു് നിർദ്ദോഷമായ ഫലിതം, കാർട്ടൺ, ചിത്രീകരണം, കവിത മുതലായവയുമാകാം.

— അവസാന വിലയിരുത്തലിനും അഭിപ്രായ പ്രകടനത്തിനും വേണ്ടത്ര സമയം കണ്ടെത്തണം.

5 പ്രായാടിസ്ഥാനത്തിൽ

നേതൃത്വ പരിശീലന കോഴ്സുകൾക്ക് ലഭ്യമാകുന്ന സമയത്തിനനുസരിച്ച് പരിപാടികളുടെ ക്രമീകരണത്തിൽ ചില മാറ്റങ്ങൾ വേണ്ടിവരുന്നതുപോലെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ പ്രായത്തിനനുസരിച്ചും ചില ഭേദഗതികൾ ആവശ്യമായിവരും. നമ്മുടെ നാടിന്റെ പശ്ചാത്തലത്തിൽ നേതൃത്വ പരിശീലന കോഴ്സുകളിൽ പങ്കെടുക്കുന്നവരെ സൗകര്യാർത്ഥം മൂന്ന് ഗണമായി തിരിച്ച് അതാതു പ്രായഘട്ടത്തിനനുസരിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

(i) മിഡിൽ സ്കൂൾ കുട്ടികൾ

(10 മുതൽ 12 വരെ പ്രായം)

— ഈ ഘട്ടത്തിലുള്ള കുട്ടികൾക്ക് ക്ലാസ്സുകൾ ഗഹനവും ദീർഘവുമാകാതെ ശ്രദ്ധിക്കണം. ഉള്ള ക്ലാസ്സുകൾ തന്നെ കൂടുതൽ ഉദാഹരണങ്ങളും കഥകളും സംഭവങ്ങളും ഫലിതങ്ങളും വഴി ലളിതവും ആകർഷകവുമാക്കണം.

— നേതൃത്വവുമായി ബന്ധപ്പെട്ട കളികൾ ഈ പ്രായത്തിലുള്ള കുട്ടികൾ ഏറെ ഇഷ്ടപ്പെടും. കളികൾ നടത്തുന്നതിനു മുമ്പ് അതേക്കുറിച്ച നന്നായി വിശദീകരിക്കുകയും കളികൾക്കുശേഷം അവയും നേതൃത്വവുമായി ബന്ധപ്പെടുത്തി ക്ലാസ്സെടുക്കുകയും ചെയ്യാം.

— വിവിധ താളങ്ങളിൽ, പരിശീലകൻ നേതൃത്വം കൊടുക്കുന്നതിനനുസരിച്ച് എല്ലാവരെക്കൊണ്ടും ഏക സ്വരത്തിൽ കൈ അടിപ്പിയ്ക്കുന്നത് അവർക്ക് വളരെ സന്തോഷമാണ്. വിജയികളെ അനുമോദിക്കുന്നതിനും വിശിഷ്ടാതിഥികളെ ക്ലാസ്സിലേയ്ക്ക് സ്വാഗതം ചെയ്യുന്നതിനും മറ്റും ഇപ്രകാരം ചെയ്യാവുന്നതാണ്.

— സ്നേഹപൂർവ്വമായ പെരുമാറ്റം, അനുമോദന വാക്കുകൾ, സമ്മാനങ്ങൾ മുതലായവ കുട്ടികൾക്ക് കൂടുതൽ ആവശ്യമാണ്.

— ചാർട്ടുകൾ, ചിത്രങ്ങൾ, സ്ലൈഡ് ഷോ, ഫിലിം വീഡിയോ പ്രദർശനം മുതലായ ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നതും ഇവർക്ക് വളരെ ആസ്വാദകരമായിരിക്കും.

— കുട്ടികൾക്കുള്ള പരിശീലനത്തിൽ സാമൂഹ്യബന്ധങ്ങൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നത്ര സമസ്യിനെ അഭിസംബോധന ചെയ്യുന്നതിനും സ്റ്റേജിൽ വിവിധ കഴിവുകൾ പ്രകടിപ്പിയ്ക്കുന്നതിനും അവസരമൊരുക്കുകയും പ്രോത്സാഹനം നല്കുകയും വേണം.

(ii) ഹൈസ്ക്കൂൾ കുട്ടികൾ

(13 മുതൽ 15 വരെ പ്രായം)

— ഹൈസ്കൂൾ കുട്ടികൾക്ക് കളികളും (ടെക്നിക്കുകളും) ക്ലാസ്സുകളും ഏതാണ്ട് തുല്യ അനുപാതത്തിൽ നടത്താം.

— ക്വിസ്സ് പരിപാടികൾ ഈ പ്രായത്തിലുള്ളവർക്ക് വളരെ ഫലപ്രദമാണ്.

—സ്വയം മീറിംഗ്സ് സംഘടിപ്പിയ്ക്കുവാൻ ഇവരോട് ആവശ്യപ്പെടാം. അദ്ധ്യക്ഷനും അവരിൽനിന്നുതന്നെയാകട്ടെ. സ്വാഗതം, കൃതജ്ഞത, പ്രസംഗങ്ങൾ, കലാപരിപാടികൾ എല്ലാം അവർ സ്വയം ആസൂത്രണം ചെയ്യണം.

— ഈ പ്രായക്കാർക്ക് ഗ്രൂപ്പ് ചർച്ച നടത്താം. എന്നാൽ അതിൽ അവരെ പരിശീലകൻ പ്രോത്സാഹിപ്പിക്കുകയും ആവശ്യമെങ്കിൽ വിഷയം കൂടുതൽ വ്യക്തമാക്കി സഹായിക്കുകയും വേണം.

— ക്യാമ്പ് പത്രം, ക്യാമ്പ് ഡയറി, ക്യാമ്പ് ടെസ്റ്റ്, മുതലായവ ഈ പ്രായക്കാരിൽ വിജയപ്രദമാക്കുക എളുപ്പമാണ്. അവയുടെ വേണ്ട വിശദീകരണം പരിശീലകൻ നല്കിയിരിക്കണമെന്നു മാത്രം.

— മിഡിൽ സ്കൂൾ കുട്ടികളെക്കുറിച്ചു പറഞ്ഞതുപോലെ താളാത്മകമായ കയ്യടി, അനുമോദനങ്ങൾ, സമ്മാനങ്ങൾ, ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ മുതലായവ ഈ പ്രായക്കാരും ഇഷ്ടപ്പെടും. കൂടാതെ താളാത്മകമോ, ഈണത്തിലുള്ളതോ ആയ മുദ്രാവാക്യങ്ങൾ, ബൈബിൾ സന്ദേശവാക്യങ്ങൾ എന്നിവയും ഫലപ്രദമാണ്.

—കൗമാരപ്രായമാകുന്നതോടെ കുട്ടികളിൽ പലരും നാണംകുണുങ്ങികളും ഇതര ലൈംഗിക വിഭാഗത്തിൽ പെട്ടവരുമായി ഇടപഴകുന്നതിനു വിമുഖരുമായിരിക്കും. ആ പശ്ചാത്തലംകൂടി കണക്കിലെടുത്തുകൊണ്ടുവേണം പരിശീലകൻ നേതൃത്വം നല്കുവാൻ.

— അപരിചിതരെ പരിചയപ്പെടുന്നതിനും, സുഹൃത്വലയം വർദ്ധിപ്പിക്കുന്നതിനും, സമസ്യരെ അഭിസംബോധന

പെയ്യ വിവിധ കഴിവുകളം പ്രകടിപ്പിയ്യുന്നതിനും ഇവർക്ക പരിശീലനം നല്കണം.

(iii) യുവജനങ്ങൾ

— കുട്ടികളംക്ക നടത്തുന്ന കളികളിൽ മിക്കവെയും യുവനജങ്ങളംക്ക് ആവശ്യമില്ല. നടത്തിയാൽ തന്നെ അവർ സഹകരിച്ചെന്നും വരില്ല; പ്രത്യേകിച്ച് ക്ലാസ്സിനു വെളിയിൽ ഓടിനടന്നുള്ള കളികളം. എന്നാൽ നേതൃത്വവുമായി ബന്ധപ്പെട്ട ഏതാനും കളികളെങ്കിലും ക്ലാസ്സിന്റെ സഹായത്തിനു നടത്തേണ്ടിവരും. ക്ലാസ്സിലിരുന്നുകൊണ്ടുള്ള പല കളികളും അവർ ഇഷ്ടപ്പെടുകയും ചെയ്യും.

— യുവജനങ്ങളം കുട്ടികളേക്കാളം ഗൗരവ പ്രകൃതക്കാരാകയാലും ഗ്രഹിക്കുവാൻ കൂടുതൽ കഴിവുള്ളതിനാലും ക്ലാസ്സിനു കൂടുതൽ പ്രാധാന്യം നല്കണം. എന്നാൽ അതിൽ ഉദാഹരണങ്ങളും പ്രസക്തമായ സംഭവകഥകളും ഫലിതങ്ങളും വേണ്ടതു ചേർക്കുന്നതു നല്ലതാണു്.

— വിഷയാവതരണം വളരെ ക്രമാനുഗതവും യുക്തിപരവും ഗഹനമായ ആശയങ്ങളം ഉൾക്കൊള്ളുന്നവയുമാകണം.

— ക്ലാസ്സിൽ പങ്കെടുക്കുമ്പോളം അവർ സ്വയം പ്രധാന ആശയങ്ങളം കുറിച്ചെടുക്കുവാൻ പ്രോത്സാഹിപ്പിക്കാം.

— സംശയ നിവാരണത്തിനും പോദ്യങ്ങളം ഉന്നയിക്കുന്നതിനും ഈ പ്രായക്കാർക്ക കൂടുതൽ താല്പര്യമുള്ളതിനാൽ അവയ്ക്ക് അവസരംകൊടുക്കണം. അതിനാൽ പരിശീലകനു് പ്രതിപാദ്യവിഷയത്തിൽ നല്ല പ്രാവീണ്യം ഉണ്ടായിരിക്കണം. അപ്രസക്തവും വിഷയത്തോടു ബന്ധപ്പെടാത്തതുമായ പോദ്യങ്ങളം നിരുത്സാഹപ്പെടുത്തണം.

— ഇതര ലൈംഗിക വിഭാഗത്തിൽപെട്ടവരുമായി കൂടുതൽ ഇടപഴകുവാൻ യുവജനങ്ങളം തല്പരരാകയാൽ മിശ്രഗ്രൂപ്പുകളാണു് അവർ ഇഷ്ടപ്പെടുക. അതിനാൽ ഇരു വിഭാഗക്കാർക്കും സംയുക്തമായുള്ള കോഴ്സുകളം കൂടുതൽ വിജയപ്രദമാകാറുമുണ്ടു്. എന്നാൽ ഇരുവിഭാഗക്കാരുംകൂടി പങ്കെടുക്കുന്ന പരിപാടികളം നമ്മുടെ നാടിന്റെ സാംസ്ക്കാരിക നിലവാരത്തകർക്കുമുള്ള അതിർ വരമ്പുകളം കടക്കാതിരിക്കുവാൻ പരിശീലകൻ ശ്രദ്ധിക്കണം.

— ഗ്രൂപ്പ് ചർച്ച, ഒറിജിനാലിറ്റി പ്രകടിപ്പിയ്ക്കാനുള്ള സ്വാതന്ത്ര്യം, കഴിവുകളം പ്രകടമാക്കാനുള്ള അവസരം എന്നിവ യുവജനകോഴ്സുകളംക്ക് വേണ്ടതു ഉണ്ടായിരിക്കണം.

6 പ്രാർത്ഥനാ സമ്മേളനങ്ങൾ

യുവജനങ്ങളും കുട്ടികളും പൊതുവെ പ്രാർത്ഥന ഇഷ്ടപ്പെടുന്നവരാണ്. എന്നാൽ തങ്ങളുടെ ഭവനങ്ങളിൽ സാധാരണ ഉരുവിടുന്ന പരമ്പരാഗതമായ പ്രാർത്ഥനകളിൽ അവർക്ക് വിരസത ഉണ്ടായെന്നു വരാം. നല്ല പ്രാർത്ഥനാന്തരീക്ഷത്തിൽ, വൈയക്തികവും ഈശ്വരാനുഭവ പ്രദവുമായി നടത്തുന്ന പ്രാർത്ഥനകളും ക്യാമ്പിലെ മറ്റെല്ലാ പരിപാടികളെക്കാളും വിജയപ്രദമാകാറുണ്ട്.

— നേതൃത്വ പരിശീലനത്തിൽ പ്രാർത്ഥനയ്ക്ക് വളരെ പ്രസക്തിയുണ്ട്.

— ഒന്നുചേർന്നുള്ള പ്രാർത്ഥനകളും ഗാനാലാപങ്ങളും സമൂഹ മനസ്സിനെ ഉദ്ദീപിപ്പിക്കുന്നു.

— ഓരോരുത്തന്റെയും കഴിവുകളെയും ബലഹീനതകളെയും കുറിച്ച് ആത്മശോധന ചെയ്ത് പുതിയ തീരുമാനങ്ങളും എടുക്കുവാൻ സെമിനാറിലെ പ്രാർത്ഥനാ ശുശ്രൂഷ സഹായിക്കുന്നു.

— തങ്ങളുടെതന്നെ കഴിവുകളിൽ അഹങ്കരിക്കാതെ ദൈവാശ്രയം വളർത്തുവാനും വിനയാന്വിതരാകാനും അതു് ഉപകരിക്കുന്നു.

— നേതൃത്വത്തെയും സമൂഹ സ്വഭാവത്തെയും കുറിച്ചുള്ള പുതിയ ഉൾക്കാഴ്ചകൾ നൽകാൻ അതിനു കഴിയും.

— ആദർശയോഗ്യമായവയെ മാതൃകയാക്കി നേതൃത്വശൈലിയെ രൂപപ്പെടുത്തുവാൻ സഹായിക്കുന്നു.

— ദൈവസ്നേഹത്തെപ്രതി സമൂഹത്തിനു തന്നെത്തന്നെ സമർപ്പിക്കുവാൻ ഒരു പ്രചോദനമേകുന്നു.

പ്രാർത്ഥനാ സമ്മേളനം നടത്തുന്നതിനു് താഴെപറയുന്ന കാര്യങ്ങൾകൂടി ശ്രദ്ധിക്കുന്നതു നല്ലതാണു്:

— ഉചിതമായ സ്ഥലം തിരഞ്ഞെടുക്കണം. ദൈവാലയമോ, ക്ലാസ്സ്മുറിയോ, പൂന്തോട്ടമോ, മൈതാനമോ ആകാം.

— പ്രാർത്ഥനാന്തരീക്ഷം രൂപപ്പെടുത്താൻ പറ്റിയ സമയം നിശ്ചയിക്കണം. രാവിലെ സെമിനാർ ആരംഭിക്കുമ്പോഴോ, വൈകുന്നേരം കളിയുടെ ശേഷമോ ആയാൽ നന്നു്.

— പ്രാർത്ഥനയ്ക്ക് അനുകൂലമായ സാഹചര്യം ഒരുക്കണം. പ്രാർത്ഥനയിലെ ശ്രദ്ധാകേന്ദ്രമാകുന്ന ദീപമോ, വേദപുസ്തകമോ, മറ്റു വസ്തുക്കളോ ഏറ്റവും മനോഹരമായി വയ്ക്കുക. രാത്രിയിലാണെങ്കിൽ മറ്റു ദീപങ്ങൾ അണച്ചുകൊണ്ട് ശ്രദ്ധാവിഷയത്തിലേയ്ക്കു മാത്രം പ്രകാശം കേന്ദ്രീകരിക്കാം.

— പ്രാർത്ഥനാവിഷയം അന്നു ചർച്ച ചെയ്യാനുള്ള ആശയങ്ങളോട് ബന്ധപ്പെട്ടതാകണം.

— പ്രാർത്ഥനാ സമ്മേളനത്തിനു് അർഹിക്കുന്ന ഗൗരവവും ഭക്തിയുമുണ്ടാകണം. അതു മറ്റു കളികൾപോലെ അനുഭവപ്പെടാൻ ഇടയാകരുതു്.

— വിഷയവുമായി ബന്ധപ്പെട്ട താളാത്മകവും അനുഭൂതിദായകവുമായ ഗാനങ്ങൾ എല്ലാവരും ഒന്നുചേർന്നു് ഭക്തിനിർഭരമായി ആലപിക്കുന്നതു നല്ലതാണു്. അതിനുവേണ്ട പരിശീലനം പ്രാർത്ഥനായോഗത്തിനു മുമ്പേ നൽകണം.

— സ്വയം ധ്യാനിക്കുവാനും പ്രാർത്ഥന പങ്കുവയ്ക്കുവാനും അംഗങ്ങളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

— വിഷയവുമായി ബന്ധപ്പെട്ട വേദപുസ്തക ഭാഗങ്ങൾ ധ്യാനത്തിനു സഹായിക്കും.

— പ്രാർത്ഥനയ്ക്കു നേതൃത്വം കൊടുക്കുന്ന ആൾ താൻ നല്ലാനുദ്ദേശിക്കുന്ന ഹ്രസ്വമായ വിശദീകരണമോ വ്യാഖ്യാനമോ നേരത്തെ ഒരുങ്ങിയിരിക്കണം.

— പ്രാർത്ഥനാ സമ്മേളനം വിരസത അനുഭവപ്പെടാത്തവിധം ഹ്രസ്വമായിരിക്കണം.

പ്രാർത്ഥനാ സമ്മേളനങ്ങൾക്കു് ഉപകരിക്കത്തക്കവിധം നേതൃത്വവുമായി ബന്ധപ്പെടുത്തിക്കൊണ്ടു് ഏതാനും ഉദാഹരണങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു.

(i) വസ്തുക്കളുടെ സഹായത്തോടെ

1 ദീപം (സേവന സന്നദ്ധത)

വലുതും വൃത്തിയുള്ളതുമായ ഒരു മെഴുകുതിരി ആകർഷകമായ തിരിക്കാലിൽ എല്ലാവർക്കും കാണത്തക്കവിധം കത്തിച്ചു വയ്ക്കുന്നു. കത്തിജ്വലിക്കുന്ന ഈ ദീപത്തെ ഈശ്വരന്റെയും നേതാവിന്റെയും പ്രതിരൂപമായി അവതരിപ്പിച്ചുകൊണ്ടു് നേതാവു് വിശദീകരണം നല്കുന്നു. ഇതു് നേതാവിന്റെ ഭാവ

നന്മയും അംഗങ്ങളുടെ കഴിവിനുമനുസരിച്ച് നിർവ്വഹിക്കാം. വികസിപ്പിക്കാവുന്ന ചില ആശയങ്ങളും മാതൃകയ്ക്കായി ചുവടെ ചേർക്കുന്നു.

'യേശു തന്നെത്തന്നെ ലോകത്തിന്റെ ദീപമായി വിശേഷിപ്പിച്ചു ... 'തമസോ മാ ജ്യോതിർഗമയാ' (അന്ധകാരത്തിൽനിന്നു ഞങ്ങളെ പ്രകാശത്തിലേക്കു നയിക്കണമേ) എന്നു് ഉപനിഷത്തുകാലത്തെ ഭാരത താപസന്മാർ പ്രാർത്ഥിച്ചിരുന്നു ...

'ദീപത്തെപ്പോലെ മറ്റുള്ളവർക്കു് 'ചൂടും വെളിച്ചവും' പകരുവാൻ ഓരോ നേതാവിനും കഴിയണം. അന്ധകാരാവൃതമായ സ്ഥലങ്ങളിൽ അനേകായിരങ്ങൾക്കു മാർഗദർശനം നൽകുവാൻ ചെറിയൊരു ദീപത്തിനു കഴിയും. അനേകരുടെ സൽപാതയിലൂടെ നയിക്കുവാനും അവരുടെ ജീവിതം ശോഭനമാക്കുവാനും നേതാവിനു കഴിയും. തന്റെ ചുറ്റിലുമുള്ളവർക്കുവേണ്ടി സ്വയം എരിഞ്ഞടങ്ങുവാൻ തയ്യാറാകുന്ന ദീപത്തെ അനുകരിച്ചു് നേതാവു് തന്റെ അസൗകര്യങ്ങൾ പരിഗണിക്കാതെ സഹജീവികൾക്കുവേണ്ടി സേവനമനുഷ്ഠിക്കുവാൻ സന്നദ്ധനാകണം. കണ്ണുകൾ സ്വാഭാവികമായി പ്രകാശം കൂടുതലുള്ളിടത്തേക്കുപോകുന്നതിരിയുക. അതുപോലെ ചുറ്റിലും സന്തോഷം പുലർത്തുന്നവർ കൂടുതൽ ശ്രദ്ധിക്കപ്പെടും.'

വിശദീകരണത്തിനുശേഷം അതേക്കുറിച്ചു് അല്പസമയം മൗനമായിരുന്നു ധ്യാനിക്കണം. ആത്മശോധനയ്ക്കും ധ്യാനത്തിനും സഹായിക്കത്തക്കവിധം മേൽപ്പറഞ്ഞ ആശയങ്ങളെ വ്യക്തിപരമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചില ചോദ്യങ്ങളോ ആശയങ്ങളോ ഈ അവസരത്തിൽ ശാന്തമായി അവതരിപ്പിക്കാം: ഉദാ:

— ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്നു് അരുളിച്ചെയ്ത യേശുവിനെ നമുക്കു് മനസ്സിൽ ദർശിക്കാം.

— ആ പ്രകാശം അണയുവോളം മറ്റുള്ളവർക്കു നന്മ ചെയ്തു. നമുക്കും ആ യേശുവിനെ അനുകരിക്കുവാൻ കഴിയുമോ?

— അന്ധകാരാവൃതമായ ഈ ലോകത്തിലെ തിന്മകൾ നാം കാണുന്നില്ലേ? ഈ അന്ധകാരത്തെ നിർമ്മാർജ്ജനം ചെയ്യാൻ നമുക്കെന്തു ചെയ്യാൻ കഴിയും?

— ഇന്നു ഞാനുമായി ബന്ധപ്പെടുന്നവർക്കു് എന്നിൽ നിന്നു ലഭിക്കുന്നതു സന്മാതൃകയോ ദുർമാതൃകയോ?

— യേശുവിന്റെ പ്രതിപുരുഷന്മാരോ, അവയവങ്ങളോ ആയി യേശുവിനെപ്പോലെ മറ്റുള്ളവർക്കു നന്മചെയ്യുവാനും അതിനു് എന്തു ത്യാഗവും വേണ്ടിവന്നാൽ സഹിക്കുവാനും നമുക്കു പ്രതിജ്ഞയെടുക്കാം.

തുടന്നു് ഓരോരുത്തനും സ്വന്തം വാചകങ്ങളിൽ ലളിതവും ഹ്രസ്വവുമായ പ്രാർത്ഥനകൾ ചൊല്ലുന്നു. പരിശീലകനും പ്രാർത്ഥന പങ്കുവയ്ക്കുന്നതിൽ നേരത്തെ പരിചയമുള്ളവരും ഇതിൽ മുൻകൈയെടുത്താൽ ഇതു കൂടുതൽ സജീവവും വിജയപ്രദവുമാകും. അവസരോചിതമായ ഗാനങ്ങളും എല്ലാവരും ചേർന്നു് ഭക്തിനിർഭരമായി ആലപിക്കുന്നതു നല്ലതാണു്. അവസാനമായി പരിശീലകൻ ഒരു സമാപന പ്രാർത്ഥന സ്വന്തമായി ചൊല്ലി പ്രാർത്ഥനാസമ്മേളനം അവസാനിപ്പിക്കുന്നു.

(ഇവിടെ തുടർന്നു വിവരിക്കുന്ന വസ്തുക്കളുപയോഗിച്ചുള്ള പ്രാർത്ഥനകളും ഇതേ രീതിയിൽത്തന്നെയാണു് നടത്തേണ്ടതു്).

2 പൂക്കൾ (വ്യക്തിത്വ വികസനം)

ഒറ്റയായും കൂട്ടമായും കാണപ്പെടുന്ന വിവിധ തരത്തിലും വർണ്ണങ്ങളിലുമുള്ള ശോഭയാർന്ന കുറെ പൂക്കളും ശേഖരിച്ചു് എല്ലാവർക്കും കാണത്തക്കവിധം പരസ്യമായി വയ്ക്കുക. അവ എന്തിനെ പ്രതിനിധാനം ചെയ്യുന്നുവെന്നു് നേതാവു് വിശദമാക്കണം.

'നാമിവിടെ കാണുന്ന പുഷ്പങ്ങളും വൈവിധ്യമാർന്ന പ്രത്യേകതകളും വർണ്ണങ്ങളുമുള്ളവയാണു്. റോസപ്പൂവിനു് സ്വന്തമായൊരു നിറവും ശോഭയും സുഗന്ധവുമുണ്ടെങ്കിൽ വെന്തിപ്പൂവിന്റെ നിറവും മണവും ഘടനയും മറ്റൊന്നാണു്. മുല്ലപ്പൂവിന്റെ നിറം വെള്ളയാണെങ്കിലും അതിന്റെ ഗന്ധം കുളിർമ്മയേറിയതാണു്. ചെത്തിപ്പൂവിനു നല്ല മണമില്ലെങ്കിലും അതു കൂട്ടംകൂടി നിൽക്കുന്നതിനാൽ കൂടുതൽ ആകർഷകമാണു്. റോസപ്പൂ ആകർഷകമെങ്കിലും അതു വിരിയുന്നതു് മുൾച്ചെടിയിലാണു്. താമരപ്പൂവും ആമ്പൽപ്പൂവും കമനീയംതന്നെ. പക്ഷേ, അവ വളർന്നു വികസിക്കുന്നതു് ചേറിലാണു്. എല്ലാ പൂക്കൾക്കും അതിനേതായ പ്രത്യേകതകളുണ്ടു്. ഓരോ ഇനത്തിൽപ്പെട്ട പൂവും മറു പൂവുകളിൽനിന്നു വ്യത്യസ്തമാണു് മറ്റുള്ളവയുമായി താരതമ്യപ്പെടുത്തുമ്പോൾ എന്തെങ്കിലുമൊരു കുറവു് ഓരോ പൂവിനും ചൂണ്ടിക്കാണിക്കുവാൻ കാണും. അതോടൊപ്പം മറ്റുള്ളവയെക്കാൾ മേന്മയേറിയ സവിശേഷതകളും അതിനു കാണും.

'ഈ പൂക്കളും നമുക്കു വലിയൊരു പാഠം നല്കുന്നു. നാം ഓരോരുത്തനും മറ്റുള്ളവരെപ്പോലെയല്ല എല്ലാവക്കും സ്വന്തമായ വ്യക്തിത്വമുണ്ട്. ഒരുവന്റെ എല്ലാ കഴിവുകളും മറ്റുള്ളവരിൽ കാണണമെന്നില്ല. അതിനാൽ അന്യന്റെ കഴിവുകളിൽ അസൂയപ്പെടാതെ സ്വന്തം കഴിവുകളെ വികസിപ്പിക്കുവാനാണു ശ്രമിക്കേണ്ടതു്. എല്ലാവർക്കും എന്തെങ്കിലും കുറവുകളും കണ്ടെന്നിരിക്കും. അവയെക്കുറിച്ചു് നഷ്ടധൈര്യരാകേണ്ടതില്ല ... ചെത്തിയുടേയോ വെന്തിയുടേയോ പൂക്കളെപ്പോലെ നാമും സഹകരിച്ചു പ്രവർത്തിക്കുമ്പോൾ കൂടുതൽ സൽഫലങ്ങളും ഉളവാക്കുവാൻ നമുക്കു കഴിയും ... പൂമൊട്ടു പൂർണ്ണവളർച്ചയിലെത്തുവാൻ തുടങ്ങുകയാണു്. അതിനു് അപകടമേൽക്കാതിരിക്കാൻ പ്രത്യേക ആവരണം (Petals) നല്കി ദൈവം സംരക്ഷിക്കുന്നു. നാമും പക്വതയിലേക്കു പ്രയാണം ചെയ്യുകയാണു്. നല്ല വ്യക്തിത്വത്തിന്റെ ഉടമകളാകുവാൻ നമ്മുടെ കഴിവുകളെല്ലാം വികസിപ്പിക്കണം. അപകടങ്ങളിൽനിന്നു സംരക്ഷിക്കപ്പെടണം. അതിനെല്ലാം ദൈവത്തിന്റെ സഹായമപേക്ഷിക്കാം. നമുക്കു ലഭിച്ചിരിക്കുന്ന നല്ല കഴിവുകൾക്കു് അവിടുത്തോടു നന്ദി പ്രകാശിപ്പിക്കാം.'

തുടർന്നു് ആത്മശോധനയ്ക്കുപകരിക്കുന്ന അശയങ്ങളും നേതാവു് ശാന്തമായി അവതരിപ്പിക്കണം. അതിനുശേഷം സമൂഹം പ്രാർത്ഥനകളും പങ്കുവയ്ക്കുകയും സന്ദർഭോചിതമായ ഗാനങ്ങളും ആലപിക്കുകയും ചെയ്യുന്നു.

3 കളർ ചിത്രം (നേതൃത്വകല)

വിവിധ വർണ്ണങ്ങളാൽ വിരചിതമായ സുന്ദരമായൊരു ചിത്രം എല്ലാവർക്കും കാണത്തക്കവിധം വയ്ക്കണം. അതിന്റെ ഉദ്ദേശ്യം താഴെ പറയുന്നവിധം വിശദമാക്കാം.

'നേതാവു് കലാകാരനാണു്. ചിത്രകാരന്റേതുപോലുള്ള ധർമ്മമാണു് അയാളും അനുഷ്ഠിക്കുക. ചിത്രകാരൻ വിവിധ നിറത്തിലും തരത്തിലുമുള്ള ചായങ്ങളും ഉപയോഗിച്ചാണു് ചിത്രമെഴുതുക. നേതാവു ചായത്തിനു പകരം വിവിധ സ്വഭാവവിശേഷങ്ങളും പ്രത്യേകതകളുമുള്ള വ്യക്തികളെ കൈകാര്യം ചെയ്യുന്നു. ഏതെല്ലാം നിറങ്ങളാണു് ഒന്നിച്ചു കലർത്താവുന്നതെന്നും അതുവഴി ലഭിക്കുന്ന പുതിയ വർണ്ണം എന്തായിരിക്കുമെന്നും ചിത്രകാരനറിയാം. നേതാവും കൂടുതൽ സഹകരിച്ചു പ്രവർത്തിക്കുന്നവരെത്തമ്മിൽ ഒന്നിച്ചുകൂട്ടി ജോലിയും ഉത്തരവാദിത്വങ്ങളും നല്കുന്നു. അശ്രദ്ധയോടുകൂടി കോർത്തിണക്കിയാൽ രണ്ടുപേർക്കും

പരാജയമുണ്ടാകാം. ഏറ്റവും ചുരുങ്ങിയ 'വസ്തുക്കൾ' കൊണ്ട് വളരെ സൽഫലങ്ങൾ പുറപ്പെടുത്തുവാൻ ഇരു കൂട്ടർക്കും കഴിയും. അനുഭവജ്ഞാനത്തിലൂടെ അവർക്ക വളരെ കാര്യങ്ങൾ മനസ്സിലാക്കുവാനും കഴിവുകൾ വികസിപ്പിക്കുവാനും സാധിക്കും. നേതൃത്വത്തെ സംബന്ധിച്ച നമ്മുടെ ജ്ഞാനവും കഴിവുകളും വികസിപ്പിക്കുന്നതിനും നാംവഴി സമൂഹത്തിൽ കൂടുതൽ സൽഫലങ്ങൾ ഉളവാക്കുന്നതിനുംവേണ്ടി ഈശ്വരന്റെ സഹായം നമുക്ക് അപേക്ഷിക്കാം.'

4 തേനീച്ചകൾ (സംഘടനാശക്തി)

തേനീച്ചക്കൂടോ അതിന്റെ ചിത്രമോ പരസ്യമായി വയ്ക്കുന്നു.

'തേനീച്ചകൾ സമൂഹ്യജീവികളാണ്. അവരുടെ ഇടയിൽ പരിശ്രമശാലികളും മടിയന്മാരുമുണ്ട്. റാണി സന്താനോല്പാദനം നിർവ്വഹിക്കുന്നു. ചിലർ കൂടിന്റെ കേടുപാടുകൾ തീർക്കുന്നു. മറുചിലർ പൂക്കളും മധുരസാധനങ്ങളും അന്വേഷിച്ചിറങ്ങുന്നു. ശേഖരിച്ചുകൊണ്ടുവന്ന മധു കൂടുകളിൽ നിക്ഷേപിക്കുവാൻ മറെറാരു കൂട്ടർ തയ്യാറെടുക്കുന്നു. തങ്ങളെ ശല്യപെടുത്തുന്നവരെ അവർ കൂട്ടംകൂടി ആക്രമിച്ച് ഓടിക്കുന്നു.

'വലിയൊരു പാഠം അവ നമ്മെ പഠിപ്പിക്കുന്നു. നാം എത്ര കഴിവുകുറഞ്ഞവരാണെങ്കിലും സംഘടിച്ചു പ്രവർത്തിക്കുമ്പോൾ വലിയ കാര്യങ്ങൾ നേടിയെടുക്കുവാൻ കഴിയും. എന്നാൽ സമൂഹത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി നമ്മുടെ സുഖസൗകര്യങ്ങളും സ്വാർത്ഥലാഭവും ബലികഴിച്ചുകൊണ്ടുപോലും അത്യദ്ധ്വാനം ചെയ്യേണ്ടിവരും. സഹകരണമനോഭാവത്തോടെ ഈ ക്യാമ്പിൽ സംബന്ധിക്കുവാനും തുടർന്നുള്ള സാമൂഹ്യജീവിതം കൂടുതൽ മെച്ചപ്പെടുത്തുവാനും ഈശ്വരസഹായം തേടാം.'

5 തലച്ചോറിന്റെയും ഞരമ്പുവ്യൂഹങ്ങളുടെയും ചിത്രം (സംഘാടകൻ)

'മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന നിലയമാണ് തലച്ചോറ്. അത് ഞരമ്പുകൾ (Nerve) വഴി മനുഷ്യന്റെ എല്ലാ ഭാഗങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ശരീരത്തിന്റെ എല്ലാ ഭാഗത്തുനിന്നും അതിനു സന്ദേശങ്ങൾ ലഭിക്കുന്നു. ഉടൻതന്നെ ആവശ്യമായ പ്രത്യു

ത്തരവും അത്ര നല്ലതല്ല. മനുഷ്യന്റെ ശാരീരികപ്രവർത്തനങ്ങളെല്ലാം നിർവ്വഹിക്കുന്നതു് തലച്ചോറല്ല; പ്രത്യുത മനുഷ്യശരീരത്തിലെ ഓരോ അവയവവുമാണു്. എന്നാൽ അവയെല്ലാം ഏകോപിപ്പിച്ചു് ലക്ഷ്യസാദ്ധ്യത്തിലേയ്ക്കു് നയിക്കുവാൻ തലച്ചോറിനു കഴിയുന്നു.

'നേതാവിന്റെ ധർമ്മവും ഇതിൽനിന്നു വിഭിന്നമല്ല. അയാളം സമൂഹത്തിലെ എല്ലാ അവയവങ്ങളെയും — എല്ലാ വ്യക്തികളെയും — ഏകോപിപ്പിക്കുകയും അവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു എല്ലാ വ്യക്തികളുമായി അയാളം ഇടപഴകുന്നു. അവരിൽനിന്നു നിർദ്ദേശങ്ങളം സ്വീകരിക്കുന്നു പുതിയ നിർദ്ദേശങ്ങളംക്കായി അവർക്കു് നിർദ്ദേശങ്ങളം നല്കുന്നു. നേതാവല്ല സമൂഹത്തിലെ എല്ലാ ജോലികളും ചെയ്യുക. അയാളം പ്രധാനമായും നല്ലൊരു സംഘാടകനാണു്. നേതൃത്വത്തിന്റെ എല്ലാ ധർമ്മങ്ങളും അനുഷ്ഠിക്കുവാനുള്ള കഴിവു് ലഭിക്കുന്നതിനായി ദൈവത്തോടു് അപേക്ഷിക്കുകയും നമുക്കു ലഭിച്ചിരിക്കുന്ന നന്മകളംക്കു് നന്ദി പറയുകയും ചെയ്യാം.'

6 ക്രിസ്തുവിന്റെ ചരിത്രം / ക്രൂശിതരൂപം
(ക്രൈസ്തവ നേതൃത്വം)

— ലോകത്തിൽ ഇന്നു സർവ്വസമാരാധ്യനായ നേതാവാണു് ക്രിസ്തു. എന്നാൽ ക്രിസ്തുവിന്റെ രാജത്വം അഥവാ നേതൃത്വവും, നേതൃത്വശൈലിയും മറു നേതാക്കളിൽ നിന്നു് തികച്ചും വ്യത്യസ്തമായിരുന്നു.

— ദൈവമക്കളെ സ്നേഹത്തിൽ ഒന്നിപ്പിച്ചു് പിതാവായ ദൈവത്തിൽ എത്തിക്കുക എന്നതായിരുന്നു ക്രിസ്തുവിന്റെ ലക്ഷ്യം.

— സ്വസമുദായത്തിന്റെ നിയമങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും ആദരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു എന്നാൽ അവയിൽ അർത്ഥശൂന്യമായവയെ തിരുത്തിയിരുന്നു.

— ഭൗതികസമ്പത്തു ലക്ഷ്യംവയ്ക്കാതെ, സ്വന്തമായി പാർപ്പിടംപോലുമില്ലാതെ ലളിതജീവിതം നയിച്ചിരുന്നു.

— സ്വന്തം മഹത്വത്തിനോ അധികാരത്തിനോവേണ്ടിയല്ല യേശു ശ്രമിച്ചതു്. അത്ഭുതംവഴി അയ്യായിരം പേർക്കു ഭക്ഷണം നല്കിയപ്പോൾ അദ്ദേഹത്തെ രാജാവാക്കാൻ ശ്രമിച്ചവരിൽനിന്നു് സ്വയം ഒഴിഞ്ഞു മാറി (യോഹന്നാൻ 6:1–15).

— സമൂഹത്തിലെ എല്ലാ മനുഷ്യരുമായി വിശിഷ്യാ സാധാരണക്കാരുമായി – പാപമൊഴികെ എല്ലാ കാര്യത്തിലും – താദാത്മ്യപ്പെടുവാൻ ശ്രമിച്ചു.

— സമൂഹത്തിൽ അംഗീകരിക്കപ്പെടാതിരുന്ന സക്കേവൂസിനെയും മത്തായിയേയും പോലുള്ളവരെ പേരുചൊല്ലി വിളിച്ചു, അവരുമായി ഇടപഴകി, സ്വന്തം സ്വാധീനവലയത്തിലാക്കുകയും അവരിൽ സ്ഥായിയായ പരിവർത്തനം സാധിക്കുകയും ചെയ്തു.

— തങ്ങളിൽ വലിയവനാരാണെന്ന കാര്യത്തെക്കുറിച്ചു തർക്കിച്ചിരുന്ന ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ടു എളിമയുടെയും ശുശ്രൂഷയുടെയും മനോഭാവം ശ്രുപപ്പെടുത്തുവാൻ അവരെ പഠിപ്പിച്ചു (യോഹ. 13:1–15).

— ദൈവപുത്രനും സർവ്വസമാരാധ്യനുമായ ക്രിസ്തു ഏറ്റവും നിന്ദിതനും പീഡിതനുമായി കുരിശിൽ കിടക്കുന്നതു നാം കാണുന്നില്ലേ? നിസ്വാർത്ഥമായി സമൂഹത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്താലും നാം തെറ്റൊന്നും ചെയ്തില്ലെങ്കിൽപോലും കുറേ കാലത്തേക്കെങ്കിലും സമൂഹം നമ്മെയും തെറ്റിദ്ധരിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നുവരാം.

— 'കുരിശില്ലാതെ കിരീടമില്ല.' കുരിശിലൂടെ യേശു മഹത്വത്തിലേയ്ക്കു പ്രവേശിച്ചു. അന്നു മുതൽ എന്നും ജനഹൃദയങ്ങളെ സ്വാധീനിക്കുന്ന ഏറ്റവും വലിയ നേതാവാണു യേശു. ക്രൂശേശങ്ങൾ പലപ്പോഴും മഹത്വത്തിലേയ്ക്കുള്ള കല്പടവുകളാണു.

— യേശുവിന്റെ വ്യക്തിത്വവും നേതൃത്വശൈലിയും അനുകരിക്കുകാൻ നമുക്കു ശ്രമിക്കുകയും അതിനായി അവിടുത്തെ അനുഗ്രഹം അപേക്ഷിക്കുകയും ചെയ്യാം.

(ii) കഥ, സംഭവം

ഈ പ്രാർത്ഥനാരീതിയും സെമിനാറിൽ പങ്കെടുക്കുന്നവർക്കും ഒരുമിച്ചു നടത്താം. എന്നാൽ അംഗങ്ങൾ കൂടുതലെങ്കിൽ പതിനഞ്ചോ ഇരുപതോ പേരുള്ള ഗ്രൂപ്പുകളായി തിരിച്ചു നടത്തുകയാവും നല്ലതു.

ഇവിടെ ധ്യാനത്തിനുപകരിക്കുന്ന പ്രതീകാത്മക വസ്തുവിനെ വച്ചു വിശദീകരിക്കുന്നതിനുപകരം നേതൃത്വത്തിന്റെ ഏതെങ്കിലും പ്രത്യേകത വ്യക്തമാക്കുന്ന ഭാവനാത്മക കഥ, ചരിത്രസംഭവം, ഐതിഹാസികകഥ, മഹാന്മാരുടെയോ വിശുദ്ധരു

ടെയോ ജീവിതത്തിലെ സംഭവം, പത്രമാസികകളിൽ പ്രത്യക്ഷപ്പെട്ട ആനുകാലിക സംഭവം ഇവയിലേതെങ്കിലും ഒന്ന് ധ്യാനവിഷയമായി നേതാവ് അവതരിപ്പിക്കുന്നു.

കഥയോ സംഭവമോ അവതരിപ്പിക്കുമ്പോഴും നേതൃത്വവുമായി ബന്ധപ്പെട്ട ഭാഗത്തിനു് ഊന്നൽ നല്കി വിശദീകരിക്കാം. അതിനുശേഷം 'വന്ദ്യക്കളുടെ സഹായത്തോടെ' നടത്തുന്ന പ്രാർത്ഥനയിലേയ്ക്കുപോലെ ആത്മശോധനസ്സൂചകരിക്കുന്ന ആശയങ്ങളും പങ്കുവയ്ക്കുന്നു. മൗനമായ ധ്യാനത്തിനുശേഷം അംഗങ്ങളും പ്രാർത്ഥന പങ്കുവയ്ക്കുകയും അവസരോചിതമായ ഗാനങ്ങളും ഒന്നുചേർന്നു് ആലപിക്കുകയും ചെയ്യുന്നു.

(iii) മതഗ്രന്ഥം

സെമിനാറിൽ പങ്കെടുക്കുന്ന എല്ലാവരും ഒരേ മതവിഭാഗത്തിൽപ്പെട്ടവരെങ്കിൽ അതാതു മതത്തിന്റെ വിശുദ്ധ ഗ്രന്ഥത്തിലെ പ്രസക്തമായൊരു ഭാഗം പ്രാർത്ഥനാശ്രുശ്രൂഷയുടെ അടിസ്ഥാന ഭാഗമായിട്ടെടുക്കാം. എല്ലാവരും ക്രൈസ്തവരെങ്കിൽ ദൈവവചനശ്രുശ്രൂഷയായും, എല്ലാവരും കത്തോലിക്കരെങ്കിൽ വിശുദ്ധ കുർബാന പരസ്യമായി സമൂഹമദ്ധ്യേ എഴുന്നള്ളിച്ചുവച്ചുകൊണ്ടുള്ള ആരാധനയായും ഇതു നടത്താം.

പരസ്യാരാധനയെങ്കിൽ വി. കുർബാന അല്ലെങ്കിൽ പ്രാർത്ഥനാശ്രുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന മതഗ്രന്ഥം ആകർഷകമായവിധം അലങ്കരിച്ചു് പരസ്യമായി വയ്ക്കുമ്പോഴും അംഗങ്ങളും ഒന്നുചേർന്നു് അവതരണഗാനം ആലപിക്കുന്നു.

മതഗ്രന്ഥത്തിൽനിന്നു് മുൻകൂട്ടി തിരഞ്ഞെടുത്തിരിക്കുന്ന നേതൃത്വവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു ഭാഗം പുരോഹിതനോ നേതാവോ പരസ്യമായി വായിക്കുകയും തുടർന്നു് വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ബൈബിളിൽനിന്നു് തിരഞ്ഞെടുക്കാവുന്ന വായനയ്ക്കു് ഏതാനും ഉദാഹരണങ്ങളും താഴെ ചേർക്കുന്നു:

(i) *നേതൃത്വം വഹിച്ചിട്ടുള്ള ഏതെങ്കിലും ചരിത്രപുരുഷന്റെയോ കഥാപാത്രത്തിന്റെയോ ജീവിതത്തിൽ നിന്നു":*

— മോശയുടെ ജോലിഭാരം വർദ്ധിച്ചപ്പോഴും ന്യായാധിപന്മാരെയും (പുറപ്പാടു് 18:13–26) എഴുപതു നേതാക്കന്മാരെയും (സംഖ്യ 11:16–17) നിയമിച്ചു് ചുമതലയും ഉത്തരവാദിത്വവും വിഭജിച്ചു നൽകുന്നു.

— ഇസ്രായേലിലെ നേതാക്കന്മാരും പുരോഹിതന്മാരും മോശയുടെ നേതൃത്വത്തെ ചോദ്യം ചെയ്ത് പ്രതിസന്ധി സൃഷ്ടിക്കുന്നു (സംഖ്യ 16:1–35).

— തങ്ങൾക്കൊരു രാജാവിനെ ലഭിക്കുന്നതിനുവേണ്ടി ഇസ്രായേൽ ജനം മുറവിളി കൂട്ടുന്നു (1 സാമുവൽ 8:1–22).

— അവനവന്റെ വിളിയ്ക്കനുസരിച്ച കടമകളും നീതി പൂർവ്വം നിർവ്വഹിക്കണം. സ്നാപകയോഹന്നാന്റെ ഉപദേശം (ലൂക്കാ 3:7–18).

— യേശുക്രിസ്തുവിന്റെ ജീവിതദൗത്യവും അദ്ദേഹത്തിനു സ്വന്തംനാട്ടിൽ ലഭിച്ച അവഗണനയും (ലൂക്കാ 4:16–30).

— നല്ല ഇടയനായ ഈശോ (യോഹന്നാൻ 10:1–15).

— യേശു ശിഷ്യരുടെ പാദങ്ങളും കഴുകുകയും പരസ്പരം ശുശ്രൂഷ ചെയ്യാൻ ഉപദേശിക്കുകയും ചെയ്യുന്നു (യോഹന്നാൻ 13:1–17).

— മനസ്സാക്ഷിയും ആദർശവും ബലികഴിച്ച് പീലാത്തോസ് ക്രിസ്തുവിനു ശിക്ഷാവിധി കല്പിക്കുന്നു (മത്തായി 26:11–26; മർക്കോസ് 15:1–15; ലൂക്കാ 23:1–5, 13–25; യോഹ 18:28–19:16).

— നല്ല സമറിയാക്കാരൻ (ലൂക്കാ 10:25–37).

— വി. പൗലോസ് ശ്രോതാക്കളുമായി താദാത്മ്യപ്പെടുവാൻ ശ്രമിച്ചിരുന്നു (1 കൊറിന്തോസ് 9:16–23).

(ii) *നേതാക്കന്മാർക്കുള്ള ഉപദേശങ്ങൾ*

— ഇസ്രായേലിന്റെ രാജാവിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (നിയമാവർത്തനം 17:14–20).

— സോളമന്റെ സുഭാഷിതങ്ങൾ – ആശയവിനിമയം (സുഭാഷിതങ്ങൾ 25:2–14).

— നേതാക്കന്മാർക്കുവേണ്ട ജ്ഞാനവും വിനയവും (പ്രഭാഷകൻ 10:1–18) സംയമനവും (പ്രഭാഷകൻ 11:7–17).

— ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും (മത്തായി 5:13–16).

— ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ ദാസനാകണം (മത്തായി 20:20–28; മർക്കോസ് 10:35–45; ലൂക്കാ 22:24–30).

— തിന്മകളെ ഭരീകരിക്കുക – നിയമജ്ഞരുടെയും ഫരിസേയരുടെയും കപടനാട്യം (മത്തായി 23:1–36).

— കഴിവുകളുടെ ഉപയോഗം – താലന്തുകളുടെ ഉപമ (മത്തായി 25:14–30; ലൂക്കാ 19:11–27).

— കുരുടനെ കുരുടനെ നയിക്കുവാൻ സാധിക്കുകയില്ല (ലൂക്കാ 6:37–45).

വിശുദ്ധ ഗ്രന്ഥ പാരായണത്തിനും വ്യാഖ്യാനത്തിനുംശേഷം ആത്മശോധനസ്വഭാവകരിക്കുന്ന ആശയങ്ങളും പങ്കുവയ്ക്കാം. തുടർന്ന് അംഗങ്ങളെ ഒന്നുചേർന്ന് ഗാനങ്ങളും ആലപിക്കുകയും സ്വയംപ്രേരിത പ്രാർത്ഥനകളും പങ്കുവയ്ക്കുകയും ചെയ്യുന്നു.

(iv) ചെറിയ ഗ്രൂപ്പുകളിൽ

അംഗങ്ങളെ മൂന്നുപേർ വീതം ഉൾക്കൊള്ളുന്ന ചെറിയ ഗ്രൂപ്പുകളായി തിരിക്കുക. പരസ്പര സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ മൂന്നുപേർ വീതം കൂടുവാൻ അംഗങ്ങളോട് ആവശ്യപ്പെടുകയാവും ഉത്തമം. ഓരോ ഉപഗണത്തെയും താഴെ പറയുന്ന ഏതെങ്കിലും രീതിയിൽ പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കണം. പ്രാർത്ഥനാസമ്മേളനങ്ങളിൽ പരസ്പരം പങ്കുവയ്ക്കുന്ന വ്യക്തിപരമായ കാര്യങ്ങളും പിന്നീട് പരിഹാസവിഷയമാവില്ലെന്ന് അംഗങ്ങൾക്ക് ബോദ്ധ്യമാവണം. ചെറിയ ഗ്രൂപ്പുകളിൽ പ്രാർത്ഥിക്കുമ്പോൾ പരിശീലകൻ അവയിൽ കയറിവരുകയും ഇടപെടാതെ അവയുടെ പ്രവർത്തനങ്ങളും വീക്ഷിക്കുകയാവും നല്ലത്.

1) കഴിവുകൾ

പരസ്പരം അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന മൂന്നുപേർ വീതം ഒന്നിച്ചുകൂടുന്നു. മറ്റു രണ്ടു വ്യക്തികളിൽ ഏറ്റവും കൂടുതൽ പ്രകടമാകുന്ന ഈ രണ്ടു നല്ല ഗുണങ്ങളും ഓരോരുത്തരും പറയണം. അവയോടൊപ്പം അവരിൽ വികസിപ്പിച്ചെടുക്കാവുന്ന മറ്റു ഗുണങ്ങളുണ്ടെങ്കിൽ അവയെക്കുറിച്ചും പ്രതിപാദിക്കാം. കൂടാതെ വിശദീകരണങ്ങളോ ചർച്ചയോ ആവശ്യമെങ്കിൽ അതുമാകാം. തുടർന്ന് ഓരോരുത്തരായി, മറ്റുള്ളവർക്കും തനിക്കും ദൈവം നല്കിയ കഴിവുകൾക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ടും അവയെ നിലനിർത്തുവാനും പുതിയ കഴിവുകൾ വികസിപ്പിച്ചെടുക്കുവാനും ദൈവാനുഗ്രഹം യാചിച്ചുകൊണ്ടും പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനയോടൊപ്പം മറ്റുള്ളവരിൽ നന്മകൾ കാണുവാനും അവരെ അഭിനന്ദിക്കുവാനും ഇത് പ്രേരണ നല്കുന്നു.

മാത്രമല്ല, സ്വന്തം കഴിവുകൾ മനസ്സിലാക്കുവാനും അവയെ പ്രതി അഹങ്കരിക്കാതെ അവ ദൈവദാനമായി കണക്കാക്കാനും അവയെ കൂടുതൽ വികസിപ്പിക്കാനും ഇതു സഹായിക്കും.

2) നല്ല അവസരങ്ങളുടെ ഉപയോഗം

മൂന്നു സുഹൃത്തുക്കൾ വീതം ഒന്നിച്ചുകൂടി തങ്ങളുടെ പൂർവ്വ കാലസ്മരണകൾ പുന:പരിശോധിക്കുന്നു. ഓരോരുത്തനും തന്റെ ജന്മസിദ്ധമായ കഴിവുകളും അവയെ വികസിപ്പിക്കുവാൻ ലഭിച്ച അവസരങ്ങളും പങ്കുവയ്ക്കുന്നു. താൻ ഓരോ കഴിവുകൾ എതെല്ലാം വിധത്തിൽ വികസിപ്പിച്ചെന്നും കഴിവുകളെ പോഷിപ്പിക്കുവാൻ ലഭിച്ച എതെല്ലാം സന്ദർഭങ്ങൾ പാഴാക്കിയെന്നും പറയുന്നു. മൂന്നുപേരും താന്താങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു കഴിയുമ്പോൾ ഓരോരുത്തരായി തനിക്കും മറ്റുള്ളവർക്കും ദൈവം നല്കിയ എല്ലാ നല്ല അനുഗ്രഹങ്ങൾക്കും നന്ദി പറയുകയും പാഴാക്കിക്കളഞ്ഞ അവസരങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുകയും ചെയ്യുന്നു.

സ്വയം ആത്മപരിശോധന നടത്തുവാനും കഴിവുകൾ വികസിപ്പിക്കുവാൻ ലഭ്യമാകുന്ന അവസരങ്ങൾ വിനിയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സ്വയം ബോധവാന്മാരാകാനും മറ്റുള്ളവർ എങ്ങനെ വ്യക്തിത്വ വികസനം സാധിക്കുന്നുവെന്ന് മനസ്സിലാക്കുവാനും ഇതു സഹായകമാണ്.

3) ഞാൻ ഇഷ്ടപ്പെടുന്ന നേതാവ്

മൂന്നുപേരും അല്പസമയം മൗനമായിരുന്ന് താൻ ഏറ്റവും അധികം ഇഷ്ടപ്പെടുന്ന നേതാവ് ആരാണെന്നും അയാളുടെ നല്ല ഗുണങ്ങൾ എവയെന്നും ചിന്തിച്ച് വിലയിരുത്തുന്നു. അതിനുശേഷം ഓരോരുത്തനും അവ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു. അവസാനമായി ഓരോരുത്തനും താനിഷ്ടപ്പെടുന്ന നേതാവിന്റെ നല്ല ഗുണങ്ങളും കഴിവുകളും സമ്പാദിക്കുന്നതിനും മറ്റു രണ്ടു സ്നേഹിതരുടെയും ഇതേ രീതിയിലുള്ള അഭിലാഷങ്ങൾ സാധിച്ചു കൊടുക്കുന്നതിനുംവേണ്ടി പ്രാത്ഥിക്കുന്നു.

താൻ ആജ്ഞിക്കുവാനാഗ്രഹിക്കുന്ന കഴിവുകളോ ഗുണഗണങ്ങളോ ഉള്ള നേതാവിനെയാകും ഓരോ വ്യക്തിയും കൂടുതൽ ഇഷ്ടപ്പെടുക. അതിനാൽ സ്വായത്തമാക്കുവാനാഗ്രഹിക്കുന്ന കഴിവുകൾ അംഗങ്ങൾതന്നെ ചിന്തിച്ച് കണ്ടുപിടിക്കുവാനും അവയെ മനസ്സിൽ ഉറപ്പിക്കുവാനും ഇതു സഹായകമാണ്.

4) ഒരു സംഭവം

തങ്ങളുടെ ജീവിതത്തിൽ നേതൃത്വം ഏറ്റെടുക്കേണ്ടിവന്ന ഏതെങ്കിലും അവസരം ഉണ്ടായിട്ടുണ്ടെങ്കിൽ അതു മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ അംഗങ്ങളോട് ആവശ്യപ്പെടണം. കൂട്ടുകാരുടെ ഇടയിലോ സഹോദരീസഹോദരങ്ങളുടെ ഇടയിലോ, അപകടസന്ദർഭങ്ങളിലോ, മറ്റേതെങ്കിലും അവസരത്തിലോ നേതാവിനെപ്പോലെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ ആ അവസരം വിനിയോഗിക്കുന്നതിൽ പരാജപ്പെട്ടിട്ടുണ്ടെങ്കിൽ അതു വിശദമാക്കാം. എല്ലാവരുടെയും വിശദീകരണം കഴിഞ്ഞ് സന്ദർഭാനുസരണം ഓരോരോ പ്രാർത്ഥനകളും ചൊല്ലി അവസാനിപ്പിക്കുന്നു.

നേതൃത്വത്തിൽ വിജയിച്ചിട്ടുണ്ടെന്നു പറയുമ്പോൾ അയാൾക്കു തന്റെ കഴിവുകളിൽ ആത്മാഭിമാനം ഉളവാകുന്നു. അതു മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ കൂടുതൽ അംഗീകാരവും അഭിനന്ദനവും അയാൾക്കു ലഭിക്കുന്നു.

5) ചിത്രലേഖനം

മൂന്നുപേരുടെയും കൈയിൽ പെൻസിലും കടലാസും ഉണ്ടായിരിക്കണം. ഓരോരുത്തനോടും മറ്റു രണ്ടുപേരുടെയും കഴിവുകളുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ അവരെ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും വസ്തുക്കളുടെയോ ജീവികളുടെയോ ചിത്രം വരയ്ക്കുവാൻ ആവശ്യപ്പെടണം. ചിത്രത്തിന്റെ മനോഹാരിതയ്ക്കു പ്രാധാന്യം കല്പിക്കേണ്ടതില്ല. അല്ലെങ്കിൽ ഏതെങ്കിലും ഒരു ദൃശ്യം വരച്ച് അതിൽ മറ്റു രണ്ടുപേരുടെയും സ്ഥാനം നിശ്ചയിക്കുവാൻ ആവശ്യപ്പെടാം. അതിനുശേഷം മറ്റു രണ്ടുപേരെ അപ്രകാരം ചിത്രീകരിക്കുവാനുണ്ടായ കാരണങ്ങളും വിശദമാക്കണം. പ്രാർത്ഥന പങ്കുവച്ചുകൊണ്ട് ഇതു അവസാനിപ്പിക്കുന്നു.

ചിത്രീകരണത്തിനായി നല്കാവുന്ന ചില ഉദാഹരണങ്ങളും:

എറുമ്പ്	—	മിതത്വം
തേനീച്ച	—	പരിശ്രമശീലം
പൂച്ച	—	കൗശലം, തന്ത്രം
പൂവൻകോഴി	—	ജാഗ്രത, ശ്രദ്ധ
മുതല	—	കാപട്യം
നായ്	—	വിശ്വസ്തത

ദൃശ്യത്തിൽ ചിത്രീകരിച്ചുകൊണ്ടു വ്യാഖ്യാനിക്കാവുന്ന സ്ഥാനങ്ങൾക്കു് ഉദാഹരണം: വിമാനം, ടീപ്പ്, കടൽ, തിരമാലയിൽപ്പെട്ട വള്ളം, മുങ്ങുന്ന കപ്പൽ, ആംബുലൻസ് മുതലായവ.

6) സമാപനപ്രാർത്ഥന

സെമിനാറിന്റെ അന്ത്യത്തിൽ നടത്താവുന്ന പ്രാർത്ഥനയാണിതു്: ക്യാമ്പിലുണ്ടായ തന്റെ അനുഭവങ്ങൾ ഓരോരുത്തരും പങ്കുവയ്ക്കുന്നു. താൻ എന്തു പ്രതീക്ഷകളോടെ വന്നു? അവയെല്ലാം സഫലീകൃതമായോ? എന്തെല്ലാം പുതുതായി മനസ്സിലാക്കി? ഈ ക്യാമ്പുകൊണ്ടു് ജീവിതത്തിനു് എന്തെങ്കിലും മെച്ചമുണ്ടോ? ഇത്തരം കാര്യങ്ങൾ ചർച്ചാവിഷയമാക്കുന്നു. ലഭിച്ച അനുഗ്രഹങ്ങൾക്കു് നന്ദി പ്രകാശിപ്പിക്കുന്നു. പഠിച്ച നല്ല കാര്യങ്ങൾ അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനു് ദൈവത്തോടു് അനുഗ്രഹങ്ങൾക്കായി യാചിച്ചുകൊണ്ടു് ഇതു് അവസാനിപ്പിക്കാം.

7 കളികൾ

നേതൃത്വ പരിശീലന ക്യാമ്പുകളിൽ കളികൾക്ക് വളരെ പ്രസക്തിയുണ്ട്. ക്യാമ്പുകളിലെ കളികളുടെ ലക്ഷ്യങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

— ഗഹനമായ ക്ലാസ്സുകളോടൊപ്പം ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് മാനസികോല്ലാസവും സന്തോഷവും പകരുക.

— നേരത്തെ സുപരിചിതമായ ചെറിയ ഗ്രൂപ്പുകൾക്കതീതമായി ക്യാമ്പിലെ മറെറല്ലാവരുമായി കൂടുതൽ പരിചയപ്പെടുവാനും മനസ്സിലാക്കുവാനും പരസ്പരം ഇടപഴകുവാനും അവസരമേകുക.

— ക്യാമ്പംഗങ്ങളിൽ ഐക്യവും സൗഹൃദവും വളർത്തുക.

— വ്യക്തിത്വവികസനത്തിന് വേദിയൊരുക്കുക.

— സാമൂഹ്യസ്വഭാവം പരിപോഷിപ്പിക്കുക.

— പ്രവർത്തനോന്മുഖമായ ശരീരശക്തി പ്രകടിപ്പിക്കുന്നതിന് അവസരമരുളുക.

— ബൗദ്ധികവും കലാപരവുമായ കഴിവുകളെ പ്രകടിപ്പിക്കുവാനും അംഗീകാരവും പ്രോത്സാഹനവും നേടുവാനും വേദിയൊരുക്കുക.

— ലജ്ജയും സങ്കോചവും ഒഴിവാക്കുക.

— ഉത്തരവാദിത്വവും നേതൃത്വവും ഏറെറടുക്കുക.

— നിയമങ്ങളെ അനുസരിക്കുവാനും ആദരിക്കുവാനും പരിശീലനം സിദ്ധിക്കുക.

— ജയപരാജയങ്ങളോട് ആരോഗ്യകരമായ സമീപനം സ്വീകരിക്കുവാൻ സഹായിക്കുക.

— ഫലിതങ്ങളും സന്തോഷപ്രകടനങ്ങളും കളികളെല്ലാം ക്യാമ്പിന്റെ ഭാഗമാണ്.

ക്യാമ്പിന്റെ ആരംഭത്തിൽ പരസ്പരം പരിചയപ്പെടുന്നതിനും ഇടപഴകുന്നതിനും അവസരമേകുന്ന കളികൾ നടത്തുകയാണ് നല്ലത്. ക്ലാസ്സുകൾക്കിടയിലുള്ള വിശ്രമവേളകളിൽ

മാത്രമല്ല, ക്ലാസ്സിൽ പങ്കെടുക്കുന്നവരുടെ ശ്രദ്ധ കുറയുമ്പോഴും മാനസികോല്ലാസം പകരുന്ന കളികം നടത്തുവാൻ സാധിക്കും. എന്നാൽ കളികം ക്യാമ്പിന്റെ ഭാഗമായിത്തന്നെ തോന്നത്തക്കവിധം ഓരോന്നിന്റെയും അന്ത്യത്തിൽ ഉചിതമായ വിശദീകരണം നല്കുന്നതു നല്ലതാണു്.

കളികം നടത്തുമ്പോഠം താഴെപറയുന്ന കാര്യങ്ങം കൂടി ശ്രദ്ധിക്കണം.

— പല കളികംക്കും വിസിൽ ഉപയോഗിക്കണം. ചില കളികംക്കുമാത്രം കിലുക്കമണിയോ ടേപ്പ് റിക്കാർഡറോ ആവശ്യമാണു്.

— കളിയ്ക്കുമുമ്പേ അതു നടത്തേണ്ടതെങ്ങിനെയെന്നും അതിന്റെ നിബന്ധനകം എപ്രകാരമെന്നും വ്യക്തമാക്കണം.

—നിശ്ചയിക്കപ്പെട്ട പ്രസക്തമായ നിയമങ്ങം കർശനമായി പാലിക്കപ്പെടണം.

— കളിയുടെ രീതിയും നിബന്ധനകളും അംഗങ്ങംക്കു മനസ്സിലായോ എന്നറിയുവാൻ യഥാർത്ഥ കളിയ്ക്കുമുമ്പു് ഒരു റിഹേഴ്സൽ നടത്താം.

— കളിക്കാവശ്യമായ ഉപകരണങ്ങം തയ്യാറാക്കിയിട്ടു വേണം കളി ആരംഭിക്കുവാൻ.

— ആൺകുട്ടികംക്കും പെൺകുട്ടികംക്കും (യുവതീയുവാക്കംക്കും) ഒരുമിച്ചു നടത്താവുന്നതും വെവ്വേറെ നടത്തേണ്ടതുമായ കളികളുണ്ടു്.

—പങ്കെടുക്കുന്നവരുടെ പ്രായത്തിനനുസരിച്ചു കളികം വേണം തിരഞ്ഞെടുക്കുവാൻ.

— കളികം നടത്താൻ വേണ്ടത്ര സ്ഥലസൗകര്യം (ക്ലാസ്സ്മുറി, ഹാം, മൈതാനം) ഉണ്ടായിരിക്കണം.

നമ്മുടെ നാട്ടിലും വിദേശരാജ്യങ്ങളിലും പല അവസരങ്ങളിൽ നടപ്പിലാക്കുന്നവളരെയേറെ കളികം നിലവിലുണ്ടു്. അവയിൽ സമയദൈർഘ്യം കുറഞ്ഞവയും അധികം ഒരുക്കം ആവശ്യമില്ലാത്തവയും രസകരവും പ്രായോഗികവും ഫലപ്രദവുമായ ഏതാനും കളികളാണു് ഇവിടെ തിരഞ്ഞെടുത്തു് അവതരിപ്പിക്കുന്നതു്. പ്രചുരപ്രചാരം സിദ്ധിച്ച ചില കളികം ഒഴിവാക്കിയിട്ടുണ്ടു്. ചില കളികം സ്ത്രീകുട്ടികംക്കും മറ്റു ചിലതു് യുവതീയുവാക്കംക്കും ഉപകാരപ്പെടും. എന്നാൽ ഇരുകൂട്ടർക്കും നടപ്പിലാക്കാവുന്ന കളികളുമുണ്ടു്.

(i) കുട്ടികൾക്കു്: ക്ലാസ്സു് മുറിയിൽ

1 ലീഡർ സേയ്സ് (Leader says)

ക്ലാസ്സു് മുറിയിലോ വെളിയിലോ വച്ചു നടത്താവുന്ന കളിയാണിതു്. എത്ര കുട്ടികൾക്കുവേണമെങ്കിലും ഇതിൽ പങ്കെടുക്കാം. കുട്ടികളെ ക്രമമായി ഇരുത്തണം. എല്ലാവരും നേതാവിനെ അനുസരിക്കണം. 'ലീഡർ സേയ്സു് സ്റ്റാൻഡ അപു്, ലീഡർ സേയ്സു് ഹാൻസു് അപു്,' 'ലീഡർ സേയ്സു് റൈറേൺ' എന്നിങ്ങനെ 'ലീഡർ സേയ്സു്' ചേർത്തു പറയുമ്പോൾ മാത്രമേ അനുസരിക്കാവൂ. വെറുതെ 'സിറ്റു്,' 'ജമ്പു്' എന്നൊക്കെ പറഞ്ഞാൽ അനങ്ങാതിരുന്നാൽ മതി. 'ലീഡർ സേയ്സു്' ചേർത്തും ചേർക്കാതെയും നേതാവു് നിർദ്ദേശങ്ങളും നൽകുന്നു. തെറ്റിയ്യുന്നവരെ കളിയിൽനിന്നു പുറത്താക്കണം. ഒരാൾമാത്രം ശേഷിക്കുന്നതുവരെ കളി തുടരാം.

'ലീഡർ സേയ്സു്' എന്നതിനു പകരം 'ജീസസു് സേയ്സു്, 'പീറ്റർ സേയ്സു്' (കളിക്കു നേതൃത്വം കൊടുക്കുന്ന ആളിന്റെ പേരു്) തുടങ്ങിയവ ഉപയോഗിച്ചും ഈ കളി നടത്താം.

2 ഡു ദിസു്, ഡു ദാറ്റു് (Do This Do That)

'ലീഡർ സേയ്സു് ഗെയിം' പോലെയുള്ള ഒരു കളിയാണിതു്. ഒരു വ്യത്യാസം മാത്രം. നേതാവു് നിർദ്ദേശം കൊടുക്കുന്നതിനു പകരം 'ഡു ദിസു്' എന്നു മാത്രം പറഞ്ഞുകൊണ്ടു് എഴുന്നേല്പ്പുകയോ, കൈയടിക്കുകയോ, എളിയിൽ കൈകുത്തുകയോ, സ്വന്തം മൂക്കിൽ പിടിക്കുകയോ എന്നല്ല എന്തു ചെയ്താലും എല്ലാവരും അതുപോലെതന്നെ ചെയ്യണം. എന്നാൽ ഇടയ്ക്കിടെ 'ഡു ദാറ്റു്' എന്നു പറഞ്ഞുകൊണ്ടു് നേതാവെന്തു ചെയ്താലും മറ്റുള്ളവർ പഴയപടി നില്ക്കുന്നതല്ലാതെ അനങ്ങരുതു്. തെറ്റിക്കുന്നവർ കളിയിൽനിന്നു പുറത്താക്കപ്പെടുന്നു.

3 ഭാരതീയ നേതാക്കൾ

നേതൃത്വം കൊടുക്കുന്ന ആൾ പ്രശസ്തരായ പല നേതാക്കളുടെ പേരു് ഉറക്കെ പറയുന്നു. ഭാരതത്തിലെ നേതാവിന്റെ പേരു പറയുമ്പോൾ മാത്രം എല്ലാവരും ചാടി എഴുന്നേല്ക്കണം. അല്ലാത്തപ്പോൾ നേതൃത്വം കൊടുക്കുന്ന ആൾ ചാടി എഴുന്നേറ്റാലും പങ്കെടുക്കുന്നവർ ഇരിക്കുകയേ പാടുള്ളു. തെറ്റിക്കുന്നവർ കളിയിൽനിന്നു പുറത്താക്കപ്പെടുന്നു.

4 ബലൂൺ വീർപ്പിക്കൽ

കുാമ്പംഗങ്ങളിൽനിന്നു് ഏതാനും പേരെ തെരഞ്ഞെടുത്തു് അവർക്കു് ഓരോ ബലൂൺ നൽകുക. അതു് ഊതിവീർപ്പിച്ചു് ഏറവും ആദ്യം പൊട്ടിക്കുന്ന ആളാം വിജയിയാകുന്ന കാഴ്ചക്കാർക്കു വളരെ രസം പകരുന്ന കളിയാണിതു്.

5 തുവാല വീഴ്ത്തൽ

പങ്കെടുക്കുന്ന എല്ലാവർക്കും കാണത്തക്ക സ്ഥലത്തുനിന്നു കൊണ്ടു് നേതാവു് ഒരു തുവാല മുകളിലേയ്ക്കുയർത്തുന്ന ഉടൻ പങ്കെടുക്കുന്നവർ ചിരി ആരംഭിക്കണം. തുവാല പറന്നു് താഴെ വന്നു നിലത്തു തൊട്ടാലുടൻ ചിരി നിൽക്കണം. തെറ്റിക്കുന്നവരെ പുറത്താക്കാം. തുവാല പല രീതിയിൽ എറിഞ്ഞു കൊണ്ടു് കളി രസകരമാക്കാവുന്നതാണു്.

6 മനുഷ്യ ഹാർമോണിയം

കുാമ്പംഗങ്ങളിൽനിന്നു് ഉയരത്തിലും ശബ്ദത്തിലും മുഖകാന്തിയിലും മറും വൈവിധ്യള്ള എട്ടു വ്യക്തികളെ തിരഞ്ഞെടുത്തു് പൊക്കമനുസരിച്ചു് നിരയായി മറെറല്ലാവർക്കും അഭിമുഖമായി നിൽക്കണം. സപ്തസ്വരങ്ങളായ 'സ രി ഗ മ പ ധ നി സ' ഓരോന്നും ഉയരക്രമമനുസരിച്ചു് ഓരോരുത്തനും നല്കണം. നേതാവു് അവരിൽ ആരുടെ ശിരസ്സിൽ (തോളിൽ) സ്പർശിച്ചാലും അയാൾ തനിക്കല്പിക്കപ്പെട്ട ശബ്ദം നേതാവിന്റെ കൈ പിൻവലിക്കുവരെ ഉറക്കെ പുറപ്പെടുവിച്ചുകൊണ്ടിരിക്കണം. നേതാവു് ഹാർമോണിയം വായിക്കുന്നതായി ഭാവിച്ചു് അവരുടെ പിൻപിൽ നിന്നുകൊണ്ടു് അവരെ മാറിമാറി സ്പർശിക്കുന്നു. അതനുസരിച്ച ശബ്ദം അവർ പുറപ്പെടുവിക്കുന്നു.

7 താളാത്മകമായ കൈയടി

കുട്ടികൾ വളരെ ഇഷ്ടപ്പെടുന്ന കളിയാണിതു് വിവിധ താളത്തിൽ കുട്ടികൾ ഏകസ്വരത്തിൽ കൈയടിക്കുവാൻ നേതാവു് പരിശീലനം നല്കുന്നു. എല്ലാവർക്കും കാണത്തക്കവിധത്തിൽ നിന്നുകൊണ്ടു് നേതാവു് വൺ, റൂ, ത്രീ എന്നിങ്ങനെ ഉറക്കെ പറഞ്ഞു് ചെയ്യിക്കണം.

ഉദാ: 1–2–3, 1–2–3, 1–2, 1–2, 1–2–3.
1–2 3, 1–2–3, 1–2–3.
1–2, 1–2–3, 1–2, 1–2–3, 1–2–3, 1–2–3.
1–2, 1–2, 1–2–3.

കുാസ്സുകൾ വിരസമാകാതിരിക്കുവാൻ കുാസ്സുകൾക്കിടയിലും, വിജയികളെ അനുമോദിക്കുന്നതിനും, കുാസ്സെടുക്കാൻ

വരുന്ന അതിഥികളെ സ്വാഗതം ചെയ്യുന്നതിനും മറ്റും ഇതു് ഉപയോഗിക്കാം.

8 താളംപിടിക്കൽ

നേതാവു് മറ്റുള്ളവർക്കു് അഭിമുഖമായി എല്ലാവർക്കും കാണത്തക്ക സ്ഥലത്തു് ഇരിക്കുന്നു. അയാൾ വൺ, റൂ, ത്രീ എന്നു പറഞ്ഞുകൊണ്ടു് താളാത്മകമായി ഇരു കരങ്ങൾകൊണ്ടും കാൽമുട്ടുകളിൽ അടിക്കുന്നു. അതേ തുടർന്നു് മൂന്നു പ്രാവശ്യം കൈയടിക്കുന്നു. തുടർന്നു് വലതുകൈകൊണ്ടു് മൂന്നു പ്രാവശ്യം ഞൊടിക്കുന്നു. വീണ്ടും ഇടതുകരംകൊണ്ടു് മൂന്നു പ്രാവശ്യം ഞൊടിക്കുന്നു. അവസാനം ഇരു പാദങ്ങളും പൊക്കി മൂന്നു പ്രാവശ്യം നിലത്തു ചവിട്ടുന്നു. എല്ലാവരും അവ അനുകരിക്കണം. രസകരമായി ഇതു് അവതരിപ്പിക്കാൻ കഴിയും.

(ii) കുട്ടികൾക്കു്: ക്ലാസ്സിനു വെളിയിൽ

സാധാരണ ക്ലാസ് മുറിയിലെ സീറ്റിംഗ് ക്രമീകരണത്തിൽനിന്നു് വ്യത്യസ്തമായി പ്രത്യേക ക്രമീകരണമോ കൂടുതൽ സ്വതന്ത്രസ്ഥലമോ ആവശ്യമായ ചലനാത്മകമായ കളികളാണു് താഴെ ചേർക്കുന്നതു്.

1 പുഞ്ചിരി മത്സരം

കുട്ടികളെ പല ഗ്രൂപ്പുകളായി തിരിക്കുക. കഴിവതും അപരിചിതരായ കുട്ടികളും ഓരോ ഗ്രൂപ്പിലും വന്നാൽ കൂടുതൽ പരിചയപ്പെടാനും ഇടപഴകാനും സഹായകമാകും. അവർ പരിചയപ്പെട്ടശേഷം പരസ്പരം പുഞ്ചിരിക്കുന്നു. അതിൽ നന്നായി പുഞ്ചിരിക്കുന്ന ഒന്നോ രണ്ടോ പേരെ തങ്ങളുടെ ഗ്രൂപ്പിന്റെ പ്രതിനിധികളായി പുഞ്ചിരി മത്സരത്തിൽ പങ്കെടുക്കുവാൻ ഓരോ ഗ്രൂപ്പും തെരഞ്ഞെടുക്കുന്നു. അങ്ങനെ വിവിധ ഗ്രൂപ്പുകളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്നവർ ക്യാമ്പിലെ എല്ലാവരും ഒന്നിച്ചു ചേരുമ്പോൾ നടത്തുന്ന പുഞ്ചിരിമത്സരത്തിൽ പങ്കെടുക്കുന്നു. ഗ്രൂപ്പുകളിൽ ഉൾപ്പെടാത്ത മൂന്നുപേർ മാർക്കിട്ടു് സമ്മാനാർഹരെ നിശ്ചയിക്കുന്നു.

2 ബോൾ പാസിംഗ് (Ball Passing)

നമ്മുടെ നാട്ടിൽ സർവ്വ സാധാരണമായ ഒരു മത്സര ഇനമാണിതു്. എന്നാൽ ചില വ്യത്യാസങ്ങളോടെയും ഈ കളി രസകരമായി അവതരിപ്പിക്കാം.

— പന്തു കൈമാറുമ്പോൾ മണികിലുക്കുന്നതിനു പകരം ടേപ്പ് റിക്കോർഡർ ഉപയോഗിച്ചു് പശ്ചാത്തലസംഗീതം നൽകാം. പാശ്ചാത്യസംഗീതം ഇതിനു കൂടുതൽ ഭംഗിയേകും.

— പന്തിനു പകരം കുഷ്യൻ, ആഷ്ട്രേ, തടിക്കഷ്ണം, ബലൂൺ മുതലായി എന്തു വേണമെങ്കിലും ഉപയോഗിക്കാം.

— കൈമാറപ്പെടുന്ന സാധനത്തിനു പകരം അതു കൈയിലുണ്ടെന്നു വ്യാജേന പരസ്പരം കൈമാറാം.

— കൂടുതൽ അംഗങ്ങളുള്ളപ്പോൾ ഒന്നിലധികം സാധനം കൈമാറുന്നതിനു കൊടുക്കാം.

മണിയടിയോ സംഗീതമോ നിലയ്ക്കുമ്പോഴെല്ലാം ആരുടെ കൈയിൽ കൈമാറപ്പെടുന്ന വസ്തു ഇരിക്കുന്നുവോ അവർ പുറത്താക്കപ്പെടുന്നു.

3 സംഗീത രണ്ട്

ബോംബ് പാസ്സിംഗ് പോലെ കുട്ടികൾ വൃത്താകൃതിയിൽ നില്ക്കുന്നു. മണികിലുക്കമോ സംഗീതമോ കേൾക്കുമ്പോൾ അവർ ഒരു വടി കൈമാറുന്നു. എന്നാൽ വടി കൈയിൽ കിട്ടുമ്പോൾ ഓരോരുത്തനും വടികൊണ്ട് മുന്നു പ്രാവശ്യം നിലത്തു സ്പർശിച്ചിട്ടുവേണം കൈമാറുവാൻ. കളി തെറ്റിക്കുന്നവരും, പാട്ടു നിലയ്ക്കുമ്പോൾ വടി കൈയിലിരിക്കുന്നവരും പുറത്താക്കപ്പെടുന്നു. കൂടുതൽ പേർ മത്സരത്തിൽ പങ്കെടുക്കാനുള്ളപ്പോൾ രണ്ടു വടി എതിർ ദിശകളിലേയ്ക്കു കൈമാറി കളി കൂടുതൽ സജീവമാക്കാൻ കഴിയും.

4 സമ്മാന കൈമാറ്റം

'ബോംബ് പാസ്സിംഗ്' പോലുള്ള കളിയാണിതു്. പന്തിനു പകരം, നല്ലൊരു സമ്മാനം പല കടലാസ് പാളികളാൽ പൊതിഞ്ഞ ഒരു വൻ പൊതിയാണു് കൈമാറുക. സംഗീതമോ മണികിലുക്കമോ നിലയ്ക്കുമ്പോൾ പൊതി കൈയിലിരിക്കുന്ന ആൾ അതിന്റെ ഒരു പാളിമാത്രം തുറക്കുന്നു. ആ പാളിക്കകത്തു് ഒരു തുണ്ടു കടലാസ്സിൽ എന്തെങ്കിലും വിനോദപരിപാടി അവതരിപ്പിക്കുവാൻ നിർദ്ദേശമുണ്ടായിരിക്കും. എങ്കിൽ അയാൾ അതു ചെയ്യണം. ഉദാ: പാട്ടു പാടുക, ഡാൻസ് ചെയ്യുക, ഒരു പ്രാവശ്യം അംഗങ്ങളുടെ ചുറ്റും ഓടുക മുതലായവ. ചില പാളികളിൽ വിനോദപരിപാടിക്കുപകരം ചെറിയ സമ്മാനങ്ങളും വച്ചിരിക്കുന്നതാണു്. സമ്മാനം കിട്ടുന്ന ആൾക്കു് അതെടുക്കാം. സമ്മാനം ഉണ്ടെന്നല്ലാതെ അതു് എത്രാമത്തെ പാളിയിലാണെന്നു് കളിക്കാരെ അറിയിക്കരുതു്.

5 ഭാഗ്യം കൈമാറൽ

സമ്മാന കൈമാറ്റ മത്സരത്തിൽനിന്നു് വ്യത്യസ്തമായി, പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ കവിയാത്ത നറുക്കുകൾ അട

ങ്ങിയ ഒരു പാത്രം കൈമാറുന്നു. മണികിലുക്കം നിലയ്ക്കുമ്പോൾ പാത്രം കയ്യിലുള്ള ആൾ അതിൽനിന്നൊരു നറുക്കെടുക്കുന്നു. ചില നറുക്കിന് സമ്മാനവും മറ്റു ചിലവയ്ക്ക് ശിക്ഷയും (കായിക–കലാപരിപാടി അവതരിപ്പിക്കൽ) ലഭിക്കുന്നു.

6 തൊപ്പി കൈമാറ്റം

പന്ത് കൈമാറുന്നതിനു പകരം ഒരു തൊപ്പി കൈമാറുന്നു. എന്നാൽ തൊപ്പി കയ്യിൽ കിട്ടിയാലുടൻ സ്വന്തം ശിരസ്സിൽ വച്ചിട്ടുവേണം അടുത്ത ആളിനു കൈമാറുവാൻ.

7 ചുറ്റിത്തിരിയൽ

അംഗങ്ങൾ തമ്മിൽ ആദ്യം ഒന്നിച്ചുകൂടുമ്പോഴുണ്ടാകാവുന്ന മാനസികമായ അകൽച്ച മാറി പരസ്പരം അടുത്തിടപഴകുവാൻ പ്രേരിപ്പിക്കുന്ന സവ്വസാധാരണമായൊരു കളിയാണ് ഇതു്. ഏതു പ്രായക്കാരെ വേണമെങ്കിലും ഈ കളിയിൽ പങ്കെടുപ്പിക്കാം.

എല്ലാവരോടും സംസാരം കൂടാതെ ഹാളിനുള്ളിൽ ചുറ്റിക്കറങ്ങുവാൻ പറയുന്നു. അവർ നടക്കുമ്പോൾ നേതാവ് മണിയടിച്ചുകൊണ്ടിരിക്കും. മണിയടി നില്ക്കുമ്പോൾ നേതാവ് നിർദ്ദേശിക്കുന്ന എണ്ണത്തിനനുസരിച്ച് അംഗങ്ങൾ ഒന്നിച്ചുകൂടുന്നു. നിർദ്ദേശിക്കപ്പെടുന്നതു ആളുകൾ ഒരു ഗ്രൂപ്പിലായാൽ പരസ്പരം കൈകോർത്തുപിടിച്ച് അതിലേയ്ക്ക് മറ്റുള്ളവരുടെ പ്രവേശനം ഇല്ലാതാക്കാം. നേതാവ് നിർദ്ദേശിക്കുന്നതിനനുസരിച്ച് ഗ്രൂപ്പുകളിലുള്ളവർ തമ്മിൽ സംസാരിക്കുന്നു. നേതാവ് വീണ്ടും മണി കിലുക്കുവാൻ തുടങ്ങുന്നതോടെ കളി തുടരുന്നു.

ഈ കളിയിൽ നിർദ്ദേശിക്കാവുന്ന എണ്ണങ്ങൾക്കും ചോദ്യങ്ങൾക്കും ഏതാനും ഉദാഹരണങ്ങൾ:

എണ്ണം	ചോദ്യം
3	നിങ്ങൾക്ക് ഏറ്റം ഇഷ്ടപ്പെട്ട നേതാവു്?
2	നിങ്ങളുടെ രണ്ടു കഴിവുകൾ?
4	നിങ്ങൾ ഇഷ്ടപ്പെടാത്ത രണ്ടു സ്വഭാവദൂഷ്യങ്ങൾ
2	'ഞാൻ നല്ല നേതാവാകും' എന്നു പറയുക.
5	നിങ്ങൾ നേതാവിൽനിന്നു് പ്രതീക്ഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഗുണം?
2	'ഞാൻ നിങ്ങളെ സ്നേഹിക്കുന്നു' എന്നു പറയുക.
3	'ഞാൻ കഴിവുള്ളവനാണു്' എന്നു പറയുക.

4 — നിങ്ങളുടെ സ്നേഹിതനെ നിങ്ങൾ ഇഷ്ടപ്പെടാനുള്ള ഏറ്റവും പ്രധാന കാരണം?

5 — നിങ്ങൾ ഏറ്റവും വെറുക്കുന്ന നേതാവ്?

2 — നിങ്ങളുടെകൂടെ നില്ക്കുന്നയാളിൽ നിങ്ങൾ കാണുന്ന ഏറ്റവും നല്ല ഗുണം?

8 ജിം ജാക്ക് ഗെയിം (Jim–Jack Game)

പത്തുമുതൽ പതിനഞ്ചുവരെ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകളായി ക്യാമ്പിലോ സെമിനാറിലോ പങ്കെടുക്കുന്നവരെ തിരിക്കണം. പരസ്പരം പരിചയമില്ലാത്തവർ ഓരോ ഗ്രൂപ്പിലും വരുന്നതാണു നല്ലത്. ഓരോ ഗ്രൂപ്പിലും പെട്ടവർ തങ്ങളിൽനിന്നുതന്നെ ഒരാളെ നേതാവായി നിശ്ചയിക്കുന്നു. നേതാവൊഴിച്ചു ബാക്കിയുള്ളവർ വൃത്താകൃതിയിൽ നില്ക്കുകയോ ഇരിക്കുകയോ ചെയ്യുന്നു. അംഗങ്ങൾ പരസ്പരം പേരു ചോദിച്ചു മനസ്സിലാക്കണം. കളി ആരംഭിച്ചു കഴിഞ്ഞാൽ പരസ്പരം പരിചയപ്പെടാൻ പാടില്ല.

നേതാവ് വൃത്തത്തിനു മദ്ധ്യത്തിൽ നിന്നുകൊണ്ട് ഒരാളെ ചൂണ്ടി 'ജിം' എന്നു പറഞ്ഞാലുടൻ അയാൾ തന്റെ വലതു ഭാഗത്തുള്ള ആളിന്റെ പേരു പറയണം; 'ജാസ്സ്' എന്നു പറഞ്ഞാൽ ഇടതു ഭാഗത്തുള്ള ആളിന്റെയും. അങ്ങനെ നേതാവ് പലരോടും മാറിമാറി ചോദിക്കുന്നു. ആരെങ്കിലും തെറ്റിച്ചാൽ അയാൾ നിന്ന സ്ഥാനത്തു് നേതാവ് നില്ക്കുന്നു. തെറ്റിച്ച ആൾ നേതാവിന്റെ ജോലി ഏറ്റെടുത്തു് കളിതുടരുന്നു. വീണ്ടും മറ്റൊരാൾ തെറ്റിക്കുമ്പോൾ അയാൾക്കു നേതാവിന്റെ ജോലി കൈമാറാം.

9 താങ്കൾ എന്നെ സ്നേഹിക്കുന്നോ?

കളിയിൽ പങ്കെടുക്കുന്ന ഓരോരുത്തനും പ്രത്യേക ഇരിപ്പിടം ഉണ്ടെങ്കിലേ ഇതു നടത്താനൊക്കൂ ഇരിപ്പിടങ്ങൾ വൃത്താകൃതിയിൽ ഇടുന്നു. ഇരിപ്പിടങ്ങൾ കളിയിൽപങ്കെടുക്കുന്നവരുടെ എണ്ണത്തിൽ ഒന്നു കുറവായിരിക്കണം. ഒരാളൊഴിച്ചു് ബാക്കിയുള്ളവർ ഇരിപ്പിടങ്ങളിൽ ഇരിക്കുന്നു. സീറ്റു കിട്ടാത്ത ആൾ മദ്ധ്യത്തിൽനിന്നു് ആരോടെങ്കിലും 'താങ്കൾ എന്നെ സ്നേഹിക്കുന്നോ? എന്നു ചോദിക്കുന്നു. 'ഇല്ല' എന്നു് അയാൾ മറുപടി പറയുന്നു. 'പിന്നെ ആരെയാണു് താങ്കൾക്കിഷ്ടം'? അയാൾ വീണ്ടും ചോദിക്കുന്നു. ഉത്തരമായി എല്ലാവർക്കും ഇല്ലാത്തതും എന്നാൽ അവിടെ ഇരിക്കുന്ന ചിലർക്കെങ്കിലും പൊതുവായുള്ളതുമായ പ്രത്യേകതയുള്ളവരെ സ്നേഹിക്കുന്ന

തായി പറയാം. ഉദാ: 'വെള്ളഷർട്ടുള്ളവരെ', 'വള്ളിച്ചെരിപ്പുള്ളവരെ', 'കണ്ണാടി ഉപയോഗിക്കുന്നവരെ'.

'വെള്ള ഷർട്ടുള്ളവരെ' എന്നു പറഞ്ഞാൽ വെള്ളഷർട്ട് ധരിച്ചവർ ഉടനെ സ്ഥാനം മാറി ഇരിക്കണം. അതുപോലെ ഉത്തരത്തിനനുസരിച്ച് ഓരോ പ്രത്യേകതയുള്ളവരും സീറ്റു മാറണം. അവർ ഇരിപ്പിടം മാറുമ്പോഴും ചോദ്യകർത്താവിനു് ഒരു സീറ്റു കണ്ടെത്താം. പുതുതായി സീറ്റു കിട്ടാത്ത ആൾ ചോദ്യകർത്താവായി കളി തുടരുന്നു.

'താങ്കൾ എന്നെ സ്നേഹിക്കുന്നോ?' എന്ന ചോദ്യത്തിനു് 'ഉവ്വ്' എന്നു ചിലർ മറുപടി പറയും. അപ്പോൾ എല്ലാവരും തങ്ങളുടെ സീറ്റു മാറി ഇരിക്കണം. ആ അവസരത്തിലും ചോദ്യകർത്താവിനു് ഇരിപ്പിടം കണ്ടെത്താവുന്നതാണു്.

10 പേരു ചൊല്ലൽ

പത്തോ പതിനഞ്ചോ പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞു നടത്താവുന്ന കളിയാണിതു്. ഗ്രൂപ്പിലുള്ളവർ പരസ്പരം പേരു ചോദിച്ചു മനസ്സിലാക്കുന്നു. അവരിൽ ഒരാൾ 'ഒന്നു്, രണ്ടു്' (വൺ, റ്റൂ) എന്നു പറഞ്ഞിട്ടു് സ്വന്തം പേരും ഗ്രൂപ്പിലെ മറ്റൊരാളുടെ പേരും പറയുന്നു. അവസാനം പേരു പറയപ്പെട്ട ആൾ ഉടനെ ഒന്നു്, രണ്ടു് റോമി (സ്വന്തം പേരു്), റെജി (ഗ്രൂപ്പിലെ മറ്റൊരാളുടെ പേരു്) എന്നിങ്ങനെ പറഞ്ഞു് കളി തുടരുന്നു. കളി തെറ്റിക്കുന്നവരെ പുറത്താക്കുന്നു.

11 ബോംബിടീൽ

കൂടുതൽ പേർക്കു പങ്കെടുക്കാവുന്ന കളിയാണിതു്. വിശാലമായ മുറിയിലോ മൈതാനത്തോ, കുറേപേർക്കു വീതം ഒന്നിച്ചു നില്ക്കാവുന്ന പല സ്ഥലങ്ങളും അടയാളപ്പെടുത്തുന്നു. ഓരോ സ്ഥലത്തിനും ഏതെങ്കിലും രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ പട്ടണത്തിന്റെയോ പേരു നല്കാം. മണി കിലുക്കുകയോ, പാട്ടുവയ്ക്കുകയോ (റിക്കോഡു്) ചെയ്യുമ്പോൾ കളിക്കാർ വിവിധ സ്ഥലങ്ങളിലൂടെ ചുറ്റി സഞ്ചരിക്കുന്നു. മണികിലുക്കമോ സംഗീതമോ നിലയ്ക്കുമ്പോൾ എല്ലാവരും ഏതെങ്കിലും പട്ടണത്തിൽ അഥവാ 'രാജ്യത്തിൽ' ഓടി അഭയം പ്രാപിക്കുന്നു. ഏതു പട്ടണത്തിലാണു ബോംബു വീണതെന്നു് നറുക്കിട്ടു് തീരുമാനിക്കുന്നു. ആ പട്ടണത്തിൽ അഭയം പ്രാപിച്ചവരെ പുറത്താക്കി കളി ആവർത്തിക്കുന്നു.

12 അണ്ണാൻ വാലുകൾ

കൂടുതൽ പേർക്കു പങ്കെടുക്കാവുന്ന കളിയാണിതു്. എല്ലാവർക്കും ഒരേ വലിപ്പത്തിൽ നീളമുള്ള 'അണ്ണാൻ വാലുകം' (തുണിയോ കടലാസോ ആകാം) നല്കുന്നു. എല്ലാവരും വാൽ പുറകിൽ തിരുകി വിസിൽ കേട്ടാലുടനെ നിശ്ചിത സ്ഥലത്തിനടുത്തു് ഇഷ്ടംപോലെ ഓടുന്നു.

ഓടുന്നതിനിടയിൽ ഓരോരുത്തനും മറ്റുള്ളവരുടെ വാൽ അവരറിയാതെ പറിച്ചെടുക്കുന്നു. പറിച്ചെടുത്ത വാൽ തന്റെ വാലിനോടൊപ്പം പുറകിൽ തിരുകിവച്ചു് കളി തുടരണം. അങ്ങനെ തിരുകിവച്ച വാലുകളും മറുകുട്ടികൾക്കു പറിച്ചെടുക്കാം. ഓടുമ്പോൾ ആരും തന്റെ വാൽ സംരക്ഷിക്കാൻ കൈ പുറകിൽ പിടിക്കാൻ പാടില്ല. എന്നാൽ പറിക്കുന്നതിനു മുമ്പു തടയാൻ അവകാശമുണ്ടു്. ഒരാൾ പറിയ്ക്കുന്നതു മറൊരുവൻ കണ്ടാൽ അയാൾ പറയാനും പാടില്ല.

കളിനിറുത്തുന്നതിനുള്ള വിസിൽ മുഴങ്ങുമ്പോൾ എല്ലാവരും ഓട്ടം നിറ്ത്തി തങ്ങൾ കൈക്കലാക്കിയ വാലുകളിൽ ലീഡറെ എല്പിക്കുന്നു. ഏറ്റവും കൂടുതൽ അണ്ണാൻ വാലുകൾ സമ്പാദിച്ചവൻ വിജയിയായി പ്രഖ്യാപിക്കപ്പെടുന്നു.

13 ബലൂൺ ഊതൽ

കുട്ടികളെ നാലോ അഞ്ചോ പേരടങ്ങുന്ന ചെറിയ ഗ്രൂപ്പുകളായി തിരിക്കുക. ഗ്രൂപ്പുകൾക്കു്, ഊതി വീർപ്പിച്ച ഒരേ വലിപ്പത്തിലുള്ള ഓരോ ബലൂൺ നല്കണം. കളി ആരംഭിക്കുന്നതിനുള്ള വിസിലടിക്കുമ്പോൾ ഓരോ ഗ്രൂപ്പും തങ്ങളുടെ ബലൂൺ മുകളിലേയ്ക്കു തട്ടിയിട്ടു് അതു താഴെ വീഴാതെ ഊതി അന്തരീക്ഷത്തിൽ നിലനിർത്താൻ ശ്രമിക്കുന്നു. ആരുടെയും കൈയോ ശരീരഭാഗങ്ങളോ ബലൂണിൽ സ്പർശിക്കാൻ പാടില്ല. ഏറ്റം കൂടുതൽ സമയം ബലൂൺ അന്തരീക്ഷത്തിൽ നിലനിർത്തുന്ന ടീം വിജയിക്കുന്നു.

14 ഓറഞ്ചും നാരങ്ങായും

എത്ര കുട്ടികൾക്കുവേണമെങ്കിലും പങ്കെടുക്കാവുന്നതും കുട്ടികൾക്കു് പാടിക്കളിക്കാൻ രസകരവുമായ ഒരു കളിയാണിതു്. കളിക്കാരിൽ രണ്ടുപേർ മുഖാഭിമുഖം നിന്നു് രണ്ടുപേരുടെയും കരങ്ങൾ കോർത്തു് തലയ്ക്കു മുകളിൽ ഉയർത്തിപ്പിടിച്ചു് ഒരു കവാടമുണ്ടാക്കുന്നു. അവരിൽ ഒരാൾ ഓറഞ്ചും മറൊരാൾ നാരങ്ങായുമാണു്. ബാക്കിയുള്ള കളിക്കാർ മുമ്പിൽ പിറകിലായി

വൃത്താകൃതിയിൽ കവാടത്തിലൂടെ നിരന്തരം നടന്നുകൊണ്ട് താഴെക്കാണുന്ന വരികൾ നീട്ടിപ്പാടുന്നു:

ഓറഞ്ചു വേണോ നാരങ്ങ വേണോ?
ഓറഞ്ചുകാരൻ ചോദിക്കുന്നു.

ഓറഞ്ചു വേണം നാരങ്ങ വേണം
ഞങ്ങളുത്തരം പറയുന്നു.

ഓറഞ്ചു തരാം നാരങ്ങ തരാം
ഓറഞ്ചുകാരൻ പൊല്ലുന്നു.

ഓറഞ്ചു വാങ്ങി നാരങ്ങ വാങ്ങി
ഞങ്ങളെല്ലാരും തിന്നല്ലോ.

ഓറഞ്ചു തിന്നില്ലേ നാരങ്ങ തിന്നില്ലേ
ഒപ്പൈസ വേഗം തന്നിടേണം.

ഞങ്ങടെ കൈയിൽ പൈസയില്ല
കീശേലൊട്ടും കാശില്ല.

കീശേലൊട്ടും കാശില്ലെങ്കിൽ
നിങ്ങളെ ഞങ്ങൾ പിടിക്കൂട്ടം.

അവസാനത്തെ രണ്ടു വരികൾ പാടുമ്പോൾ കവാടമുണ്ടാക്കിയ രണ്ടുപേർ അവരുടെ മുമ്പിലൂടെ കടന്നുപോകുന്ന ഒരാളെ കൈ താഴ്ത്തി അവരുടെ കരവലയത്തിലാക്കുന്നു. അങ്ങനെ പിടിക്കപ്പെടുന്ന ഓരോരുത്തനോടും പിടിച്ചവർ 'ഓറഞ്ചു വേണോ? നാരങ്ങ വേണോ?' എന്നു ചോദിക്കും. ഓറഞ്ച് എന്നു പറയുന്നവർ മുമ്പ് ഓറഞ്ചാകാൻ സമ്മതിച്ച ആളിനു പിമ്പിലും നാരങ്ങാ എന്നു പറയുന്നവർ നാരങ്ങായുടെ പിറകിലും ലൈനായി നില്ക്കുന്നു.

മേൽ കൊടുത്തിരിക്കുന്ന പാട്ടിലെ ആദ്യത്തെ രണ്ടു വരികൾ ഓറഞ്ചും നാരങ്ങയും, പിന്നീട് അവരോടു ചേരുന്നവരും പാടുകയും, അടുത്ത രണ്ടു വരികൾ വട്ടത്തിൽ നടക്കുന്നവർ പാടുകയും തുടർന്ന് ഈരണ്ടു ലൈൻ വീതം അതേ ക്രമത്തിൽ മാറിമാറി പാടുകയും ചെയ്താൽ കളി കൂടുതൽ ആകർഷകമാകും.

15 മറ്റു കളികൾ

കൂട്ടികൾക്കുവേണ്ടി ക്യാമ്പിലും സെമിനാറിലും നടത്താവുന്ന മറ്റു ചില കളികളും മത്സരങ്ങളും പ്രചുരപ്രചാരം സിദ്ധിച്ചവയാകയാൽ ഇവിടെ വിവരിക്കുന്നില്ല. അവയിൽ പ്രധാനമായവ താഴെ പറയുന്നവയാണ്:

1 കസേരകളി
2 സൂചിയും നൂലും

3 സ്പൂൺ നാരങ്ങാ
4 മെഴുകുതിരി കത്തിച്ച് ഓട്ടം
5 തവളച്ചാട്ടം

(iii) കുട്ടികൾക്കും യുവജനങ്ങൾക്കും: ക്ലാസ്സ് മുറിയിൽ

താഴെ വിവരിക്കുന്ന കളികൾ കുട്ടികൾക്കും യുവാക്കൾക്കും ക്ലാസ്സ് മുറിയിൽ നടത്താവുന്നവയാണ്.

1 ദുർഘട നടത്തം

വിനോദത്തിനുവേണ്ടി നടത്തുന്ന കളിയാണിത്. ഈ കളി അറിയാൻ പാടില്ലാത്ത മൂന്നുപേരെ മറ്റൊരു മുറിയിലേയ്ക്കു മാറ്റുന്നു. ക്ലാസ്സിന്റെ മുൻഭാഗത്തു് നേരെയുള്ള നടപ്പ് ദുർഘടമാകത്തക്കവിധം പല സാധനങ്ങൾ നിരത്തുന്നു. മറിച്ചിട്ട കസേര, കുഷ്യൻ, മുട്ട, കുട, പൂസ്തകം മുതലായി എന്തു സാധനവുമാകാം. എന്നാൽ അവയിൽ സ്പർശിക്കാതെ നടന്നുപോകാൻ ആവശ്യത്തിനു് ഇടയുണ്ടാകണം. കളിക്കാർ മൂന്നു പേരിൽ ഒരാളെ ക്ലാസ്സിൽ കൊണ്ടുവന്നു് കളിയുടെ ലക്ഷ്യം വ്യക്തമാക്കുന്നു; അതായതു് ക്ലാസ്സിൽ നിരത്തിയിട്ടുള്ള പ്രതിബന്ധങ്ങളിൽ സ്പർശിക്കാതെ കണ്ണു മൂടിക്കെട്ടി ക്ലാസ്സിന്റെ ഒരു വശത്തുനിന്നു് മറ്റൊരു വശത്തു ചെല്ലണം. അവിടെ വച്ചിട്ടുള്ള സാധനങ്ങൾ ശരിക്കു കണ്ടു കഴിഞ്ഞാൽ സാവധാനം കണ്ണു് ശരിക്കു മൂടിക്കെട്ടുന്നു. ഈ അവസരത്തിൽ മറ്റു ചിലർ തെല്ലും ശബ്ദമുണ്ടാക്കാതെ, കണ്ണു് മൂടപ്പെട്ട ആൾ അറിയാത്തവിധം പ്രതിബന്ധമായ സാധനങ്ങൾ നീക്കംചെയ്യുന്നു.

വിസിൽ കേട്ടാലുടൻ കണ്ണു കെട്ടപ്പെട്ട ആൾ നടക്കാനാരംഭിക്കണം. പ്രതിബന്ധങ്ങളിൽ സ്പർശിക്കാതെ ശ്രദ്ധാപൂർവ്വമുള്ള അയാളുടെ നടത്തം വളരെ രസകരമായിരിക്കും. അയാൾക്കു് വിശ്വാസം തോന്നത്തക്കവിധം മറ്റുള്ളവർക്കു് ചില ഉപദേശങ്ങൾ നല്കാം. ഉദാ: 'റോമി, അല്പംകൂടി സൂക്ഷിക്കണം.' 'വലത്തേയ്ക്കു് അല്പംകൂടി മാറണം,' 'ഓ, ഇപ്പോൾ തൊട്ടേനെ' മുതലായവ. അയാൾ മറുവശത്തെത്തിക്കഴിയുമ്പോൾ കണ്ണിന്റെ കെട്ടഴിച്ചു് പ്രതിബന്ധം ഇല്ലായിരുന്നുവെന്നു കാണുന്നു.

വീണ്ടും പ്രതിബന്ധങ്ങൾ നിരത്തി അടുത്ത കളിക്കാരനെ വിളിച്ചു് കളി തുടരുന്നു.

2 ജീവിതാനുകരണം

എല്ലാവരെയും സ്റ്റേജിൽ കയറി സഭാകമ്പം മാറുവാനും അഭിനയ ചാതുര്യം പ്രകടിപ്പിക്കുവാനും അവസരം നല്കുന്ന കളിയാണിത്. ക്ലാസ്സിലിരിക്കുന്ന ക്രമമനുസരിച്ച് ഓരോരുത്തർ മാറിമാറി ക്ലാസ്സിനു മുൻഭാഗത്തു് എല്ലാവർക്കും അഭിമുഖമായി നിന്നു് സമൂഹത്തിൽ ചെയ്യുവരുന്ന ഏതെങ്കിലും ജോലി അനുകരിച്ചഭിനയിക്കണം. ഇതിനു് രംഗ സജ്ജീകരണമോ മേക്കപ്പോ സംഭാഷണമോ പാടില്ല. അയാളുടെ ആംഗ്യത്തിൽനിന്നു് ഏതുജോലിയാണു് ഉദ്ദേശിക്കുന്നതെന്നു് ക്ലാസ്സിലുള്ള പ്രേക്ഷകർ വിധിക്കുന്നു. പ്രേക്ഷകർക്കു വ്യക്തമായി ഗ്രഹിക്കത്തക്ക വിധം അഭിനയം കാഴ്ചവയ്ക്കാൻ അയാൾക്കു സാധിച്ചില്ലെങ്കിൽ സമൂഹം അയാൾക്കു 'ശിക്ഷ' നല്കും. അതു് മറെറന്തെങ്കിലും രോഗം അഭിനയിക്കാനോ, കലാപരിപാടി അവതരിപ്പിക്കാനോ ആകാം.

ജീവിതാനുകരണത്തിനു് ഏതാനും ഉദാഹരണങ്ങൾ: ആശാരിപ്പണി, തുന്നൽപണി, വസ്ത്രംകഴുകൽ, മുറി വൃത്തിയാക്കൽ, പൂജ നടത്തൽ, കൃഷിപ്പണി, കശിനിപ്പണി, ചെണ്ടകൊട്ടുക, വെള്ളംകോരുക, വയലിൻ വായന മുതലായവ.

3 പിങ്ങ്, പാങ്ങ്, പോങ്ങ് (Ping–Pang–Pong)

നാലു കസേരകൾ ഒരേനിരയിൽ അടുപ്പിച്ചിട്ടോ, ഓരോ ബഞ്ചിൽ നാലു പേർ മാത്രമിരുന്നോ 4 പേരുള്ള വിവിധ ഗ്രൂപ്പുകളായി അംഗങ്ങളെ തിരിക്കുന്നു. അവസാനം മിച്ചം ഒന്നോ, രണ്ടോ, മൂന്നോ പേർ വന്നാൽ അവർ കളിയിൽ പങ്കെടുക്കാതെ നിരീക്ഷകരായാൽ മതി. നാലുപേരടങ്ങുന്ന ഓരോ ഗ്രൂപ്പിനും ഓരോ നമ്പർ നല്കുന്നു.

കളി ആരംഭിക്കുമ്പോൾ ഒരു ഗ്രൂപ്പിലെ ഒന്നാമൻ 'പിങ്ങ്' എന്നും രണ്ടാമൻ 'പാങ്ങ്' എന്നും മൂന്നാമൻ 'പോങ്ങ്' എന്നും നാലാമൻ കളിയിൽ പങ്കെടുക്കുന്ന ഏതെങ്കിലും ഗ്രൂപ്പിന്റെ നമ്പരും പറയുന്നു. ഉടൻ നമ്പർ പറയപ്പെട്ട ഗ്രൂപ്പുകാർ 'പിങ്ങ്, പാങ്ങ്, പോങ്ങ്' അടുത്ത ഗ്രൂപ്പിന്റെ നമ്പർ എന്നിവ പറയുന്നു. അങ്ങനെ നിർത്താതെ കളി തുടരുന്നു. പറയുന്നതിൽ ആർക്കെങ്കിലും തെറ്റുപറ്റിയാൽ ആ ഗ്രൂപ്പുഴുവൻ കളിയിൽനിന്നു നീക്കപ്പെടും. നേതാവ് കളിയിൽ പങ്കെടുക്കുന്ന ഗ്രൂപ്പുകളുടെ നമ്പർ ബോർഡിൽ എഴുതുകയും കളിയിൽ നിന്നു നീക്കം ചെയ്യപ്പെടുന്നവരുടെ നമ്പർ അപ്പപ്പോൾ മായ്ക്കുകയും ചെയ്താൽ ടീമുകൾക്കു് കൂടുതൽ സൗകര്യപ്രദമാകും.

ടീമുകംക്കു് നമ്പരിനു പകരം സ്ഥലങ്ങളുടെയോ, സാധനങ്ങളുടെയോ, മരങ്ങളുടെയോ, മൃഗങ്ങളുടെയോ, മനുഷ്യരുടെയോ പേരുകം നലു്കാം.

4 മാജിക്കു് (Magic)

ശബ്ദമുഖരിതവും രസകരവും ലളിതവുമായ കളിയാണിതു്. നേതാവു് ഒരു മാജിക്കു് ദണ്ഡു് കൈയിൽപിടിച്ചു് ചലിപ്പിക്കുമ്പോം അയാം വിളിച്ചു പറയുന്നതിനനുസരിച്ചു് കളിയിൽ പങ്കെടുക്കുന്നവർ മാറുന്നതായി അഭിനയിച്ചു് അതനുസരിച്ചു് ശബ്ദം പുറപ്പെടുവിക്കുന്നു. നേതാവിനു് വിളിച്ചുപറയുന്നതിനു് ചില ഉദാഹരണങ്ങെം: പട്ടി, പൂച്ച, കോഴി, വിമാനം, ബസ്സു്, ടെയിൻ, ആടു്, തവള, സൈറൺ മുതലായവ.

5 ഫാൻസി ഡ്രസ്സു് (Fancy Dress)

സെമിനാറിൽ പങ്കെടുക്കുന്ന എല്ലാവരെയും അല്ലെങ്കിൽ കഴിയുന്നത്ര ആളുകളെയും പങ്കെടുപ്പിച്ചു് ഒരു ഫാൻസിഡ്രസ്സു് മത്സരം നടത്തണം. ഒറ്റയായോ ഗ്രൂപ്പായോ മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ ഒരുക്കവും പ്രത്യേക വേഷവിധാനങ്ങളും കൂടാതെ, ഉള്ള സൗകര്യത്തിൽ അവതരിപ്പിച്ചാൽ മതിയാകും. വിജയികംക്കു് സമ്മാനം നലു്കണം.

6 ചൂടും തണുപ്പും

കു്ളാസ്സിൽ നിന്നു് ഒരാം മറ്റാരു മുറിയിലേയ്ക്കു പോകുന്നു. മറ്റുള്ളവർ ഏതെങ്കിലും ഒരു സാധനം തെരഞ്ഞെടുത്തു് കു്ളാസ്സു് മുറിയിൽത്തന്നെ എവിടെയെങ്കിലും ഒളിച്ചു വയ്ക്കുന്നു. ആരുടെയെങ്കിലും കൈയിൽ മറച്ചുവയ്ക്കുകയുമാകാം. അങ്ങനെ ഒളിച്ചുവച്ചാലുടൻ പുറത്തുപോയ ആളിനെ തിരികെ വിളിച്ചു് തങ്ങം തിരഞ്ഞെടുത്ത സാധനം കണ്ടെടുക്കാൻ ആവശ്യപ്പെടുന്നു. അയാളെ തെരച്ചിലിൽ സഹായിക്കുവാൻ അയാം സാധനത്തിൽ നിന്നകന്നു നിലു്ക്കുമ്പോം 'തണുപ്പു്' എന്നും അയാം സാധനത്തോടടുക്കുമ്പോം 'ചൂടു്' എന്നും എല്ലാവരും പറയുന്നു. സാധനത്തോടു കൂടുതൽ അടുക്കുന്നതിനാനുപാതികമായി 'മയങ്കര ചൂടു്' എന്നോ 'ചൂടു്, ചൂടു്' എന്നു് സ്പീഡുകൂട്ടി പറഞ്ഞോ സഹായിക്കാം. അതുപോലെതന്നെ സാധനത്തിൽനിന്നകലുന്നതനുസരിച്ചു് 'മയങ്കര തണുപ്പു്' എന്നോ 'തണുപ്പു്, തണുപ്പു്' എന്നു സ്പീഡുകൂട്ടിയോ പറയാം. സാധനം കണ്ടെടുക്കപ്പെട്ടാൽ മറെറാരാം പുറത്തുപോയി കളി തുടരുന്നു.

7 കാട്ടിലെ പുലരി

ക്ലാസ്സിൽ പങ്കെടുക്കുന്നവർ ക്ഷീണിതരാകുമ്പോഴും നവോന്മേഷം പകരാൻ നടത്താവുന്ന ഒരു വിനോദമാണിത്. ക്ലാസ്സിലുള്ളവരെല്ലാം വനത്തിലെ ഓരോ ജീവിയായി വിഭാവന ചെയ്യുന്നു. വനത്തിലെ പ്രഭാതം പൊട്ടിവിടരുന്നുവെന്നും നേതാവു് വിളിച്ചറിയിക്കുന്നതോടെ ഓരോരുത്തനും താൻ മനസ്സിൽ കരുതിയിട്ടുള്ള മൃഗം അഥവാ ജീവി ഉറക്കമുണരുന്നതായി സങ്കല്പിച്ചു് അതിന്റെ ശബ്ദം ആദ്യം ലഘുവായും ക്രമേണ കൂടുതൽ കൂടുതൽ ഉച്ചത്തിലും പുറപ്പെടുവിക്കുന്നു.

(iv) കുട്ടികൾക്കും യുവജനങ്ങൾക്കും: ക്ലാസ്സിനു വെളിയിൽ

1 ദൂതൻ

പത്തോ പതിനഞ്ചോ പേരടങ്ങുന്ന ചെറിയ ഗ്രൂപ്പുകളായി തിരിച്ചു് നടത്തേണ്ട കളിയാണിതു്. എല്ലാവരേയും വൃത്തത്തിൽ ഇരുത്തിയശേഷം പ്രസിദ്ധരായ ഓരോ നേതാവിന്റെ പേരു് എല്ലാവർക്കും നല്കുന്നു. അതിൽനിന്നു് ഒരാളെ 'ദൂതനാ'യി തെരഞ്ഞെടുത്തു് അയാളുടെ കണ്ണു് മൂടിക്കെട്ടി വൃത്തത്തിനു നടുവിൽ നിർത്തുന്നു. അതിനുശേഷം രണ്ടു നേതാക്കൾ തമ്മിൽ സന്ദേശം കൈമാറുന്നതായി പരിശീലകനോ മറേതെങ്കിലും വ്യക്തിയോ പറയണം. ഉദാ: 'രാജീവു് ഗാന്ധിയിൽനിന്നു് എ. കെ. ആന്റണിക്കു് ഒരു സന്ദേശമുണ്ടു്.' ഇതു കേട്ടാലുടനെ ആ പേരുകളും ലഭിച്ച വ്യക്തികളും വൃത്തത്തിനുള്ളിൽത്തന്നെ നടന്നു് പരസ്പരം സ്ഥലംമാറിയിരിക്കണം. ഈ അവസരത്തിൽ കണ്ണു മൂടപ്പെട്ട ദൂതൻ അവരെ ആരെയെങ്കിലും സ്പർശിക്കണം. അതിൽ വിജയിച്ചാൽ അയാൾക്കു തന്റെ കണ്ണിന്റെ കെട്ടഴിച്ചു് വൃത്തത്തിലിരിക്കാം. സ്ഥാനം നഷ്ടപ്പെട്ട വ്യക്തി അതോടെ ദൂതനാകുന്നു.

ഇടയ്ക്കു് വ്യതിയാനം വരുത്താൻ നേതാവിനു പറയാം; 'റെയ്ഗണിൽനിന്നു് എല്ലാ നേതാക്കൾക്കും സന്ദേശമുണ്ടു്.' അപ്പോൾ എല്ലാവരും സ്വന്തം സ്ഥാനം മാറി മറേതെങ്കിലും സ്ഥാനത്തിരിക്കണം.

2 അയല്പക്കാർ

കഴിഞ്ഞ കളിയിലേതുപോലെ അംഗങ്ങളെ ചെറിയ ഗ്രൂപ്പുകളായി തിരിച്ചു് വട്ടത്തിൽ അടുപ്പിച്ചു് ഇരുത്തണം. എല്ലാവർക്കും ഓരോ നേതാവിന്റെ പേരു നല്കണം. ഒരാൾമാത്രം നടുവിൽനിന്നു് വൃത്തത്തിലിരിക്കുന്ന ആരെയെങ്കിലും

ചൂണ്ടി, 'താങ്കൾ അയൽനേതാക്കളെ ഇഷ്ടപ്പെടുന്നോ?' എന്നു ചോദിക്കണം. ഉത്തരം: തീർച്ചയായും, പക്ഷേ ഞാൻ മറ്റു ചിലരെ ഇഷ്ടപ്പെടുന്നു.' 'ആരെയാണു് താങ്കളുടെ അയല്പക്കാരാകുവാൻ ഇഷ്ടപ്പെടുന്നതു്?' എന്നു നടുവിൽ നില്ക്കുന്നയാൾ ചോദിക്കുന്നു. ഉത്തരമായി തന്റെ സമീപത്തിരിക്കുന്ന രണ്ടുപേരെ ഒഴിച്ചു് ബാക്കി ഏതെങ്കിലും രണ്ടു 'നേതാക്കളുടെ' പേരുകൾ പറയുന്നു അപ്പോൾ അയാളുടെ ഇരുവശങ്ങളിലിരിക്കുന്നവരും അയാൾ പേരെടുത്തു പറഞ്ഞ രണ്ടു നേതാക്കളും സ്ഥാനംമാറി ഇരിക്കുന്നു. ഈയവസരത്തിൽ വൃത്തത്തിനു നടുവിൽ നില്ക്കുന്നയാൾ ഒരു സ്ഥാനം പിടിച്ചെടുക്കുവാൻ ശ്രമിക്കുന്നു. സീറ്റു കിട്ടാത്തയാൾ പഴയതുപോലെ മറ്റൊരാളോടു് ചോദ്യങ്ങൾ ആവർത്തിച്ചു് കളി തുടരുന്നു. ആരെങ്കിലും, 'ഞാൻ അയൽനേതാക്കളെ സ്നേഹിക്കുന്നു' എന്നു പറഞ്ഞാൽ വൃത്തത്തിലുള്ള എല്ലാവരും തങ്ങളുടെ സ്ഥാനങ്ങൾ മാറിയിരിക്കണം.

3 തിരിച്ചറിയൽ

പരസ്പരം സുപരിചിതരായവരുടെ ഇടയിൽമാത്രം നടത്താവുന്ന കളിയാണു് ഇതു്. എല്ലാ കളിക്കാരെയും വൃത്തത്തിലാക്കി നിർത്തുക. ഒരാളെ കണ്ണുമൂടിക്കെട്ടി വൃത്തത്തിനു നടുവിൽ നിർത്തണം. രഹസ്യമായി എല്ലാവർക്കും ഓരോ മൃഗത്തിന്റെ പേരു് എഴുതിക്കൊടുക്കണം. വൃത്തത്തിൽ നില്ക്കുന്നവർ വട്ടത്തിൽ കറങ്ങിക്കൊണ്ടിരിക്കണം. നടുക്കു നില്ക്കുന്നയാൾ 'നിൽക്കുക' എന്നു പറയുമ്പോൾ എല്ലാവരും നിശ്ചലരാകുന്നു. അപ്പോൾ നടുക്കുനില്ക്കുന്നയാൾ ഏതെങ്കിലും ദിശയിലേയ്ക്കു് വിരൽ ചൂണ്ടുന്നു. അതിനു നേരെ നില്ക്കുന്നയാൾ ഉടനെ തനിക്കു് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മൃഗത്തിന്റെ ശബ്ദം പുറപ്പെടുവിക്കുന്നു. നടുക്കു നില്ക്കുന്നയാൾ മൃഗത്തിന്റെ ശബ്ദം പുറപ്പെടുത്തുന്നയാളെ തിരിച്ചറിയണം. ഇതിൽ അയാൾ വിജയിക്കുന്നപക്ഷം ശബ്ദം പുറപ്പെടുവിച്ചയാൾ മദ്ധ്യത്തിൽ വരികയും അയാളുടെ സ്ഥാനം നേരത്തെ മദ്ധ്യത്തിൽ നിന്നയാൾ കരസ്ഥമാക്കുകയും ചെയ്തു് കളി തുടരുന്നു. മദ്ധ്യത്തിൽ നില്ക്കുന്നയാളിന്റെ പ്രവചനത്തിൽ തെറ്റുപറ്റിയാൽ കൂട്ടികൾ വീണ്ടും ചുറ്റിക്കറങ്ങുകയും അയാൾ പഴയതുപോലെ കാര്യങ്ങൾ ആവർത്തിക്കുകയും ചെയ്യുന്നു.

കൊച്ചു കുട്ടികളാണു് കളിയിൽ പങ്കെടുക്കുന്നതെങ്കിൽ മൃഗത്തിന്റെ ശബ്ദത്തിനു പകരം ഏതെങ്കിലും വാക്കുകളോ വാചകമോ ഉച്ചരിക്കുവാൻ പറഞ്ഞു് കളി എളുപ്പമുള്ളതാക്കാം.

4 കൂട്ടം കൂടൽ

എത്രപേർക്കു വേണമെങ്കിലും ഈ കളിയിൽ പങ്കെടുക്കാം. എല്ലാവരും വൃത്താകൃതിയിൽ നില്ക്കുന്നു. നേതാവു് വിസി

ലടിക്കുമ്പോഴും എല്ലാവരും കരങ്ങളും ഇരുവശങ്ങളിലുമാകത്ത ക്കവിധം എളിയിൽ കുത്തിക്കൊണ്ടു് മദ്ധ്യഭാഗത്തേയ്ക്കു് തള്ളിക്കൂടിക്കൊണ്ടിരിക്കണം. നേതാവു് അടുത്ത വിസിൽ കൊടുക്കുകയും തുടർന്നു് പത്തിൽ താഴെ ഏതെങ്കിലും ഒരു നമ്പർ പറയുകയും ചെയ്യുന്നു. ലീഡർ പറയുന്ന നമ്പറനുസരിച്ചു് അംഗങ്ങൾ ഗ്രൂപ്പുതിരിഞ്ഞു് കൈകോർത്തുപിടിച്ചു നില്ക്കുന്നു. നിർദ്ദേശിക്കപ്പെട്ട എണ്ണത്തിൽനിന്നു് വ്യത്യസ്തമായി നില്ക്കുന്നവരെ കളിയിൽനിന്നു മാറ്റുന്നു. ബാക്കിയുള്ളവർ വീണ്ടും വൃത്തത്തിൽ നിന്നു് കളി തുടരുന്നു. നേതാവു് നമ്പരുകൾ വ്യത്യാസപ്പെടുത്തി പറഞ്ഞുകൊണ്ടിരിക്കണം. അവസാനംവരെ നിലനില്ക്കുന്നവർക്കു് സമ്മാനം.

5 നോഹയുടെ പേടകം

ജലപ്രളയമുണ്ടായപ്പോൾ നോഹ പേടകം നിർമ്മിച്ചു് അതിൽ എല്ലാ ഇനത്തിലുംപെട്ട മൃഗങ്ങളുടെ ഓരോ ജോടിയെ പ്രവേശിപ്പിച്ചതായി ബൈബിളിലെ ഉൽപ്പത്തിപ്പുസ്തകത്തിൽ പറയുന്നുണ്ടല്ലോ. അക്കാര്യം അനുസ്മരിപ്പിക്കുന്ന ഒരു കളിയാണിതു്.

ഓരോ ഇനത്തിൽപ്പെട്ട മൃഗത്തിന്റെ പേരെഴുതിയ ഈരണ്ടു കാർഡുകളും വീതം തയ്യാറാക്കിയിരിക്കണം. കളിയിൽ പങ്കെടുക്കുന്നവർക്കു് ഓരോ കാർഡു നല്കുന്നു. നോഹയുടെ പേടകത്തിലെ മൃഗങ്ങളാണെന്ന സങ്കല്പത്തിൽ ഓരോരുത്തനും തന്റെ ഇണയെ കണ്ടുപിടിക്കണം. അതിനു് ആ മൃഗത്തിന്റെ ശബ്ദം മാത്രമേ പുറപ്പെടുവിക്കുവാൻ പാടുള്ളൂ.

ചില വ്യത്യാസങ്ങളോടെയും ഈ കളി നടത്താം. മൃഗത്തിന്റെ പേരെഴുതിയ കാർഡിനു പകരം മൃഗത്തിന്റെ ചെറിയ പടം കൊടുക്കാം. മൃഗത്തിന്റെ ശബ്ദം പുറപ്പെടുവിച്ചു് ഇണയെ കണ്ടെത്തുന്നതിനു പകരം പരസ്പരം സംസാരിച്ചു് കണ്ടുപിടിക്കാനും അനുവദിക്കാം.

6 കടലാസ് ഉപയോഗിച്ചു് ഓട്ടമത്സരം

ഈ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ കൈയിൽ കട്ടികടലാസിന്റെ തുല്യവലിപ്പമുള്ള ഈരണ്ടു കഷണങ്ങളുണ്ടായിരിക്കണം. മത്സരം ആരംഭിക്കുന്നതിനു മുമ്പായി പങ്കെടുക്കുന്നവർ ഓട്ടം തുടങ്ങുന്ന സ്ഥലത്തു് ഒരു കടലാസ്സിൽ ചവിട്ടിനില്ക്കുകയും മറ്റൊന്നു കൈയിൽ പിടിച്ചുനില്ക്കുകയും ചെയ്യുന്നു. മത്സരം ആരംഭിക്കുമ്പോൾ കൈയിലിരിക്കുന്ന കടലാസ് മുമ്പിൽവച്ചു് അതിൽ ചവിട്ടി നിന്നുകൊണ്ടു് പിമ്പിൽ ചവിട്ടിനിന്നിരുന്ന കടലാസ്സെടുത്തു് മുമ്പോട്ടവയ്ക്കുന്നു. ഈ രീതി

തുടർന്നുകൊണ്ട് കാല് കടലാസ്സിനു വെളിയിൽ തൊടാതെ മത്സരം അവസാനിപ്പിക്കുന്ന സ്ഥലംവരെ പോകണം.

7 തൊപ്പിതെറിപ്പിക്കൽ

പെവിക്കു താഴെവരെ ഇറക്കം വരത്തക്കവിധം നീളമുള്ള കടലാസ്സുകൂടകം എല്ലാവരും തലയിൽ ധരിക്കണം. എല്ലാവർക്കും ഓരോ പത്രച്ചുരുളകം കൊടുക്കണം. അവനവന്റെ തൊപ്പി നഷ്ടപ്പെടുത്താതെ മറ്റുള്ളവരുടെ തൊപ്പികം പത്രച്ചുരുംകൊണ്ട് തട്ടിത്തെറിപ്പിക്കണം. കളിസമയത്തു് സ്വന്തം തൊപ്പിയിൽ ആരും കൈകൊണ്ട് പിടിക്കുവാൻ പാടില്ല.

8 പാമ്പുകളി

10 മുതൽ 30 വരെ അംഗങ്ങളുള്ള ഗ്രൂപ്പുകളിൽ നടത്താവുന്ന കളിയാണിതു്. കളിക്കാർ മുമ്പിൽ പിറകിലായി ലൈൻ നിന്നു് ഓരോരുത്തനും തന്റെ മുമ്പിലുള്ള ആളിന്റെ അരക്കെട്ടിൽ ഇരുകൈകൊണ്ടും പിടിക്കുന്നു. ഏറ്റം മുമ്പിലുള്ള ആൾ പാമ്പിൻ തലയും പിറകിലുള്ള ആൾ പാമ്പിൻ വാലുമാകുന്നു. ലൈൻ വിടാതെ തല വാലിനെ സ്പർശിക്കാൻ ശ്രമിക്കുന്നു. അതിൽ വിജയിച്ചാൽ തല വാലാകുന്നു. ലൈനിലെ അടുത്ത ആൾ തലയായി കളി തുടരുന്നു.

ചില വ്യത്യാസങ്ങളോടെയും ഈ കളി അവതരിപ്പിക്കാം.

ഇരു കൈകൊണ്ടും കളിക്കാർ മുമ്പിലുള്ള ആളിന്റെ അരഭാഗവും പിടിക്കുന്നതിനു പകരം ഇരു തോളിലും പിടിച്ചും ഈ കളി നടത്താം.

പത്തോ പതിനഞ്ചോ പേരുള്ള പല ഗ്രൂപ്പുകളായി തിരിഞ്ഞു് പല പാമ്പുകളുണ്ടാക്കാം. അപ്പോഴും ഒരു പാമ്പിന്റെ തല മറെറാരു പാമ്പിന്റെ വാലിനെ സ്പർശിക്കാം. അതിൽ വിജയിച്ചാൽ സ്പർശിക്കപ്പെട്ട പാമ്പിന്റെ വാലിനെ, സ്പർശിക്കപ്പെട്ട പാമ്പിന്റെ ഭാഗമാക്കാം. ലൈനിലെ അവസാനത്തെ ആൾ വീണ്ടും വാലായി കളി തുടരണം. കളി അവസാനിക്കുമ്പോൾ കൂടുതൽ വാലിനെ സമ്പാദിച്ച ഗ്രൂപ്പ് വിജയിയാകുന്നു.

9 പാലത്തിനടിയിൽ

കളിക്കാർ എല്ലാവരും പരസ്പരം കൈകോർത്തു് ഉയർത്തിപ്പിടിച്ചു് വൃത്തത്തിൽ നില്ക്കുന്നു. ഒരാൾ തന്റെ ഒരു കൈമാത്രം സ്വതന്ത്രമാക്കി മറ്റുള്ളവരെ ഉയർത്തിപ്പിടിച്ച കൊണ്ടും

ക്കടിയിലൂടെ നയിക്കുന്നു. കളി പുരോഗമിക്കാനാവാത്തവിധം എല്ലാവരും കെട്ടുപിണയുന്നതോടെ കളി അവസാനിക്കുന്നു.

10 ബലൂൺ കൈമാറ്റം

കളിക്കാരെ തുല്യ അംഗങ്ങളുള്ള രണ്ടോ മൂന്നോ ഗ്രൂപ്പുകളായി തിരിക്കണം. ഓരോ ഗ്രൂപ്പും വൃത്തത്തിൽ നിൽക്കണം, ഓരോ ഗ്രൂപ്പിനും പരസ്പരം കൈമാറുന്നതിനു് ഓരോ ബലൂൺ ഗ്രൂപ്പ് ലീഡർമാരെ ഏല്പിക്കുന്നു. വിസിലടിക്കുമ്പോഴും ഒരേ സമയം എല്ലാ ഗ്രൂപ്പുകാരും അഞ്ചുപ്രാവശ്യം ബലൂൺ പരസ്പരം വട്ടത്തിൽ കൈമാറുന്നു. ആദ്യം കൈമാറി തീരുന്ന ഗ്രൂപ്പ് വിജയിക്കുന്നു.

കളി അല്പം കൂടി ബുദ്ധിമുട്ടുള്ളതാക്കാൻ ബലൂൺ മുൻവശത്തുകൂടി കൈമാറുന്നതിനു പകരം പിറകുവശത്തുകൂടി കൈമാറാൻ ആവശ്യപ്പെടാം.

11 ബലൂൺ കളി

കളിയിൽ പങ്കെടുക്കുന്നവരെ തുല്യ അംഗങ്ങളുള്ള രണ്ടു ടീമായി തിരിക്കുന്നു കളിസ്ഥലത്തിനു മദ്ധ്യഭാഗത്തായി ഒരു രേഖവരച്ചു് അതിനു് ഇരുവശങ്ങളിലുമായി ടീമുകളെ അണിനിരക്കുന്നു. ഒരറ്റു ബലൂൺ കളിക്കാരുടെ മദ്ധ്യഭാഗത്തേയ്ക്കു് ഉയർത്തി തട്ടുന്നതോടെ കളി ആരംഭിക്കുന്നു. ബലൂൺ തങ്ങളുടെ സ്ഥലത്തു വീഴാതെ എതിർ കക്ഷിയുടെ വശത്തേയ്ക്കു തട്ടുന്നു. കൈനിവർത്തി പിടിച്ചല്ലാതെ ചുരുട്ടിപ്പിടിച്ചു തട്ടാൻ പാടില്ല. ശരീരത്തിന്റെ മറേറതു ഭാഗത്തുതട്ടിയാലും കുഴപ്പമില്ല. മദ്ധ്യഭാഗത്തെ വരയ്ക്കപ്പുറത്തു് ഒരു ടീമും കടക്കാൻ പാടില്ല. എതിർ ടീമിന്റെ ഭാഗത്തു ബലൂൺ വീഴുമ്പോഴും ഒരു പോയിന്റു കിട്ടുന്നു. വീണ്ടും അവരു ബലൂൺ മദ്ധ്യഭാഗത്തേയ്ക്കു് ഉയർത്തി തട്ടി കളി തുടരുന്നു, കൂടുതൽ പോയിന്റു നേടുന്ന ടീം വിജയിക്കുന്നു.

ഈ കളിതന്നെ നിന്നുകൊണ്ടു തട്ടുന്നതിനുപകരം എല്ലാവരും ഇരുന്നുകൊണ്ടു് നടത്താം. അപ്പോഴാകുമ്പോൾ ഇടയ്ക്കു് എഴുനേറ്റു നിന്നു ബലൂൺ തട്ടാൻ പാടില്ല.

12 നിധി കണ്ടെത്തൽ

മുൻകൂട്ടി ഒരുക്കങ്ങൾ ചെയ്യേണ്ട കളിയാണിതു്. നിധി ഒരു രഹസ്യ സങ്കേതത്തിൽ നേരത്തെ ഒളിച്ചു വച്ചിരിക്കണം. രണ്ടുപേർ വീതമുള്ള മൂന്നോ നാലോ ടീം മത്സരത്തിൽ പങ്കെടുക്കുന്നു. ബാക്കിയുള്ളവർ കാഴ്ചക്കാരാണു്. ഓരോ ടീമിനും നിധി കണ്ടെത്താനുള്ള മാർഗ നിർദ്ദേശം നല്കുന്ന ഓരോ

കാർഡ് കളി ആരംഭിക്കുമ്പോൾ കൊടുക്കുന്നു. അതിൽ പറയുന്ന നിർദ്ദേശമനുസരിച്ച് നിധികണ്ടെത്താൻ മാർഗ്ഗനിർദ്ദേശം നല്കുന്ന രണ്ടാമത്തെ കാർഡ് കണ്ടെത്താം. രണ്ടാമത്തെ കാർഡിലെ സൂചനയിൽനിന്നു മൂന്നാമത്തെയും അതിൽനിന്നു നാലാമത്തെയും കാർഡ് ഓരോ സ്ഥലത്തുനിന്നു കണ്ടെടുക്കുന്നു. ഓരോ ടീമിനും വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നായിരിക്കണം നിർദ്ദേശം നല്കുന്ന കാർഡുകൾ ലഭിക്കേണ്ടത്. എല്ലാ ടീമിനും ലഭിക്കുന്ന നാലാമത്തെ കാർഡിൽ മാത്രം നിധിയിരിക്കുന്ന യഥാർത്ഥ സ്ഥലം വ്യക്തമാക്കും. അതനുസരിച്ച് നിധി കണ്ടെത്തി സംഘാടകരെ ഏല്പിക്കണം. ആദ്യം നിധി കണ്ടെടുക്കുന്ന ടീമിനു സമ്മാനം.

കാർഡിൽ എഴുതുന്നതിനു് ഒരു ഉദാഹരണം: ''ഇതു് ആദ്യത്തെ കാർഡാണു്. ക്യാമ്പ് സൈറ്റിലെ കിണറിനടുത്തുള്ള തെങ്ങിൻചുവട്ടിൽ ഒരു വെട്ടുകല്ലിനു കീഴിലായി രണ്ടാമത്തെ കാർഡ് ലഭിക്കും.'' അതിൽ നിന്നു മൂന്നാമത്തെ കാർഡിനെസംബന്ധിച്ചു മനസ്സിലാക്കാം.

13 ഗ്രൂപ്പടിസ്ഥാനത്തിൽ വിനോദമത്സരം

സെമിനാറുകളുടെ അന്ത്യത്തിലോ ക്യാമ്പുകളിൽ അത്താഴത്തിനു ശേഷമോ നടത്താവുന്ന വിനോദ പരിപാടിയാണിതു്.

ക്യാമ്പിൽ പങ്കെടുക്കുന്നവരെ തുല്യ അംഗബലമുള്ള പല ഗ്രൂപ്പുകളായി തിരിക്കണം. ഓരോ ഗ്രൂപ്പും ഒന്നുചേർന്നു് സംഘാടകർ നല്കുന്ന പൊതുനിർദ്ദേശത്തിനനുസരിച്ചു് പത്തോ പതിനഞ്ചോ മിനിറ്റു നീണ്ടുനില്ക്കുന്ന വിവിധ കലാപരിപാടികളും തമാശകളും അവതരിപ്പിക്കണം. അതിനു താഴെ പറയുന്ന നിബന്ധനകൾ നല്കാം:

—മത്സരത്തിനു് ഒരുങ്ങുന്നതിനു് 20 മിനിറ്റു സമയം ലഭിക്കും.

—എല്ലാ അംഗങ്ങളെയും ഏതെങ്കിലും പരിപാടിയിലൂടെ രംഗത്തു കൊണ്ടുവരണം.

—ഒരു ബൈബിൾ പരിപാടിയെങ്കിലും ഉണ്ടായിരിക്കണം (ക്രൈസ്തവരെങ്കിൽ).

—ഏറ്റം നന്നായി അവതരിപ്പിക്കുന്ന ഗ്രൂപ്പിനും നല്ല പരിപാടിയ്ക്കും സമ്മാനം ഉണ്ടായിരിക്കും (ജഡ്ജസിനെ മുൻകൂട്ടി നിശ്ചയിക്കണം).

—പ്രോത്സാഹന സമ്മാനങ്ങളും നല്കുന്നതാണു്.

(v) യുവജനങ്ങൾക്കു്: ക്ലാസ്സിൽ

1 ചുറ്റിക്കറങ്ങുന്ന ഗാനം

ഇരിക്കുന്ന ക്രമമനുസരിച്ചു് ഓരോരുത്തരും മാറി മാറി എഴുനേറ്റുനിന്നു് ഓരോ ഗാനത്തിന്റെ ഏതാനും ഈരടികളും വീതം ആലപിക്കുന്നു വൈവിധ്യമാന്ന ഗാനങ്ങളും ആലപിച്ചാൽ കളി കൂടുതൽ രസകരമാകും. ഒരിക്കൽ പാടിയ ഗാനം ആരും ആവർത്തിക്കരുതെന്നു് നിഷ്കർഷിക്കാം. കളിയിൽ തെറ്റിക്കുന്നവർ പുറത്താക്കപ്പെടുന്നു.

2 ചുറ്റിക്കറങ്ങുന്ന കഥ

എല്ലാവരെയും വൃത്തത്തിൽ ഇരുത്തുന്നു. ഒരാളും ഒരു 'യക്ഷിക്കഥ' പറഞ്ഞു തുടങ്ങുന്നു. അയാളും പത്തുസെക്കൻറു സമയത്തേക്കു് പറഞ്ഞു കഴിയുമ്പോളും അടുത്തിരിക്കുന്നയാളും അയാളുടെ ഭാവനയ്ക്കനുസരിച്ചു് പത്തുസെക്കൻറു സമയം കഥ തുടർന്നു പറയണം. അങ്ങനെ കഥ പുരോഗമിച്ചിരിയുന്നു. ഒരു കഥ തീരുന്നപക്ഷം മറെറാന്നു് തുടങ്ങുന്നു. പത്തു സെക്കൻറു സമയത്തിനുപകരം ഓരോ വ്യക്തിയോടും ഒന്നോ രണ്ടോ വാചകം വീതം കൂട്ടിച്ചേർക്കുവാൻ ആവശ്യപ്പെട്ടാലും മതി. ഫലം വളരെ രസകരമായിരിക്കും.

3 വിൽപത്ര രചന

കളിയിൽ പങ്കെടുക്കുന്നവർക്കു് കടലാസും പേനയും ഉണ്ടായിരിക്കണം. എല്ലാവരും യഥാർത്ഥ പേരു വ്യക്തമാക്കാതെ തങ്ങൾക്കുള്ള സാധനസാമഗ്രികളെല്ലാം പ്രിയപ്പെട്ടവർക്കായി വീതിച്ചുകൊടുത്തുകൊണ്ടു് ഒരു വിൽപത്രം തയ്യാറാക്കണം. പത്തു മിനിററിനുശേഷം അവയെല്ലാം ശേഖരിച്ചു് ഇടകലർത്തിയശേഷം ഓരോന്നും ഓരോരുത്തനെ ഏല്പിക്കുന്നു. തുടർന്നു് തന്റെ സ്വന്തം വിൽപത്രമെന്ന രീതിയിൽ കിട്ടിയ കടലാസിൽനിന്നു് ഓരോരുത്തനും എഴുനേറ്റുനിന്നു് ഉറക്കെ വായിക്കുന്നു. നല്ലൊരു വിനോദത്തിനു് ഇതു വഴിയൊരുക്കും

4 പേരിടൽ മത്സരം

നിങ്ങളുടെ ഭവനത്തിൽ ഇനി ഉണ്ടാകാനിരിക്കുന്ന കുട്ടിയ്ക്കു് ഒരു പേരിടണം. ആൺകുട്ടിയോ പെൺകുട്ടിയോ എന്നു നിശ്ചയമില്ലാത്തതിനാൽ ഇരുവിഭാഗത്തിൽപെട്ടപേരും നിർദ്ദേശിക്കാം. ഏതു പേരിടണമെന്ന തീരുമാനം പിന്നീടെടുക്കുക. നിങ്ങളും ചെയ്യേണ്ടതു് ഇംഗ്ലീഷ് അക്ഷരമാലക്രമമനു

(v) യുവജനങ്ങൾക്കു്: ക്ലാസ്സിൽ

1 ചുറ്റിക്കറങ്ങുന്ന ഗാനം

ഇരിക്കുന്ന ക്രമമനുസരിച്ചു് ഓരോരുത്തരും മാറി മാറി എഴുനേറ്റുനിന്നു് ഓരോ ഗാനത്തിന്റെ ഏതാനും ഈരടികളും വീതം ആലപിക്കുന്നു വൈവിധ്യമാർന്ന ഗാനങ്ങളും ആലപിച്ചാൽ കളി കൂടുതൽ രസകരമാകും. ഒരിക്കൽ പാടിയ ഗാനം ആരും ആവർത്തിക്കരുതെന്നു് നിഷ്കർഷിക്കാം. കളിയിൽ തെറ്റിക്കുന്നവർ പുറത്താക്കപ്പെടുന്നു.

2 ചുറ്റിക്കറങ്ങുന്ന കഥ

എല്ലാവരെയും വൃത്തത്തിൽ ഇരുത്തുന്നു. ഒരാൾ ഒരു 'യക്ഷിക്കഥ' പറഞ്ഞു തുടങ്ങുന്നു. അയാൾ പത്തുസെക്കൻറു സമയത്തേക്കു് പറഞ്ഞു കഴിയുമ്പോൾ അടുത്തിരിക്കുന്നയാൾ അയാളുടെ ഭാവനയ്ക്കനുസരിച്ചു് പത്തുസെക്കൻറു സമയം കഥ തുടർന്നു പറയണം. അങ്ങനെ കഥ ചുറ്റിത്തിരിയുന്നു. ഒരു കഥ തീരുന്നപക്ഷം മറ്റൊന്നു് തുടങ്ങുന്നു. പത്തു സെക്കൻറു സമയത്തിനുപകരം ഓരോ വ്യക്തിയോടും ഒന്നോ രണ്ടോ വാചകം വീതം കൂട്ടിച്ചേർക്കുവാൻ ആവശ്യപ്പെട്ടാലും മതി. ഫലം വളരെ രസകരമായിരിക്കും.

3 വിൽപത്ര രചന

കളിയിൽ പങ്കെടുക്കുന്നവർക്കു് കടലാസും പേനയും ഉണ്ടായിരിക്കണം. എല്ലാവരും യഥാർത്ഥ പേരു വ്യക്തമാക്കാതെ തങ്ങൾക്കുള്ള സാധനസാമഗ്രികളെല്ലാം പ്രിയപ്പെട്ടവർക്കായി വീതിച്ചുകൊടുത്തുകൊണ്ടു് ഒരു വിൽപത്രം തയ്യാറാക്കണം. പത്തു മിനിറ്റിനുശേഷം അവയെല്ലാം ശേഖരിച്ചു് ഇടകലർത്തിയശേഷം ഓരോന്നും ഓരോരുത്തനെ ഏല്പിക്കുന്നു. തുടർന്നു് തന്റെ സ്വന്തം വിൽപത്രമെന്ന രീതിയിൽ കിട്ടിയ കടലാസിൽനിന്നു് ഓരോരുത്തനും എഴുനേറ്റുനിന്നു് ഉറക്കെ വായിക്കുന്നു. നല്ലൊരു വിനോദത്തിനു് ഇതു വഴിയൊരുക്കും

4 പേരിടൽ മത്സരം

നിങ്ങളുടെ ഭവനത്തിൽ ഇനി ഉണ്ടാകാനിരിക്കുന്ന കുട്ടിയ്ക്കു് ഒരു പേരിടണം. ആൺകുട്ടിയോ പെൺകുട്ടിയോ എന്നു നിശ്ചയമില്ലാത്തതിനാൽ ഇരുവിഭാഗത്തിൽപെട്ടപേരും നിർദ്ദേശിക്കാം. ഏതു പേരിടണമെന്ന തീരുമാനം പിന്നീടെടുക്കുക. നിങ്ങളം ചെയ്യേണ്ടതു് ഇംഗ്ലീഷ് അക്ഷരമാലക്രമമനു

ടത്തു് നമ്പർ ഉപയോഗിക്കുന്നവരെയും ഉപയോഗിച്ച പേരു തന്നെ ആവർത്തിക്കുന്നവരെയും വൃത്തത്തിൽനിന്നു പുറത്താക്കുന്നു.

2 ബാല്യകാലാനുഭവങ്ങൾ

5 മുതൽ 10 വരെയുള്ള ചെറിയ ഗ്രൂപ്പുകളായി തിരിഞ്ഞു നടത്തേണ്ട കളിയാണിതു്. ഓരോരുത്തനും തന്റെ ബാല്യകാലത്തിലെ രസകരമായൊരനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു.


എല്ലാവരും പൊതുവായി സമ്മേളിക്കുമ്പോൾ അവതരിപ്പിക്കുവാൻ പറ്റിയ സരസമായ ഒന്നോ രണ്ടോ അനുഭവങ്ങൾ ഗ്രൂപ്പിനു നിർദ്ദേശിക്കാം. അവമാത്രം പൊതുവായി അവതരിപ്പിക്കുവാൻ അവസരം കൊടുക്കാം.

3 വിഡ്ഢിത്തം പറയൽ

10 മുതൽ 15 വരെ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പിൽ നടത്താവുന്ന ഒരു വിനോദമാണിതു്. ഓരോരുത്തനും മാറിമാറി എന്തെങ്കിലും അർത്ഥരഹിതമോ വിഡ്ഢിത്തമോ ആയ വാചകങ്ങൾ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നു.

4 കൂട്ടുകാരനെ കണ്ടുപിടിക്കുക

അംഗങ്ങളെ 1, 2, 1, 2 എന്നിങ്ങനെ എണ്ണം എടുപ്പിച്ചു് ഒന്നാം നമ്പുകാർ അകത്തു വരത്തക്കവിധം രണ്ടു വൃത്തങ്ങളായി നിർത്തുക. അകത്തും പുറത്തുമുള്ള വൃത്തങ്ങളിൽനിന്നു് ഈരണ്ടു



പേരെ കൂട്ടുകാരായി നിശ്ചയിക്കുന്നു. അകത്തെ വൃത്തത്തിലുള്ളവർ ഇടതുവശത്തേയ്ക്കു തിരിഞ്ഞും പുറത്തെ വൃത്തത്തിലുള്ളവർ വലതുവശത്തേയ്ക്കു തിരിഞ്ഞും ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കണം.

ലീഡർ വിസിൽ അടിച്ചശേഷം 'കൈയ്, മൂക്ക്' എന്നിങ്ങനെ പറയുന്നു. ഉടനെ, അകത്തെ വൃത്തത്തിൽ നില്ക്കുന്നവർ തങ്ങളുടെ കൂട്ടുകാരനെ കണ്ടുപിടിച്ച് അയാളുടെ മൂക്കിന്മേൽ കൈകൊണ്ട് സ്പർശിക്കണം. അപ്രകാരം പ്രവർത്തിക്കുന്നതിൽ ഏറ്റവും കൂടുതൽ സമയം എടുക്കുന്ന (ഏറ്റവും അവസാനം ചെയ്യുന്ന) കൂട്ടുകാർ രണ്ടുപേരും പുറത്താക്കപ്പെടുന്നു. ഓരോ പ്രാവശ്യവും നേതാവ് ശരീരഭാഗങ്ങളും മാറിമാറിപ്പറഞ്ഞ് കളി രസകരമാക്കണം.

ഉദാ: കൈവിരൽ — കാല്
കൈയ് — മൂക്ക്
കൈമുട്ട് — മൂക്ക്
മൂക്ക് — തോൾ
തല — വയർ

എപ്പോഴും ആദ്യം പറയുന്ന ശരീരഭാഗം അകത്തെ വൃത്തത്തിൽ നില്ക്കുന്ന ആളിനേറെതായിരിക്കും പുറത്തെ വൃത്തത്തിൽ നില്ക്കുന്നവർ വിസിൽ കേട്ടാൽ ഉടൻ നിശ്ചലരായി നില്ക്കുകയേ ആകാവൂ. അകത്തു നില്ക്കുന്നവരാണ് കൂട്ടുകാരനെ കണ്ടുപിടിച്ച് തങ്ങളുടെ നിർദ്ദേശിക്കപ്പെട്ട ശരീരഭാഗം കൊണ്ട് അയാളുടെ ശരീരഭാഗത്തു സ്പർശിക്കേണ്ടതു്. ഏറ്റവും അവസാനംവരെ പിടിച്ചുനില്ക്കുന്ന രണ്ടുപേർ വിജയികളാകുന്നു.

5 ജായ്ക്ക് സ്പ്രാട്ട് (Jack Sprat)

ഓരോരുത്തനും തനിക്ക് കഴിവുള്ള അപരിചിതനായ ഒരു വ്യക്തിയെ കൂട്ടുകാരനായി തെരഞ്ഞെടുക്കണം. ജോടികൾ അടുത്തടുത്ത് വരത്തക്കവിധം എല്ലാവരും വൃത്താകൃതിയിൽ നില്ക്കുന്നു. കൂട്ടുകാരനില്ലാത്ത ഒരാൾമാത്രം വൃത്തത്തിനു മദ്ധ്യത്തിൽ നില്ക്കുന്നു. അയാളുടെ പേരാണ് 'ജായ്ക്ക് സ്പ്രാട്ട്'. ജായ്ക്ക് സ്പ്രാട്ട് നല്കുന്ന നിർദ്ദേശാനുസരണം ജോടികൾ പ്രവർത്തിക്കുന്നു. ഉദാ: മുഖാഭിമുഖം നില്ക്കുക, കൈകോർത്തു പിടിക്കുക, പുറത്തോട് പുറംതിരിഞ്ഞു നില്ക്കുക, ഇരുവശങ്ങളിലുമായി നില്ക്കുക ഹസ്തദാനം ചെയ്യുക മുതലായവ. എന്നാൽ അയാൾ 'ജായ്ക്ക് സ്പ്രാട്ട്' എന്നു പറഞ്ഞാൽ എല്ലാവരും മറ്റൊരു കൂട്ടുകാരനെ തിരഞ്ഞെടുക്കണം. അതിനിടയിൽ ജായ്ക്ക് സ്പ്രാട്ടിനും കൂട്ടുകാരനെ തെരഞ്ഞെടുക്കാം. കൂട്ടുകാരനില്ലാത്ത വ്യക്തി ജായ്ക്ക് സ്പ്രാട്ടായി കളി തുടരുന്നു.

6 പിരിച്ചുകൾ

അംഗങ്ങളുടെ ക്രമനമ്പർ എടുക്കുന്നു. ഒറ്റസംഖ്യയിൽ പെട്ടവർ ഒരുവശത്തും പെട്ടസംഖ്യയിൽ പെട്ടവർ മറുവശത്തും

അണിനിരക്കുന്നു. റെഫറി അവരുടെ മദ്ധ്യത്തിൽവച്ച് ഒരു കോർക്കു് മുകളിലേയ്ക്കു് ഉയർത്തി ഇടുന്നു. അതു താഴെ വീണാലുടൻ, ഒറ്റസംഖ്യയിൽപ്പെട്ടവർ ചിരിക്കണം. അവരുടെ ലക്ഷ്യം പെട്ടസംഖ്യയിൽപ്പെട്ടവരെ ചിരിപ്പിക്കുകയാണു്. എന്നാൽ പെട്ടസംഖ്യക്കാരാകട്ടെ ഗൗരവമായി നില്ക്കുന്നു. പെട്ടസംഖ്യയിൽപ്പെട്ട ഏതുപേർ ചിരിക്കുന്നോ അതുയും പോയിൻറു് മറുഭാഗത്തിനു ലഭിക്കുന്നു. വീണ്ടും റെഫറി കോക്കിടുമ്പോൾ പെട്ടസംഖ്യക്കാർ ചിരി ആരംഭിച്ചു് കളി തുടരുന്നു. ഇരുകൂട്ടരും തങ്ങളുടെ അതിർത്തി ലംഘിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.

7 മറ്റു മത്സരങ്ങൾ

യുവജന ക്യാമ്പുകളോടനുബന്ധിച്ചു് യുവജനങ്ങൾക്കു് താല്പര്യമുള്ള മറ്റു പ്രചുരപ്രചാരം സിദ്ധിച്ച മത്സരങ്ങളും നടത്താം.

ഉദാ: 1 മൂന്നുകാലിൽ ഓട്ടമത്സരം (രണ്ടുപേർ ചേർന്നു്)
2 ചാക്കിൽ കയറി ഓട്ടം
3 ദൂരെ ഓട്ടം
4 ഇരുകാലും കെട്ടി ഓട്ടം
5 ഒറ്റക്കാലിൽ ഓട്ടം
6 കാലുകൾക്കിടയിൽ ടെന്നീസ് ബോൾ വച്ചുകൊണ്ടു് ഓട്ടം

8 ടെക്നിക്കുകൾ

കളികളും വിനോദത്തിനും വ്യക്തിത്വവികസനത്തിനും കൂടുതൽ സഹായകമാണെങ്കിൽ ടെക്നിക്കുകളും നേതൃത്വത്തെക്കുറിച്ച് സ്വാനുഭവത്തിലൂടെ പഠിക്കുവാൻ സഹായിക്കുന്നു. സ്വാഭാവികമോ കൃത്രിമമോ ആയ പ്രത്യേക സാമൂഹ്യ സാഹചര്യങ്ങളും സൃഷ്ടിച്ച് അവയിലൂടെ നേതാവിനുണ്ടായിരിക്കേണ്ട കഴിവുകളും സ്വായത്തമാക്കുവാൻ സഹായിക്കുകയാണ് ടെക്നിക്കുകൾവഴി ചെയ്യുക. ഇവയെ അംഗങ്ങളുടെ കഴിവിനും സാഹചര്യങ്ങൾക്കുമനുസരിച്ച് അനുരൂപപ്പെടുത്തിയാൽ ക്യാമ്പ് വളരെ രസകരവും വിജ്ഞാനപ്രദവുമാക്കുവാൻ സാധിക്കും.

ടെക്നിക്കുകളെ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത് താഴെ പറയും വിധമാണ്:

1 **ലക്ഷ്യം:** അതാതു ടെക്നിക്കുവഴി പ്രധാനമായി പഠിപ്പിക്കുവാനുദ്ദേശിക്കുന്ന കാര്യങ്ങളാണ് ഈ തലക്കെട്ടിനു കീഴിൽ പ്രതിപാദിക്കുക. അവയെ വ്യക്തമാക്കത്തക്കവിധമായിരിക്കണം ടെക്നിക്കിന്റെ പരിപാടികളും ആസൂത്രണം ചെയ്യുക.

2 **സജ്ജീകരണം:** ക്യാമ്പിനു് സാധാരണ വേണ്ട സൗകര്യങ്ങളും (എല്ലാവർക്കും സമ്മേളിക്കാവുന്ന ഹാൾ, ഗ്രൂപ്പ് ചർച്ചകൾക്കുള്ള മുറികളും, ബോർഡ്, ചോക്ക്, പേപ്പർ, പേന തുടങ്ങിയവ)ക്കുപുറമേ മുൻകൂട്ടി തയ്യാറാക്കേണ്ടതായി വല്ലതുമുണ്ടെങ്കിൽ അതു് ഈ ശീർഷകത്തിൽ വിവരിക്കുന്നു.

3 **നടപടിക്രമം:** ടെക്നിക്കുകൾ അവതരിപ്പിക്കേണ്ട വിധമാണ് ഈ ഭാഗത്തു വിവരിക്കുക.

4 **ഗ്രൂപ്പ് ചർച്ച:** ഗ്രൂപ്പുതിരിഞ്ഞു നടത്തേണ്ട ചർച്ചകൾ.

5 **പൊതുചർച്ച:** ഗ്രൂപ്പുകളായി തിരിഞ്ഞു നടത്തിയ പരിപാടികളുടെ വിശദീകരണം പൊതുവായി പങ്കുവയ്ക്കുന്നതിനുള്ള വേദിയാണിതു്. അല്ലെങ്കിൽ, പൊതുവായി ചെയ്തുകാണിച്ച കാര്യങ്ങളെ സംബന്ധിച്ച് അംഗങ്ങളെക്കൊണ്ടുതന്നെ ഉത്തരം പറയിക്കുന്നു. ഇതിലൂടെ അവർക്കു മനസ്സിലാക്കിക്കൊടുക്കുവാനുദ്ദേശിക്കുന്ന കാര്യങ്ങൾ അവരിൽനിന്നുതന്നെ ഉരുത്തിരിഞ്ഞുകൊണ്ടുവരുവാൻ പരിശീലകൻ ശ്രമിക്കണം.

6 വിശദീകരണം: ടെക്നിക്കുകളുടെ അവസാനഭാഗത്തിൽ, അവിടെ പ്രകടിപ്പിച്ച പരിപാടികളിൽനിന്നു് എന്തെല്ലാം കാര്യങ്ങളാം മനസ്സിലാക്കിയെന്നു് അംഗങ്ങളെക്കൊണ്ടു് ചോദ്യോത്തരംവഴി പറയിക്കുകയോ പരിശീലകൻതന്നെ വിശദമാക്കിക്കൊടുക്കുകയോ ചെയ്യുന്നു. ടെക്നിക്കിന്റെ സുപ്രധാനഭാഗമാണിതു്. കാരണം, ഇതു വഴിയാണു് തങ്ങളാം കാണുകയോ അനുഭവിക്കുകയോ ചെയ്ത കാര്യങ്ങളാം സമൂഹസ്വഭാവവും നേതൃത്വവുമായി ബന്ധപ്പെടുത്തി ക്യാമ്പംഗങ്ങളാം പഠിക്കുക. ടെക്നിക്കിൽ പ്രകടമായവമാത്രമല്ല അവയുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളും ചുരുങ്ങിയ സമയംകൊണ്ടു് ഈ ഭാഗത്തു് വ്യക്തമാക്കാം. എന്നാൽ വിശദീകരണം വിരസമാകുമാറു് നീളുവാൻ ഇടയാകരുതു്.

ഒരേ വിഷയം പ്രതിപാദിക്കുന്ന പല ടെക്നിക്കുകളാം ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ടു്. അതിനാൽ സന്ദർഭത്തിനുംസാഹചര്യത്തിനുംയോജിച്ചവയുംക്യാമ്പിലെ അംഗങ്ങൾക്കു് അപരിചിതവുമായ ടെക്നിക്കുകളാം തെരഞ്ഞെടുത്തു് അവതരിപ്പിക്കാം. എന്നാൽ ഒരേ വിഷയം പ്രതിപാദിക്കുന്ന ടെക്നിക്കുകളിൽത്തന്നെ ഓരോന്നിനുംചില പ്രത്യേക വീക്ഷണങ്ങളാം നല്കാനുണ്ടാവും. പൊതുവായ ഓരോ ശീർഷകത്തിൻകീഴിൽ സമാനാശയങ്ങളാം അനാവരണം ചെയ്യുന്ന ടെക്നിക്കുകളാംക്കു നല്കാവുന്ന വിശദീകരണം പ്രസ്തുത ടെക്നിക്കുകളുടെ അവസാനത്തിൽ പൊതുവായിട്ടാണു നല്കിയിരിക്കുന്നതു്.

വിശദീകരണം വിജയപ്രദമായി നടത്തണമെങ്കിൽ നേതൃത്വത്തെയും സമൂഹത്തിന്റെ പ്രവർത്തനങ്ങളെയുംകുറിച്ചു് നേതാവിനു നല്ല പരിജ്ഞാനം ഉണ്ടായിരിക്കണം. 'നിങ്ങളാംക്കുാം നേതാവാകാം' എന്ന പേരിൽ ഈ ഗ്രന്ഥകാരൻ തന്നെ രചിച്ച പുസ്തകം ഇതിനു് ഉപകാരപ്പെടും. എങ്കിലും ഓരോ ടെക്നിക്കിന്റെയും അവസാനം വിശദീകരണത്തിനുള്ള പ്രധാനാശയങ്ങളാം മാത്രം ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ടു്.

ക്യാമ്പുകളാംക്കുാം സെമിനാറുകളാംക്കുാം ഈ പുസ്തകത്തിലെ ക്രമമനുസരിച്ചുതന്നെ ടെക്നിക്കുകളാം അവതരിപ്പിക്കണമെന്നില്ല. ക്യാമ്പംഗങ്ങളുടെ നിലവാരം, ലഭ്യമാകുന്ന സമയം, നിശ്ചയിക്കപ്പെട്ട വിഷയം എന്നിവ കണക്കിലെടുത്തു് ആവശ്യമായ കളികളും ടെക്നിക്കുകളും അവതരിപ്പിക്കാം. ഒരേ ശീർഷകത്തിനു കീഴിൽ സമാനാശയങ്ങളാം അവതരിപ്പിക്കുന്ന വിവിധ ഇനാം ടെക്നിക്കുകളാം ഈ ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ടു്.

അവയിൽ അനുയോജ്യമായതു മാത്രം അവതരിപ്പിച്ചാൽ മതിയാകും. താഴെപ്പറയുന്ന ടെക്നിക്കുകളിൽ ഏതെങ്കിലും അവതരണത്തിനു തെരഞ്ഞെടുക്കുന്നുവെങ്കിൽ അവ ക്യാമ്പിന്റെ പ്രാരംഭഘട്ടത്തിൽതന്നെ അവതരിപ്പിക്കുവാൻ ശ്രദ്ധിക്കണം:

നമ്പർ	ടെക്നിക്കിന്റെ പേര്
1	പരിചയപ്പെടൽ
2	ഗ്രൂപ്പുവിഭജനം
10	സമൂഹത്തോടു താദാത്മ്യപ്പെടൽ
12	സൗഹൃദശൃംഖലയിലെ വ്യതിയാനം
22	വ്യക്തിപരമായ ലക്ഷ്യങ്ങൾ

1 പരിചയപ്പെടൽ

ലക്ഷ്യം: ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് പരിചയപ്പെടുവാനും ഇടപഴകുവാനും അവസരം ഒരുക്കുക.

പരിചയപ്പെടുന്നതിനുള്ള അവസരം പല രീതിയിലൊരുക്കാം.

(i) *സ്വയം പരിചയപ്പെടുത്തൽ*

ക്യാമ്പംഗങ്ങളെ സംബന്ധിച്ച് തങ്ങൾ അറിയാനാഗ്രഹിക്കുന്നവ ഏതെല്ലാമെന്ന് പൊതുവായി ചർച്ച ചെയ്ത് ബോർഡിൽ രേഖപ്പെടുത്തുന്നു. ഉദാ: പേര്, വയസ്സ്, വിദ്യാഭ്യാസം, വീട്ടുപേര്, താമസസ്ഥലം, വ്യക്തിപരമായ നേട്ടങ്ങൾ, കഴിവുകൾ മുതലായവ.

ക്യാമ്പിലുള്ളവർ ഓരോരുത്തരായി മുമ്പോട്ടുവന്ന് ബോർഡിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രമമനുസരിച്ച് തങ്ങളെ സംബന്ധിച്ച വിവരങ്ങൾ പറയണം. മറ്റുള്ളവരുടെ സംശയങ്ങൾക്ക് ഉത്തരവും പറയാം.

(ii) *'നിങ്ങളുടെ ഉറ്റസുഹൃത്ത്'*

സജ്ജീകരണം: ഒരു കസേര

നടപടിക്രമം: ക്യാമ്പിലുള്ള ഓരോരുത്തനും തന്നെ ഏറ്റവും അടുത്തറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു ഉറ്റ സുഹൃത്തിനെ അഥവാ ബന്ധുവിനെ മനസ്സിൽ കരുതണം. അയാൾ എപ്രകാരമായിരിക്കും നിങ്ങളെ സമൂഹത്തിനു പരിചയപ്പെടുത്തുക എന്നു ചിന്തിക്കുക. നിങ്ങൾ ഇരിക്കുന്നതായി സൂചിപ്പിക്കുന്ന ഒരു ഒഴിഞ്ഞ കസേര ക്യാമ്പിലുള്ളവർക്കഭി

മുഖമായി ഇടണം. നിങ്ങളുടെ സുഹൃത്തിന്റെ റോൾ നിങ്ങൾ സ്വയം എഴുതിയെടുത്തു് കഴുത്തിലണിഞ്ഞുനിന്നു് നിങ്ങൾ 'കഴുത്തിലിരിക്കുന്ന നിങ്ങളെ' പരിചയപ്പെടുത്തണം.

ഉദാ: ''എന്റെ ഉറ്റ സുഹൃത്തു് രാജനാണു് (നിങ്ങളുടെ പേരു്) ഇവിടെ ഇരിക്കുന്നതു്. അദ്ദേഹത്തിന്റെ സ്വദേശം തൃശ്ശൂരാണു്.....'' സ്വന്തം കഴിവുകൾ, നേട്ടങ്ങൾ, താല്പര്യങ്ങൾ, ഹോബി മുതലായവയെല്ലാം സരസമായി അവതരിപ്പിക്കാം.

(iii) 'ഞാൻ ആര്'?

സജ്ജീകരണം: ക്യാമ്പിലുള്ള എല്ലാവർക്കും കൊടുക്കുന്നതിനു് ഉദ്ദേശം 8 ഇഞ്ചു് നീളം 5 ഇഞ്ചു് വീതിയുള്ള വെള്ള കാർഡു് അഥവാ കടലാസു്, പിൻ, പേന, ഒരു വിസിൽ.

നടപടിക്രമം: കാർഡും പിന്നും എല്ലാവർക്കും വിതരണം ചെയ്യുന്നു. ഓരോരുത്തനും തന്നെ മറ്റുള്ളവർക്കു പരിചയപ്പെടുത്തിക്കൊണ്ടു് മറ്റുള്ളവർക്കു് എളുപ്പം വായിക്കത്തക്കവിധം വലിപ്പത്തിൽ, കാർഡിൽ നന്നായി എഴുതി മുൻഭാഗത്തു് വസ്ത്രത്തിൽ പിൻ ചെയ്യണം.

പരിപാടി ആരംഭിക്കുവാൻ അറിയിപ്പു കിട്ടിയാൽ ഓരോരുത്തനും തനിക്കപരിചിതനായ ഒരാളെ കണ്ടുപിടിക്കുന്നു. സംസാരിക്കാതെ കാർഡിലുള്ളതു് അവർ പരസ്പരം വായിക്കുന്നു. വായിച്ചുകഴിഞ്ഞു് അപരിചിതനായ മറ്റൊരു വ്യക്തിയുടെ അടുക്കലേയ്ക്കു നീങ്ങുന്നു. ശബ്ദം കുറച്ചു് പശ്ചാത്തല സംഗീതത്തിന്റെ റിക്കാഡു വയ്ക്കുന്നതു നന്നായിരിക്കും.

വിസിൽ കേൾക്കുമ്പോൾ ഈ രീതി അവസാനിപ്പിച്ചു് താൻ കാർഡു വായിച്ചതിൽ കൂടുതൽ അറിയാൻ താല്പര്യമുള്ള ഒന്നോ രണ്ടോ പേരുമായി ഓരോരുത്തനും സംസാരിക്കുകയും കൂടുതൽ പരിചയപ്പെടുകയും ചെയ്യുന്നു.

(iv) പരസ്പരം പരിചയപ്പെടുത്തൽ

പരസ്പരം അപരിചിതരായ ഈരണ്ടുപേർവീതം ഒരു മിച്ചുകൂടി പരസ്പരം വളരെ വിശദമായി പരിചയപ്പെടുന്നു. സാധാരണ പരിചയപ്പെടുന്നതോടൊപ്പം ജീവിതത്തിലെ പ്രതീക്ഷകൾ, താല്പര്യഭേദം, നേട്ടങ്ങൾ, ജീവിതാനുഭവം മുതലായവയെല്ലാം ചോദിച്ചു മനസ്സിലാക്കണം. അതിനുശേഷം നേതാവു് വിസിൽ മുഴക്കുമ്പോൾ പരിചയപ്പെട്ട ഈരണ്ടുപേർ ചേർന്നു് തങ്ങൾക്കു് കഴിവതും അപരിചിതരായ മറ്റു രണ്ടു പേരുമായി ഒന്നിച്ചുകൂടുന്നു. അടുത്ത വിസിൽ കേൾക്കു

മ്പോഴും ആ നാലുപേർ തങ്ങൾക്കു കഴിവതും അപരിചിതരുള്ള നാലുപേരടങ്ങുന്ന മറ്റൊരു ഗ്രൂപ്പുമായി കൂട്ടുന്നു. ഈ ഗ്രൂപ്പുകളിൽ ഓരോരുത്തനും താൻ പുതുതായി പരിചയപ്പെട്ട സുഹൃത്തിനെ ഗ്രൂപ്പിലുള്ള മറ്റുള്ളവർക്കു് പരിചയപ്പെടുത്തുന്നു. തന്നെപ്പറ്റി പരിചയപ്പെടുത്തുമ്പോഴും കൂട്ടുകാരൻ വിട്ടുപോകുന്ന കാര്യങ്ങളുണ്ടെങ്കിൽ ഓരോരുത്തനും കൂട്ടിച്ചേർത്തു പറയാം.

(v) മൂന്നുപേർ വീതം

കഴിവതും അപരിചിതരായ മൂന്നു പേർവീതം ഒരുമിച്ചു കൂടുന്നു. ഒരാൾ തന്നേക്കുറിച്ചു് കഴിയുന്നത്ര കാര്യങ്ങൾ മറ്റു രണ്ടുപേരോടും പറയുന്നു. തുടർന്നു് ശ്രോതാക്കളായ രണ്ടു പേരും തങ്ങൾ ആദ്യത്തെ ആളിനെക്കുറിച്ചു് മനസ്സിലാക്കിയ കാര്യങ്ങൾ ചുരുക്കി പറയുന്നു. അതിനുശേഷം മറ്റു രണ്ടുപേരും ഇതേ രീതിയിൽ പരിചയപ്പെടുത്തുകയും തങ്ങളെക്കുറിച്ചു് ഗ്രൂപ്പിലുള്ളവർ മനസ്സിലാക്കിയ കാര്യങ്ങൾ ശ്രവിക്കുകയും ചെയ്യുന്നു.

(vi) ചുറ്റിക്കറങ്ങൽ

ക്യാമ്പംഗങ്ങളെ കഴിവതും പരസ്പരം പരിചയമുള്ളവരും എട്ടുമുതൽ പന്ത്രണ്ടുവരെ ആൾക്കാർ ഉൾക്കൊള്ളുന്നതും എന്നാൽ എല്ലാ ഗ്രൂപ്പിലും തുല്യസംഖ്യബലമുള്ളതുമായ രണ്ടോ നാലോ ആറോ ഗ്രൂപ്പുകളായി തിരിക്കുക. ഒന്നാം ഗ്രൂപ്പുകാർ വൃത്താകൃതിയിൽ പുറത്തേയ്ക്കു തിരിഞ്ഞു നില്ക്കണം. രണ്ടാം ഗ്രൂപ്പിലെ ഓരോ വ്യക്തിയും ഒന്നാം ഗ്രൂപ്പിലെ ഓരോ വ്യക്തിയ്ക്കഭിമുഖമായി നിന്നുകൊണ്ടു് പുറമെ മറ്റൊരു വലയം സൃഷ്ടിക്കുന്നു. മൂന്നും നാലും ഗ്രൂപ്പുകളും ഉണ്ടെങ്കിൽ അഞ്ചും ആറും ഗ്രൂപ്പുകളും മേൽപറഞ്ഞതുപോലെ മുഖാഭിമുഖം ഒന്നിനുള്ളിൽ മറ്റൊരു വൃത്തം വരത്തക്കവിധം നില്ക്കുന്നു.

വിസിൽ കേൾക്കുമ്പോഴും മുഖാഭിമുഖം നില്ക്കുന്നവർ പരസ്പരം പരിചയപ്പെടുന്നു. അടുത്ത വിസിൽ ശ്രവിക്കുമ്പോഴും പുറത്തെ വൃത്തങ്ങളിലുള്ളവർ വലത്തുവശത്തേയ്ക്കു് അല്പം മാറി അടുത്ത ആളിനു് അഭിമുഖമായിനിന്നു് അയാളുമായി പരിചയപ്പെടുന്നു. എന്നാൽ വിസിൽ കേൾക്കുമ്പോഴും അകത്തെ ഗ്രൂപ്പുകാർ മാറിക്കാതെ തൽസ്ഥാനത്തുതന്നെ നില്ക്കണം. പരിചയപ്പെട്ടു് ഒരു വട്ടമെത്തുമ്പോഴും ഇതു സമാപിപ്പിയ്ക്കാം. സമയമുണ്ടെങ്കിൽ ഗ്രൂപ്പുകൾ തമ്മിൽ മാറ്റം വരുത്തി കളിതുടർന്നു് മറ്റു ഗ്രൂപ്പുകളിലുള്ളവരുമായി പരിചയപ്പെടുവാൻ വേദിയൊരുക്കാം.

2 ഗ്രൂപ്പ് വിഭജനം

ലക്ഷ്യം:- ഉറ്റ സുഹൃത്തുക്കളും മാത്രം ഒന്നിച്ചു കൂടാനുള്ള പ്രവണത ഒഴിവാക്കി, കഴിവതും അപരിചിതരെ ഉൾപ്പെടുത്തി ക്യാമ്പിലെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഗ്രൂപ്പുവിഭജനം നടത്തുക.

— അപരിചിതർ ഒന്നിച്ചുകൂടുമ്പോഴുണ്ടാകാവുന്ന മാനസിക അകൽച്ച മാറി ഗ്രൂപ്പുകളിൽ ഐക്യബോധവും പ്രവർത്തനക്ഷമതയും ആരംഭത്തിൽതന്നെ രൂപപ്പെടുത്തുക.

— അംഗങ്ങൾക്ക് പരസ്പരം പരിചയപ്പെടുവാൻ വേദിയൊരുക്കുക.

— അപരിചിതരുമായി പരിചയപ്പെടുവാനും സൗഹൃദബന്ധം സ്ഥാപിക്കുവാനും എളുപ്പം പരിശീലനം നൽകുക.

— ജന്മസിദ്ധമായ നേതൃത്വവാസനയുള്ളവരെ കണ്ടെത്തുക.

(i) *നമ്പർ ക്രമത്തിൽ*

പങ്കെടുക്കുന്നവരെ അവർ ഇരിക്കുന്ന ക്രമത്തിൽ 1 മുതൽ 3 വരെയോ 4 വരെയോ 5 വരെയോ അഥവാ എത്ര ഗ്രൂപ്പ് രൂപപ്പെടുത്തുവാനുദ്ദേശിക്കുന്നുവോ അത്രയുംവരെയോ എണ്ണിപ്പെടുക്കുക. വീണ്ടും 1 മുതൽ നമ്പർ ആവർത്തിക്കുക. ഒന്നാം നമ്പറുകാർ ഒന്നാം ഗ്രൂപ്പും രണ്ടാം നമ്പറുകാർ രണ്ടാം ഗ്രൂപ്പും എന്ന ക്രമത്തിൽ ഗ്രൂപ്പ തിരിയുന്നു. ഓരോ ഗ്രൂപ്പും സൗകര്യപ്രദമായ സ്ഥലങ്ങളിൽ കൂടി പരസ്പരം പരിചയപ്പെടുകയും തങ്ങൾക്കൊരു ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

(ii) *സാധനങ്ങൾ ഒക്കുമാറിക്കൊണ്ട്*

സജ്ജീകരണം: അംഗങ്ങളെ എത്ര ഗ്രൂപ്പായി വിഭജിക്കാനുദ്ദേശിക്കുന്നോ അത്രയും വിവിധ ഇനങ്ങളിൽപെട്ട ഓരോ സാധനം കരുതണം. ഉദാ: പുസ്തകം, പെൻസിൽ കിലുക്കമണി, കല്ല്, പന്ത്, വടി....

നടപടിക്രമം: അംഗങ്ങളെല്ലാവരും വൃത്താകൃതിയിൽ നിൽക്കുന്നു. രൂപപ്പെടുത്തേണ്ട ഗ്രൂപ്പുകളുടെ എണ്ണത്തിനനുസരിച്ച് വിവിധ ഇനങ്ങളിൽപ്പെട്ട ഓരോ സാധനം വൃത്തത്തിൽ പല ഭാഗത്തുനിൽക്കുന്നവരെ ഏല്പിക്കണം. മണികിലുക്കം കേൾക്കുമ്പോൾ സാധനങ്ങൾ പരസ്പരം കൈമാറുന്നു. മണിയടി നിൽക്കുമ്പോൾ സാധനങ്ങൾ കൈയിലുള്ളവർ പുറത്താക്കപ്പെടുന്നു. വീണ്ടും കളി തുടരുന്നു. കളി അവസാനിക്കുമ്പോൾ

ഒരേ സാധനം കൈയിൽ ഇരുന്നതുമൂലം പുറത്താക്കപ്പെട്ടവർ ഓരോ ഗ്രൂപ്പാകുന്നു. അവർ സൗകര്യപ്രദമായ സ്ഥലത്തു് ഒന്നിച്ചുകൂടി പരസ്പരം പരിചയപ്പെടുകയും ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

(iii) *അപരിചിതർ ഒന്നിച്ചുകൊണ്ടു്*

ബസിൽ അഥവാ പശ്ചാത്തലസംഗീതം കേൾക്കുമ്പോൾ പങ്കെടുക്കുന്നവർ മുറിക്കുള്ളിൽ ചുറ്റിക്കറങ്ങുന്നു. ഒരുവൻ തനിക്കു് അപരിചിതനായ ഒരാളെ കാണുമ്പോൾ സൗഹൃദബന്ധത്തിനു തയ്യാറാണോ എന്നു് ആംഗ്യഭാഷയിൽ ചോദിക്കുന്നു. മറുപടി പ്രതികൂലമെങ്കിൽ അപരിചിതനെയോ പരിചയക്കുറവുള്ള മറ്റൊരാളെയോ സമീപിക്കുന്നു. മറുപടി അനുകൂലമെങ്കിൽ അയാളുമായി ഹസ്തദാനം ചെയ്തു് പരസ്പരം പരിചയപ്പെടുന്നു. അവർ രണ്ടുപേരും ചേർന്നു് തങ്ങൾക്കു് പരിചയക്കുറവുള്ളവരെ കണ്ടുപിടിച്ചു് പരിചയപ്പെടുകയും തങ്ങളുടെ ഗ്രൂപ്പിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഓരോ ഗ്രൂപ്പും സൗകര്യപ്രദമായ സ്ഥലത്തു് ഒന്നിച്ചിരുന്നു് ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുന്നു.

(iv) *പരസ്പര ധാരണയിൽ*

അംഗങ്ങൾ 1,2,1,2 എന്നീ ക്രമത്തിൽ നമ്പരെടുക്കണം. ഒന്നാം നമ്പരുകാർ ഒരു വശത്തും രണ്ടാം നമ്പരുകാർ ഒന്നാം നമ്പരുകാർക്കഭിമുഖമായി മറുവശത്തും നിരയായി നില്ക്കണം.

ഒന്നാം നമ്പരുകാരിലെ ഓരോരുത്തനും രണ്ടാം നമ്പരുകാരിൽനിന്നു് തനിക്കു് അപരിചിതനോ പരിചയക്കുറവുള്ളവനോ ആയ ഒരാളെ കൂട്ടുകാരനാകാൻ ക്ഷണിക്കണം.

ഈരണ്ടു പേരടങ്ങുന്ന ഗ്രൂപ്പുകൾ സമ്മേളന സ്ഥലത്തിന്റെ ഇരുവശങ്ങളിലുമായി വീണ്ടും അണിനിരക്കുന്നു. ഈ രണ്ടുപേരടങ്ങുന്ന ഗ്രൂപ്പുകൾ പരസ്പരം ആലോചിച്ചു് തങ്ങൾക്കു് പരിചയക്കുറവുള്ള എതിർവശത്തുള്ള രണ്ടുപേരടങ്ങുന്ന ഒരു ഗ്രൂപ്പിനെ തങ്ങളുടെകൂടെ ചേർക്കണം.

നാലുപേരടങ്ങുന്ന പുതിയ ഗ്രൂപ്പുകൾ പരസ്പരം ആലോചിച്ചു് മറ്റൊരു ഗ്രൂപ്പിനെ തങ്ങളുടെ കൂടെ ചേർക്കാൻ ക്ഷണിക്കുന്നു. ക്ഷണം നിരസിക്കുവാൻ ഓരോ ഗ്രൂപ്പിനും സ്വാതന്ത്ര്യമുണ്ടു്. എന്നാൽ ഒന്നിലധികം ഗ്രൂപ്പുകാരുടെ ക്ഷണം നിരസിക്കാൻ പാടില്ല. എട്ടുപേരടങ്ങുന്ന പുതിയ ഗ്രൂപ്പുകൾ പരസ്പര ചർച്ചയിലൂടെയും ധാരണയിലൂടെയും കൂടുതൽ പ്രവർത്തനക്ഷമവും ഐക്യവുമുള്ളതായിത്തീരും. എട്ടുപേർ വീതമുള്ള ഗ്രൂപ്പുകൾ രൂപപ്പെട്ടിട്ടു് കുറച്ചു ചിലർ

ബാക്കി വന്നെന്നുവരാം. അവരിൽ ഓരോരുത്തനെ ഓരോ ഗ്രൂപ്പിനും സ്വീകരിക്കാം.

(v) നറുക്കെടുപ്പിലൂടെ

സജ്ജീകരണം: പങ്കെടുക്കുന്നവർക്കെല്ലാം ഓരോ നറുക്കെടുക്കത്തക്കവിധം അവരുടെ എണ്ണമനുസരിച്ച നറുക്കുകൾ ഒരു പാത്രത്തിൽ തയ്യാറാക്കി വയ്ക്കുണം. പൂക്കളുടെയോ, നിറങ്ങളുടെയോ, നേതാക്കളുടെയോ, മൃഗങ്ങളുടെയോ, സംസ്ഥാനങ്ങളുടെയോ, രാജ്യങ്ങളുടെയോ... ....പേരാകാം നറുക്കിൽ രേഖപ്പെടുത്തുന്നത്. എത്ര ഗ്രൂപ്പുകൾ വേണമെന്നുദ്ദേശിക്കുന്നുവോ അത്രയും പൂക്കളുടെയോ നിറങ്ങളുടെയോ നേതാക്കളുടെയോ....പേരു്, ഒരു നറുക്കിൽ ഒന്നു വീതം രേഖപ്പെടുത്തണം.

നടപടിക്രമം: എല്ലാവരും ഓരോ നറുക്കെടുക്കുന്നു. വിസിൽ കേട്ടശേഷമേ അവർ നറുക്കു തുറന്നു നോക്കുവാൻ പാടുള്ള ഓരോരുത്തനും തനിക്കു നറുക്കിൽ ലഭിച്ച പേരു് ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടു് അതേ പേരുകാരെ കണ്ടുപിടിക്കണം. അങ്ങനെ ആദ്യം ഒന്നിച്ചു കൂട്ടുന്ന ഗ്രൂപ്പിനു സമ്മാനം. ഒരു ഗ്രൂപ്പിൽ എത്ര പേർ വീതം ഉണ്ടാകുമെന്നു് നേരത്തെ മുന്നറിയിപ്പു കൊടുക്കുന്നതു നല്ലതാണു്. അവർ പരസ്പരം പരിചയപ്പെടുകയും ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുകയും ചെയ്യണം.

(vi) ശബ്ദത്തിലൂടെ

സജ്ജീകരണം: ഒരേ വലിപ്പമുള്ള ചെറിയ കടലാസ്സിൽ ശബ്ദം പുറപ്പെടുവിക്കുവാൻ എളുപ്പമുള്ള മൃഗങ്ങളുടെ ഓരോ പേരു രേഖപ്പെടുത്തണം. ഉദാ: പട്ടി, പൂച്ച, ആടു്, കോഴി, താറാവു്....രൂപപ്പെടുത്താനുദ്ദേശിക്കുന്ന ഗ്രൂപ്പുകളുടെ എണ്ണമനുസരിച്ചു് മൃഗങ്ങളുടെ ഇനം നിശ്ചയിക്കണം.

നടപടിക്രമം: പങ്കെടുക്കുന്നവർ വൃത്താകൃതിയിൽ കൈകൾ രണ്ടും പിറകിൽ കോർത്തുപിടിച്ച നിലു്ക്കണം. മൃഗങ്ങളുടെ പേരെഴുതിയ കടലാസുതുണ്ടുകൾ കൂട്ടിക്കലർത്തിയ ശേഷം ഓരോ തുണ്ടു് ഓരോരുത്തന്റെയും കൈയിൽ കൊടുക്കുന്നു. കളിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ. ഒരു ഗ്രൂപ്പിൽ എത്രപേർ വരുമെന്നും മുൻകൂട്ടി പറയണം.

വിസിൽ കേട്ടാലുടനെ ഓരോരുത്തനും തനിക്കു കിട്ടിയ മൃഗത്തിന്റെ പേരു് വായിച്ചു നോക്കി ആ മൃഗത്തിന്റെ ശബ്ദം മാത്രം പുറപ്പെടുവിച്ചു് തന്റെ അതേരീതിയിൽ ശബ്ദം പുറപ്പെടുവിക്കുന്ന മറ്റുള്ളവരെ കണ്ടു പിടിക്കണം. ആദ്യം

രൂപപ്പെടുന്ന ഗ്രൂപ്പിനു സമ്മാനം. എല്ലാ ഗ്രൂപ്പും രൂപപ്പെട്ടശേഷം നേതാവ് വീണ്ടും വിസിൽ മുഴക്കും. അതിനുശേഷമേ പരസ്പരം സംസാരിക്കുവാനും പരിചയപ്പെടുവാനും പാടുള്ളൂ. തുടർന്ന് ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കാം.

പൊതുചർച്ച: ഗ്രൂപ്പുകൾ രൂപപ്പെടുത്തിയ ശേഷം എല്ലാ ഗ്രൂപ്പുകളെയും ഒന്നിച്ചുകൂട്ടി തങ്ങളുടെ അനുഭവങ്ങളും നേതൃത്വവുമായി ബന്ധപ്പെട്ട ആശയങ്ങളും പങ്കുവയ്ക്കാം. താഴെ പറയുന്ന ആശയങ്ങൾ ചർച്ചയ്ക്കെടുക്കുന്നതു നന്നായിരിക്കും.

— സ്വതവേ പരിചിതരുമായി ഇടപഴകാനാണ് എല്ലാവർക്കും ഇഷ്ടം.

— അപരിചിതരുമായി പരിചയപ്പെട്ടെങ്കിലേ നമ്മുടെ സുഹൃദ്വലയം വർദ്ധിപ്പിക്കുവാനൊക്കൂ.

— അപരിചിതരോടു ബന്ധപ്പെടുവാൻ നാം സ്വീകരിക്കേണ്ട സമീപനം എന്തു?

— ഗ്രൂപ്പുകൾ രൂപീകരിച്ചപ്പോൾ ചർച്ചകൾക്കു നേതൃത്വം കൊടുത്തും ആശയങ്ങൾ മുന്നോട്ടുവച്ചും സ്വാഭാവികമായി നേതൃത്വപാടവം പ്രകടിപ്പിച്ചവർ നിങ്ങളുടെ ഗ്രൂപ്പിൽ ഉണ്ടോ? ഉണ്ടെങ്കിൽ ആരെല്ലാം? അവരെതന്നെയാണോ നിങ്ങൾ ഗ്രൂപ്പ് ലീഡറായി തെരഞ്ഞെടുത്തത്? എങ്കിൽ എന്തുകൊണ്ട്?

— അപരിചിതരായിരുന്നെങ്കിലും പരസ്പരം ഇടപഴകിയപ്പോൾ നിങ്ങളിലെ മാനസിക അകലം മാറിക്കിട്ടുതൽ ഐക്യവും സൗഹൃദവും സംജാതമായോ?

— പ്രായോഗിക ജീവിതത്തിൽ നമുക്കെന്തു ഗുണപാഠം അഥവാ സന്ദേശമാണ് ഈ പരിപാടിയിലൂടെ ലഭിക്കുന്നതു?

3 തെരഞ്ഞെടുപ്പ്

ലക്ഷ്യം:
- ക്യാമ്പ് ലീഡറെ തെരഞ്ഞെടുക്കുക.
- വിവിധ കമ്മറിറികളും രൂപീകരിക്കുക.
- ജന്മസിദ്ധമായി നേതൃത്വകഴിവുള്ളവരെ പ്രോത്സാഹിപ്പിക്കുക.

നടപടിക്രമം: ഗ്രൂപ്പ് വിഭജനത്തിനുപയോഗിച്ച ഏതെങ്കിലും കളിയിലൂടെ ഗ്രൂപ്പ് ലീഡർമാരെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ അവർമാത്രം സമ്മേളിച്ച് പരസ്പരധാരണയിലൂടെയോ രഹസ്യ വോട്ടിലൂടെയോ ക്യാമ്പ് ലീഡറെ തെരഞ്ഞെടുക്കണം.

ക്യാമ്പ് ലീഡറോട് സഹകരിച്ച് ക്യാമ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന 'വകുപ്പുമന്ത്രി'മാരായിരിക്കും ഗ്രൂപ്പ് ലീഡർമാർ. ക്യാമ്പ് ലീഡറുടെ നേതൃത്വത്തിൽ ഗ്രൂപ്പ് ലീഡർമാർ പരസ്പരം ചർച്ചചെയ്ത് വകുപ്പുകൾ വിഭജിക്കുന്നു. ഓരോ വകുപ്പിന്റെയും ചുമതല വഹിക്കുന്നവരെ സഹായിക്കുവാൻ അവർ നേതാക്കളായി വിവിധ കമ്മറിറികൾ രൂപീകരിക്കണം. ഉദാ: ഫുഡ് കമ്മറിറി, ഓർഗനൈസിംഗ് കമ്മറിറി, എൻറർടെയ്ൻമെൻറ് കമ്മറിറി, റിസപ്ഷൻ കമ്മറിറി, പ്രസ് കമ്മറിറി, വർക്ക് കമ്മറിറി മുതലായവ. ഓരോ കമ്മറിറിയിലേയ്ക്കും കഴിവും അഭിരുചിയും പ്രവർത്തന സന്നദ്ധതയുമുള്ളവരെ ഗ്രൂപ്പ് ലീഡർമാർ പരസ്പരം ആലോചിച്ച് അംഗങ്ങളാക്കുന്നു.

തുടർന്ന് ഗ്രൂപ്പുകളുടെ പൊതുവായ മീറിംഗ് വിളിച്ചുകൂട്ടി ഗ്രൂപ്പ് ലീഡേഴ്സിനു് സ്വീകരണം നല്കുന്നു. ക്യാമ്പ് ലീഡറെ പരിചയപ്പെടുത്തിയും ഭാരവാഹികളെ അനുമോദിച്ചും പരിശീലകൻ പ്രസംഗിക്കുന്നു. അതേ തുടർന്ന് ക്യാമ്പ് ലീഡർ തന്റെ സഹപ്രവർത്തകരായ നേതാക്കന്മാരെ അംഗങ്ങൾക്ക് പരിചയപ്പെടുത്തുകയും കമ്മറിറിക്കാരുടെ പേരുകൾ വെളിപ്പെടുത്തുകയും ചെയ്യുന്നു. ഗ്രൂപ്പ് ലീഡർ കമ്മറിറിക്കാരെയും അവരുടെ നേതാക്കളെയും അനുമോദിക്കുകയും അംഗങ്ങളുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഓരോ നേതാവിനെയും പരിചയപ്പെടുത്തി പ്രസംഗിക്കുമ്പോൾ അംഗങ്ങളെക്കൊണ്ട് താളാത്മകമായി കയ്യടിപ്പിച്ച് സമൂഹത്തിന്റെ അനുമോദനം പ്രകടിപ്പിക്കാം.

ഓരോ കമ്മറിറിയും ചെയ്യേണ്ടതും ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങൾ പരിശീലകൻ അവർക്ക് മനസ്സിലാക്കിക്കൊടുക്കണം.

4 നേതാക്കളുടെ ആവിർഭാവം

ലക്ഷ്യം: – സാഹചര്യത്തിനനുസരിച്ച് സമൂഹത്തിൽ നേതാക്കൾ എങ്ങനെ ആവിർഭവിക്കുന്നുവെന്ന് മനസ്സിലാക്കുക.

– നേതൃത്വത്തിലേയ്ക്കുയരുന്നതിന് അനുകൂലമായ മാഗ്രങ്ങൾ കണ്ടെത്തുക.

– ജന്മസിദ്ധമായ നേതൃവാസന പ്രകടിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നല്കുക.

– സ്വന്തം നേതൃത്വകഴിവുകളെ വിലയിരുത്താൻ അവസരമൊരുക്കുക.

(i) പാർട്ടി അംഗങ്ങളെ കണ്ടുപിടിക്കൽ

സജ്ജീകരണം: കളിയിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണമനുസരിച്ച് പ്രസിദ്ധരായ നേതാക്കളുടെ ഓരോ പേരെഴുതിയ തുണ്ടുകടലാസ്. കളിക്കാരുടെ എണ്ണമനുസരിച്ച് പത്തിനും പതിനഞ്ചിനും മദ്ധ്യേ ആംഗ്ലോരുള്ളതും തുല്യ അംഗബലമുള്ളതുമായ മൂന്നോ അതിലധികമോ ഗ്രൂപ്പുകളായി തിരിക്കത്തക്ക വിധമായിരിക്കണം നേതാക്കളുടെ പേരുകൾ നിശ്ചയിക്കുക.

നടപടിക്രമം: എല്ലാവരും വൃത്താകൃതിയിൽ കൈപ്പത്തികൾ പിറകിൽ ചേർത്തുപിടിച്ച് നില്ക്കുന്നു. നേതാക്കളുടെ പേരെഴുതി ഇടകലർത്തിയ തുണ്ടുകടലാസ്സുകളിൽ ഓരോന്ന് ഓരോരുത്തന്റെയും കൈകളിൽ വച്ചുകൊടുക്കുന്നു. (ഈ രീതിക്കു പകരം പാത്രത്തിൽ നറുക്കെഴുതി തയ്യാറാക്കി കളിക്കാർ ഓരോ നറുക്കെടുത്തും കളിയാരംഭിക്കാം.) വിസിൽ കേൾക്കുമ്പോൾ ഓരോരുത്തനും തനിക്കു കിട്ടിയ നേതാവിന് 'ജയ്' വിളിച്ചുകൊണ്ട് പുറത്തിനടന്നും അതേ നേതാവിന് 'ജയ്' വിളിക്കുന്നവരെ കണ്ടെത്തുന്നു. അങ്ങനെ കണ്ടെത്തുന്നവർ പരസ്പരം കൈകോർത്തു പിടിച്ച് ആ നേതാവിന്റെ മറ്റു അനുയായികളെയും തേടിപ്പിടിക്കുന്നു. നേതാവിന് 'ജയ്' വിളിക്കയല്ലാതെ മറ്റു സംസാരം പാടില്ല. നേരത്തെ നല്കപ്പെടുന്ന നിർദ്ദേശത്തിനനുസരിച്ച എണ്ണം തികഞ്ഞാലുടനെ അവർ പരസ്പരം കൈകോർത്ത് ഇരിക്കുന്നു. അങ്ങനെ ആദ്യം രൂപപ്പെടുന്ന ഗ്രൂപ്പ് വിജയിച്ചതായി കണക്കാക്കുന്നു.

ഗ്രൂപ്പ് വിജ്ഞാനത്തിനുള്ള കളികളിൽനിന്ന് വ്യത്യസ്തമായി ഇവിടെ നേതാവിനെ തെരഞ്ഞെടുക്കുവാൻ ആവശ്യപ്പെടേണ്ട.

എല്ലാ ഗ്രൂപ്പുകളും രൂപപ്പെട്ടു കഴിയുമ്പോൾ ഓരോ ഗ്രൂപ്പും തങ്ങളുടെ നേതാവിനുവേണ്ടി പ്രകടനം നടത്തുവാൻ മുദ്രാവാക്യം തയ്യാറാക്കണം. അതിന് പത്തു മിനിറ്റു സമയം നല്ലാം. തുടർന്ന് മുദ്രാവാക്യമത്സരം നടത്തുന്നു ഓരോ ഗ്രൂപ്പും മാറി മാറി എഴുന്നേറ്റുനിന്ന് 3 മുതൽ 5 മിനിറ്റുവരെ സമയത്തേയ്ക്ക് താളാത്മകമായി മുദ്രാവാക്യം മുഴക്കണം. ഗ്രൂപ്പുകളിലെ എല്ലാവരും നിർബന്ധമായും മത്സരത്തിൽ പങ്കെടുക്കണം. ഏറ്റവും നല്ല മുദ്രാവാക്യങ്ങൾക്കും അവ ഏറ്റവും നന്നായി അവതരിപ്പിക്കുന്നവർക്കും സമ്മാനം വാഗ്ദാനം ചെയ്യണം.

ഗ്രൂപ്പ് ചർച്ച: മത്സരത്തിനുശേഷം ഓരോ ഗ്രൂപ്പും താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നു.

— നിങ്ങളുടെ ഗ്രൂപ്പിന് നേതൃത്വം വഹിച്ചത് ആരാണ്?

— അദ്ദേഹത്തെ നേതാവാക്കണമെന്ന് നിങ്ങൾ പരസ്പരം ആലോചിച്ചു തീരുമാനിച്ചതാണോ?

— നിങ്ങളുടെ നേതാവിനോട് അഥവാ നേതാക്കളോട് സഹകരിക്കാൻ എല്ലാവരും തയ്യാറായോ?

— എന്തുകൊണ്ടാണ് അദ്ദേഹം സ്വയം നേതാവായി ഉയരാൻ ഇടയായത്? അദ്ദേഹത്തിനുള്ള കഴിവുകൾ എവ?

പൊതു ചർച്ച: ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ട് ഓരോ ഗ്രൂപ്പിന്റെയും പ്രതിനിധി സ്റ്റേജിൽവന്നു വായിക്കുകയോ വിവരിക്കുകയോ ചെയ്യുന്നു. അംഗങ്ങൾക്ക് സംശയങ്ങൾ ഉന്നയിക്കുകയും വിശദീകരണം നല്കുകയും ചെയ്യാം.

(ii) *സമൂഹഗാന മത്സരം*

അംഗങ്ങളെ 8 മുതൽ 14 വരെ അംഗങ്ങളുള്ളതും തുല്യ അംഗബലമുള്ളതുമായ പല ഗ്രൂപ്പുകളായി തിരിക്കുക. എല്ലാ പ്പിനുവേണ്ടി ക്ലാസ്സിൽ അടുത്തടുത്ത ഇരുണ്ട ബഞ്ചുകാരെ ഓരോ ഗ്രൂപ്പാക്കാം. ഓരോ ഗ്രൂപ്പിനും ഓരോ നമ്പർ നല്കണം.

ഗ്രൂപ്പുകൾക്കുവേണ്ടി ഒരു സമൂഹഗാന മത്സരം സംഘടിപ്പിക്കുവാൻ പോകയാണ്. അതിൽ പങ്കെടുക്കുമ്പോൾ എല്ലാവർക്കും ചേർന്ന് ചുരുങ്ങിയത് നാല് വരികളെങ്കിലും പാടുവാൻ കഴിയുന്ന കഴിയുന്നത്ര പാട്ടുകൾ ഓരോ ഗ്രൂപ്പും പരസ്പരം ചർച്ചചെയ്ത് കുറിച്ചു വയ്ക്കണം. ഈ ചർച്ചയ്ക്ക് 5 മിനിറ്റു സമയം കൊടുക്കുക.

കളി ആരംഭിക്കുമ്പോൾ പരിശീലകൻ വിസിൽ മുഴക്കി ഒരു ഗ്രൂപ്പിന്റെ നമ്പർ പറയും. ഉടൻ ആ ഗ്രൂപ്പുകാർ എല്ലാവരും എഴുന്നേറ്റുനിന്ന് ഒരു ഗാനം ആലപിക്കണം. അതു ചലച്ചിത്ര ഗാനമോ, ഭക്തി ഗാനമോ ലളിത സംഗീതമോ പാഠപുസ്തകത്തിലെ കവിതയോ എന്തുമാകാം — അടുത്ത വിസിൽ കേട്ടാലുടൻ അവർ പാട്ട് നിർത്തണം. അപ്പോൾ നേതാവു വിളിച്ചുപറയുന്ന നമ്പരുള്ള ഗ്രൂപ്പുകാർ എഴുന്നേറ്റുനിന്ന് മറ്റൊരു ഗാനം ആരംഭിക്കണം. ഒരിക്കൽ പാടിയ പാട്ട് ഒരു ഗ്രൂപ്പുകാരും അതേ ട്യൂണിൽ ആവർത്തിക്കാൻ പാടില്ല. സംഗീതമത്സരം ആരംഭിച്ചാൽ പിന്നീട് ആരും സംസാരിക്കുവാൻ പാടില്ല. ഏതെങ്കിലും പാട്ട് പാടുവാൻ പുതുതായി ഓർമ്മിച്ചാൽ കടലാസ്സിൽ എഴുതി പരസ്പരം കാണിക്കുകയേ

പാടുള്ള. നിയമം തെറ്റിക്കുന്ന ഗ്രൂപ്പുകൾ മത്സരത്തിൽനിന്ന് പുറത്തുള്ളപ്പെടും.

മത്സരത്തിനിടയിൽ 3 മിനിറ്റ് സമയത്തേയ്ക്ക് വീണ്ടും ചർച്ച അനുവദിക്കാം. അപ്പോൾ അവർ ചർച്ച ചെയ്യേണ്ടത് തങ്ങളുടെ ഗ്രൂപ്പിന്റെ വിജയത്തിനു കൂടുതലായി എന്തു ചെയ്യണമെന്നാണ്. ചർച്ചയ്ക്കുശേഷം വീണ്ടും കുറേ സമയംകൂടി കളി തുടരുന്നു.

മത്സരം അവസാനിപ്പിച്ച ശേഷം ഓരോ ഗ്രൂപ്പും ഈ കളിയിൽ പങ്കെടുത്തപ്പോൾ തങ്ങൾ കണ്ടതും തങ്ങൾക്ക് അനുഭവപ്പെട്ടതുമായ കാര്യങ്ങളുടെ വെളിച്ചത്തിൽ സമൂഹത്തെയും നേതൃത്വവുമായി ബന്ധപ്പെട്ട വിഷയങ്ങളെയും പറ്റി ചർച്ച ചെയ്യുന്നു.

ഗ്രൂപ്പ് ചർച്ച: നേതാവിനെ തെരഞ്ഞെടുക്കാൻ പരിശീലകൻ ആവശ്യപ്പെടാതെതന്നെ ഗ്രൂപ്പിൽ നേതാവിനെ തെരഞ്ഞെടുത്തോ?

- ഒന്നോ രണ്ടോ പേർ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്ക് സ്വയം മുൻകൈയെടുക്കുകയായിരുന്നോ? അല്ലെങ്കിൽ അംഗങ്ങൾ ഒന്നോ രണ്ടോ പേരെ ചുമതലപ്പെടുത്തുകയായിരുന്നോ?

- നിങ്ങളുടെ ഗ്രൂപ്പ് വിജയിച്ചതിനു അഥവാ പരാജയപ്പെട്ടതിനു ഉത്തരവാദി ആരാണ്? പരാജയത്തിനു കാരണക്കാരനായ വ്യക്തിയെ ആരെങ്കിലും കുറ്റപ്പെടുത്തിയോ?

- നിങ്ങൾക്ക് നേതാവുണ്ടായെങ്കിൽ അദ്ദേഹത്തിന്റെ പേരെന്ത്? ഗുണഗണങ്ങൾ എവ?

- ചർച്ചകൾക്കും സംഗീതമത്സരത്തിനും ഗ്രൂപ്പിൽ നേതൃത്വം നല്കിയത് ഒരേ വ്യക്തിയാണോ അതോ പലരോ? എന്തുകൊണ്ട്?

പൊതു ചർച്ച: ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ട് ഓരോ ഗ്രൂപ്പിന്റെയും പ്രതിനിധി സ്റ്റേജിൽ വന്നു വായിക്കുകയോ വിവരിക്കുകയോ ചെയ്യുന്നു. അംഗങ്ങൾക്ക് സംശയങ്ങൾ ഉന്നയിക്കുകയും വിശദീകരണം നല്കുകയും ചെയ്യാം.

(iii) *ഭാവനാത്മകമായ വിലയിരുത്തൽ*

അംഗങ്ങൾക്ക് വ്യക്തിപരമായി തങ്ങളുടെ നേതൃത്വകഴിവിനെ വിലയിരുത്തുവാനുള്ള അവസരമൊരുക്കുകയാണ് ഈ ടെക്നിക്കിലൂടെ. പരിശീലകനാണ് ഇവിടെ അംഗങ്ങളുടെ

ചിന്തയേയും മനോഭാവത്തേയും നിയന്ത്രിക്കുന്നത്. വിഷയത്തിൽനിന്നു വിട്ടുപോകാതെ വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട കാര്യമാണിത്. അംഗങ്ങൾ തങ്ങളുടെ ഇരിപ്പിടങ്ങളിൽ സ്വസ്ഥമായി ഇരിക്കണം. മനസ്സിനെ ഏകാഗ്രമാക്കാൻ ഒന്നുരണ്ടു മിനിറ്റ് സമയം കൊടുക്കണം. ശാന്തമായ സംസാരത്തിലൂടെ ചിന്തിക്കുവാൻ സമയം നല്കിക്കൊണ്ട് പരിശീലകൻ അവരുടെ ചിന്തയെ വിഷയത്തിലേയ്ക്കു നയിക്കുന്നു:

''നിങ്ങൾ ചെറുപ്പകാലത്തു കൂട്ടുകാരുമൊത്തു കളിച്ചുനടന്ന കാലഘട്ടത്തെക്കുറിച്ചു ചിന്തിക്കുക. ആരൊക്കെയായിരുന്നു അന്നത്തെ കൂട്ടുകാർ. നിങ്ങൾ ഒന്നിച്ചു കൂടിയിരുന്നപ്പോൾ ആ ഗ്രൂപ്പിൽ സ്വാധീനമുള്ള വ്യക്തി ആരായിരുന്നു?

''നിങ്ങൾ നേതൃത്വം ഏറ്റെടുത്ത സന്ദർഭങ്ങൾ ഏതെല്ലാമാണ്? നിങ്ങളുടെ സ്വാധീനത്തെക്കുറിച്ച് അന്നു നിങ്ങൾക്ക് ആത്മവിശ്വാസമുണ്ടായിരുന്നോ? കൂട്ടുകാരെ സന്തോഷചിത്തരാക്കുവാൻ അന്നു നിങ്ങൾക്കു കഴിഞ്ഞിരുന്നോ?

''നിങ്ങളുടെ സ്കൂളിലെയോ കോളേജിലെയോ ഇടവകയിലെയോ നാട്ടിലെയോ ഏതെങ്കിലും സംഘടനയിൽ നിങ്ങൾ ഭാരവാഹിയായിരുന്നോ? അതിൽ നിങ്ങൾ സംതൃപ്തനായിരുന്നോ? മറ്റുള്ളവർക്കു സംതൃപ്തി നല്കാൻ നിങ്ങൾക്ക് അന്നു കഴിഞ്ഞിരുന്നോ?

''മറ്റുള്ളവർ നിങ്ങൾക്കു നേതൃസ്ഥാനം നല്കാൻ തയ്യാറായപ്പോൾ അതിൽനിന്ന് ഒഴിഞ്ഞുമാറിയിട്ടുണ്ടോ? എങ്കിൽ എന്തുകൊണ്ടാണ് നേതൃത്വം ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നത്? ഇന്നാണെങ്കിൽ നിങ്ങൾ ആ സ്ഥാനം ഏറ്റെടുക്കുമായിരുന്നോ?

''നേതൃസ്ഥാനം നിങ്ങൾ ആഗ്രഹിച്ചിട്ട് ലഭിക്കാതെ പോയ സന്ദർഭങ്ങളുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് അതു ലഭിക്കാതെ പോയത്?

''ഇന്നു നിങ്ങൾ എന്തെങ്കിലും സംഘടനയിൽ ഭാരവാഹിയാണോ? ആണെങ്കിൽ അതിൽ നിങ്ങൾ സംതൃപ്തനാണോ? നിങ്ങളുടെ നേതൃത്വത്തിൽ മറ്റുള്ളവർ സംതൃപ്തരാണോ? എന്തുകൊണ്ട്? സംഘടനയെ അതിന്റെ ലക്ഷ്യത്തിലേയ്ക്കു നയിക്കുവാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ? സഹപ്രവർത്തകരുടെ സംതൃപ്തിയിൽ നിങ്ങൾ ശ്രദ്ധിക്കാറുണ്ടോ?

''നിങ്ങൾ അംഗമായിരിക്കുന്ന ഒരു സംഘടന അതിന്റെ ഉത്തരവാദിത്വമേറിയ ഒരു നേതൃസ്ഥാനം നിങ്ങളെ ഏല്പിക്കു

വാനാഗ്രഹിക്കുന്നു. അതിനെതിരെടുക്കുവാൻ നിങ്ങളും തയ്യാറാണോ? എന്തുകൊണ്ട്?

''നേതൃസ്ഥാനത്തെത്തിയാൽ സംഘടനയിൽ എന്തെല്ലാം ഭരണപരിഷ്കാരങ്ങളാവും താങ്കൾ നടപ്പിലാക്കുക?

''നിങ്ങളുടെ നാട്ടിൽ ഒരു പൊതുസമ്മേളനം നടക്കുന്നതാണ്. അതിൽ ആശംസാപ്രസംഗം നടത്താൻ അതിന്റെ സംഘാടകർ താങ്കളേയും ക്ഷണിക്കാനാഗ്രഹിക്കുന്നു. താങ്കൾ ആ ക്ഷണം സ്വീകരിക്കാൻ തയ്യാറാണോ? തയ്യാറല്ലെങ്കിൽ എന്തുകൊണ്ട്? ആ സമ്മേളനത്തിൽ പ്രസംഗിക്കുന്നതുകൊണ്ട് താങ്കൾക്കുള്ള നേട്ടമെന്ത്?

''പഞ്ചായത്ത് തെരഞ്ഞെടുപ്പിനു് അല്ലെങ്കിൽ സംഘടനാ തെരഞ്ഞെടുപ്പിനു മത്സരിക്കുവാൻ നിങ്ങളുടെ കൂട്ടുകാർ നിങ്ങളെ പ്രേരിപ്പിക്കുന്നു. നാമനിർദ്ദേശ പത്രികകൊടുക്കാൻ നിങ്ങൾ തയ്യാറാണോ? മത്സരരംഗത്തു വന്നാൽ ആരെല്ലാം താങ്കൾക്കു വേണ്ടി പ്രവർത്തിക്കാനുണ്ടാകും? ആരെല്ലാം താങ്കൾക്കനുകൂലമായി വോട്ടുചെയ്യേക്കും? താങ്കൾക്കു് വോട്ടുചെയ്യാൻ അവരെ പ്രേരിപ്പിക്കുന്ന ഘടകം എന്താണ്? താങ്കൾക്കനുകൂലമായി വോട്ടുചെയ്യാൻ സാധ്യതയില്ലാത്തവർ ആരെല്ലാമായിരിക്കും? എന്തുകൊണ്ട്? അവരെ താങ്കൾക്കനുകൂലമാക്കാൻ ഭാവിയിൽ എന്തുചെയ്യണം?

''താങ്കൾ ഉൾപ്പെടെ ഒരു സംഘം ആളുകൾ ഒരു വിനോദയാത്രയ്ക്കു് പോകുന്നു. യാത്രാമദ്ധ്യേ ഒരു അപകടമുണ്ടായി എതാനുംപേർക്കു് പരിക്കു പറ്റുന്നു. ആ സാഹചര്യത്തിൽ താങ്കൾ എന്തുചെയ്യും?

''താങ്കൾ ഒരു അപകടത്തിൽപെട്ടു മരിക്കുന്നുവെന്നു സങ്കല്പിക്കുക. താങ്കളുടെ ശവശരീരം വീട്ടിൽ ശവപ്പെട്ടിയിൽ കിടത്തിയിരിക്കുന്നു. ആരെല്ലാമായിരിക്കും താങ്കളുടെ ശവശരീരം സന്ദർശിക്കാനെത്തുക? താങ്കളുടെ മരണത്തിൽ യഥാർത്ഥത്തിൽ വ്യസനിക്കുന്നവരും വിലപിക്കുന്നവരും ആരെല്ലാമായിരിക്കും? അവർ ദു:ഖിതരാകുന്നതിനുള്ള വ്യക്തിപരമായ കാരണങ്ങളും എന്തെല്ലാമായിരിക്കും?''

മേൽ പറഞ്ഞവയെക്കുറിച്ചു് ഓരോരുത്തനും ഭാവനാത്മകമായി ചിന്തിക്കുകയോ ഉത്തരങ്ങൾ രഹസ്യമായി കടലാസ്സിൽ രേഖപ്പെടുത്തുകയോ ചെയ്യാം.

ഇത്തരം ചിന്തകൾ പങ്കുവയ്ക്കുവാൻ വിശ്വാസവും സ്വാതന്ത്ര്യവുമുള്ള രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടി തങ്ങൾക്കു് പങ്കുവയ്ക്കുവാൻ ഇഷ്ടമുള്ള കാര്യങ്ങൾമാത്രം പരസ്പരം ചർച്ചചെ

യ്യുകയും നേതൃത്വത്തിലേയ്ക്കുയരാൻ സഹായിക്കുന്ന പ്രായോഗിക നടപടികളും ആവിഷ്ക്കരിക്കുകയും ചെയ്യാം.

വിശദീകരണം: നേതാക്കളുടെ ആവിർഭാവത്തെക്കുറിച്ച് മനസ്സിലാക്കുവാൻ മേൽ വിവരിച്ച മൂന്നു ടെക്നിക്കുകളിൽ ഏതു് അവതരിപ്പിച്ചാലും താഴെ പറയുന്ന ആശയങ്ങളും പരിശീലകനു വിശദീകരിക്കാം.

— നേതൃത്വം ജന്മസിദ്ധമായ കഴിവാണു്.

— സ്വന്തം പരിശ്രമത്തിലൂടെ അതിനെ പരിപോഷിപ്പിക്കുവാൻ സാധിക്കും.

— അനുഭവജ്ഞാനം നേതൃത്വത്തിൽ ഉയരാൻ ആത്മധൈര്യം പകരും.

— സമൂഹത്തെ അതിന്റെ ലക്ഷ്യത്തിലേയ്ക്കു നയിക്കാനും സഹപ്രവർത്തകർക്കു സംതൃപ്തി നല്കാനും കഴിയുന്നവർക്കേ നേതൃത്വത്തിൽ പിടിച്ചുനില്ക്കാൻ കഴിയൂ.

— ഒറിജിനാലിറ്റിയും സമൂഹത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനുള്ള കഴിവും സന്ദർഭോചിതമായ പെരുമാറ്റവും നേതാവിനാവശ്യമാണു്.

— കഴിയുന്നത്ര ആളുകളുമായി സൗഹൃദബന്ധം സ്ഥാപിക്കുവാനും അവരുടെ നന്മയെ ആഗ്രഹിക്കുവാനും നേതാവിനു കഴിയണം.

— നേതൃത്വത്തിനു ലഭിക്കുന്ന നല്ല അവസരങ്ങളും പരമാവധി പ്രയോജനപ്പെടുത്തണം.

— നേതൃസ്ഥാനം നിങ്ങളും ഏതു വിധേനയും കൈയ്യിലാക്കുകയല്ല, മറിച്ചു് നേതൃസ്ഥാനം നിങ്ങളെ തേടിയെത്തത്തക്കവിധം പ്രവർത്തിക്കയാണു വേണ്ടതു്.

5 നേതൃത്വ ഗുണങ്ങൾ

ലക്ഷ്യം:– നേതാക്കൾക്കു് പൊതുവെ ഉണ്ടായിരിക്കേണ്ട ഗുണങ്ങളും അംഗങ്ങളെക്കൊണ്ടു് സ്വയം കണ്ടെത്താൻ സഹായിക്കുക.

— നേതൃത്വഗുണങ്ങളെ അവയുടെ പ്രാധാന്യക്രമത്തിൽ മനസ്സിലാക്കുക.

— നേതൃത്വകഴിവുള്ള അംഗങ്ങൾക്കു് അംഗീകാരവും പ്രോത്സാഹനവും നല്കുക.

— സ്വന്തം നേതൃത്വകഴിവുകളെ കണ്ടെത്താൻ സഹായിക്കുക.

(i) *ഗ്രൂപ്പിലെ നേതാവിന്റെ കഴിവുകൾ*

വിസിൽ കേൾക്കുമ്പോൾ അംഗങ്ങൾ മുറിയിലുടെ ചുറ്റിക്കറങ്ങുന്നു. കഴിവതും പരസ്പരം പരിചിതരായ ഏഴോ എട്ടോ പേരടങ്ങുന്ന ഗ്രൂപ്പുകൾ രൂപപ്പെടുത്തുകയാണ് ലക്ഷ്യം. അങ്ങനെ രൂപപ്പെടുന്ന ഗ്രൂപ്പുകൾ സൗകര്യപ്രദമായ സ്ഥലങ്ങളിൽ സമ്മേളിച്ച് തങ്ങളിൽനിന്നുതന്നെ ഏറ്റവും ഭേദപ്പെട്ട ഒരു നേതാവിനെ തെരഞ്ഞെടുക്കുന്നു. അങ്ങനെ പല ഗ്രൂപ്പുകളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട നേതാക്കന്മാർ ഒരുമിച്ച് മറ്റൊരു ഗ്രൂപ്പായി തങ്ങളിൽനിന്നുതന്നെ പ്രമുഖ നേതാവിനെ തെരഞ്ഞെടുക്കുന്നു. (ഗ്രൂപ്പ് വിജ്ഞാനവും തെരഞ്ഞെടുപ്പും നേരത്തെ നടന്നിട്ടില്ലെങ്കിൽ ഓരോ ഗ്രൂപ്പിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടവരെ ഗ്രൂപ്പ ലീഡർമാരും വിവിധ കമ്മറ്റി കൺവീനർമാരുമാക്കാം. പ്രമുഖ നേതാവിനെ ക്യാമ്പ് ലീഡറുമാക്കാം.)

ഓരോ ഗ്രൂപ്പും തങ്ങളും നേതാവായി തെരഞ്ഞെടുത്ത വ്യക്തിയിലുള്ള നേതൃത്വഗുണങ്ങളെ ചർച്ച ചെയ്ത രേഖപ്പെടുത്തണം. അതോടൊപ്പം അയാളിൽനിന്നു തങ്ങളും പ്രതീക്ഷിക്കുന്ന നേതൃത്വ ഗുണങ്ങളും എഴുതണം.

നേതൃത്വഗുണങ്ങളെ സംബന്ധിച്ച ഗ്രൂപ്പ് ചർച്ചയ്ക്കുശേഷം എല്ലാവരും ഹാളിൽ ഒന്നിച്ചുകൂടുന്നു. തങ്ങളും തെരഞ്ഞെടുത്ത നേതാവിന്റെ ഗുണഗണങ്ങളും ഗ്രൂപ്പ് സെക്രട്ടറിമാർ ഓരോരുത്തരായി അവതരിപ്പിക്കണം. അങ്ങനെ അവതരിപ്പിക്കപ്പെടുന്ന നേതൃത്വഗുണങ്ങളെ പരിശീലകൻ അപ്പോഴപ്പോൾ ബോർഡിൽ എല്ലാവർക്കും കാണത്തക്കവിധം എഴുതണം. ഒരിക്കൽ രേഖപ്പെടുത്തിയ നന്മകൾതന്നെ മറ്റൊരു ഗ്രൂപ്പ് വീണ്ടും പറഞ്ഞാൽ അവ ആവർത്തിച്ചെഴുതാതെ 'ടിക്' ചെയ്യാൽ മതിയാകും. എല്ലാ ഗ്രൂപ്പുകളുടെയും ഉത്തരങ്ങൾ വായിച്ചുകഴിയുമ്പോൾ അവർ ചർച്ചചെയ്ത കണ്ടുപിടിച്ച നേതൃത്വഗുണങ്ങളെ അപഗ്രഥിച്ചുകൊണ്ട് അഞ്ചോ പത്തോ മിനിട്ട് സമയം വിശദീകരണം നല്കുന്നു. എല്ലാ നേതാക്കൾക്കും സാമാന്യമായി ഉണ്ടായിരിക്കേണ്ട സവിശേഷതകളെ അവയുടെ പ്രാധാന്യമനുസരിച്ച് വിശദമാക്കണം.

(ii) *എല്ലാവർക്കും ഇഷ്ടപ്പെട്ട നേതാവ്*

വെളിയിൽ വൃത്താകൃതിയിലിരുത്തിയോ ക്ലാസ്സിൽതന്നെ ഇരുന്നോ ഈ ടെക്നിക്ക് നടത്താം. ഓരോരുത്തനും ക്ലാസ്സിലു

ള്ളവരിൽനിന്നു് തനിക്കു ബോധ്യമുള്ള ഒരു നല്ല നേതാവിന്റെ പേരു് ഒരു കടലാസിനു മുകൾഭാഗത്തു രേഖപ്പെടുത്തണം. അതിനു താഴെയായി അയാളെതന്നെ നേതാവായി നിശ്ചയിക്കാനുള്ള കാരണങ്ങൾ (അയാളിലെ നേതൃത്വകഴിവുകൾ) രേഖപ്പെടുത്തണം.

ഓരോരുത്തനും നേതാവാകുവാൻ നിർദ്ദേശിക്കുന്ന വ്യക്തിയുടെ പേരും അയാളെ തെരഞ്ഞെടുക്കാനുള്ള കാരണങ്ങളും ക്ലാസ്സിൽ അവതരിപ്പിക്കണം. നിർദ്ദേശിക്കപ്പെടുന്ന നേതാക്കന്മാരുടെ പേരുകളും അവരുടെ നേതൃത്വകഴിവുകളും ബോർഡിലോ വലിയൊരു കടലാസിലോ പരിശീലകൻ രേഖപ്പെടുത്തണം. ഒരാളെ തന്നെ പലരും നേതാവായി നിർദ്ദേശിച്ചെന്നു വരാം.

എല്ലാവരുടെയും ഉത്തരങ്ങൾ ശ്രവിച്ചശേഷം പൊതു ചർച്ചയിലൂടെ എല്ലാവർക്കും സ്വീകാര്യനായ ഒരു നേതാവിനെ നിശ്ചയിക്കുന്നു. അയാൾക്കുള്ള നേതൃത്വകഴിവുകളെയും അയാളിൽനിന്നുള്ള സമൂഹത്തിന്റെ പ്രതീക്ഷകളെയും കുറിച്ചു പൊതുവായ ആശയങ്ങൾ തയ്യാറാക്കുന്നു അതിന്റെ വെളിച്ചത്തിൽ നേതാക്കൾക്കു ഉണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങളെ പരിശീലകൻ വിശദീകരിച്ചു ക്ലാസ്സെടുക്കുന്നു.

(iii) *ആദർശ നേതാവു്*

ക്ലാസ്സിലുള്ള ഓരോരുത്തനും തന്റെ വീക്ഷണത്തിൽ ജീവിതത്തിന്റെ വിവിധ മേഖലകളിലുള്ള ഏതൊരു നേതാവിനും ഉണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട നേതൃത്വഗുണങ്ങൾ കടലാസ്സിൽ ചുരുക്കമായി എഴുതണം. തുടർന്നു് അവയെ പ്രാധാന്യക്രമമനുസരിച്ചു് നമ്പരിട്ടു് രേഖപ്പെടുത്തണം.

തുടർന്നു് ഏഴോ എട്ടോ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകളായി അംഗങ്ങളെ തിരിക്കുക. ഗ്രൂപ്പിൽ ഓരോരുത്തനും താൻ മുൻഗണനാക്രമത്തിൽ എഴുതിയ നേതൃത്വഗുണങ്ങൾ അവതരിപ്പിക്കണം. അംഗങ്ങളുടെ ഉത്തരം ഗ്രൂപ്പു് വിശദമായി ചർച്ച ചെയ്തു് നേതൃത്വഗുണങ്ങളുടെ മുൻഗണനാക്രമമനുസരിച്ചു് പൊതുവായൊരു ലിസ്റ്റു് തയ്യാറാക്കണം. 30 മിനിറ്റു സമയം ഇതിനു് അനുവദിക്കാം. തുടർന്നു് ഓരോരുത്തനും നേതൃത്വഗുണങ്ങളെ സംബന്ധിച്ചു താൻ തയ്യാറാക്കിയ ലിസ്റ്റും ഗ്രൂപ്പിന്റെ ലിസ്റ്റും താരതമ്യപ്പെടുത്തുന്നു ഗ്രൂപ്പു് കണ്ടെത്തിയ നേതൃത്വഗുണങ്ങൾ തന്നിൽ എത്രമാത്രം ഉണ്ടെന്നു വിലയിരുത്തുന്നു.

എല്ലാ ഗ്രൂപ്പുകളുടെയും പൊതുവായ സമ്മേളനമാണു തുടർന്നു നടക്കുക. ഗ്രൂപ്പുകളുടെ ഉത്തരം അപ്പോൾ പ്രതിനിധി

കം അവതരിപ്പിക്കുന്നു. തുടർന്നു് പൊതു ചർച്ചയും വിശദീകരണവുമാകാം.

വിശദീകരണം: മേൽ വിവരിച്ച മൂന്നുറൈക്നിക്കുകളും കൂടി പൊതുവായി വിശദീകരിക്കാവുന്ന ആശയങ്ങളാണു് താഴെ ചേർക്കുന്നതു്.

— ഇന്നത്തെ സമൂഹത്തിൽ നേതാക്കളും ധാരാളമുണ്ടു്. പക്ഷേ നല്ലനേതാക്കളുടെ അഭാവം ഇന്നിന്റെ സൂക്ഷ്മമായ പ്രശ്നമാണു്.

— നേതൃത്വത്തെ സംബന്ധിച്ച വികലമായ ധാരണയും അതനുസരിച്ച പ്രവർത്തനങ്ങളും സമൂഹത്തിൽ നിരവധി പ്രശ്നം സൃഷ്ടിക്കുന്നുണ്ടു്.

— ആയിരക്കണക്കിനു ജനങ്ങളുടെ ഇടയിൽ നടത്തിയ ഒരു സർവ്വേയുടെ വെളിച്ചത്തിൽ കണ്ടെത്തിയ നേതൃത്വഗുണങ്ങളും മുൻഗണനാക്രമമനുസരിച്ചു് ഇവിടെ ചേർക്കുന്നു.

1 സമൂഹത്തിന്റെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും നേടിയെടുക്കുവാനുള്ള കഴിവു്.

2 ഭരണ നൈപുണ്യവും നയോപായങ്ങളും.

3 അംഗങ്ങളെ ആവേശം കൊള്ളിക്കുവാനും അവരുടെ വിശ്വാസമാർജ്ജിക്കുവാനുമുള്ള കഴിവു്.

4 സമൂഹത്തിന്റെ ആവശ്യങ്ങളിലേയ്ക്കുള്ള ഉൾക്കാഴ്ച.

— പൊതുവായ നേതൃത്വഗുണങ്ങളും മനസ്സിലാക്കിയതുകൊണ്ടുമാത്രം നേതൃത്വവിജയം കൈവരിക്കാനാവില്ല. സമൂഹത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച പ്രവർത്തനശൈലികൂടി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

6 സ്വന്തം കഴിവുകളുടെ വിലയിരുത്തൽ

ലക്ഷ്യം:— ഓരോരുത്തന്റെയും നേതൃത്വഗുണങ്ങളെയും ബലഹീനതകളെയും സ്വയം കണ്ടെത്താൻ സഹായിക്കുക.

— തന്റെ തന്നെ കഴിവുകളെക്കുറിച്ചു് മറ്റുള്ളവർക്കുള്ള ധാരണ മനസ്സിലാക്കുക.

— അന്യരിലെ കഴിവുകളെ കണ്ടെത്താനും വിലമതിക്കാനും പ്രേരിപ്പിക്കുക.

— തന്നെത്തന്നെ മനസ്സിലാക്കിക്കൊണ്ടു് കൂടുതൽ നന്നാകാൻ ആഗ്രഹിക്കുവാൻ സഹായിക്കുക.

സജ്ജീകരണം: പങ്കെടുക്കുന്ന എല്ലാവർക്കും കടലാസും പേനയും ഉണ്ടായിരിക്കണം.

(i) *തന്നെത്തന്നെ വീക്ഷണത്തിൽ*

ഓരോരുത്തനും തനിക്കുള്ള നേതൃത്വഗുണങ്ങളും കഴിവുകളും അവയുടെ കൂടുതൽ കുറവനുസരിച്ച് നമ്പരിട്ട് എഴുതണം. അവനവന്റെ പരമാവധി ഗുണങ്ങളും നന്മകളും ആത്മാർത്ഥമായിതന്നെ രേഖപ്പെടുത്തണം. അതിനു താഴെയായി, നേതൃത്വരംഗത്തു് തനിക്ക് അനുഭവപ്പെടുന്ന ബലഹീനതകളുണ്ടെങ്കിൽ പ്രധാനപ്പെട്ടവമാത്രം രേഖപ്പെടുത്താം.

എല്ലാവരും എഴുതിക്കഴിയുമ്പോഴും പരസ്പരം പരിചയവും പങ്കുവയ്ക്കുവാൻ സ്വാതന്ത്ര്യവുമുള്ള നാലുപേരടങ്ങുന്ന ചെറിയ ഗ്രൂപ്പുകൾ രൂപപ്പെടുത്തുന്നു. ഓരോരുത്തനും തന്നെക്കുറിച്ച് രേഖപ്പെടുത്തിയ ആശയങ്ങൾ ഗ്രൂപ്പിലുള്ളവരോടു വിശദീകരിക്കുന്നു. തുടർന്ന് ഓരോരുത്തനും തന്റെ ഗ്രൂപ്പിലുള്ള ഓരോരുത്തന്റെയും കഴിയുന്നത്ര നേതൃത്വഗുണങ്ങളും കഴിവുകളും കൂടുതൽകുറവനുസരിച്ച് ക്രമത്തിൽ ആത്മാർത്ഥതയോടെ രേഖപ്പെടുത്തണം. അതിനുശേഷം ഗ്രൂപ്പുകളിലുള്ളവർ തങ്ങൾ എഴുതിയവ പരസ്പരം പങ്കുവയ്ക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. തുടർന്ന് ഓരോരുത്തനും തനിയ്ക്കുവേണ്ടിയും ഗ്രൂപ്പിലുള്ളവർക്കുവേണ്ടിയും ഗ്രൂപ്പിലുള്ളവർക്കു കേൾക്കത്തക്കവിധം പ്രാർത്ഥിക്കുന്നതു നല്ലതാണു്.

പൊതുചർച്ച: ഗ്രൂപ്പിലുള്ള പങ്കുവയ്ക്കലിനുശേഷം എല്ലാവരും ഹോളിൽ ഒന്നിച്ചുകൂടുന്നു. ഓരോ ഗ്രൂപ്പിലുമുള്ളവർ തങ്ങൾ പൊതുവായി കണ്ടെത്തിയ നേതൃത്വഗുണങ്ങൾ എല്ലാവർക്കും കേൾക്കത്തക്കവിധം വായിക്കുന്നു. പരിശീലകൻ അവയെ ബോർഡിൽ രേഖപ്പെടുത്തി അവയുടെ പ്രാധാന്യക്രമമനുസരിച്ച് വിശദീകരിക്കുകയോ അംഗങ്ങളെക്കൊണ്ടു് പറയിക്കുകയോ ചെയ്യാം.

(ii) *മറ്റുള്ളവരുടെ വീക്ഷണത്തിൽ*

പരസ്പരം പരിചയമുള്ള എട്ടോ പത്തോ പേർവീതം വൃത്താകൃതിയിൽ ഇരിക്കുന്നു. മുൻപെന്നിക്കിലേതുപോലെ ഓരോരുത്തനും തനിക്കുള്ള നേതൃത്വഗുണങ്ങളും കഴിവുകളും അവയുടെ കൂടുതൽ കുറവനുസരിച്ച് നമ്പരിട്ട് എഴുതണം. അതിനു താഴെയായി, നേതൃത്വരംഗത്തു് തനിക്ക് അനുഭവപ്പെടുന്ന ബലഹീനതകളുണ്ടെങ്കിൽ പ്രധാനപ്പെട്ടവമാത്രം രേഖപ്പെടുത്താം.

എല്ലാവരും എഴുതിക്കഴിയുമ്പോൾ ഓരോരുത്തനും മറ്റൊരു ഷീറ്റു കടലാസ് എടുത്തു് തന്റെ പൂർണ്ണമായ പേരു് അതിന്റെ മുകൾഭാഗത്തു് എഴുതുന്നു. തുടർന്നു് ഓരോരുത്തനും തന്റെ വലതുഭാഗത്തിരിക്കുന്ന ആളിന്റെ കൈയിലേയ്ക്കു് ആ കടലാസു കൈമാറുന്നു. അങ്ങനെ ലഭിക്കുന്ന കടലാസിന്റെ മുകളിൽ പേരെഴുതിയ ആളിനെക്കുറിച്ചു് ഓരോരുത്തനും തനിക്കറിയാവുന്നിടത്തോളം നേതൃത്വഗുണങ്ങളും കഴിവുകളും അവയുടെ കൂടുതൽ കുറവനുസരിച്ചു് ക്രമത്തിൽ ഏറ്റം പുരുക്കമായി എഴുതണം. ഇപ്രകാരം രേഖപ്പെടുത്തുന്നതിൽ എല്ലാവരും തികഞ്ഞ ആത്മാർത്ഥത പ്രകടിപ്പിക്കണം. പരിശീലകൻ വിസിൽ മുഴക്കുമ്പോൾ ഓരോരുത്തനും താനെഴുതിയ കടലാസു് വീണ്ടും വലതുഭാഗത്തുള്ള വ്യക്തിയിലേയ്ക്കു കൈമാറണം. പുതുതായി കിട്ടിയ കടലാസിലും മുൻപു ചെയ്തപോലെ അതിനുമുകളിൽ പേരുള്ള സുഹൃത്തിന്റെ കഴിവുകളും രേഖപ്പെടുത്തണം. വീണ്ടും വിസിൽ മുഴങ്ങുമ്പോൾ കടലാസു് വലതുവശത്തേയ്ക്കു് കൈമാറുന്നു. തങ്ങളുടെ പേരെഴുതിയ കടലാസു് കൈകളിൽ എത്തുന്നതുവരെ ഈ രീതി തുടരുന്നു.

തന്റെതന്നെ പേരെഴുതിയ കടലാസു് ലഭിച്ചുകഴിഞ്ഞു് ഓരോരുത്തനും മൗനമായി അതു വായിക്കണം. തുടർന്നു് ഓരോരുത്തനും എഴുന്നേറ്റുനിന്നു് തന്നെക്കുറിച്ചു് മറ്റുള്ളവർ എഴുതിയ കഴിവുകളും വായിക്കണം. അപ്പോൾ 'ഇദ്ദേഹം നല്ലൊരു സംഘാടകനാണു്' എന്നതിനു പകരം 'ഞാൻ നല്ലൊരു സംഘാടകനാണു്' എന്നിങ്ങനെ 'ഞാൻ .....' കൂട്ടിവേണം വായിക്കുവാൻ. ആത്മാഭിമാനം പ്രകടിപ്പിച്ചുതന്നെ അങ്ങനെ വായിക്കണം.

തുടർന്നു് ഓരോരുത്തനും തന്നെക്കുറിച്ചു് താൻതന്നെ രേഖപ്പെടുത്തിയ കഴിവുകളും മറ്റുള്ളവർ വ്യക്തമാക്കിയവയും താരതമ്യപ്പെടുത്തി പരിശോധിക്കണം. അവയിലുള്ള ഐക്യവും വൈവിധ്യവും ഗ്രൂപ്പിലുള്ളവരുമായി ചർച്ചചെയ്യാം. തന്നെക്കുറിച്ചു താൻ തന്നെ എഴുതിയപ്പോഴും, മറ്റുള്ളവർ തന്നെക്കുറിച്ചു് എഴുതിയവ വായിച്ചപ്പോഴും ഉളവായ ചിന്തകളും വികാരങ്ങളും പങ്കുവെയ്ക്കാം.

ഓരോരുത്തനും തന്നെക്കുറിച്ചു് മറ്റുള്ളവർ രേഖപ്പെടുത്തിയവ ക്രോഡീകരിച്ചു് ഏറ്റവും ഹ്രസ്വമായി ''ഞാൻ ബുദ്ധിമാനാണു്, ഞാൻ നന്നായി പെരുമാറും.....'' എന്നിങ്ങനെ മറ്റൊരു കടലാസിൽ വ്യത്തിയായി എഴുതുന്നു. എനിയ്ക്കു് ഇത്രയേറെ കഴിവുകളും നല്കിയ നല്ലവനായ ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടു് ഒരു ചെറിയ പ്രാർത്ഥനയും എഴുതി തയ്യാറാക്കാം.

തങ്ങളുടെ കഴിവുകളെക്കുറിച്ച് തയ്യാറാക്കിയ സംക്ഷിപ്ത റിപ്പോർട്ടും പ്രാത്ഥനയും എല്ലാവരും ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.

വിശദീകരണം: നേതൃത്വത്തെ സംബന്ധിച്ച് സമൂഹത്തിനു ചില ധാരണകളും ആദർശങ്ങളുമുണ്ട്. അവയിൽനിന്നു വളരെ വിദൂരത്തായിരിക്കും നാം നില്ക്കുക.

— നമ്മുടെ കഴിവുകളെയും ബലഹീനതകളെയും കുറിച്ച് ശരിയായ ധാരണ നമുക്കുണ്ടാകണം. അവയെ അംഗീകരിക്കുവാനും നാം തയ്യാറാകണം.

— മറ്റുള്ളവരുടെ കഴിവുകളെക്കുറിച്ചും തങ്ങളുടെ കഴിവുകേടുകളെക്കുറിച്ചും ചിന്തിക്കുന്നവരാണു പലരും.

— നമ്മിൽ നമുക്കു കണ്ടെത്താൻ സാധിക്കാത്ത അനവധി കാര്യങ്ങളും മറ്റുള്ളവർ ചൂണ്ടിക്കാണിച്ചെന്നുവരാം.

— നമ്മുടെ കഴിവുകളെക്കുറിച്ച് നമുക്കും മറ്റുള്ളവർക്കും ശരിയായ ധാരണ ഉണ്ടാകണമെങ്കിൽ സമൂഹപ്രവർത്തനത്തിലൂടെ നാമതു പ്രകടിപ്പിക്കണം.

— സമൂഹത്തിലെ മറ്റുള്ളവരുടെ വിശിഷ്യാ സഹപ്രവർത്തകരുടെ കഴിവുകളും മനസ്സിലാക്കുവാനും അംഗീകരിക്കുവാനും അവയെ സമൂഹത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്തുവാനും കഴിയണം.

— നേതൃത്വഗുണങ്ങളും കഴിവുകളും ഓരോരുത്തരിലും വ്യത്യാസപ്പെട്ടിരിക്കും. എല്ലാവരും തന്നെപ്പോലെ ആകണമെന്നോ, താൻ പൂർണ്ണമായും മറെറാരുവനെപ്പോലെ ആകണമെന്നോ ശഠിക്കേണ്ടതില്ല.

7 നേതാക്കളുടെ നന്മതിന്മകൾ

ലക്ഷ്യം: നല്ല നേതാക്കൾക്കുണ്ടായിരിക്കേണ്ട ഗുണഗണങ്ങളെയും നേതൃത്വത്തിനു ഹാനികരമായ തിന്മകളെയും അംഗങ്ങളെക്കൊണ്ട് എളുപ്പത്തിൽ അവതരിപ്പിക്കുക.

(i) *നേതാക്കളിലെ നന്മകൾ*

ക്യാമ്പിലുള്ളവർ പത്തോ പതിനഞ്ചോ പേരുള്ള ചെറിയ ഗ്രൂപ്പുകളായി തിരിഞ്ഞു വൃത്താകൃതിയിൽ ഇരിക്കുന്നു. ഇരിക്കുന്ന ക്രമമനുസരിച്ച് ഓരോ അംഗവും നല്ല നേതാക്കളുടെ ഗുണഗണങ്ങൾ പറയുന്നു. ഒരിക്കൽ പറഞ്ഞതു വീണ്ടും പറയാൻ പാടില്ല. പല റൗണ്ട് ഇപ്രകാരം പറയുന്നു. പരിപാടി പുരോഗമിക്കുന്നതോടെ നേതാക്കൾക്കാവശ്യമായ വളരെയേറെ

ഗുണഗണങ്ങൾ പറയാൻ സാധിക്കുന്നതിൽ അംഗങ്ങൾക്കു തന്നെ അത്ഭുതം തോന്നും.

അംഗങ്ങൾ പറയുന്നത് 'നല്ലൊരു നേതാവ്....' എന്നാരംഭിച്ചുകൊണ്ടായിരിക്കണം. ഉദാ: ''നല്ലൊരു നേതാവ് സമൂഹത്തെ ലക്ഷ്യത്തിലേയ്ക്കു നയിക്കും.'' ''നല്ലൊരു നേതാവ് എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറും.'' ''നല്ലൊരു നേതാവ് നല്ലൊരു ശ്രോതാവാണ്.''

(ii) ചെയ്യേണ്ടവയും ചെയ്യരുതാത്തവയും

മുൻ ടെക്നിക്കിലേതുപോലെ അംഗങ്ങൾ പത്തോ പതിനഞ്ചോ പേരുള്ള ചെറിയ ഗ്രൂപ്പുകളായി വൃത്താകൃതിയിൽ ഇരിക്കുന്നു. ഇരിക്കുന്ന ക്രമമനുസരിച്ച് ഒന്നാമൻ നല്ലൊരു നേതാവ് ചെയ്യേണ്ടതും രണ്ടാമൻ നേതാവ് ചെയ്യരുതാത്തതും മൂന്നാമൻ നല്ലൊരു നേതാവ് ചെയ്യേണ്ടതും നാലാമൻ നേതാവ് ചെയ്യരുതാത്തതും എന്നീ ക്രമത്തിൽ പറയുന്നു. ഒരിക്കൽ പറഞ്ഞതു് വീണ്ടും ആവർത്തിക്കരുതു്. അംഗങ്ങളുടെ താല്പര്യം കുറയുന്നതുവരെ കുറെ സമയം ഇപ്രകാരം പറയിക്കുവാൻ സാധിക്കും. അംഗങ്ങൾക്കു പറയാവുന്ന രീതിക്കു് ഉദാഹരണം.

1 നല്ലൊരു നേതാവ് സംഘാടകനായിരിക്കണം.
2 നേതാവല്ല എല്ലാ ജോലിയും ചെയ്യേണ്ടതു്.
3 നേതാവ് സമൂഹത്തിലെ അംഗങ്ങളെ അറിയണം.
4 നേതാവ് ആരെയും വെറുക്കരുതു്.
5 നേതാവ് ആദർശവാനായിരിക്കണം.
6 നേതാവ് സ്വാർത്ഥതയോടെ പെരുമാറരുതു്.

(iii) നല്ലതും ദുഷിച്ചതും

അംഗങ്ങളെ 12 മുതൽ 20 വരെ അംഗങ്ങളുള്ള ഗ്രൂപ്പുകളായി തിരിച്ചു് വൃത്താകൃതിയിലോ, മുഖാഭിമുഖം വരത്തക്കവിധം രണ്ടു നിരകളായോ ഇരുത്തുന്നു. ഗ്രൂപ്പിൽ ഓരോ വശത്തുമുള്ളവരെ ഓരോ വിഭാഗക്കാരായി കണക്കാക്കാം ഒരു ഭാഗത്തെ ഒന്നാമതിരിക്കുന്നയാൾ ''നല്ല നേതാവ് പരസ്നേഹമുള്ളവനാണു്'' എന്നോ അവസാന വാക്കിനുപകരം മറേറതെങ്കിലും നേതൃഗുണമോ പറയുന്നു. ഉടനെ മറുഭാഗത്തു് അയാൾക്കഭിമുഖമായിരിക്കുന്ന ആൾ ''മോശമായൊരു നേതാവ് മറ്റുള്ളവരെ വെറുക്കും'' എന്നോ മറേറതെങ്കിലും ദുർഗുണമോ പറയുന്നു. അടുത്തതായി രണ്ടാമതിരിക്കുന്നവർ ഇതേ രീതിയിൽ പറയണം. എല്ലാവരും പറഞ്ഞുകഴിയുമ്പോൾ നേരത്തെ നല്ല

നേതാക്കളെക്കുറിച്ച് പറഞ്ഞവർ മോശമായ നേതാക്കളെക്കുറിച്ചും മോശമായ നേതാക്കളെക്കുറിച്ച് പറഞ്ഞവർ നല്ല നേതാക്കളെക്കുറിച്ചും മാറി പറഞ്ഞ് ടെക്നിക്ക് തുടരുന്നു.

8 മാതൃകായോഗ്യരായ നേതാക്കൾ

ലക്ഷ്യം: അംഗങ്ങളുടെ ആദർശയോഗ്യരായ നേതാക്കളെ കണ്ടെത്തുക.

— ആദർശനേതാക്കളുടെ കഴിവുകളെയും നന്മകളെയും വിലയിരുത്തുക.

നേതാക്കളിൽ കടന്നുകൂടാവുന്ന തിന്മകളെ മനസ്സിലാക്കുക.

— സ്വന്തം കഴിവുകളെ വിലയിരുത്തി പുരോഗതിക്കായി പരിശ്രമിക്കുക.

(i) *എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട നേതാവ്*

ക്യാമ്പംഗങ്ങളോരോരുത്തരും തനിക്കിഷ്ടപ്പെട്ട ഏറ്റവും നല്ല നേതാവാരാണെന്ന് നിശ്ചയിക്കുന്നു. ഈ നേതാവ് ഇന്നു ജീവിച്ചിരിക്കുന്ന ഏതെങ്കിലും മേഖലയിലുള്ള നേതാവോ, മൺമറഞ്ഞ രാഷ്ട്രീയ നേതാവോ, ബൈബിളിലെയോ മറ്റു മത ഗ്രന്ഥങ്ങളിലെയോ കഥാപാത്രമോ ആകാം. തന്റെ ആദർശ നേതാവിന്റെ പ്രത്യേകതകളും ഗുണഗണങ്ങളും, ആവശ്യമെങ്കിൽ ഉദാഹരണസഹിതം ഒരു കടലാസ്സിൽ എഴുതണം.

അതിനുശേഷം ഓരോരുത്തരും തന്റെ ഉത്തരം മറ്റെല്ലാവരും കേൾക്കേ വായിക്കണം. വായിക്കുമ്പോൾ ശ്രദ്ധിക്കുന്ന പ്രധാന നേതൃത്വഗുണങ്ങൾ പരിശീലകൻ ബോർഡിൽ എഴുതണം. എല്ലാവരും വായിച്ചുകഴിയുമ്പോൾ പൊതുവെ പങ്കുവയ്ക്കപ്പെട്ട നേതൃത്വഗുണങ്ങളെ അവയുടെ പ്രാധാന്യമനുസരിച്ച് പരിശീലകൻ വിശദീകരിക്കണം.

തുടർന്ന് അല്പസമയം വ്യക്തിപരമായ ആത്മശോധനയ്ക്ക് അവസരം നല്കാം. തന്റെ ആദർശ നേതാവിനുള്ള നന്മകളിൽ എതെല്ലാം എത്രമാത്രം തന്നിലുണ്ട്, വീണ്ടും പുരോഗമിക്കുവാൻ താനെന്തുചെയ്യണം എന്നു വിലയിരുത്തുകയും സ്വയം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(ii) *പ്രധാനവും അപ്രധാനവുമായ ഗുണങ്ങൾ*

ക്ലാസ്സിലുള്ള ഓരോരുത്തരും മാറിമാറി ഓരോ നേതൃത്വഗുണങ്ങൾ പറയണം. അവയെല്ലാം പരിശീലകൻ ബോർഡിലും അംഗങ്ങൾ കടലാസ്സിലും അപ്പഴപ്പോൾ എഴുതണം.

നേതൃത്വവുമായി ബന്ധപ്പെട്ട സാധിക്കുന്നിടത്തോളം കഴിവുകളും ഗുണങ്ങളും പറയുവാൻ പരിശീലകൻ അംഗങ്ങളെ പ്രോത്സാഹിപ്പിക്കണം. അവർ പറയുന്ന ഗുണഗണങ്ങളിൽ പ്രസക്തവും അപ്രസക്തവുമായവ ഉണ്ടാകാം. എങ്കിലും അവയെല്ലാം രേഖപ്പെടുത്തണം.

അടുത്ത പടിയായി എല്ലാവരും മാറി മാറി നേതാക്കളിൽ കടന്നുകൂടാവുന്ന തിന്മകൾ ഓരോന്നായി പറയുന്നു. അവയും പരമാവധി പറയുകയും എഴുതുകയും വേണം.

തുടർന്നുള്ളതു് വ്യക്തിപരമായ പ്രവൃത്തിയാണു്. ഓരോരുത്തനും തന്റെ ആദർശപുരുഷനായ ഒരു നേതാവിനെ അഥവാ രണ്ടോ മൂന്നോ നേതാക്കളെ മനസ്സിൽ കാണണം. ഉദാ: യേശു, ഗാന്ധിജി, സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു, ഇടവക വികാരി അല്ലെങ്കിൽ പരിചിതനായ മറേറതെങ്കിലും നേതാവു്. അദ്ദേഹത്തിൽ (അവരിൽ ഉണ്ടെന്നു താൻ വിശ്വസിക്കുന്ന ഗുണങ്ങളും കഴിവുകളും മുമ്പു് എല്ലാവരുംകൂടി തയ്യാറാക്കിയ ലിസ്റ്റിൽ 'ടിക്' ചെയ്യുന്ന അദ്ദേഹത്തെക്കുറിച്ചു് കൂടുതൽ ഗുണങ്ങളെന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടെങ്കിൽ അതുമാകാം.

അതിനുശേഷം താൻ തെല്ലും വിലമതിക്കാത്ത മറെറാരു നേതാവിനെ (ഒന്നിലധികം നേതാക്കളെ) മനസ്സിൽ കണ്ടുകൊണ്ടു് അദ്ദേഹത്തിന്റെ ദുഷ്യവശങ്ങൾ എല്ലാവരുംകൂടി രണ്ടോമൂന്നു തയ്യാറാക്കിയ ലിസ്റ്റിൽ ഓരോരുത്തനും 'ടിക്' ചെയ്യണം.

അടുത്ത ഘട്ടമായി ഓരോരുത്തനും മുമ്പു തയ്യാറാക്കിയ നേതൃത്വഗുണങ്ങളെ പ്രധാനമായവയും അപ്രധാനമായവയും എന്നിങ്ങനെ രണ്ടു ഗണങ്ങളായി തിരിക്കണം. അതുപോലെതന്നെ നേതാക്കളുടെ തിന്മകളുടെ ലിസ്റ്റും ഗൗരവമേറിയവയും ലഘുവായവയുമായി തിരിക്കണം.

തനിക്കുള്ള നന്മകളെയും തിന്മകളെയും അവസാനം തയ്യാറാക്കിയ ലിസ്റ്റിൽ ഓരോരുത്തനും 'ടിക്' ചെയ്യണം. ആദർശനേതാവിനും മോശമായ നേതാവിനും 'ടിക്' ചെയ്ത ലിസ്റ്റുകളും സ്വന്തം കഴിവുകളും കഴിവുകേടുകളും പ്രധാനവും അപ്രധാനവുമായി തിരിച്ചു് 'ടിക്' ചെയ്ത ലിസ്റ്റും താരതമ്യപ്പെടുത്തണം. താൻ വികസിപ്പിക്കേണ്ട കഴിവുകളും ഇല്ലാതാക്കേണ്ട തിന്മകളും ഏവയെന്നു കണ്ടുപിടിക്കണം. അതിന്റെ വെളിച്ചത്തിൽ തനിക്കു വളരെ കഴിവുകൾ നല്കിയതിനു ദൈവത്തിനു നന്ദിപറഞ്ഞും ആദർശവ്യക്തിയെപ്പോലെ കൂടുതൽ കഴിവുകൾ ആർജ്ജിക്കുവാൻ സഹായം അഭ്യർത്ഥിച്ചും ബലഹീനതകളിലും വീഴ്ചകളിലും ക്ഷമ യാചിച്ചും ഓരോ പ്രാർത്ഥന

എല്ലാവരും തയ്യാറാക്കണം. പരസ്പര സ്നേഹവും വിശ്വാസവുമുള്ള രണ്ടോ മൂന്നോ പേർ വീതം ഒരുമിച്ചുകൂടി തങ്ങളുടെ ഉത്തരങ്ങളും പ്രതിഫലനകളും പങ്കുവയ്ക്കാം.

9 നേതൃത്വാനുഭവം

ലക്ഷ്യം:– നേതാവിന്റെയും അനുയായികളുടെയും വികാരങ്ങളെ അനുഭവിച്ചറിയുക.

– നേതാവിൽനിന്നു് സഹപ്രവർത്തകർ പ്രതീക്ഷിക്കുന്നതും വെറുക്കുന്നതുമായ കാര്യങ്ങളും മനസ്സിലാക്കുക.

സജ്ജീകരണം: പങ്കെടുക്കുന്ന എല്ലാ അംഗങ്ങൾക്കും, പുരുങ്ങിയതു് പകുതിപേർക്കെങ്കിലും, കണ്ണുമൂടിക്കെട്ടാൻ ആവശ്യമായ തുവാലകളും.

നടപടിക്രമം: അംഗങ്ങളെ നാലു തുല്യ ഗ്രൂപ്പുകളായി തിരിക്കുക. ഒന്നാം ഗ്രൂപ്പുകാരുടെ കണ്ണുകളും കാണാത്തവിധം തുവാല ഉപയോഗിച്ചുകെട്ടുക. രണ്ടാം ഗ്രൂപ്പിലെ ഓരോരുത്തരും ഒന്നാം ഗ്രൂപ്പിലെ കണ്ണുമൂടിക്കെട്ടിയ ഓരോ വ്യക്തിയെ കൈയിൽ പിടിച്ചുകൊണ്ടു് ഹാളിലൂടെയും പരിസരപ്രദേശങ്ങളിലൂടെയും കൊണ്ടുപോകണം. കുണ്ടും കുഴിയും നടയും കല്ലും മറ്റുമുള്ളപ്പോഴും അപകടം പറ്റാതെ വേണ്ട നിർദ്ദേശങ്ങളും നല്കിക്കൊണ്ടിരിക്കണം.

ഇതേ സമയത്തുതന്നെ മൂന്നാംഗ്രൂപ്പുകാരുടെ കണ്ണുകളും കെട്ടി നാലാംഗ്രൂപ്പുകാർ അവരെ നയിക്കണം. തങ്ങളെ ആരാണു നയിക്കുന്നതെന്നു് അവർ അറിയാതിരിക്കാൻ ശ്രമിക്കേണ്ടതാണു്. തെറ്റായ നിർദ്ദേശങ്ങളും നല്കി കണ്ണുകെട്ടപ്പെട്ടവരെ വിഷമിപ്പിക്കുവാൻ നാലാം ഗ്രൂപ്പുകാരോടു് രഹസ്യമായി പറയണം. എങ്കിലും ആർക്കും അപകടം പറ്റാതെ സൂക്ഷിക്കണം.

കുറെക്കഴിഞ്ഞു് മണിയടിക്കുമ്പോഴും എല്ലാവരും കണ്ണുകളും സ്വതന്ത്രമാക്കി തിരിച്ചെത്തുന്നു. തുടർന്നു് രണ്ടും നാലും ഗ്രൂപ്പുകാരുടെ കണ്ണുകളുംകെട്ടി ഒന്നും മൂന്നും ഗ്രൂപ്പുകാർ ഇതേ രീതികളിൽ അവരെ നയിക്കുന്നു.

പൊതുചർച്ച: കളി തീരുമ്പോഴും എല്ലാവരെയും ഹാളിൽ ഗ്രൂപ്പുതിരിച്ചിരുത്തണം. എപ്രകാരമാണു് ഓരോ ഗ്രൂപ്പിനും നിർദ്ദേശങ്ങളും നല്കിയിരുന്നതെന്നു് ഇപ്പോഴും വെളിപ്പെടുത്താം. തുടർന്നു് തങ്ങൾക്കു് കഴിഞ്ഞപരിപാടിയിൽ അനുഭവപ്പെട്ട വിചാരവികാരങ്ങളും ഓരോ ഗ്രൂപ്പുകാരും പങ്കുവ

ഇന്നു. ചർച്ച ചെയ്യാവുന്ന ചില പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

ഒന്നാം ഗ്രൂപ്പിനോട്:

(i) നിങ്ങളെ മറ്റുള്ളവർ നയിച്ചപ്പോൾ നിങ്ങൾക്കു ഭയം തോന്നിയോ?

(ii) ആദ്യം അല്പം ഭീതി അനുഭവപ്പെട്ടെങ്കിലും അതു പിന്നീട് അയാളിലുള്ള വിശ്വാസത്തിനും സമ്പൂർണ്ണവിധേയത്വത്തിനും വഴിമാറികൊടുത്തോ?

(iii) നിങ്ങൾ രണ്ടാം ഗ്രൂപ്പുകാരെ നയിച്ചപ്പോൾ അവരെ കഴിവതും സഹായിക്കത്തക്കവിധം നിർദ്ദേശങ്ങൾ നല്കിയിരുന്നോ?

(iv) അവരുടെ സുരക്ഷിതത്വം നിങ്ങളിലാണെന്നും അവർ നിങ്ങളെ വിശ്വസിക്കുന്നുവെന്നും അനുഭവപ്പെട്ടിരുന്നോ?

രണ്ടാം ഗ്രൂപ്പിനോട്:

(i) ഒന്നാം ഗ്രൂപ്പുകാരെ നിങ്ങൾ നയിച്ചപ്പോൾ അവർ നിങ്ങളെ ആദ്യം പൂർണ്ണമായി വിശ്വസിച്ചിരുന്നോ?

(ii) അവരുടെ സഹകരണം കൂടുതലായി കാണപ്പെട്ടതു് എപ്പോഴായിരുന്നു?

(iii) ഈ പരിപാടി രസപ്രദമാക്കാൻ പ്രതിബന്ധങ്ങളുള്ളവഴിയിലൂടെയാണോ അവരെ നിങ്ങൾ കൊണ്ടുപോയതു്?

(iv) നിങ്ങൾ നയിക്കപ്പെട്ടപ്പോൾ ആദ്യവസാനം അവരിൽ പൂർണ്ണമായി വിശ്വാസമർപ്പിച്ചിരുന്നോ?

(v) കബളിപ്പിക്കപ്പെടുമെന്നു നിങ്ങൾ ഭയപ്പെട്ടിരുന്നോ?

മൂന്നാം ഗ്രൂപ്പിനോട്:

(i) നിങ്ങൾ നയിക്കപ്പെട്ടപ്പോൾ ആദ്യമുണ്ടായിരുന്നതു വിധേയത്വം പിന്നീടു പ്രദർശിപ്പിച്ചോ? എന്തുകൊണ്ടു്?

(ii) നിങ്ങളെ നയിച്ചവരോടു് നിങ്ങൾക്കു വെറുപ്പു തോന്നിയോ?

(iii) നിങ്ങളെ നയിച്ചവരാൽ തുടർന്നു നയിക്കപ്പെടുവാൻ നിങ്ങൾ ഇഷ്ടപ്പെട്ടോ?

(iv) നിങ്ങൾ നാലാം ഗ്രൂപ്പിനെ നയിച്ചപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ പ്രതികാരപൂർവ്വമാണോ വർത്തിച്ചത്?

(v) അവരെ മനപ്പൂർവ്വം 'കുഴിയിൽ ചാടിക്കുവാൻ' നിങ്ങൾ ശ്രമിച്ചോ?

(vi) അവർ ആദ്യവസാനം നിങ്ങളിൽ വിശ്വാസമർപ്പിച്ചിരുന്നോ?

നാലാം ഗ്രൂപ്പിനോട്:

(i) മൂന്നാം ഗ്രൂപ്പുകാരെ നിങ്ങൾ നയിച്ചപ്പോൾ അവർ ആദ്യം നിങ്ങളിൽ വിശ്വാസം അർപ്പിച്ചതായി തോന്നിയോ?

(i) കബളിപ്പിക്കുവാൻ തുടങ്ങിയപ്പോൾ അവരുടെ പെരുമാറ്റം ഏതുവിധത്തിലായിരുന്നു?

(iii) നിങ്ങൾ നയിക്കപ്പെട്ടപ്പോൾ നിങ്ങളെ നയിക്കുന്നവരെ യേന്നിരുന്നോ?

(iv) ആദ്യംമുതലുള്ള അവരുടെ നിർദ്ദേശങ്ങൾ നിങ്ങൾ അനുസരിച്ചിരുന്നോ?

(v) അവരാൽ നയിക്കപ്പെടുവാൻ നിങ്ങൾ ഇഷ്ടപ്പെട്ടിരുന്നോ?

വിശദീകരണം: ഈ അനുഭവങ്ങളെ നേതൃത്വവും സമൂഹചിന്താഗതിയുമായി താരതമ്യപ്പെടുത്തി വിശദീകരിക്കാവുന്നതാണ്.

— സമൂഹാംഗങ്ങൾക്ക് സംതൃപ്തി നല്കികൊണ്ട് സമൂഹത്തെ അതിന്റെ ലക്ഷ്യത്തിലേയ്ക്ക് നയിക്കുകയാണ് നേതാവിന്റെ ദൗത്യം.

— പലപ്പോഴും സമൂഹം നേതാവിൽ പൂർണ്ണമായി വിശ്വാസമർപ്പിച്ചുകൊണ്ട് അയാളുടെ നിർദ്ദേശങ്ങളെ അന്ധമായി അനുസരിച്ചെന്നു വരും.

— നേതാവ് തന്റെ ആത്മാർത്ഥത തെളിയിക്കണം. അയാളിൽ അന്യായമായി കൃത്രിമ വിശ്വാസം നഷ്ടപ്പെട്ടാൽ നേതൃത്വം പ്രശ്നപൂർണ്ണവും ക്ലേശകരവുമാകും.

— വിശ്വസ്തതയും കാര്യപ്രാപ്തിയുമുള്ള നേതാവിനോടു സഹകരിക്കുവാൻ അംഗങ്ങൾ സന്നദ്ധരാണ്.

— നേതാവ് വാശ്ചാനങ്ങളിൽ വിശ്വസ്തനും അംഗങ്ങളെ സ്നേഹിക്കുന്നവനും ബഹുമാനിക്കുന്നവനുമാകണം.

10 സമൂഹത്തോട് താദാത്മ്യപ്പെടൽ

ലക്ഷ്യം: താഴെ പറയുന്ന ആശയങ്ങളും വ്യക്തമാക്കുകയാണ് ഉദ്ദേശ്യം.

— സമൂഹത്തിന്റെ ചിന്താഗതികളുമായി അനുരൂപപ്പെട്ടുപോകുന്നവരാണ് നേതാക്കളാകാൻ കൂടുതൽ സാദ്ധ്യത.

— ഗ്രൂപ്പുചർച്ചകളിൽ കൂടുതൽ നല്ല സംഭാവനകളും നല്കുന്നവർ നേതാക്കളാകാൻ കൂടുതൽ സാദ്ധ്യതയുണ്ട്.

ശ്രദ്ധിക്കുക: ക്യാമ്പിൽ സംബന്ധിക്കുന്നവരിൽ കൂടുതലും നേരത്തെ അപരിചിതരായ വ്യക്തികളാണെങ്കിൽ മാത്രമേ ഈ ഫലപ്രദമായും വ്യക്തമായും കാണിക്കാനാവൂ. മാത്രമല്ല, ക്യാമ്പംഗങ്ങൾ പരസ്പരം അടുത്തറിയുന്നതിനു മുൻപായിത്തന്നെ — ക്യാമ്പിന്റെ പ്രാരംഭത്തിൽ — ഇതു നടത്തേണ്ടതാണ്. പരസ്പരം സുപരിചിതരായ നിരവധിപേർ ക്യാമ്പിൽ ഉണ്ടെങ്കിൽ അപരിചിതരായവരെ മാത്രം തെരഞ്ഞെടുത്ത് ഈ പരിപാടി നടത്താവുന്നതാണ്. ബാക്കിയുള്ളവർ കാഴ്ചക്കാരായി നിന്നാൽമതി.

സജ്ജീകരണം: കാര്യക്രമത്തിൽ കൊടുത്തിരിക്കുന്ന ഫോറങ്ങളുടെ കോപ്പികൾ

നടപടിക്രമം: അംഗങ്ങൾ കഴിയുന്നത്ര അപരിചിതരായിരിക്കത്തക്കവിധം അവരെ ചെറിയ ഗ്രൂപ്പുകളായി തിരിക്കുക. എല്ലാവർക്കും താഴെ കൊടുത്തിരിക്കുന്നവിധം ഓരോ ഫോം പൂരിപ്പിക്കാൻ നല്കുക.

....കോപ്പി എടുക്കേണ്ടതു്.....

ഫോം–1

സമൂഹത്തോടു് താദാത്മ്യപ്പെടൽ

ഒന്നാം ഘട്ടം: പ്രഥമ വീക്ഷണത്തിൽ

ഈ ഗ്രൂപ്പിലെ നേതാവാകാൻ
താങ്കളം ഇഷ്ടപ്പെടുന്ന വ്യക്തി .....

ഇദ്ദേഹത്തെ നേതാവാക്കാൻ താങ്കളെ പ്രേരിപ്പിക്കുന്ന ഘടകങ്ങളം

(താഴെ കൊടുത്തിരിക്കുന്നവയിൽ അയാളംക്ക യോജിക്ക മെന്നു് താങ്കളം കരുതുന്നവയ്ക്കുനേരെ 'ടിക്' ചെയ്യുക).

നല്ല വ്യക്തിത്വം
സന്തോഷവാൻ
രസികൻ
സുന്ദരൻ
വിനയശാലി
ആരോടും സംസാരിക്കുന്നവൻ
വൃത്തിയായ വേഷം
ഭേദ്യമായ പെരുമാറ്റം
ആരോഗ്യവാൻ
പ്രായത്തിനൊത്ത ശരീരപ്രകൃതി
പുതിയ ഫേഷനിലുള്ള വേഷവിധാനം
ശരീരത്തിനു നല്ല നിറം

അയാളിലെ ആകർഷകമായ
മറ്റു പ്രത്യേകതകം .....

ഈ ഗ്രൂപ്പിൽ താങ്കളം ഏറ്റവും ഇഷ്ടപ്പെടാത്ത
(ഏറ്റവും കുറച്ചു് ഇഷ്ടപ്പെടുന്ന)വ്യക്തി .....

ഇയാളോടു് ഇഷ്ടം കുറവായി തോന്നുവാൻ താങ്കളെ പ്രേരിപ്പിക്കുന്ന ഘടകങ്ങളം

(താഴെ കൊടുത്തിരിക്കുന്നവയിൽ അയോഗ്യരാക്കുന്നവയ്ക്കു നേരെ 'ടിക്ക്' ചെയ്യുക)

ക്രൂരഭാവം
അംഗവൈകല്യം
വിരൂപൻ
വണ്ണക്കൂടുതൽ
മെലിഞ്ഞശരീരം
അശ്രദ്ധമായ വേഷവിധാനം
പരിഷ്കാരക്കുറവ്
മ്ലാന വദനൻ
ഏകാകി
വ്യക്തിത്വമില്ലാത്തവൻ
ഗൗരവപ്രകൃതി
അഹങ്കാരി
മിരുമിരുപ്പൻ
പൊക്കക്കുറവ്
കറുത്തനിറം

മറ്റു ദുർഗ്ഗുണങ്ങൾ ... ...

....

:

.. .. കോപ്പി എടുക്കേണ്ടയ്യ് .....

ഫോമുകൾ പൂരിപ്പിച്ചുകിട്ടിയാൽ വിദഗ്ദ്ധാഭിപ്രായങ്ങൾ ശ്രദ്ധപ്പെടുത്താവുന്ന ഒരു വിഷയം ചർച്ചയ്ക്കായി നല്ലതാണ്. ഉദാഹരണത്തിന്, രാഷ്ട്രീയത്തിൽ അറിവും താത്പര്യവുമുള്ളവരാണ് അംഗങ്ങളെങ്കിൽ ആനുകാലികമായൊരു രാഷ്ട്രീയപ്രശ്നം ചർച്ചയ്ക്കു നല്ലതാണ്. അല്ലെങ്കിൽ വാദപ്രതിവാദങ്ങൾക്കു വഴിതെളിക്കാവുന്ന വിഷയം തിരഞ്ഞെടുക്കണം ഉദാ: സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമോ? സ്ത്രീധന നിരോധനം നിയമാനുസൃതമാക്കണമോ? വിദ്യാലയങ്ങളിൽ രാഷ്ട്രീയം വേണമോ വേണ്ടയോ? സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കണമോ വേണ്ടയോ? ബസ്സുകൾ പൂർണ്ണമായി ദേശസാൽക്കരിക്കണമോ? ക്രൈസ്തവസഭ രാഷ്ട്രീയത്തിൽ പ്രവേശിക്കണമോ വേണ്ടയോ? മരണശിക്ഷ നിർത്തലാക്കണമോ? കാരുണ്യവധം അനുവദിക്കണമോ? വിവാഹമോചനത്തെ സംബന്ധിച്ച നിയമങ്ങൾ ലഘൂകരിക്കണമോ?

ഇത്തരം പ്രശ്നങ്ങൾക്കു് ഗ്രൂപ്പിന്റെ വ്യക്തമായ തീരുമാനം ആവശ്യപ്പെടണമെന്നില്ല. ഓരോരുത്തനും അന്റെ സ്വന്തമായ അഭിപ്രായം പ്രകടിപ്പിക്കുവാനും ചർച്ചചെയ്യുവാനും അവസരം ലഭിക്കണം. ചർച്ചാവേളയിൽ ഉരുത്തിരിഞ്ഞുവരുന്ന വിഭിന്നാഭിപ്രായങ്ങൾക്കു് ഗ്രൂപ്പിൽ എന്തുമാത്രം പിന്തുണയുണ്ടെന്നു് അവസാനം വോട്ടിട്ടു നോക്കാം.

ചർച്ചയ്ക്കുശേഷം താഴെ കാണുംവിധം ഓരോ ഫോം പൂരിപ്പിക്കുവാനായി നല്കണം.

.... കോപ്പി എടുക്കേണ്ടതു് .....

ഫോം 2

സമൂഹത്തോടു താദാത്മ്യപ്പെടൽ

രണ്ടാം ഘട്ടം: ചർച്ചയ്ക്കുശേഷം

ഈ ഗ്രൂപ്പിന്റെ നേതാവാകാൻ
ഇപ്പോൾ താങ്കളിഷ്ടപ്പെടുന്ന വ്യക്തി } .....

ഇയാളെ നേതാവാക്കാൻ താങ്കളെ പ്രേരിപ്പിക്കാവുന്ന ചില ഘടകങ്ങളാണു് ചുവടെ ചേർത്തിരിക്കുന്നതു്. അവയിൽ ഈ വ്യക്തിക്കു് യോജിക്കുന്നവയ്ക്കു നേരെ 'ടിക്' ചെയ്യുക:

ചർച്ചാവേളയിൽ സജീവമായി പങ്കെടുത്തു
ബുദ്ധിമാൻ
സ്വന്തമായ വീക്ഷണമുള്ളവൻ
ധീരൻ
വിനയാന്വിതൻ
ആത്മാർത്ഥതയുള്ളവൻ
എന്റെ ആശയവുമായി യോജിക്കുന്നവൻ
നല്ല ഭാഷയും ശൈലിയും
പക്വമായ പെരുമാറ്റം
ആത്മനിയന്ത്രണം
പുരോഗമനവാദി
മിതവാദി
രസികൻ
സ്വന്തം തെറ്റുകൾ സമ്മതിക്കുന്നവൻ
മറ്റുള്ളവരുടെ വ്യക്തിത്വത്തെ മാനിക്കുന്നവൻ
മാന്യമായ സംസാരം
കാര്യശേഷിയുള്ളവൻ

ഉത്തരവാദിത്വപൂർവ്വം പ്രവർത്തിക്കുന്നവൻ
ചർച്ചാവിഷയത്തിൽ പരിജ്ഞാനം
എതിർപ്പുകൾ ധൈര്യസമേതം നേരിടുന്നവൻ
എതിരഭിപ്രായക്കാരെ ക്ഷമയോടെ ശ്രവിക്കുന്നവൻ

മറ്റു സവിശേഷതകൾ: .....

.....

★ ★ ★ ★ ★ ★

ഈ ഗ്രൂപ്പിൽ താങ്കൾ ഇപ്പോൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന വ്യക്തി } .....

ഇയാളോട് ഇഷ്ടം കൂടുവാനായി തോന്നാൻ താങ്കളെപ്രേരിപ്പിക്കുന്ന ഘടകങ്ങൾക്കുനേരെ 'ടിക്' ചെയ്യുക:

സ്വന്തമായി അഭിപ്രായമില്ലാത്തവൻ
വികാരജീവി
യാഥാസ്ഥിതികൻ
സ്വന്തം അഭിപ്രായം മറ്റുള്ളവരിൽ അടിച്ചേല്പിക്കാൻ ശ്രമിക്കുന്നവൻ
എന്റെ ആശയത്തോട് യോജിക്കാത്തവൻ
ചർച്ചാവിഷയത്തിൽ പരിജ്ഞാനമില്ലാത്തവൻ
ചർച്ചാവേളയിൽ കാര്യമായൊന്നും സംസാരിക്കാത്തവൻ
പരസ്യമായി സംസാരിക്കാൻ മടിക്കുന്നവൻ
സ്വന്തം തെറ്റുകൾ സമ്മതിക്കാത്തവൻ
എതിർപ്പുകൾ ഭയപ്പെടുന്നവൻ
ചർച്ചാവേളയിൽ കൂടുതൽ സമയം കയ്യടക്കുന്നവൻ
വിസ്തൃതം വിളിച്ചുപറയുന്നവൻ
ഭീരു
അമിതമായി ആത്മാഭിമാനംകൊള്ളുന്നവൻ
ആത്മാർത്ഥതയില്ലാത്തവൻ
വികലമായ ഭാഷയും ശൈലിയും
അപകടമായ പെരുമാറ്റം
മറ്റുള്ളവരുടെ വ്യക്തിത്വത്തെ മാനിക്കാത്തവൻ
മാന്യമല്ലാത്ത പെരുമാറ്റം
കാര്യശേഷിക്കുറവ്

മറ്റു വികലതകൾ: .....

.....

.....

.

വിശ്രമവേള: രണ്ടാമത്തെ ഫോം പൂരിപ്പിച്ചു കിട്ടിയശേഷം അംഗങ്ങൾക്ക് വിശ്രമവേള നല്കുകയോ മറെന്തെങ്കിലും പരിപാടികളിൽ അവരെ ഏർപ്പെടുത്തുകയോ ചെയ്യാം. ഈ സമയത്തു് പൂരിപ്പിച്ചകിട്ടിയ ഫോമുകളുപയോഗിച്ച് പരിശീലകൻ ചർച്ചയ്ക്കുമുമ്പും പിമ്പും ഉള്ള ഗ്രൂപ്പിൻെറ ഘടനയിലെ മാറ്റം നിർണ്ണയിക്കണം.

ആദ്യത്തെ പ്രാവശ്യം നേതാവാകാൻ കൂടുതൽ വോട്ടുകിട്ടിയതു് ആര്ക്കാണെന്നു കണ്ടുപിടിക്കണം. അയാളെ തെരഞ്ഞെടുക്കാനുണ്ടായ കാരണങ്ങളും അവയോരോന്നിനും എത്രപേർ വീതം അനുകൂലിച്ചുവെന്നും കണക്കാക്കുക. അതുപോലെതന്നെ ആദ്യം ഏറ്റവും കുറച്ച് ഇഷ്ടപ്പെട്ട വ്യക്തിയും അതിനുണ്ടായ കാരണങ്ങളും എത്രപേർ അവയോരോന്നും രേഖപ്പെടുത്തിയെന്നും നിശ്ചയിക്കാം. തുടർന്നു് ചർച്ചയ്ക്കുശേഷമുള്ള നേതാവും ഏറ്റവും കുറച്ചു് ഇഷ്ടപ്പെടുന്ന വ്യക്തിയും അതിനുള്ള കാരണങ്ങളും നിജപ്പെടുത്തുക. വിശദീകരണവേളയിൽ പേരുകൾ വെളിപ്പെടുത്താതിരിക്കാൻ, പകരം ഇംഗ്ലീഷു് അക്ഷരങ്ങൾ ഉപയോഗപ്പെടുത്തുകയാണുത്തമം.

വിശദീകരണം: എല്ലാ ഗ്രൂപ്പുകളെയും പൊതുവായി വിളിച്ചുകൂട്ടി ചർച്ചയ്ക്കു മുൻപും പിൻപും ഓരോ ഗ്രൂപ്പിലുമുണ്ടായ ഘടനകളും അവ തമ്മിലുള്ള വ്യത്യാസവും വിശകലനം ചെയ്യണം (ഏതു ഗ്രൂപ്പിനെയാണു് പ്രതിപാദിക്കുന്നതെന്നു് വെളിപ്പെടുത്തണമെന്നില്ല).

ചർച്ചയ്ക്കുശേഷം നേതൃത്വത്തിനു് മാറ്റം സംഭവിച്ചെങ്കിൽ അതു വെളിപ്പെടുത്തണം. ആദ്യം നേതാവിനെ തെരഞ്ഞെടുക്കാൻ പ്രേരകമായ ഘടകങ്ങളും പിന്നീടു് കണക്കിലെടുത്ത ഘടകങ്ങളും താരതമ്യപ്പെടുത്തണം.

* ചർച്ചയിലൂടെ വ്യക്തികളും പരസ്പരം അടുത്തറിയുന്നു. ഓരോരുത്തരുടെയും സ്വഭാവവും ആശയഗതികളും അവർ മനസ്സിലാക്കുന്നു. അതോടെ മറ്റുള്ളവരെക്കുറിച്ചുള്ള പഴയ ധാരണകൾക്കു് മാറ്റം സംഭവിക്കുന്നു.

* സ്വന്തം ആശയാഭിപ്രായങ്ങളോടു് യോജിക്കുന്നവരും താൻ ഇഷ്ടപ്പെടുന്ന സ്വഭാവവിശേഷതകളുള്ളവരുമായി ഓരോ വ്യക്തിയും മാനസികമായി കൂടുതൽ അടുക്കുന്നു. അതിനാൽ ആദ്യം അത്ര ശ്രദ്ധിക്കപ്പെടാത്ത വ്യക്തി ചർച്ചയ്ക്കുശേഷം കൂടുതൽ അംഗീകരിക്കപ്പെടുന്നു വരാം.

* സ്വന്തം വീക്ഷണങ്ങളോടും താത്പര്യങ്ങളോടും യോജിക്കാത്ത വ്യക്തിയെ, അയാൾക്കു് മറെന്തെങ്കിലും ബാ

ഹൃമായ സവിശേഷതകളുണ്ടെങ്കിലും, ഉറ്റ സുഹൃത്തോ നേതാവോ ആയി തെരഞ്ഞെടുക്കുവാൻ വിസമ്മതിക്കുക സ്വാഭാവികമാണ്.'

ചർച്ചയ്ക്കു മുൻപും പിൻപും ഏറ്റവും ഇഷ്ടപ്പെടാത്ത വ്യക്തിയിൽ മാറ്റം സംഭവിച്ചെങ്കിൽ അതും വെളിപ്പെടുത്തണം. ഒരേ വ്യക്തിയെത്തന്നെയാണ് രണ്ടുപ്രാവശ്യവും ഇക്കാര്യത്തിൽ തെരഞ്ഞെടുത്തതെങ്കിൽ വീണ്ടും അയാളെത്തന്നെ തെരഞ്ഞെടുക്കാനുണ്ടായ പുതിയ കാരണങ്ങളും ശ്രദ്ധയിൽപ്പെടുത്തണം.

'നേതൃത്വത്തെസംബന്ധിച്ച്' ഇതിൽനിന്നും വ്യക്തമാകുന്ന ഒരു സംഗതിയുണ്ട്. ഒരേ ആശയം ഉൾക്കൊള്ളുന്നവർ തമ്മിൽ കൂടുതൽ മാനസികമായ ചേർച്ചയിലെത്തുന്നു. അതിനാൽ സമൂഹത്തിലെ ഭൂരിപക്ഷത്തിന്റെ ആശയാഭിലാഷങ്ങളും ആദരിക്കുകയും അവരുടെ പൊതുമൂല്യങ്ങളും ഉൾക്കൊള്ളുകയും ചെയ്യുന്നവർ സമൂഹത്തിൽ കൂടുതൽ സ്വാധീനവും നേതൃത്വവും സമ്പാദിക്കും. അല്പാത്തപക്ഷം ബോധവത്കരണപ്രക്രിയയിലൂടെ സമൂഹത്തിന്റെ ചിന്താഗതിയെ തന്റെ ഭിന്നമായ ആശയങ്ങളുമായി രമ്യപ്പെടുത്തുവാൻ അയാൾക്കു കഴിയണം.'

11 സൗഹൃദത്തിന്റെ മനഃശാസ്ത്രം

ലക്ഷ്യം: താഴെ പറയുന്ന ആശയങ്ങൾ വ്യക്തമാക്കുക.

ഒരേ ആശയങ്ങളും മൂല്യങ്ങളും പാരമ്പര്യങ്ങളും പ്രത്യേകതകളും ഉൾക്കൊള്ളുന്നവർ കൂടുതൽ സൗഹൃദം സ്ഥാപിക്കാൻ എളുപ്പമുണ്ട്.

– സമൂഹാംഗങ്ങളുമായുള്ള സൗഹൃദബന്ധം നേതാവിനു് അത്യന്താപേക്ഷിതമാകയാൽ നേതാവ് തന്റെ സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിന്റെ എല്ലാ നല്ല പ്രത്യേകതകളുമായി താദാത്മ്യപ്പെടുവാൻ ശ്രമിക്കണം.

സജ്ജീകരണം: താഴെ കൊടുത്തിരിക്കുന്ന ചാർട്ടിന്റെ കോപ്പികൾ.

നടപടിക്രമം: ചാർട്ടിന്റെ ഓരോ കോപ്പി എല്ലാവർക്കും നല്കുന്നു. അതിൽ കൊടുത്തിരിക്കുന്ന നിർദ്ദേശമനുസരിച്ച് ചെയ്യുവാൻ ആവശ്യമായ സമയം കൊടുക്കണം.

.... കോപ്പി എടുക്കേണ്ടതു്...

സൗഹൃദത്തിന്റെ മനഃശാസ്ത്രം

നിങ്ങൾ ചെയ്യേണ്ടതു്: വ്യക്തികൾക്കു പൊതുവായി ഉണ്ടാകാവുന്ന ചില വ്യക്തിത്വ വിശേഷണങ്ങളും പ്രത്യേകതകളുമാണു് താഴെ കൊടുത്തിരിക്കുന്നതു്. അവയിൽ താങ്കൾക്കും ഉറ്റ സുഹൃത്തിനും, താങ്കൾക്കും താങ്കൾക്കു് അടുത്തറിയാവുന്ന സുഹൃത്തല്ലാത്ത ഒരു പരിചിതനും പൊതുവായി ഉള്ളവയും ഇല്ലാത്തവയും മാത്രം നിശ്ചിത കോളങ്ങളിൽ 'ടിക്' ചെയ്ത് അടയാളപ്പെടുത്തണം. പൂരിപ്പിച്ചശേഷം ഈ ഫോം തിരിച്ചു തരേണ്ടതില്ല. തികഞ്ഞ ആത്മാർത്ഥതയോടുകൂടി ഈ ഫോം പൂരിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ

ക്രമ നമ്പർ	പൊതുവായ പ്രത്യേകതകൾ	എനിക്കും ഉറ്റ സുഹൃത്തിനും		എനിക്കും ഒരു പരിചിതനും	
		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
1	പരസ്പര സ്നേഹം				
2	പരസ്പര വിശ്വാസം				
3	ആത്മാർത്ഥത				
4	ബുദ്ധി				
5	ത്യാഗമനോഭാവം				
6	സേവനസന്നദ്ധത				
7	വൈകാരിക ഐക്യം				
8	സമാനചിന്താഗതി				
9	ഈശ്വരവിശ്വാസം				
10	ഒരേ കുടുംബം				
11	ഒരേ സമുദായം				
12	ഒരേ പാരമ്പര്യം				
13	ഒരേ ആചാരങ്ങൾ				
14	ഒരേ മതം				
15	ഒരേ ജാതി				
16	ഒരേ വർണ്ണം				
17	ഒരേ ഉയരം				
18	ഒരേ പ്രായം				
19	ഒരേ വേഷവിധാനം				
20	ഒരേ ജീവിതവീക്ഷണം				
21	ഒരേ സംഘടനയിൽ അംഗത്വം				
22	ഒരേ സ്ഥലത്തു താമസം				
23	പുകവലി				
24	മദ്യപാനം				
25	സിനിമയിൽ താല്പര്യം				
26	ഗ്രന്ഥപാരായണം				
27	സംഗീതവാസന				
28	അഭിനയ ചാതുര്യം				
29	വീഡിയോയിൽ താല്പര്യം				
30	സാഹിത്യാഭിരുചി				
31	ഒരേ രംഗത്തു പ്രവർത്തനം				
32	ഒരേ സ്ഥാപനത്തിൽ പഠനം/ ജോലി				

ക്രമ നമ്പർ	പൊതുവായ പ്രത്യേകതകൾ	എനിക്കും ഉറ്റ സുഹൃത്തിനും		എനിക്കും ഒരു പരിചിതനും	
		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
33	പുരോഗമനവാദം				
34	കായികരംഗത്തു താല്പര്യം				
35	പഠനത്തിൽ താല്പര്യം				
36	അംഗവൈകല്യം				
37	ഒരേ സാമ്പത്തിക നിലവാരം				
38	ഒരേ സ്റ്റാറ്റസ്				
39	വിവേകം				
40	സംതൃപ്തി				
41	മാതൃകാജീവിതം				
42	സംസാരപ്രിയം				
43	ഫാഷൻപ്രിയം				
44	പരിഷ്ക്കാരം				
45	പാരമ്പര്യങ്ങളിൽ താല്പര്യം				
46	പരിശ്രമശീലം				
47	കലകളിൽ താല്പര്യം				
48	ആത്മനിയന്ത്രണം				
49	വിദ്ധിത്തം				
50	സ്വന്തം ആശയങ്ങളും വീക്ഷണങ്ങളും				
51	സ്വതന്ത്രത				
52	മിതവ്യയശീലം				
53	വികൃത സ്വഭാവം				
54	ആരോഗ്യം				
55	സമയം ശരിയായി വിനിയോഗിക്കൽ				
56	ആത്മവിശ്വാസം				
57	പരസ്പര സഹായം				
58	മതകാര്യങ്ങളിൽ താല്പര്യം				
59	അധികാരികളോട് എതിർപ്പ്				
60	ശുചിത്വം				
61	ധൈര്യം				
62	മാന്യമായ പെരുമാറ്റം				
63	വിമർശന മനഃസ്ഥിതി				

ക്രമ നമ്പർ	പൊതുവായ പ്രത്യേകതകൾ	എനിക്കും ഉറ സുഹൃത്തിനും		എനിക്കും ഒരു പരിചിതനും	
		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
64	ഗൗരവപ്രകൃതി				
65	വിനോദം പറയൽ				
66	പരസ്പരം ഒന്നിച്ചുകൂടൽ				
67	അഭിപ്രായപ്പൊരുത്തം				
68	സഞ്ചാരപ്രിയം				
69	രാഷ്ട്രീയത്തിൽ താല്പര്യം				
70	സഭ്യമായ സംഭാഷണം				
71	വിനയശീലം				
72	ചീട്ടുകളി				
73	മേൽമീശ				
74	ഒരേ തൊഴിൽ				
75	ദാരിദ്ര്യം				
76	ജീവിതപ്രശ്നങ്ങൾ				
77	ധാർമ്മികത				
78	ആദർശനിഷ്ഠ				
79	ഒരേ വിദ്യാഭ്യാസ യോഗ്യത				
80	ഒരേ ജീവിതരീതി				
	'ടിക്' ചെയ്ത ആകെ എണ്ണം				

താങ്കൾക്കും ഉറ്റസുഹൃത്തിനും ഉള്ളതും ഇല്ലാത്തതുമായി 'ടിക്' ചെയ്തവ ആകെ } =

താങ്കൾക്കും പരിചിതനായ വ്യക്തിക്കും ഉള്ളതും ഇല്ലാത്തതുമായി 'ടിക്' ചെയ്തവ ആകെ } =

.....കോപ്പി എടുക്കേണ്ടതു്.....

വിശദീകരണം: ഫോം പൂരിപ്പിക്കുമ്പോൾ ഒരുവനും പരിചിതനും പൊതുവായുള്ള പ്രത്യേകതകളേക്കാൾ അവരവർക്കും ഉറ്റസുഹൃത്തിനുമുള്ള പ്രത്യേകതകൾ കൂടിയിരിക്കും. അതിന്റെ കാരണങ്ങൾ അംഗങ്ങളെക്കൊണ്ടു പറയിക്കുകയോ പരിശീലകൻ വിശദീകരിക്കുകയോ ചെയ്യാം.

— ഒരേ തൂവലുള്ള പക്ഷികൾ ഒന്നിച്ചുപറക്കുമെന്നു് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ടു്.

— സ്വഭാവത്തിലും ജീവിതസാഹചര്യങ്ങളിലും കഴിവുകളിലും മറ്റുമുള്ള സമാനത ബോധപൂർവ്വമായോ അല്ലാതെയോ സൗഹൃദത്തെ വർദ്ധിപ്പിക്കാറുണ്ടു്.

— പരസ്പരം മനസ്സിലാക്കുവാനും പ്രശ്നങ്ങൾ പങ്കുവയ്ക്കുവാനും വിനോദിക്കുവാനും അവർക്കു് എളുപ്പമുണ്ടു്.

— നേതൃത്വ വിജയത്തിനു് സൗഹൃദവലയം വർദ്ധിപ്പിക്കേണ്ടതുണ്ടു്.

— സമൂഹത്തിന്റെ പൊതുവായ നല്ല ആദർശങ്ങളെയും പാരമ്പര്യങ്ങളെയും വിലമതിക്കുവാനും സ്വന്തം വ്യക്തിത്വത്തെ നിലനിർത്തിക്കൊണ്ടു് സമൂഹാംഗങ്ങളിലേയ്ക്കു് ഇറങ്ങിച്ചെല്ലുവാനും നേതാവിനു കഴിയണം.

— സമുന്നതരായ പല നേതാക്കളും ചില അവസരങ്ങളിലെങ്കിലും തങ്ങളുടെ ഔന്നത്യത്തെ പരിഗണിക്കാതെ സാധാരണക്കാരുടെ വേഷവിധാനവും ആചാരങ്ങളും സ്വീകരിക്കുകയും അവരുടെ കഷ്ടതകളിലേയ്ക്കു് ഇറങ്ങിച്ചെല്ലുകയും ചെയ്യാറുണ്ടു്.

— നേതാവു് സമൂഹത്തിൽ ഉയർന്നവനെങ്കിലും സമൂഹത്തിന്റെ ഭാഗമായിരിക്കണം. സമൂഹത്തിൽനിന്നു് അകന്നനിലയ്ക്കുനേവനെ നേതാവാക്കാൻ സമൂഹം ഇഷ്ടപ്പെടുകയില്ല.

12 സൗഹൃദശൃംഖലയിലെ വ്യതിയാനം

ലക്ഷ്യം: സമൂഹത്തിൽ വ്യക്തികൾ പരസ്പരം അടുത്തറിയുകയും ഇടപഴകുകയും ചെയ്യുന്നതോടെ സുഹൃദ്വലയങ്ങളിൽ വരാവുന്ന മാറ്റം മനസ്സിലാക്കുക.

ശ്രദ്ധിക്കുക: ഈ ടെക്നിക്കിൽ പങ്കെടുക്കുന്നവരിൽ പകുതിയിലധികംപേർ പരസ്പരം അപരിചിതരായിരിക്കണം. ക്യാമ്പിന്റെ ആരംഭത്തിൽ ഈ ടെക്നിക്കിന്റെ ആദ്യഘട്ടവും അവസാനഭാഗത്തു് രണ്ടാംഘട്ടവും നടപ്പിലാക്കണം.

നടപടിക്രമം

ഒന്നാംഘട്ടം: എല്ലാവരും തങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്ന പത്തു് ക്യാമ്പംഗങ്ങളുടെ പേരുകൾ അവരോടുള്ള താത്പര്യത്തിന്റെ കൂടുതൽ കുറവനുസരിച്ചു് ക്രമമായി എഴുതണം. ഇതിൽ തങ്ങൾക്കു നേരത്തെതന്നെ പരിചയമുള്ളവരെയോ ക്യാമ്പിൽ ആദ്യമായി കണ്ടുമുട്ടുന്നവരെയോ ഉൾപ്പെടുത്താം.

രണ്ടാംഘട്ടം: ക്യാമ്പിന്റെ അവസാനഭാഗമാകുമ്പോൾ ഒന്നാംഘട്ടത്തിൽ ചെയ്തതുപോലെ വീണ്ടും എല്ലാവരോടും തങ്ങൾ ഇപ്പോൾ കൂടുതൽ ഇഷ്ടപ്പെടുന്ന പത്തു് ക്യാമ്പംഗങ്ങളുടെ പേരുകൾ സ്നേഹബന്ധത്തിന്റെ കൂടുതൽ കുറവനുസരിച്ചു് ക്രമാനുഗതമായി എഴുതുവാൻ പറയുക.

വിശദീകരണം ഒന്നാംഘട്ടത്തെയും രണ്ടാംഘട്ടത്തെയും ലിസ്റ്റുകൾ താരതമ്യപഠനത്തിനു വിധേയമാക്കണം.

> ക്യാമ്പിന്റെ ആരംഭത്തിൽ നേരത്തെ സുപരിചിതരും സ്നേഹിതരുമായിരുന്നവർക്കാവും മുൻഗണന സ്വാഭാവികമായിലഭിക്കുക. എന്നാൽ അവസാനഘട്ടത്തിലാവട്ടെ നേരത്തെ അപരിചിതരായിരുന്ന ക്യാമ്പംഗങ്ങളെ ഓരോരുത്തരും തന്റെ സുഹൃദ്വലയത്തിലേക്കു സ്വീകരിക്കുന്നതുകാണാം. അതോടെ പഴയ സുഹൃത്തുക്കളോടുള്ള സ്നേഹബന്ധത്തിനു് അയവുതട്ടുന്നു.
>
> അപരിചിതരായിരുന്ന ചിലരെ ആദ്യവീക്ഷണത്തിൽ ഇഷ്ടപ്പെടാമെങ്കിലും ക്രമേണ അവരുമായി അടുത്തു സഹവസിക്കുന്നതോടെ ആ താൽപര്യം കുറഞ്ഞുവരാം. ചിലരെ ആദ്യവീക്ഷണത്തിൽ ഇഷ്ടമായിതോന്നിയില്ലെങ്കിലും കാലക്രമേണ അവരെ ശരിക്കു മനസ്സിലാക്കുന്നതോടെ അവരുമായി ഉറച്ച സുഹൃദ്ബന്ധം സ്ഥാപിച്ചെന്നു വരാം.
>
> പുതിയൊരു സമൂഹത്തിലേയ്ക്കു് കടന്നു ചെല്ലുന്ന നേതാവിനെ ആദ്യം ആളുകൾ ഇഷ്ടപ്പെട്ടെന്നോ ഇഷ്ടപ്പെടാതിരുന്നെന്നോ വരാം. എന്നാൽ തുടർന്നുള്ള അയാളുടെ സമീപനവും പെരുമാറ്റവും പ്രവർത്തനരീതിയുമാണു് പ്രധാനം.

13 അഭിനന്ദനത്തിന്റെ പ്രാധാന്യം

ലക്ഷ്യം: സാമൂഹ്യപ്രവർത്തനങ്ങളിൽ അഭിനന്ദനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക.

നടപടിക്രമം: അംഗങ്ങളെ തുല്യകഴിവുകളോടുകൂടിയ രണ്ടു ഗ്രൂപ്പായി തിരിച്ചു് അവർക്കു് ഓരോ പ്രവർത്തനപദ്ധതി

നല്കുക. ഉദാഹരണത്തിനു് പാട്ടുപഠിപ്പിക്കുവാനാണു് ഉദ്ദേശിക്കുന്നതെന്നിരിക്കട്ടെ. ക്യാമ്പംഗങ്ങളോടതന്നെ അവരിൽ സംഗീതത്തിനു കഴിവുള്ള രണ്ടാളുകളുടെ പേരു നിർദ്ദേശിക്കുവാൻ പറയണം. ആ രണ്ടുപേർ ആളുവീതിച്ചു് രണ്ടുഗ്രൂപ്പുകൾ ഉണ്ടാക്കണം. ഒരേസമയത്തു് ഒന്നിച്ചിരുത്തി ഇരുകൂട്ടരെയും ഒരുപോലെ ഗാനം പഠിപ്പിക്കണം.

പഠനവേളയിൽ ഒരു വിഭാഗക്കാരെമാത്രം എപ്പോഴും അഭിനന്ദിക്കുകയും മറ്റേകൂട്ടരെ പലപ്പോഴും വിമർശിക്കുകയും വേണം. അവസാനം ഇവയിലൊന്നും പങ്കെടുക്കാതിരുന്ന പരിശോധകസമിതി ഏതുവിഭാഗക്കാരുടെ ഗാനാലാപനമാണു് നല്ലതെന്നു നിശ്ചയിക്കണം. ഇപ്രകാരമൊരു മത്സരമുണ്ടാകുമെന്നു് അംഗങ്ങൾക്കു് നേരത്തെ സൂചനപോലും നല്കുവാൻ പാടില്ല. എങ്കിലേ ഈ ടെക്നിക്കു് വിജയിക്കൂ

പൊതുചർച്ച: മത്സരഫലം വെളിപ്പെടുത്തിയാലുടൻ താഴെ പറയുന്ന കാര്യങ്ങൾ പൊതുചർച്ചയ്ക്കെടുക്കണം.

(1) ഗ്രൂപ്പുകൾ തുല്യകഴിവുകളോടുകൂടിയവയായിരുന്നിട്ടും ഗാനം പഠിക്കുന്നതിൽ വളരെ വ്യത്യാസം വരാനുണ്ടായ കാരണമെന്തു്?

(2) ഗാനം പഠിച്ചുകൊണ്ടിരുന്നപ്പോൾ അഭിനന്ദനം ലഭിച്ച ഗ്രൂപ്പിന്റെ വികാരങ്ങൾ എപ്രകാരമെല്ലാം?

(3) വിമർശനം ലഭിച്ച ഗ്രൂപ്പിന്റെ വികാരങ്ങൾ എന്തായിരുന്നു?

(4) അഭിനന്ദനമോ വിമർശനമോ എന്താണു നിങ്ങൾ ഇഷ്ടപ്പെടുന്നതു്? പ്രായോഗികജീവിതത്തിൽ ഇവയുള്ള പ്രസക്തിയെന്തു്?

വിശദീകരണം: സമൂഹത്തിന്റെ ലക്ഷ്യം സാധിക്കത്തക്കവിധം സമൂഹാംഗങ്ങളെ കർമ്മോന്മുഖരാക്കുവാൻ നേതാവിനു കഴിയണം. അതിനു പ്രധാനമായി വേണ്ടതു് അംഗങ്ങളുടെ സംതൃപ്തിയാണു്. അവരിലെ നല്ല പ്രകടനങ്ങളെ അംഗീകരിക്കുവാനും അവരെ അഭിനന്ദിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും കഴിഞ്ഞാൽ അവർക്കൂടുതൽ കർമ്മോത്സുകരാകും മറിച്ചു് നിരന്തര കുറ്റപ്പെടുത്തലുകളും ശകാരങ്ങളും നിരുത്സാഹപ്പെടുത്തലും അംഗങ്ങൾക്കു നേതാവിനോടു വെറുപ്പും പ്രവർത്തനങ്ങളിൽ മാന്ദ്യതയും വ്യക്തിപരമായി അസംതൃപ്തിയും വരുത്തിവയ്ക്കും.

14 മത്സരത്തിന്റെ ഗുണദോഷങ്ങൾ

(i) *മത്സരവും സഹകരണവും*

ലക്ഷ്യം: മത്സരത്തിന്റെയും സഹകരണത്തിന്റെയും പ്രത്യേകതകൾ – ഗുണദോഷങ്ങൾ – പഠിപ്പിക്കുക.

സജ്ജീകരണം: ചെയ്യേണ്ട പ്രവൃത്തിക്കാവശ്യമായ സാധനസാമഗ്രികൾ.

നടപടിക്രമം: ആദ്യം സഹകരിച്ചും അതിനുശേഷം മത്സരിച്ചും ചെയ്യുത്തക്കവിധം ഒരേ ജോലി എല്ലാവർക്കും നൽകണം.

ഉദാ: വർണ്ണക്കടലാസുപയോഗിച്ച് തോരണം ഒട്ടിയ്ക്കാൻ കുട്ടികളോട് ആവശ്യപ്പെടുകയാണെന്നിരിക്കട്ടെ. ചാക്കുചരടുകൾ നീളത്തിൽ വലിച്ചു കെട്ടുക. അവയുടെ ആകെനീളം വ്യക്തികളുടെ മൊത്തം എണ്ണത്തിന്റെ അഞ്ചിരട്ടി (മീറ്റർ) ആയിരിക്കണം അതായത് ഒരാൾ ശരാശരി ചെയ്യേണ്ട ജോലി അഞ്ചുമീറ്റർ നീളത്തിൽ തോരണം ഒട്ടിക്കലാണ്. അതിനുതയ്യാറാക്കിയ കടലാസുകഷണങ്ങളും പശയും ആവശ്യാനുസരണം നൽകണം. ഇവിടെ മത്സരത്തിന്റെ ആവശ്യമില്ല. ജോലിയിൽ അലസത കാണിക്കുന്നവരെ നിർബന്ധിക്കേണ്ടതുമില്ല. ജോലി കഴിയുമ്പോൾ അതിനു ചെലവായ ശരാശരി സമയം കണക്കാക്കണം.

വീണ്ടും അതേ ജോലിതന്നെ ചെയ്യിക്കാം. പക്ഷേ, ഇപ്രാവശ്യം അതിനു മത്സരം ഏർപ്പെടുത്തണം. ചരട് അഞ്ചുമീറ്റർ വീതം നീളത്തിൽ എല്ലാവർക്കും അളന്നു തിരിച്ചുകൊടുക്കണം. ജോലി ആദ്യം ചെയ്തു തീർക്കുന്നയാൾ വിജയിയായി പ്രഖ്യാപിക്കപ്പെടും. കടലാസുകൾ ഒട്ടിക്കുന്നതു തമ്മിലുള്ള അകലത്തെ സംബന്ധിച്ച് കൃത്യമായ നിബന്ധനകൾ നല്കേണ്ടതില്ല. ജോലി ചെയ്തു തീർക്കാനെടുത്ത സമയം കണക്കാക്കണം.

(യുവജനകൃാമ്പുകളിലാണെങ്കിൽ അവർക്കു താല്പര്യമുള്ള ഇത്തരം മറെറന്തെങ്കിലും ജോലി നല്കണം).

പൊതുചർച്ച: ആദ്യത്തെയും രണ്ടാമത്തെയും ജോലികൾ തമ്മിലുള്ള അന്തരം ചർച്ചാവിഷയമാക്കണം.

(1) ജോലി ചെയ്തു തീർക്കുന്നതിനെടുത്ത സമയത്തിൽ വ്യത്യാസം വന്നതെന്തുകൊണ്ട്?

(2) രണ്ടാമത്തെ പ്രവർത്തനത്തിൽ ജോലിയുടെ മേന്മ കുറഞ്ഞോ? എന്തുകൊണ്ട്?

(3) ആദ്യത്തെയും രണ്ടാമത്തെയും സാഹചര്യങ്ങളിൽ നിങ്ങളുടെ മനോവികാരങ്ങൾ എന്തായിരുന്നു?

(4) രണ്ടാമത്തെ സാഹചര്യത്തിൽ ആദ്യത്തേതിനെക്കാൾ ശ്രദ്ധിക്കാനുദ്ദേശിച്ചുകൊണ്ടാണോ എല്ലാവരും പ്രവർത്തിച്ചത്. എന്തുകൊണ്ട്?

(5) രണ്ടാമത്തെ സാഹചര്യത്തിൽ സമ്മാനാർഹർ നിശ്ചയിക്കപ്പെട്ടതോടെ മറ്റു പലരും തങ്ങളുടെ ജോലിയിൽനിന്നു പിന്തിരിയുകയോ നിരുത്സാഹികളാകുകയോ ചെയ്തോ?

(6) മത്സരമോ സഹകരണമോ ഏതാണ് നിങ്ങൾ കൂടുതൽ ആഭിലഷിക്കുന്നത്?

(ii) *മത്സരത്തിന്റെ ദോഷവശം*

ലക്ഷ്യം: പരസ്പരനിഷേധകമായ ലക്ഷ്യത്തോടെ സമൂഹാംഗങ്ങൾ പ്രവർത്തിച്ചാൽ പലപ്പോഴും പരാജയത്തിലും വഴക്കിലും അവസാനിക്കാൻ സാധ്യതയുണ്ട് എന്നു വെളിവാക്കുക.

നടപടിക്രമം: ക്യാമ്പിൽ സംബന്ധിക്കുന്നവരെ തുല്യ കഴിവുള്ള നാലുഗ്രൂപ്പുകളായി തിരിക്കുക. ഗ്രൂപ്പുകൾ ഏതാണ്ടു തുല്യ ശക്തിയുള്ളതും വിഭജനം പൊതുവെ ഇഷ്ടപ്പെട്ടതുമാക്കാൻ ആദ്യം അംഗങ്ങളോടുതന്നെ ഗ്രൂപ്പപ്പെടുത്തപ്പെടേണ്ട ഗ്രൂപ്പുകൾക്ക് നേതാക്കളെ നിർദ്ദേശിക്കാൻ പറയാം. നേതാക്കൾ തങ്ങൾക്ക് ഇഷ്ടപ്പെട്ട ഓരോ വ്യക്തിയെ വീതം 'ആളെ വിളിച്ചു' അവരുടെ ചേരികളിൽ ചേർക്കണം.

ക്യാമ്പ് നടക്കുന്ന കെട്ടിടത്തിന്റെ പരിസരത്ത് ഒരു പൂന്തോട്ടം നിർമ്മിക്കാനുള്ള പ്ലാൻ തയ്യാറാക്കുന്നതിലാണ് മത്സരം. ഓരോ ഗ്രൂപ്പും വ്യത്യസ്ത സ്ഥലങ്ങളിൽ സംഘടിച്ച് പൂന്തോട്ടം നിർമ്മിക്കാൻ പറ്റിയ സ്ഥലം. അതിനുവേണ്ട ഡിസൈൻ, ഓരോ ഭാഗത്തും നട്ടുപിടിപ്പിക്കേണ്ട ചെടികൾ, ചെടിനനയ്ക്കാൻവേണ്ട ക്രമീകരണങ്ങൾ തുടങ്ങിയവയെക്കുറിച്ച് ചർച്ചചെയ്യണം. 20 മിനിറ്റിനുശേഷം പൊതുചർച്ചയുണ്ടാകുമെന്നും അതിൽ ഏതു ഗ്രൂപ്പിന്റെ പ്ലാനാണോ മെച്ചമായുള്ളതു് അതിനു് സമ്മാനം നല്കപ്പെടുമെന്നും അറിയിക്കണം.

പൊതുചർച്ച: ഗ്രൂപ്പുചർച്ചകൾക്കും തീരുമാനമെടുക്കലിനും ശേഷം പൊതുചർച്ച ആരംഭിക്കുന്നു. ഓരോ ഗ്രൂപ്പും ഈരണ്ടു പ്രതിനിധികളെ വീതം തെരഞ്ഞെടുക്കണം. ഇവർ വട്ടംകൂടിയിരുന്നു് തങ്ങളുടെ ഗ്രൂപ്പുകളുടെ തീരുമാനങ്ങൾ അറിയിക്കുകയും അവയുടെ മേന്മകൾ എടുത്തു പറയുകയും ചെയ്യുന്നു. ഗ്രൂപ്പിലെ മറ്റു അംഗങ്ങൾക്ക് തങ്ങളുടെ പ്രതിനിധികളുടെ പിൻപിൽ അണിനിരക്കാം. എന്നാൽ ചർച്ചയിൽ സജീവമായി സംബ

ന്ധിക്കുവാൻ പാടുള്ളതല്ല. പകരം തങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും കടലാസിലെഴുതി പ്രതിനിധികളെ അറിയിക്കാം. ഏതു ഗ്രൂപ്പിന്റെ തീരുമാനമാണു് നല്ലതെന്നു നിശ്ചയിക്കേണ്ടതു് നാലു ഗ്രൂപ്പുകളുടെയും പ്രതിനിധികൾ തന്നെയാണു്. അതിനായി തങ്ങളുടെ ഗ്രൂപ്പെടുത്ത തീരുമാനങ്ങളുടെ മേന്മകൾ ഉന്നയിച്ചുകൊണ്ടു് വാദപ്രതിവാദം നടത്തണം. എല്ലാ പ്രതിനിധികളും പൂർണ്ണമായി യോജിക്കുന്നെങ്കിൽ മാത്രമേ ഏതെങ്കിലും ഗ്രൂപ്പിനു സമ്മാനം കരസ്ഥമാക്കാൻ സാധിക്കൂ.

ചർച്ചയിൽ വ്യക്തമായ തീരുമാനം ഉണ്ടാകുന്നില്ലെങ്കിൽ അവർക്കു് അവസാനമായി അഞ്ചുമിനിറ്റു സമയംകൂടി സാവകാശം നല്കാം. ആ സമയത്തിനുള്ളിൽ അന്തിമതീരുമാനത്തിലെത്തുന്നില്ലെങ്കിൽ സമ്മാനം ആർക്കും ലഭിക്കുന്നതല്ല.

വിലയിരുത്തൽ: എല്ലാവരെയും ഹാളിൽ സാധാരണപോലെ ഇരുത്തിയശേഷം എന്തുകൊണ്ടു് സമ്മാനം ആർക്കും ലഭിക്കാതെ പോയി, പൊതു ചർച്ചാവേളയിലെ തങ്ങളുടെ അനുഭവം എന്തായിരുന്നു തുടങ്ങിയവ ചർച്ച ചെയ്യുന്നു ചർച്ച ഫലപ്രയോഗിക്കാവുന്ന ചില ആശയങ്ങൾ:

(1) നിങ്ങൾ പൊതുചർച്ചയ്ക്കു വരുമ്പോൾ സ്വന്തം ഗ്രൂപ്പ് സമ്മാനാർഹമാകുമെന്നു വിശ്വസിച്ചിരുന്നോ?

(2) നിങ്ങളുടെ ഗ്രൂപ്പ് എടുത്ത തീരുമാനങ്ങൾക്കു് നിങ്ങൾവാദിച്ചതു മേന്മകളെന്നു് നേരത്തെ നിങ്ങൾ കരുതിയിരുന്നോ?

(3) വാസ്തവത്തിൽ നിങ്ങളുടെ പ്ലാൻ തന്നെയാണു നല്ലതെന്നു് നിങ്ങൾക്കു ബോധ്യമുണ്ടോ?

(4) എന്തുകൊണ്ടാണു് പൊതുവായൊരു തീരുമാനത്തിലെത്താൻ സാധിക്കാത്തതു്? തുടർന്നു ചർച്ച ചെയ്താൽ ഇതിനുപരിഹാരം കാണാമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

(5) ഈ പ്രശ്നം പരിഹരിക്കാൻ ഒരു മാർഗ്ഗം നിർദ്ദേശിക്കാമോ?

പ്രശ്നപരിഹാരം: എല്ലാ ഗ്രൂപ്പിലുംപെട്ട ഓരോ പ്രതിനിധിയെ വീതം അന്തിമ തീരുമാനത്തിനായി വിളിക്കണം. അവർ സംഘടിച്ചു് എല്ലാപ്ലാനുകളും പരിശോധിക്കണം. അവയിൽ ഏറ്റവും നല്ലതെന്നു തോന്നുന്ന ഒരെണ്ണം തെരഞ്ഞെടുക്കുകയോ എല്ലാത്തിലെയും നല്ലവശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടു് പുതിയൊരു പ്ലാൻ തയ്യാറാക്കുകയോ ചെയ്യണം. ഇതിൽ മത്സരത്തിന്റെയോ വാശിയുടെയോ ആവ

ശ്യമില്ലെന്നു് അവരെ ബോധ്യപ്പെടുത്തണം. കാരണം ഏതു പ്ലാൻ അംഗീകരിക്കപ്പെട്ടാലും സമ്മാനം എല്ലാ ഗ്രൂപ്പുകൾക്കും കൂടി പൊതുവായിട്ടായിരിക്കും നല്കുക.

(iii) മത്സരത്തിന്റെ മേന്മ

ലക്ഷ്യം: സമൂഹ പ്രവർത്തനങ്ങളിൽ മത്സരങ്ങൾ ഏർപ്പെടുത്തുന്നതുകൊണ്ടു് ലഭിക്കാവുന്ന മേന്മകൾ മനസ്സിലാക്കുക.

സജ്ജീകരണം: മത്സരിച്ചും സഹകരിച്ചും ചെയ്യാൻ ഏതെങ്കിലും ജോലി തെരഞ്ഞെടുത്തു് അതിനെ രണ്ടു തുല്യഭാഗങ്ങളായി തിരിക്കുക.

നടപടിക്രമം: ജോലിയുടെ ആദ്യഭാഗം എല്ലാവരോടും സഹകരിച്ചു ചെയ്തുതീർക്കാൻ ആവശ്യപ്പെടുക. അതിനാവശ്യമായി വരുന്ന സമയം കണക്കാക്കണം.

രണ്ടാംഭാഗം ചെയ്യുന്നതിനായി ക്യാമ്പംഗങ്ങളെ തുല്യകഴിവുകളുള്ള രണ്ടോ നാലോ ഗ്രൂപ്പുകളായി തിരിക്കുക. കഴിഞ്ഞ ടെക്നിക്കിലെപ്പോലെ ആളെവിളിച്ചു് ഈ വിഭജനം നടത്താം.

ഗ്രൂപ്പുകളുടെ എണ്ണമനുസരിച്ചു് രണ്ടാംഭാഗം ജോലിയും തുല്യഭാഗങ്ങളായി തിരിക്കണം. ആദ്യം ജോലിചെയ്തുതീർക്കുന്ന ഗ്രൂപ്പിനു് സമ്മാനം വാഗ്ദാനം ചെയ്യണം. മത്സരത്തിൽ സമയം മാത്രമല്ല പ്രവൃത്തിയുടെ ഗുണവും കണക്കിലെടുക്കുമെന്നു് പ്രത്യേകം അറിയിക്കണം. പരിശോധകസമിതിയായി മത്സരത്തിൽ പങ്കെടുക്കാത്ത മൂന്നോ അഞ്ചോ പേരെ നിയമിക്കണം എല്ലാ ഗ്രൂപ്പുകളുടെയും ജോലി തീർന്നശേഷമേ ഫലം നിശ്ചയിക്കാവൂ രണ്ടാം ഭാഗം ജോലി മുഴുവൻ തീരാൻ വേണ്ടിവന്നസമയവും കണക്കാക്കണം.

പൊതുചർച്ച: രണ്ടുഭാഗം ജോലിയിലും വന്ന വ്യത്യാസങ്ങളും വിശകലനം ചെയ്യണം. അതിനു സഹായകമായ ചില ആശയങ്ങൾ:

1 എല്ലാവരുംതന്നെ ആദ്യഭാഗത്തേക്കാൾ കൂടുതൽ ശ്രദ്ധ് കാന്തിയോടെ രണ്ടാം ഭാഗത്തിലെ ജോലിയിലേർപ്പെടുന്നു.

2 രണ്ടാംഭാഗത്തിൽ നേതാക്കൾ കൂടുതൽ താത്പര്യമെടുക്കുകയും അംഗങ്ങളുടെ പ്രവർത്തനങ്ങൾ വേണ്ടരീതി നിയന്ത്രിക്കുകയും ചെയ്യുന്നു.

3 ജോലിയുടെ മേന്മയിൽ ശ്രദ്ധിക്കുന്നു.

(4) ആദ്യഭാഗത്തെക്കാൾ കുറഞ്ഞ സമയംകൊണ്ട് കൂടുതൽ മെച്ചമായി ജോലി നിർവ്വഹിക്കുന്നു.

(5) നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്ന രീതി ആദ്യത്തേതോ രണ്ടാമത്തേതോ?

വിശദീകരണം: വ്യത്യസ്ത വ്യക്തികളുടെ ലക്ഷ്യങ്ങളെ കൂട്ടിയിണക്കി അനുകൂലമായ പരസ്പരബന്ധം സ്ഥാപിച്ചുകൊണ്ട് പൊതു ലക്ഷ്യത്തിലേയ്ക്ക് ഒന്നിച്ചു നിങ്ങുകയാണ് സഹകരണസമൂഹങ്ങൾ ചെയ്യുക. മത്സരസമൂഹങ്ങളിലാവട്ടെ പരസ്പരബന്ധം പ്രതികൂലമായിരിക്കുകയും അവരുടെ ലക്ഷ്യങ്ങൾ ഘടിപ്പിക്കുക.

— സഹകരണസമൂഹങ്ങളിൽ ഒരുവൻ് തന്റെ ഉദ്ദേശ്യം സഫലീകൃതമാക്കണമെങ്കിൽ താനുമായി ബന്ധപ്പെട്ട മറ്റുള്ളവരുടെ ലക്ഷ്യങ്ങൾകൂടി സാധിക്കണം. മത്സരത്തിൽ ഒരുവന്റെ (ഒരു സമൂഹത്തിന്റെ) ലക്ഷ്യപ്രാപ്തി (ഉദാ: സമ്മാനം) മറ്റൊരുവനെ (മറ്റൊരു സമൂഹത്തിനെ) തടസ്സമായി ബാധിക്കുന്നു.

— സമൂഹാംഗങ്ങളെ കൂടുതൽ കർമ്മോന്മുഖരാക്കുവാൻ വളരെ ശ്രദ്ധയോടും വിവേകത്തോടുംകൂടി പ്രയോഗിക്കുന്ന മത്സരസാഹചര്യങ്ങൾ സഹായകമാകും എന്നാൽ മത്സരം പൊതുലക്ഷ്യത്തിനും വ്യക്തിബന്ധങ്ങൾക്കും ഹാനികരമാകാതെ ശ്രദ്ധിക്കണം.

— ഒരേ സമൂഹത്തിൽ ഗ്രൂപ്പുതിരിഞ്ഞു തുടർച്ചയായി മത്സരം നടത്തിയാൽ സമൂഹത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്.

— സമൂഹത്തിൽ സഹകരണവും മത്സരവും സമ്മിശ്രമായി വരാറുണ്ട് സമൂഹത്തിന്റെ പൊതുലക്ഷ്യത്തിനായി എല്ലാവരും യത്നിക്കുന്നതോടൊപ്പം വ്യക്തിപരമായ സ്ഥാനമാനങ്ങൾക്കോ പരസ്പരനിഷേധകമായ ലക്ഷ്യങ്ങൾക്കോ വേണ്ടി സമൂഹത്തിനുള്ളിൽ വ്യക്തികൾ തമ്മിലോ ഗ്രൂപ്പുകൾ തമ്മിലോ മത്സരമനോഭാവം അറിഞ്ഞോ അറിയാതെയോ വളർന്നുവരാം. അനാരോഗ്യകരമായ കിടമത്സരം ഒഴിവാക്കത്തക്കസാഹചര്യം നേതാവ് ഉണ്ടാക്കിയില്ലെങ്കിൽ അത് സമൂഹത്തിനു പ്രതികൂലമായിഭവിക്കും.

15 സമൂഹത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച നേതൃത്വ ഗുണങ്ങൾ

എല്ലാ രംഗങ്ങളിലുമുള്ള നേതാക്കൾക്കു പൊതുവേ ഉണ്ടായിരിക്കേണ്ട കഴിവുകളും ഗുണങ്ങളും മനസ്സിലാക്കുവാനാണ് നാം ഇതുവരെ ശ്രമിച്ചത്. എന്നാൽ അവയ്ക്കു പുറമേ സമൂഹത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച നേതൃത്വകഴിവുകളും നേതാക്കൾക്കുണ്ടാകണം. അവയെ മനസ്സിലാക്കുവാനാണ് ഇനിയുള്ള ശ്രമം.

ലക്ഷ്യം: സമൂഹത്തിന്റെ പ്രത്യേക സ്വഭാവത്തിനും ധർമ്മത്തിനുമനുസരിച്ച പ്രത്യേക കഴിവുകളും മനസ്സിലാക്കുക.

– സമൂഹത്തിന്റെ എല്ലാ പ്രവർത്തനരംഗങ്ങളിലും വിശിഷ്യാ താൻ നേതൃത്വം നല്കുന്ന സമൂഹത്തിന്റെ എല്ലാ മേഖലകളിലും പ്രാഥമിക പരിജ്ഞാനമെങ്കിലും നേതാവ് സമ്പാദിക്കണമെന്നു മനസ്സിലാക്കുക.

(i) *വ്യത്യസ്ത ജോലികൾക്ക് നേതാക്കൾ*

നടപടിക്രമം: നിരത്തെ സുപരിചിതരായവരെ യോജിപ്പിച്ച് വിവിധ ഗ്രൂപ്പുകൾ രൂപപ്പെടുത്തണം. അവരോട് തങ്ങളുടെ സമൂഹത്തിനു (സാങ്കല്പികമായ) വ്യത്യസ്ത ധർമ്മങ്ങൾ അനുഷ്ഠിക്കേണ്ടിവരുമെന്നു അറിയിക്കുക. ആ പ്രത്യേക സാഹചര്യങ്ങളിൽ ആരെയെല്ലാമാണ് തങ്ങളുടെ നേതാക്കളായി അവരോധിക്കുവാൻ അഭിലക്ഷിക്കുന്നതെന്നു അവരോട് ചോദിക്കണം.

ഏതാനും ഉദാഹരണങ്ങൾ:

(1) നാടകമത്സരത്തിൽ പങ്കെടുക്കുവാൻ ഒരു സംവിധായകൻ.

(2) പുന്തോട്ട നിർമ്മാണത്തിനൊരു നേതാവ്.

(3) ഗ്രൂപ്പിന്റെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി അധികാരികളെ സമീപിക്കാൻ ഒരു പ്രതിനിധി.

(4) മറ്റു ഗ്രൂപ്പുകളുമായി ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുവാൻ ഒരു ക്യാപ്റ്റൻ.

(5) ഗായകസംഘരൂപീകരണത്തിനായി നേതാവ്.

(6) ഗ്രൂപ്പിന്റെ വകയായി മാസിക പ്രസിദ്ധപ്പെടുത്തുവാൻ ചീഫ് എഡിറ്റർ.

അംഗങ്ങളുടെ വോട്ട് രഹസ്യബാലറ്റുകളിലൂടെ വേണം രേഖപ്പെടുത്തുവാൻ. ഓരോ വോട്ടിംഗിനും ശേഷം ആ വ്യക്തി ക്കുതന്നെ താൻ വോട്ടുകൊടുക്കാനുണ്ടായ കാരണം (അയാളുടെ ഗുണങ്ങൾ) രഹസ്യമായി എഴുതി സൂക്ഷിക്കണം. ഒരേ വ്യക്തി ക്കുതന്നെയാണ് വീണ്ടും വോട്ട് നല്കുന്നതെങ്കിൽ അതിനുള്ള കാരണവും കുറിച്ചുവയ്ക്കണം. മാറിച്ച്, മറ്റൊരു വ്യക്തിക്കാ ണ് വോട്ട് രേഖപ്പെടുത്തുന്നതെങ്കിൽ ആദ്യത്തെ വ്യക്തി (കളെ) യെ ഇപ്രാവശ്യം തെരഞ്ഞെടുക്കാതിരുന്നതിന്റെ കാരണംകൂടി എഴുതണം.

വോട്ടുകൾ എണ്ണി ഓരോ സാഹചര്യത്തിനും അനുയോജ്യ രായ നേതാക്കളെ നിശ്ചയിക്കണം. തുടർന്ന് പൊതുചർച്ച യാണ്.

പൊതുചർച്ച: താഴെ പറയുന്ന കാര്യങ്ങൾ ചർച്ചാവിഷ യമാക്കാം.

(1) ഗ്രൂപ്പിന്റെ വിവിധ സാഹചര്യങ്ങളിൽ വ്യത്യസ്ത വ്യക്തികളെ നേതാക്കളാക്കേണ്ടിവന്നതു് എന്തുകൊണ്ട്?

(2) ഒരു വ്യക്തിതന്നെ പലപ്രാവശ്യം നേതാവായി തെരഞ്ഞെടുക്കപ്പെട്ടോ? എങ്കിൽ എന്തുകൊണ്ട്?

(3) ചിലർ ഒന്നിലും നേതാവായി തെരഞ്ഞെടുക്കപ്പെടാ തിരുന്നതു് എന്തുകൊണ്ട്?

(4) ഈ തെരഞ്ഞെടുപ്പുകളിൽനിന്ന് എന്തു മനസ്സി ലാക്കാം?

(ii) *വിവിധ രംഗങ്ങളിലെ നേതൃത്വഗുണങ്ങൾ*

നടപടിക്രമം: ഏഴുമുതൽ പതിനൊന്നുവരെ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകൾ രൂപപ്പെടുത്തുക. ഓരോ ഗ്രൂപ്പിനും താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഓരോ നേതാവിന്റെ പേരു നല്കണം. ഓരോ ഗ്രൂപ്പും തങ്ങൾക്കു നിശ്ചയിക്കപ്പെട്ട നേ താവിന്റെ അഞ്ചു് ഗുണങ്ങൾ വീതം അവയുടെ പ്രാധാന്യമനു സരിച്ചു് എഴുതണം. വ്യത്യസ്ത സ്വഭാവമുള്ള നേതാക്കളെ ആയിരിക്കണം ഓരോ ഗ്രൂപ്പിനും നിർദ്ദേശിക്കുന്നതു്. ചർച്ച യ്ക്കുശേഷം ഗ്രൂപ്പുകളുടെ ഉത്തരങ്ങൾ പൊതുവേദിയിൽ അവത രിപ്പിച്ചു് താരതമ്യപഠനം നടത്തണം.

ഗ്രൂപ്പുകൾക്കു് നിർദ്ദേശിക്കാവുന്ന നേതാക്കൾ: ഇടവക വികാരി, അദ്ധ്യാപകൻ, കൊള്ളസംഘത്തലവൻ, നാടകസം വിധായകൻ, പത്രാധിപർ, ഗായകസംഘത്തിന്റെ നേതാവു്,

ഫുട്ബോൾ ക്യാപ്റ്റൻ, പോലീസ് മേലുദ്യോഗസ്ഥൻ, തൊഴിലാളിയൂണിയൻ നേതാവ്, സാംസ്ക്കാരിക സംഘടനയുടെ നേതാവ്, യുവജന നേതാവ്, കുടുംബനാഥൻ, രാഷ്ട്രീയ നേതാവ്.

വിശദീകരണം: നേതൃത്വഗുണങ്ങളെ പൊതുവെ രണ്ടായി വിഭജിക്കാം. പൊതുകഴിവുകളും പ്രത്യേക കഴിവുകളും. ഏതു നേതാവിനും സാമാന്യമായുണ്ടായിരിക്കേണ്ട കഴിവുകളാണ് പൊതു കഴിവുകൾ. ഉദാ: പക്വതയാർന്ന വ്യക്തിത്വം, സ്വഭാവനൈർമ്മല്യം, സഹപ്രവർത്തകരോടുള്ള സ്നേഹം, സേവനസന്നദ്ധത തുടങ്ങിയവ. ഓരോരോ പ്രത്യേക സമൂഹങ്ങളിൽ അഥവാ, ഒരേ സമൂഹത്തിന്റെ വ്യത്യസ്ത സാഹചര്യങ്ങളിൽ നേതാവിൽ വിളങ്ങേണ്ട കഴിവുകളാണ് 'പ്രത്യേക കഴിവുകൾ'. അവയുള്ള ചില ഉദാഹരണങ്ങളാണ് നാം അല്പം മുമ്പു തെരഞ്ഞെടുത്ത നേതാക്കളിലുള്ളത്.

പ്രത്യേക കഴിവുകൾ മുഴുവനായി എല്ലാവിഭാഗത്തിലും പെട്ട നേതാക്കൾക്ക് ഉണ്ടായിക്കൊള്ളണമെന്നില്ല. ഉദാഹരണമായി ആദ്ധ്യാത്മിക നേതാവിന്റെയും കൊള്ളത്തലവന്റെയും പ്രത്യേക കഴിവുകൾ വളരെ വിഭിന്നങ്ങളാണ്. രാഷ്ട്രീയ നേതാവിന്റെ പ്രത്യേക ഗുണവിശേഷങ്ങൾ മാസികയുടെ പത്രാധിപർക്കോ അദ്ധ്യാപകനോ ഉണ്ടായിക്കൊള്ളണമെന്നില്ല.

സമൂഹത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ഏതു സമയത്തും വ്യതിയാനം സംഭവിക്കാവുന്നതിനാൽ കഴിയുന്നത്ര മണ്ഡലങ്ങളിൽ നമ്മുടെ കഴിവുകൾ വികസിപ്പിക്കുവാൻ ശ്രമിക്കണം. വിശിഷ്യാ നമ്മുടെ കീഴിൽ വ്യത്യസ്തങ്ങളായ ജോലികൾ നടക്കുന്നുണ്ടെങ്കിൽ അവയിൽ പ്രാഥമികമായ പ്രാവീണ്യമെങ്കിലും സമ്പാദിച്ചിരിക്കുന്നതു നല്ലതാണ്. എങ്കിലേ അന്യരായികളേയോ കീഴ്ജീവനക്കാരേയോ ശരിക്കു നിയന്ത്രിക്കുവാൻ നമുക്കു കഴിയൂ. ഉദാഹരണം: ഗായകസംഘത്തലവൻ പ്രധാനപ്പെട്ട എല്ലാ സംഗീതോപകരണങ്ങളും ഉപയോഗിക്കുവാൻ പഠിച്ചിരിക്കുന്നതു കൊള്ളാം.

ഒരു പ്രത്യേക സമൂഹത്തിൽ പ്രശോഭിക്കുന്ന നേതാവ് തീർച്ചയും വ്യത്യസ്തമായ മറ്റൊരു സമൂഹത്തിൽ വിജയിക്കുമെന്ന് തീർച്ചപ്പെടുത്താനാവില്ല.

ഒരേ സമൂഹത്തിനുതന്നെ വിഭിന്ന കാലഘട്ടങ്ങളിൽ വ്യത്യസ്ത നേതൃത്വശൈലി ആവശ്യമായി വരാം. ഉദാ:

ഇന്ത്യയുടെ സ്വാതന്ത്ര്യസമരകാലത്തെ നേതൃത്വവും സ്വാതന്ത്ര്യം പ്രാപിച്ചതിനു ശേഷമുള്ള നേതൃത്വവും വളരെ വിഭിന്നമാണ്. യുവജനസംഘടനയുടെ നേതൃത്വത്തിൽ വിനോദയാത്രയോ, കായിക കലാമത്സരങ്ങളോ, വാർഷികാഘോഷങ്ങളോ ഉണ്ടാകാം. എല്ലാത്തിലും നേതാവ് വിലമതിക്കപ്പെടണമെങ്കിൽ ഈ സന്ദർഭങ്ങളിലെല്ലാം നേതൃത്വം കൊടുക്കാനുള്ള പരിജ്ഞാനവും വിവേകവും ആവശ്യമാണ്.

16 വിവിധ നേതൃത്വ ശൈലികൾ

ലക്ഷ്യം: വിവിധ നേതൃത്വ ശൈലികളെ മനസ്സിലാക്കുക

— അവ ഓരോന്നിന്റെയും ഫലസിദ്ധിയേയും ഗുണദോഷങ്ങളെയും പറ്റി താരതമ്യപഠനം നടത്തുക.

(i) *നാടക മത്സരം*

നടപടിക്രമം: ക്യാമ്പംഗങ്ങളെ നാല് തുല്യഗ്രൂപ്പുകളായി തിരിക്കുക. പൊതുവേദിയിൽ അവതരിപ്പിക്കത്തക്കവിധം ഗ്രൂപ്പുകൾക്ക് ഒരു മത്സരം സംഘടിപ്പിക്കണം. ഉദാ: ബൈബിൾ നാടകമത്സരം. അതിനു താഴെ പറയുന്ന നിബന്ധനകൾ നല്കാം.

— ഗ്രൂപ്പുകൾ രൂപപ്പെടുത്തി കഴിയുമ്പോൾ പരിശീലകൻ നിങ്ങൾക്ക് നേതാവിനെ നിശ്ചയിച്ചു തരും.

— നിങ്ങൾക്കു നിശ്ചയിക്കപ്പെടുന്ന നേതാവിന്റെ സമ്മതത്തോടുകൂടിയായിരിക്കണം എല്ലാ തീരുമാനങ്ങളും എടുക്കുന്നത്.

— നേതാവ് കർശനമായ നിർദ്ദേശങ്ങൾ നല്കിയാലും ധിക്കരിക്കാൻ പാടില്ല.

— ഓരോഗ്രൂപ്പും ഒന്നിച്ചുകൂടി ആദ്യം തങ്ങൾക്കഭിനയിക്കാൻ പറ്റിയ ഒരു ബൈബിൾ നാടകം തെരഞ്ഞെടുക്കണം.

— ഗ്രൂപ്പിലെ കഴിയുന്നത്ര അംഗങ്ങൾക്കു പങ്കെടുക്കാൻ പറ്റിയനാടകമായിരിക്കണം തെരഞ്ഞെടുക്കുന്നത്.

— തിരഞ്ഞെടുക്കുന്ന ബൈബിൾ കഥയോടും കഥാപാത്രങ്ങളോടും വേണ്ടത്ര നീതി പുലർത്തണം.

— നല്ലപ്രമേയം, നല്ല അഭിനയം, നല്ല സംഭാഷണം, അവതരണത്തിലെ ഒറിജിനാലിറ്റി എന്നിവ പ്രത്യേകം പരിഗണിക്കപ്പെടും.

— അവതരിപ്പിക്കേണ്ട നാടകം ഏതെന്ന നിശ്ചയിച്ചാലുടൻ പരിശീലകനെ അറിയിക്കണം. നാടകം അവതരണത്തിനു സജ്ജമായാലുടനെ പരിശീലകനെ വീണ്ടും അറിയിക്കണം.

— നാടകാവതരണത്തിന് ഓരോ ഗ്രൂപ്പും 15 മിനിറ്റിൽ കൂടുതൽ സമയം എടുക്കാൻ പാടില്ല.

— ഗ്രൂപ്പുകളിൽ പെടാത്ത ഒരു പാനൽ മത്സരത്തിൽ വിജയികളെ നിശ്ചയിക്കുന്നതാണ്.

പ്രാരംഭത്തിൽത്തന്നെ, ഓരോസമൂഹത്തിലെയും നേതാക്കൾ അതാതു സമൂഹത്തിന്റെ പ്രത്യേകതകളനുസരിച്ച് എങ്ങനെ പ്രവർത്തിക്കണമെന്ന് രഹസ്യമായ നിർദ്ദേശം നല്കണം.

ഏകാധിപതിയായ നേതാവ്

സമൂഹത്തെ അടക്കിഭരിക്കാൻകഴിവുള്ള ഒരുവനെ പരിശീലകൻതന്നെ ഒന്നാം ഗ്രൂപ്പിന്റെ നേതാവായി നിശ്ചയിക്കണം.

താഴെപ്പറയുന്ന നിർദ്ദേശങ്ങളും അയാൾക്കു നല്കണം.

താങ്കൾ ഏകാധിപതിയായ നേതാവാണ്. അതിനാൽ സമൂഹത്തിന്റെ എല്ലാ ഉത്തരവാദിത്വവും താങ്കൾക്കാണ്. സമ്മാനത്തിനോ സമൂഹത്തിന്റെ നന്മയ്ക്കോ അല്ല താങ്കൾ പ്രാധാന്യം കല്പിക്കേണ്ടത്; പ്രത്യുത താങ്കളുടെ ഇച്ഛാനുസരണം എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുവാനും അംഗങ്ങളുടെമേലുള്ള അധികാരം സംസ്ഥാപിക്കുവാനുമാണ് ശ്രമിക്കേണ്ടത്. ഏതു നാടകമാണ് നടത്തേണ്ടതെന്ന് അംഗങ്ങളെക്കൊണ്ട് ചർച്ചചെയ്യിക്കാം. പക്ഷേ അവരുടെ അഭിപ്രായങ്ങളെ മാനിക്കാതെ താങ്കൾ തന്നെ ഒരു നാടകം സ്വയം നിശ്ചയിച്ച് അത് അവതരിപ്പിക്കുവാൻ അവരെ നിർബന്ധിക്കണം. അതിൽ ആരെല്ലാം ഏതേതു ഭാഗങ്ങളാണ് അഭിനയിക്കേണ്ടത് എന്നതു നിശ്ചയിക്കേണ്ടതും താങ്കൾതന്നെയാണ്. അവയെല്ലാം പൂർണ്ണമായി അനുസരിക്കുവാൻ അവർ ബാദ്ധ്യസ്ഥരുമാണ്. താങ്കളുടെ നിർദ്ദേശങ്ങൾക്കെതിരായി ആരെങ്കിലും ശബ്ദമുയർത്തിയാൽ അതിനെ ശക്തിയുക്തം എതിർക്കാനും വേണ്ടിവന്നാൽ അയാളെ മത്സരത്തിൽ നിന്നു നീക്കം ചെയ്യാനും താങ്കൾക്ക് അധികാരമുണ്ട്. ആരുടെയും എതിർപ്പ് താങ്കൾവകവെക്കേണ്ടതില്ല.'

ബ്യൂറോക്രാററിക് നേതാവ്

നിയമങ്ങളും നിർദ്ദേശങ്ങളും കർശനമായി പാലിപ്പിക്കുവാൻ കഴിയുമെന്നു കരുതുന്ന ഒരുവനെ രണ്ടാം ഗ്രൂപ്പിന്റെ നേതാവായി പരിശീലകൻ തന്നെ നിശ്ചയിക്കണം. താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് അയാൾക്കു രഹസ്യമായി നല്കേണ്ടത്.

'ഉദ്യോഗസ്ഥതലത്തിലുള്ള ഭരണക്രമത്തിന്റെ രീതിയിലുള്ള നേതൃത്വമാണ് താങ്കൾ കൈക്കൊള്ളേണ്ടത്. നിയമമാണ് താങ്കൾക്കു സർവ്വപ്രധാനം. അതു് എല്ലാവരെക്കൊണ്ടും കർശനമായി അനുസരിപ്പിക്കണം. അതിൽനിന്ന് അണുവിട വ്യതിചലിച്ചുള്ള അഭിപ്രായങ്ങളെയും തീരുമാനങ്ങളെയും താങ്കൾ അംഗീകരിക്കരുത്. നേരത്തെ നല്കപ്പെട്ട നിബന്ധനകളും താങ്കൾ നിശ്ചയിക്കുന്ന മറ്റു ചട്ടങ്ങളും പിലിക്കപ്പെടുന്നതിനപ്പുറം അംഗങ്ങളുടെ സ്വതന്ത്രാഭിപ്രായത്തിനോ സമ്മാനത്തിനോ വില കല്പിക്കേണ്ടതില്ല. അംഗങ്ങളുടെ അഭിപ്രായങ്ങളെ മാനിക്കുന്നതിനോ സമ്മാനത്തിനുവേണ്ടിയോ 'റിസ്ക്കു്' എടുക്കാൻ താങ്കൾ തുനിയരുത്. നിയമ വിരുദ്ധമായ എല്ലാ തീരുമാനങ്ങളെയും എതിർത്തു് നിയമവിധേയമായ തീരുമാനങ്ങൾ മാത്രമെടുക്കുവാൻ അവരോടു നിർദ്ദേശിക്കണം.'

ജനാധിപത്യ നേതാവ്

ജനാധിപത്യ സമൂഹത്തിൽ അംഗങ്ങൾതന്നെ അഭിപ്രായവോട്ടെടുപ്പിലൂടെ തങ്ങളുടെ നേതാവിനെ തെരഞ്ഞെടുക്കണം. ഈ നേതാവിനു് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നല്കാം.

'താങ്കൾ ഈ ഗ്രൂപ്പിലെ സർവ്വസമ്മതനായ നേതാവാണു്. എല്ലാവരെയും കഴിയുന്നത്ര യോജിപ്പിച്ചും സന്തോഷിപ്പിച്ചും സമൂഹത്തിന്റെ പ്രവർത്തനഗതി നിയന്ത്രിക്കുവാൻ താങ്കൾ യത്നിക്കണം. സമൂഹാംഗങ്ങളുടെ നല്ല അഭിപ്രായങ്ങളെയും അഭിനയത്തെയും അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. അവരുടെ ഭൂരിപക്ഷാഭിപ്രായത്തിനനുസരിച്ചുള്ള നാടകം തെരഞ്ഞെടുക്കണം. കഴിയുന്നിടത്തോളം അവരുടെ ഇച്ഛാനുസരണംതന്നെ റോളുകൾ ഏല്പിച്ചുകൊടുക്കുക. സമൂഹത്തിന്റെ വിജയത്തിനും സമൂഹാംഗങ്ങളുടെ സംതൃപ്തിക്കും ഏതാണ്ടു തുല്യ പ്രാധാന്യം നല്കുവാൻ ശ്രദ്ധിക്കുണം.'

ലെസേഫേർ സമൂഹത്തിലെ നേതാവ്

ഈ സമൂഹത്തിൽ പ്രത്യേകിച്ചു് ഒരാളെ നേതാവാക്കേണ്ട ആവശ്യമില്ല. എങ്കിലും നാമമാത്രമായി ഒരുവനെ നേതാവാ

യി നിശ്ചയിക്കണം. താഴെ പറയുന്ന നിർദ്ദേശങ്ങളും അയാളെ നല്കാവുന്നതാണ്.

'താങ്കളും ഈ സമൂഹത്തിലെ നാമമാത്രമായ നേതാവാണ്. ഗ്രൂപ്പിന്റെ കാര്യത്തിൽ മറ്റ് അംഗങ്ങളേതിൽക്കവിഞ്ഞ ഉത്തരവാദിത്വമൊന്നും താങ്കൾക്കില്ല. അംഗങ്ങൾ അവരുടെ സ്വതന്ത്രമായ ആശയാഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും അവർ തന്നെ കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യട്ടെ അതിനൊന്നും കടിഞ്ഞാണിടാൻ താങ്കൾ ഒരുമ്പെടേണ്ട. അത്യാവശ്യസാഹചര്യങ്ങളിലല്ലാതെ സമൂഹത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശമൊന്നും നല്കേണ്ടതില്ല. സമൂഹം ആശാനില്ലാക്കളരിയായി മാറിയാലും താങ്കൾ വിഷമിക്കാനൊന്നുമില്ല. സമൂഹലക്ഷ്യത്തെക്കാളുപരി വ്യക്തികളുടെ പൂർണ്ണ സ്വാതന്ത്ര്യമായിരിക്കണം താങ്കളുടെ ലക്ഷ്യം.

നാലു ഗ്രൂപ്പിലെയും നേതാക്കൾക്ക് ഇവ്വിധം നിർദ്ദേശം നൽകിയശേഷം നാലു ഗ്രൂപ്പും തനിയെ സമ്മേളിച്ച് നാടകം അവതരിപ്പിക്കുന്നതിനേക്കുറിച്ച് ചർച്ചചെയ്യുന്ന അവതരിപ്പിക്കുവാനുള്ള നാടകം തെരഞ്ഞെടുത്തുവെന്നും പിന്നീട് അവ അവതരിപ്പിക്കുവാൻ തങ്ങൾ തയ്യാറായിയെന്നും ഓരോ ഗ്രൂപ്പും അറിയിക്കുമ്പോൾ അവ ഓരോന്നും അറിയിക്കുത്തക്കവിധം തീരുമാനത്തിലെത്തുന്നതിന് ഓരോ ഗ്രൂപ്പിനും വേണ്ടിവന്ന സമയം പരിശീലകൻ രേഖപ്പെടുത്തണം. എല്ലാ ഗ്രൂപ്പും തയ്യാറായി കഴിയുമ്പോൾ ഓരോ ഗ്രൂപ്പുകാരും മാറിമാറി തങ്ങളുടെ വിനോദം അവതരിപ്പിക്കുന്നു. ഗ്രൂപ്പുകളിൽപ്പെടാത്ത മൂന്നുപേരായിരിക്കണം സമ്മാനാർഹമായ ഗ്രൂപ്പ് ഏതെന്നു നിശ്ചയിക്കുക.

പൊതുചർച്ച: താഴെപറയുന്ന കാര്യങ്ങൾ ചർച്ചാവിഷയമാക്കാം.

(1) ഗ്രൂപ്പ് ചർച്ചാവേളയിൽ ഓരോ ഗ്രൂപ്പും തീരുമാനത്തിലെത്താനും തയ്യാറാകാനും എന്തുമാത്രം സമയമെടുത്തു? സമയത്തിൽ വ്യത്യാസമുണ്ടെങ്കിൽ അതിനുള്ള കാരണം?

(2) നിങ്ങളുടെ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ നിങ്ങൾ സംതൃപ്തരാണോ? കാരണം വിശദമാക്കുക.

(3) നിങ്ങളുടെ ഗ്രൂപ്പിന്റെ വിജയത്തിന് അതിന്റെ നേതൃത്വ ശൈലിയുമായി എന്തെങ്കിലും ബന്ധമുണ്ടോ? വിവരിക്കുക.


വിശദീകരണം: പൊതു ചർച്ചയെ തുടർന്ന് മേൽവിവരിച്ച നാല് നേതൃത്വശൈലികളെയും കുറിച്ച് പരിശീലകൻ വിശദീകരണം നല്കണം.

— ജനാധിപത്യ ഭരണക്രമമാണ് സാധാരണ ഗതിയിൽ എല്ലാവരും ഇഷ്ടപ്പെടുക. എങ്കിലും ചില അപകട സന്ദർഭങ്ങളിൽ നേതാവ് ഏകാധിപത്യഭരണക്രമം അവലംബിക്കേണ്ടിവരും.

— ഏകാധിപത്യ ഭരണത്തിൽ അംഗങ്ങളുടെ സർഗ്ഗശക്തിയും കഴിവുകളും പ്രകടിപ്പിക്കാൻ അവസരം കുറവാണെങ്കിലും കാര്യങ്ങൾ ദ്രുതഗതിയിൽ നടക്കും.

(ii) *പൊതു അടയാളം കണ്ടുപിടിക്കൽ*

സജ്ജീകരണം: അഞ്ചംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകൾക്ക് താഴെ ചിത്രീകരിച്ചിരിക്കുന്ന രീതിയിൽ ഇരിപ്പിടസൗകര്യം ഒരുക്കുക ചിത്രത്തിലെ വൃത്തങ്ങൾ വ്യക്തികളെയും അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന രേഖകൾ അവർക്ക് അനുവദിച്ചിട്ടുള്ള ആശയവിനിമയ പാതകളെയും സൂചിപ്പിക്കുന്നു.



കാര്യക്രമത്തിൽ പറയുന്ന രീതിയിൽ ചിത്രീകരിച്ച കാർഡുകൾ ആവശ്യാനുസരണം തയ്യാറാക്കി വച്ചിരിക്കണം.

നടപടിക്രമം: മേൽ പ്രതിപാദിച്ചവിധം ഓരോ ഗ്രൂപ്പുകാരെയും ഇരുത്തുക. ഗ്രൂപ്പിൽ പെടാത്തവരുണ്ടെങ്കിൽ നിരീക്ഷകരായിരുന്നാൽ മതി. ഗ്രൂപ്പിലെ ഓരോ അംഗത്തെയും തിരിച്ചറിയാൻ ഓരോ നിറത്തിന്റെ പേര് അവർക്ക് നൽകുന്നു. ഈ കളിയിൽ അംഗങ്ങൾക്ക് നൽകാവുന്ന ആറ് അടയാളങ്ങൾവീതം നിശ്ചയിക്കുക ഉദാ: താഴെ കൊടുത്തിരിക്കുന്ന ചാർട്ടിൽ 'ഒന്നാം പ്രാവശ്യം' എന്നതിനുനേരെ കൊടുത്തിരിക്കുന്ന അടയാളങ്ങൾ അവയിൽ അഞ്ച് അടയാളങ്ങൾ വീതം ചിത്രീകരിച്ചിരിക്കുന്ന ഓരോ കാർഡ് ഓരോരുത്തനും നൽകുക. (ഉദാ: ചാർട്ടിൽ പച്ചയ്ക്ക് 'വൃത്തം' മൊഴിച്ച് ബാക്കി എല്ലാ അടയാളങ്ങളും നൽകുന്നു). എന്നാൽ

ചിത്രീകരിക്കപ്പെടാതെ പോകുന്ന ആറാമത്തെ അടയാളം ഓരോരുത്തന്റേതിലും വ്യത്യാസപ്പെട്ടിരിക്കണം. അതായത് രണ്ടുപേർക്കും ഇല്ലാതെ വരുന്നത് ഒരേ അടയാളമായിരിക്കരുത്. (ചാർട്ടിൽ നീലയ്ക്ക് ത്രികോണം കൊടുക്കുന്നില്ലെങ്കിലും ബാക്കി എല്ലാവർക്കും അത് നൽകുന്നു). അങ്ങനെ വരുമ്പോൾ അഞ്ചുപേർക്കും കാർഡു നൽകികഴിയുമ്പോൾ എല്ലാവർക്കും പൊതുവായുള്ള ഒരു അടയാളമേ കാണുകയുള്ളൂ. (ചാർട്ടിൽ ഒന്നാം പ്രാവശ്യം ഡൈമൻ, രണ്ടാം പ്രാവശ്യം നക്ഷത്രം, മൂന്നാം തവണ ത്രികോണം)

	ഓരോരുത്തന്റെയും കയ്യിൽ ഇല്ലാത്ത അടയാളം					
വർണ്ണങ്ങൾ	പച്ച	നീല	ചുവപ്പ്	വെള്ള	മഞ്ഞ	പൊതുവായ അടയാളം
1-ാം പ്രാവശ്യം	○	△	+	□	✳	◇
2-ാം പ്രാവശ്യം	···+···	◇	△	○	□	✳
3-ാം പ്രാവശ്യം	✳	○	□	◇	+	△

തങ്ങൾക്കു പൊതുവായുള്ള അടയാളമേതെന്നു കണ്ടുപിടിക്കയാണ് ഗ്രൂപ്പിലെ അംഗങ്ങൾ ചെയ്യേണ്ടത്. എഴുത്തുകുത്തുകളിലൂടെ മാത്രമെ അവർ വിവരങ്ങൾ കൈമാറാവൂ. അതും അവർക്കനുവദിച്ചിരിക്കുന്ന ആശയവിനിമയപാതകളിലൂടെ മാത്രം. ഉത്തരം ആരെങ്കിലും കണ്ടുപിടിച്ചാൽ അതും ഗ്രൂപ്പംഗങ്ങളെ എഴുതി അറിയിക്കണം. എല്ലാവരും അന്തിമ തീരുമാനത്തിലെത്തുന്നതുവരെ ഇപ്രകാരം ആശയങ്ങൾ കൈമാറിക്കൊണ്ടിരിക്കണം.

ഓരോ ഗ്രൂപ്പുകാർക്കും ഈ വിധം പല പ്രാവശ്യം കാർഡുകൾ കൊടുത്തു ഉത്തരങ്ങൾ കണ്ടുപിടിക്കാൻ ആവശ്യപ്പെടണം.

പൊതുചർച്ച: താഴെപ്പറയുന്ന ആശയങ്ങൾ ഉരുത്തിരിയത്തക്കവിധം ചോദ്യങ്ങൾ ചോദിക്കുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്യണം.

'ചക്രം': ഇവിടെ എല്ലാക്കാര്യങ്ങളും ഒരാൾ പൂർണ്ണമായി നിയന്ത്രിക്കുന്നു. കൂടുതൽ വേഗത്തിലും കൂടുതൽ കാര്യക്ഷമമായും തെറ്റുകൂടാതെയും ഉത്തരങ്ങൾ കണ്ടുപിടിക്കുവാൻ കഴിയുന്നു. എന്നാൽ മറ്റു ഗ്രൂപ്പുകാരെ അപേക്ഷിച്ച് ഇവർ അത്രയധികം സന്തുഷ്ടരല്ല; പ്രത്യേകിച്ച് ആദ്യത്തെ ഒന്നോ രണ്ടോ കളികൾക്കുശേഷം. കൂടുതൽ

കളികളിൽ ഏർപ്പെടുന്ന പക്ഷം ഇവർക്ക് വിരസത അനുഭവപ്പെട്ടു തുടങ്ങും. ഏകാധിപത്യ സമൂഹങ്ങളെ ഈ ഗ്രൂപ്പിനോടുപമിക്കാം.

'വൃത്തം': ഈ സമൂഹത്തിൽ വ്യക്തമായൊരു നേതാവില്ല. അതിനാൽ ഇവരിൽ സംഘടനാശക്തി കുറവാണ്. പല തെറ്റുകളും ഇവർ വരുത്തുകയും തിരുത്തുകയും ചെയ്യും. ശരിയായ ഉത്തരം കണ്ടുപിടിക്കാൻ മറ്റു ഗ്രൂപ്പുകളെ അപേക്ഷിച്ച് കൂടുതൽ സമയം വേണ്ടിവരുന്നു. എന്നാൽ ഈ ഗ്രൂപ്പിലെ പ്രവർത്തനരീതി എല്ലാവർക്കും രസപ്രദമാകുന്നു. കാരണം ഇതിൽ അംഗങ്ങൾക്കെല്ലാം തുല്യപ്രാധാന്യമാണുള്ളത്. എല്ലാവരും ആശയവിനിമയം നടത്തുന്നു. അതിനാൽ ആർക്കും വിരസത അനുഭവപ്പെടുന്നില്ല. ഈ ഗ്രൂപ്പിനെ ലെസേഫേർ സമൂഹത്തോടു താരതമ്യപ്പെടുത്താം.

'Y'യും 'ചങ്ങല'യും: ഫലസിദ്ധികൊണ്ട് 'ചക്രം' 'വൃത്തം' എന്നീ സമൂഹങ്ങൾക്കിടയിൽ വരുന്നവയാണ് ഇവ രണ്ടും. അതിനാൽ ഇവയ്ക്ക് 'ചക്ര'ത്തിന്റെയും, 'വൃത്ത'ത്തിന്റെയും മേന്മകളും സ്വാംശീകരിക്കുവാൻ കഴിയുന്നു അതായത് ആളുകൾക്ക് കൂടുതൽ സജീവഭാഗഭാഗിത്വവും ഗ്രൂപ്പിനു കൂടുതൽ കാര്യക്ഷമതയും ലഭിക്കുന്നു; പ്രത്യേകിച്ച് 'ചങ്ങല'യിൽ 'Y' കൂടുതലായും ഏകാധിപത്യത്തോടോ ഉദ്യോഗസ്ഥാധിപത്യത്തോടോ അടുത്തുവരുന്നു. എന്നാൽ 'ചങ്ങല'യ്ക്ക് കൂടുതൽ സാധ്യം ജനാധിപത്യനേതൃത്വത്തോടാണ്. ഇവിടെ നേതാവുണ്ടെങ്കിലും ഇടക്കണ്ണികളുടെ സജീവ സഹകരണംകൂടി അയാൾ ഉപയോഗപ്പെടുത്തുന്നു. തൽഭലമായി സമൂഹത്തിന്റെ കാര്യശേഷിയോടൊപ്പം വ്യക്തികൾക്കും പ്രാധാന്യം ലഭിക്കുന്നു.

17 സമൂഹസ്വാധീനം വ്യക്തികളിൽ

ലക്ഷ്യം: സമൂഹപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ സമൂഹം വ്യക്തിയുടെ മനോഭാവത്തിലും പ്രവർത്തനരീതിയിലും ചെലുത്തുന്ന സ്വാധീനവും വരുത്തുന്ന മാറ്റവും മനസ്സിലാക്കുക.

വ്യക്തി സമൂഹത്തിലും സമൂഹം വ്യക്തിയിലും ചെലുത്തുന്ന സ്വാധീനത്തെ മനസ്സിലാക്കി സമൂഹത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ നേതൃത്വപരിശീലനം അഭ്യസിക്കുന്നവരെ സഹായിക്കുക.

1 സംഗീത മത്സരം

സെമിനാറിൽ പങ്കെടുക്കുന്ന എല്ലാവരെയും നിർബന്ധമായും ഉൾപ്പെടുത്തി സംഗീത മത്സരം നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കണം. വ്യക്തികൾക്കു തനിച്ചും ഗ്രൂപ്പടിസ്ഥാനത്തിലും മത്സരമുണ്ടാകും. വ്യക്തികൾക്കുള്ള മത്സരത്തിൽ വിജയിക്കുന്നവർക്കാകും വിലയേറിയ സമ്മാനം. അതിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ എഴുന്നേറ്റു നില്ക്കണം. അവരുടെ പേരുകൾ പരിശീലകനോ ക്യാമ്പ് ലീഡറോ കുറിച്ചെടുക്കണം.

അടുത്തതായി മൂന്നുപേർ വീതമുള്ള ഗ്രൂപ്പുകളുടെ സംഗീത മത്സരമാണ്. ലളിതഗാന മത്സരത്തിൽ പങ്കെടുക്കുവാൻ പേരു നൽകിയവർ ഇതിൽ മത്സരിക്കാൻ പാടില്ല ലളിതഗാന മത്സരത്തിൽ പങ്കെടുക്കുന്നവരെ ക്ലാസ്സിന്റെ ഒരു ഭാഗത്തേക്കുമാറി ഇരുത്തണം. ബാക്കിയുള്ളവർക്ക് അഞ്ചുമിനിറ്റു സമയം ചർച്ചയ്ക്കു നൽകാം. അവർ പരസ്പരം ആലോചിച്ച് ഈ മത്സരത്തിൽ പങ്കെടുക്കുവാൻ തയ്യാറുള്ള മൂന്നുപേർ വീതമുള്ള ടീമുകൾ രൂപപ്പെടുത്തി ഗ്രൂപ്പ് ലീഡറുടെ പക്കൽ പേരു രജിസ്റ്റർ ചെയ്യണം ഒരു ഗ്രൂപ്പിൽ മത്സരിക്കുന്ന ആൾ മറെറാരു ഗ്രൂപ്പിൽ പങ്കെടുക്കുവാൻ പാടില്ല

അടുത്തതായി വലിയ ഗ്രൂപ്പുകൾ തമ്മിലുള്ള സംഗീത മത്സരമാണ്. അതിൽ എല്ലാവരും പങ്കെടുക്കണമെന്നത് നിർബന്ധമാണ്. നേരത്തെ ഒറ്റയായോ മൂന്നുപേരടങ്ങുന്ന ഗ്രൂപ്പായോ മത്സരിക്കാൻ പേരു തന്നവരും ഇതിൽ പങ്കെടുക്കണം ഒരു ഗ്രൂപ്പിൽ പത്തുമുതൽ പതിനഞ്ചുപേർവരെ ആകാം. ഗ്രൂപ്പുകൾ തുല്യവലിപ്പമുള്ളവയാകണം. എത്ര ഗ്രൂപ്പ രൂപപ്പെടുത്തുന്നുവോ അത്രയും സംഗീതാഭിരുചിയുള്ള അംഗങ്ങളെ തെരഞ്ഞെടുത്ത് അവർ 'ആളുവിളിച്ച്' ഗ്രൂപ്പുകൾ രൂപീകരിക്കാം

ആദ്യം ഈ വലിയ ഗ്രൂപ്പുകളുടെ സംഗീത മത്സരം നടത്തുന്നു. തുടർന്ന് മൂന്നുപേർ വീതമുള്ള ഗ്രൂപ്പുകളുടെയും തനിച്ചു പാടുന്നവരുടെയും മത്സരങ്ങൾ നടക്കുന്നു. മത്സരത്തിനു താഴെ പറയുന്ന നിബന്ധനകൾ നല്കാം.

1 സംഗീത മത്സരത്തിനു് ഒരുങ്ങുവാൻ വലിയ ഗ്രൂപ്പുകൾക്ക് 10 മിനിറ്റു സമയവും മൂന്നുപേർ വീതമുള്ള ഗ്രൂപ്പുകൾക്ക് 5 മിനിറ്റു സമയവും ലഭിക്കും.

2 വ്യക്തികളും ഗ്രൂപ്പും ഏതെങ്കിലും ഓരോ ഗാനം മാത്രം മത്സരത്തിൽ പാടിയാൽ മതിയാകും.

3 ഗ്രൂപ്പുകളുടെ മത്സരത്തിൽ ടീമിലുള്ള എല്ലാവരും പാടണമെന്നത് നിർബ്ബന്ധമാണ്.

4 ഗ്രൂപ്പുകളിൽപ്പെടാത്ത മൂന്നുപേർ മത്സര വിജയികളെ നിശ്ചയിക്കും.

ഗ്രൂപ്പ് ചർച്ച: സംഗീത മത്സരത്തിനുശേഷം മത്സരത്തിൽ പങ്കെടുത്തവരെ താഴെപറയുന്ന മാനദണ്ഡമനുസരിച്ച് വിവിധ ഗ്രൂപ്പുകളായി തിരിച്ച് ചർച്ച നടത്തണം. ഗ്രൂപ്പുകൾ താഴെ പറയുന്നവിധം ക്രമപ്പെടുത്താം.

1 ഒറ്റയ്ക്ക് മത്സരിച്ചവർ ചേർന്ന് ഒരു ഗ്രൂപ്പ്. പന്ത്രണ്ടിലധികം പേരുണ്ടെങ്കിൽ രണ്ട് ഗ്രൂപ്പാക്കണം.

2 മൂന്നുപേർവീതം മത്സരിച്ചവരുടെ ഗ്രൂപ്പുകൾ

3 ഒറ്റയ്ക്കോ മൂന്നുപേർ ചേർന്നോ ഉള്ള ഗ്രൂപ്പുകളിൽ മത്സരിക്കാതിരുന്നവർ.

ഈ മൂന്നുതരം ഗ്രൂപ്പുകൾക്കും താഴെ പറയുന്ന ആശയങ്ങൾ ചർച്ചയ്ക്ക് നല്കാം:

ഒറ്റയ്ക്ക് മത്സരിച്ചവർ:

— നിങ്ങൾ നേരത്തെ ഒറ്റയ്ക്ക് പൊതുസദസ്സിൽ സംഗീതം ആലപിച്ചിട്ടുണ്ടോ?

— ഒറ്റയ്ക്ക് മത്സരിക്കുവാൻ നിങ്ങൾക്ക് ധൈര്യമുണ്ടായത് എന്തുകൊണ്ട്?

— സംഗീതാഭിരുചി കുറവുള്ളവരുമായി വലിയ ഗ്രൂപ്പിൽ മത്സരിച്ചപ്പോൾ നിങ്ങളോടുള്ള അവരുടെ സമീപനം എന്തായിരുന്നു?

മൂന്നുപേർവീതം മത്സരിച്ചവർ:

— നേരത്തെ നിങ്ങൾ ഒറ്റയ്ക്ക് ഗാനം പൊതു സദസ്സിൽ ആലപിച്ചിട്ടുണ്ടോ?

— ഒറ്റയ്ക്ക് മത്സരിക്കുവാൻ നിങ്ങൾ ധൈര്യപ്പെടാതിരുന്നത് എന്തുകൊണ്ട്?

— മറ്റു രണ്ടുപേരെക്കൂടി ചേർത്ത് സംഗീത മത്സരത്തിൽ പങ്കെടുത്തപ്പോൾ നിങ്ങളുടെ വിചാരവികാരങ്ങൾ എന്തായിരുന്നു? (കൂടുതൽ ധൈര്യം, പരാജയഭീതി കുറവ്, പാട്ടുപാടുന്നതിനു തനിക്കുള്ള കഴിവുകുറവ്, ശ്രദ്ധിക്കപ്പെടില്ലെന്ന വിചാരം....)

— മൂന്നുപേർ വീതമുള്ള ഗ്രൂപ്പുതിരിയാനാവശ്യപ്പെട്ടപ്പോൾ ഏതെല്ലാം പ്രത്യേകതകളുള്ളവരെയാണു് ടീമിൽ ചേർക്കാൻ നിങ്ങൾ ആഗ്രഹിച്ചതു്.

— പാട്ടു തിരഞ്ഞെടുക്കുന്നതിനു് നിങ്ങൾ സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു?

വലിയ ഗ്രൂപ്പുകളിൽ മാത്രം മത്സരിച്ചവർ:

— നിങ്ങൾ തനിയെ എപ്പോഴെങ്കിലും പാട്ടുപാടിയിട്ടുണ്ടോ?

— സംഗീതത്തിൽ നിങ്ങൾക്കു് അഭിരുചിയുണ്ടോ?

— നിങ്ങൾ ഒറ്റയ്ക്കോ മൂന്നുപേർ ചേർന്നുള്ള ഗ്രൂപ്പിലോ മത്സരിക്കാതിരുന്നതു് എന്തുകൊണ്ടു്? (നാണം, ധൈര്യക്കുറവു്, സ്റ്റേജിൽ ജനങ്ങൾക്കഭിമുഖമായി നില്ക്കാൻ ഭയം, തന്റെ കുറവുകൾ കണ്ടുപിടിക്കുമെന്ന വിചാരം, മറ്റുള്ളവർ പരിഹസിക്കുമെന്ന ഭീതി,.

— വലിയ ഗ്രൂപ്പിൽ മത്സരിച്ചപ്പോൾ ഉണ്ടായ മനോഭാവങ്ങൾ എന്തു്? (തന്റെ കുറവു് ആരും ശ്രദ്ധിക്കില്ല, ആത്മധൈര്യം, സുരക്ഷിതബോധം, സമ്മാനം കിട്ടിയില്ലെങ്കിലും പ്രശ്നമില്ലെന്ന വിചാരം, നല്ല ഗായകർ ഗ്രൂപ്പിലുള്ളതിനാൽ തങ്ങൾ പരാജിതരാകില്ലെന്ന വിചാരം....)

ii *തെറ്റുകൾ മറച്ചുവയ്ക്കുന്നു*

സജ്ജീകരണം: ക്യാമ്പംഗങ്ങളുടെ ആകെ എണ്ണത്തിന്റെ മൂന്നിരട്ടി കാർഡുകൾ. ഓരോ സെറ്റിലും രണ്ടെണ്ണം വീതമൊഴിച്ചു് ബാക്കി എല്ലാത്തിലും ഒരേ ചോദ്യങ്ങൾ.

നടപടിക്രമം: ഒരേ ഉത്തരം കിട്ടത്തക്കവിധം ഒരേ ചോദ്യം തന്നെ കാർഡിലെഴുതി എല്ലാവർക്കും രഹസ്യമായി നല്കുക. കാർഡുകൾ പരസ്പരം കാണിക്കുകയോ ഉത്തരം അടുത്തുള്ളവർക്കു് പറഞ്ഞുകൊടുക്കുകയോ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം.

കൂട്ടികൾക്കു കൊടുക്കാവുന്ന ചോദ്യത്തിനു ഉദാഹരണം: A, B, C, D എന്നു തുടങ്ങുന്ന ഇംഗ്ലീഷ് അക്ഷരമാലയിലെ ഓരോ അക്ഷരത്തിനും അതാതിന്റെ ക്രമനമ്പർ തന്നെ വിലയായി കൊടുക്കണം. അതായതു് A=1, B=2, ...Y=25, Z=26 കാർഡിൽ ഇംഗ്ലീഷ് വാക്കുകൾ മാത്രം എഴുതിക്കൊടുത്തിട്ടു് അവയുടെ നമ്പരുകൾ എഴുതുവാൻ ആവശ്യപ്പെടണം. ഉദാ: Leader=12—5—1—4—5—18 Woman=23—15—13—1—14.

യുവജനങ്ങൾക്ക് ഇതേ രീതിയിൽ കണക്ക് കൂട്ടാൻ ആവശ്യപ്പെടാം. ഉദാ: $(M+S+U)-(E+U)=(13+19+21)-(5+7)=53-12=41.$

ക്യാമ്പംഗങ്ങളിൽ കഴിവു കുറഞ്ഞവരെന്നു തോന്നുന്ന രണ്ടു പേർക്ക് അവരെ അറിയിക്കാതെ മറ്റുള്ളവർക്ക് നല്കിയ ചോദ്യങ്ങളോട് സാമ്യമുള്ള തെറ്റായ ചോദ്യം കൊടുക്കണം. ഉദാ: Peace–Piece, Woman–Women. എല്ലാവരും ഉത്തരം കണ്ടുപിടിച്ചുകഴിയുമ്പോൾ തെറ്റായ ചോദ്യം നല്കപ്പെട്ടവരൊഴിച്ച് ബാക്കിയുള്ളവരിൽ രണ്ടോ മൂന്നോ പേരോട് ഏതുത്തരമാണ് തങ്ങൾക്ക് കിട്ടിയതെന്ന് ഉറക്കെ ചോദിക്കണം. ഒരേ ഉത്തരമായിരിക്കുമല്ലോ സ്വാഭാവികമായി അവർ പറയുക. അതിനുശേഷം എല്ലാവരോടും എഴുന്നേറ്റു നിൽക്കാനും അതേ ഉത്തരം കിട്ടിയവർക്കെല്ലാം ഇരിക്കാമെന്നും പറയണം. ബാക്കി എല്ലാവരും ഇരിക്കുന്നതു കാണുമ്പോൾ പൊതുവായുള്ള ഉത്തരം ലഭിക്കാത്തവർ തങ്ങൾക്കും 'ശരിയുത്തരം' കിട്ടിയെന്ന ഭാവേന ഇരിക്കുക സ്വാഭാവികമാണ്.

രണ്ടാം പ്രാവശ്യം മറ്റൊരു ചോദ്യം എല്ലാവർക്കും നല്കുമ്പോൾ ഇതേ വ്യക്തികൾക്കുതന്നെ രഹസ്യമായി വീണ്ടും തെറ്റായ ചോദ്യം നല്കണം. പഴയ രീതിയിൽ വീണ്ടും അവർ ശരിയുത്തരം കിട്ടിയെന്ന നടിക്കും. മൂന്നാം പ്രാവശ്യവും (ആവശ്യമെങ്കിൽ) ഇതേരീതി ആവർത്തിക്കുന്നു. ഇപ്രകാരം തെറ്റായ ഉത്തരം കിട്ടിക്കൊണ്ടിരുന്നവർ തങ്ങളുടെ 'കഴിവുകേടിൽ' കൂടുതൽ ബോധവാന്മാരായിരിക്കും. 'ശരിയുത്തരം കിട്ടിയവർ മാത്രമേ ഇരിക്കാവൂ' എന്നു തുടങ്ങിയ ശകാരമായ നിർദ്ദേശങ്ങളും കഴിവതും ഉപേക്ഷിക്കണം.

മൂന്നാം പ്രാവശ്യം ശരിയുത്തരം കിട്ടിയവർ ഇരുന്നുകഴിഞ്ഞ് തെറ്റായ ചോദ്യം നല്കപ്പെട്ടവരുടെ ഉത്തരങ്ങൾ വാങ്ങി പരിശോധിക്കണം. പൊതുവായ ഉത്തരം കിട്ടിയെന്ന നടിച്ചതിൽ അവരെ കുറ്റപ്പെടുത്താതെ വേണം സംസാരിക്കുവാൻ. ഒരുപക്ഷേ, മറ്റുള്ളവർക്ക് കിട്ടിയ ഉത്തരംതന്നെ അവർ കാർഡിൽ തിരുത്തി എഴുതിയിരിക്കാം. അവർക്ക് ചോദ്യം മനഃപൂർവ്വം തെറ്റിച്ചു നല്കിയ വിവരം വെളിപ്പെടുത്താം. തങ്ങൾക്കുമാത്രം 'ശരിയുത്തരം' ലഭിക്കാതെ വന്നപ്പോഴുണ്ടായ വികാരവിചാരങ്ങളും പങ്കുവയ്ക്കുവാൻ പറയണം. (ഉദാ: താൻ മാത്രം കണക്ക് 'തെറ്റിച്ചു'വെന്ന് ആദ്യം അറിയേണ്ട —മറ്റുള്ളവർക്കെല്ലാം ശരിയുത്തരം കിട്ടിയപ്പോൾ തനിക്കു തെറ്റിയതു് എന്ന വിചാരം —വീണ്ടും മറ്റുള്ളവരുടെ ഉത്തരം തന്നെ കിട്ടാതെ വന്നപ്പോൾ തനിക്ക് കണക്ക് ശരിക്കു മനസ്സി

ലായില്ലെന്ന തോന്നൽ — 'പരാജയം' അംഗീകരിക്കാനുള്ള മടി — ആരാലും ശ്രദ്ധിക്കപ്പെടാതെ പ്രശ്നം ഒതുക്കുക ഭൂരിപക്ഷത്തിന്റെകൂടെ നിന്നാൽ സുരക്ഷിതത്വം....).

iii കൂട്ടുപണി

ലക്ഷ്യം: സാമൂഹ്യപ്രവർത്തനങ്ങളിൽ സേവനതല്പരരും കർമ്മോന്മുഖരുമായ വ്യക്തികളുടെ സാമീപ്യം മറ്റുള്ളവരെയും ഉത്സാഹികളാക്കും. മറിച്ച്, അലസരും സേവനതല്പരതയില്ലാത്തവരുമായവർ മറ്റ് അംഗങ്ങളെയും നിരുത്സാഹികളാക്കും. ഈ ആശയം വ്യക്തമാക്കുകയാണ് പ്രത്യേക ലക്ഷ്യം.

നടപടിക്രമം: ക്യാമ്പംഗങ്ങളെ നാല് തുല്യ ഗ്രൂപ്പുകളായി തിരിക്കുക. ഈരണ്ട് ഗ്രൂപ്പുകാർക്കുവീതം വ്യത്യസ്ത സ്ഥലങ്ങളിലിരുന്ന് ചെയ്യാവുന്നതും ഏകദേശം തുല്യസമയം ആവശ്യമുള്ളതും വളരെ വിരസവുമായ ഒരു ജോലി അവർക്ക് നല്കുക. ഉദാ: ഹാളിൽ ബഞ്ചും ഡസ്ക്കും മറ്റും ശരിയാക്കിയിടുക, മൈതാനത്തിലെ ഉയർന്നനില്ക്കുന്ന പുല്ല് പറിച്ചുകളയുക, അലങ്കാരപ്പണികൾ നടത്തുക, മുറ്റം ചെത്തി വൃത്തിയാക്കുക, വഴി വെട്ടുക മുതലായവ.

ഒന്നും രണ്ടും ഗ്രൂപ്പുകാർക്ക് രഹസ്യമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നല്കണം.

ഒന്നാം ഗ്രൂപ്പുകാരോട്: നിങ്ങൾ മൂന്നാം ഗ്രൂപ്പുകാരുടെകൂടെയാണ് പണിയേണ്ടത്. ആദ്യം നിങ്ങളും അവരോടൊപ്പം പണിയാരംഭിക്കണം. എന്നാൽ അല്പം കഴിയുമ്പോൾ നിങ്ങൾ അലസരായി ഇരുന്നാൽ മതി. അവർ പണിതുകൊള്ളട്ടെ. നിങ്ങൾ അവിടെത്തന്നെ പല സ്ഥലങ്ങളിലായി തിരിഞ്ഞ് മറേതെങ്കിലും കളികളിൽ വ്യാപൃതരായിരിക്കയോ കളിതമാശകൾ പറഞ്ഞിരിക്കയോ ചെയ്താൽ മതി.

രണ്ടാം ഗ്രൂപ്പുകാരോട്: നിങ്ങൾ പണിയേണ്ടത് നാലാം ഗ്രൂപ്പുകാരുടെ കൂടെയാണ്. അവരോടൊപ്പം സഹകരിച്ച് നിങ്ങൾ ഇതിൽ പ്രവർത്തിക്കണം. ഒരുപക്ഷേ, അവർ അലസത കാണിച്ചാൽ നിങ്ങൾവേണം മുൻകൈയെടുത്ത് എല്ലാം പ്രവർത്തിക്കാൻ. അപ്പോൾ മറ്റുള്ളവർ നിങ്ങളുടെ കൂടെ കൂടിക്കൊള്ളും.

ഇതേസമയത്തുതന്നെ മൂന്നും നാലും ഗ്രൂപ്പുകാർക്ക് അവർ പണിയേണ്ട സ്ഥലങ്ങൾ ഏവയെന്ന് കാണിച്ചുകൊടുക്കാം. എന്നാൽ ഈ ജോലിയിൽ മത്സരമൊന്നും ഏർപ്പെടുത്തരുത്. രണ്ട് ഭാഗത്തെയും പണികൾ ഒരേസമയത്ത് ആരംഭിക്കണം.

നിശ്ചിത സമയത്തിനുശേഷം ഇരുവിഭാഗക്കാരും തങ്ങൾചെയ്ത പണികൾ എല്ലാവരെയും കാണിച്ചുകൊടുക്കാം തുടർന്ന് നാലു ഗ്രൂപ്പും വെവ്വേറെ സമ്മേളിച്ച് താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യണം.

ഒന്നാം ഗ്രൂപ്പ്:

— പണിയിൽ മൂന്നാം ഗ്രൂപ്പുകാർ ആദ്യം തല്പരരായിരുന്നോ?

— നിങ്ങൾ അലസരാകാൻ തുടങ്ങിയപ്പോൾ മൂന്നാം ഗ്രൂപ്പിന്റെ പ്രതികരണം എന്തായിരുന്നു? (അവരും അലസരായി —കളിതമാശ പറയാൻ കൂടി —അലസരായവരെ കുറപ്പെടുത്തി ....)

— നിങ്ങൾ അലസരായതിനാലാണോ അവരും അലസരായത്?? അവരിൽ എത്രപേർ അലസരായി?

- ഏത്ര വിഭാഗത്തിന്റെ പണിയാണ് കൂടുതൽ നടന്നത്?

രണ്ടാം ഗ്രൂപ്പ്:

— നിങ്ങളുടെ പ്രവർത്തനം നാലാം ഗ്രൂപ്പിൽപെട്ടവരുടെ പ്രവർത്തനങ്ങൾക്ക് ഉത്തേജകമായിരുന്നോ?

— പണിയിൽ അലസത കാണിച്ച ആരെങ്കിലും ഉണ്ടായിരുന്നോ?

— സന്തോഷവാന്മാരായിട്ടാണോ എല്ലാവരും പണിയിൽ പങ്കെടുത്തത്?

മൂന്നാം ഗ്രൂപ്പുകാരോട്:

— നിങ്ങൾ ഉത്സാഹത്തോടെയാണോ പണിയാരംഭിച്ചത്?

—നിങ്ങളുടെ പണിയിൽ മാന്ദ്യം ഉണ്ടായോ? എന്തുകൊണ്ട്?

— പണിയിൽ നിങ്ങൾക്ക് വിരസത തോന്നിയോ?

— നിങ്ങളോടു സഹകരിക്കാൻ വന്ന ഒന്നാം ഗ്രൂപ്പുകാരോട് നിങ്ങൾക്ക് വെറുപ്പും അമർഷവും തോന്നിയോ?

— നിങ്ങളുടെ ഗ്രൂപ്പിൽ എത്രപേർ അലസരായിരുന്നു?

— ഒന്നാം ഗ്രൂപ്പുകാരുടെകൂടെ വീണ്ടും പ്രവർത്തിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ?

നാലാം ഗ്രൂപ്പ്:

— രണ്ടാംഗ്രൂപ്പുകാരുടെ സാന്നിദ്ധ്യം നിങ്ങൾക്ക് സന്തോഷകരമായിരുന്നോ?

— അവർ പണിയിൽ ഉത്സാഹം കാണിച്ചോ? അത് കൊണ്ട് ഉത്സാഹിച്ചു പണിയണമെന്ന് നിങ്ങൾക്കും തോന്നിയോ?

— നിങ്ങളിൽ ആരെങ്കിലും അലസരായിരുന്നോ?

— വീണ്ടും രണ്ടാം ഗ്രൂപ്പുകാരുടെകൂടെ പ്രവർത്തിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ?

വിശദീകരണം:

മേൽ വിവരിച്ച മൂന്നു ടെക്നിക്കുകൾക്കും പൊതുവായി താഴെ പറയുന്ന കാര്യങ്ങൾ വിശദമാക്കാം.

— തനിയെ ചെയ്യുവാൻ മടിക്കുന്ന കാര്യങ്ങൾ സമൂഹത്തോട് ചേർന്നു ചെയ്യുവാൻ ബുദ്ധിമുട്ടനുഭവപ്പെടുകയില്ല. ഉദാ: സമാധാനപ്രിയരായ ആളുകൾപോലും അക്രമാസക്ത ജനക്കൂട്ടത്തിൽപെട്ടാൽ അവിവേകവും അക്രമവും കാണിച്ചെന്നു വരും.

— സമൂഹം വ്യക്തികളിലെ ഉത്തരവാദിത്വബോധവും ഭീതിയും ലജ്ജയും പരാജയഭീതിയും ലഘൂകരിക്കും. പകരം ധൈര്യവും സുരക്ഷിതത്വബോധവും ആത്മവിശ്വാസവും വർദ്ധിപ്പിക്കും.

— തങ്ങൾ മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടുകയില്ലെന്നും അഥവാ പിടിക്കപ്പെട്ടാൽ തങ്ങൾ മാത്രമല്ല തെറ്റുകാരെന്നുമുള്ള ചിന്ത ഉണ്ടാകുന്നു.

— ഒറ്റയ്ക്ക് ഏറെറടുക്കാൻ മടിക്കുന്ന അപകടകരമാകാവുന്ന തീരുമാനങ്ങളും പ്രവൃത്തികളും മറ്റുള്ളവരോട് ചേർന്നാണെങ്കിൽ ഏറെറടുക്കാൻ തയ്യാറാകും.

— സമൂഹത്തിൽനിന്ന് ഒറപ്പെട്ടുവാൻ വ്യക്തികൾ മടിക്കും. അതിനാൽ സമൂഹത്തിന്റെ തിന്മകളെപ്പോലും വ്യക്തികൾ അംഗീകരിക്കുകയും അനുകരിക്കുകയും ചെയ്യുന്നവരാം.

— സഹപ്രവർത്തകരുടെ പ്രവർത്തനങ്ങളിലെ ഉത്സാഹമോ അലസതയോ വ്യക്തിയേയും സ്വാധീനിക്കും. സമൂഹ

ത്തിന്റെ പൊതു മനോഭാവത്തിനപ്പുറം പ്രവർത്തിച്ച് ഒറ്റപ്പെടുവാൻ മിക്കവരും ധൈര്യപ്പെടില്ല.

സമൂഹത്തിലെ ഭൂരിപക്ഷത്തിന്റെ ചിന്താഗതികളും പ്രവർത്തനങ്ങളും ശരിയാണെന്നാണ് പലരുടെയും ധാരണ.

വ്യക്തികളും പ്രവർത്തനത്തിനായി ഒന്നിച്ചുകൂടുമ്പോൾ വ്യക്തിത്വങ്ങൾ അലിഞ്ഞുചേർന്ന് 'സമൂഹ മനസ്സ്' രൂപാന്തരപ്പെടും. ഈ 'സമൂഹ മനസ്സ്' വ്യക്തികളുടെ മനോഭാവത്തിന്റെ ആകെത്തുകയല്ല. സമൂഹമനസ്സാണ് അപ്പോൾ വ്യക്തികളെ സ്വാധീനിക്കുന്നത്.

സമൂഹത്തെ അതിന്റെ ലക്ഷ്യത്തിലേയ്ക്ക് നയിക്കത്തക്കവിധമുള്ള 'സമൂഹമനസ്സ്' രൂപപ്പെടുത്താൻ നേതാക്കൾ ശ്രദ്ധിക്കണം.

— ഭൂരിപക്ഷത്തിനോ സമൂഹത്തിൽ സ്വാധീനമുള്ള മറ്റു വ്യക്തികൾക്കോ എതിരഭിപ്രായമുള്ള കാര്യങ്ങൾ തീരുമാനിക്കാനോ പ്രാവർത്തികമാക്കാനോ ബുദ്ധിമുട്ടുണ്ടാകും.

— താൻ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾക്കനുകൂലമായി സമൂഹത്തെ ചിന്തിപ്പിക്കുവാനും അതിൽ അവരെ തല്പരരാക്കുവാനും നേതാവിനു കഴിയണം.

— സമൂഹത്തിൽ സ്വാധീനമുള്ള ഇതര വ്യക്തികളെ തനിക്കനുകൂലമാക്കാൻ കഴിഞ്ഞാൽ നേതാവിന്റെ പ്രവർത്തനം കൂടുതൽ സുഗമമാകും.

18 ചർച്ചാസമ്മേളനങ്ങളുടെ സൽഫലങ്ങൾ

ലക്ഷ്യം: വ്യക്തിപരമായ തീരുമാനങ്ങളെക്കാൾ ഗ്രൂപ്പ് ചർച്ചയിലൂടെയുള്ള പ്രശ്ന പരിഹാരങ്ങൾക്കും തീരുമാനമെടുക്കലിനുമുള്ള മേന്മ വ്യക്തമാക്കുക.

— ചർച്ചചെയ്യുന്ന ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണം തീരുമാനമെടുക്കലിനെ എത്രമാത്രം സ്വാധീനിക്കുന്നുവെന്നു ചിന്തിക്കുക.

നടപടിക്രമം: ക്യാമ്പംഗങ്ങളെ ഒന്നുമുതൽ പതിനഞ്ചുവരെ അംഗങ്ങളാക്കൊള്ളുന്ന വിവിധ ഗ്രൂപ്പുകളായി തിരിക്കണം. (ഉദാ: ആകെ 45 അംഗങ്ങളാണുള്ളതെങ്കിൽ ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണം 1.3,5,9,12,15 എന്ന ക്രമത്തിലും ആകെ 30 പേരാണെങ്കിൽ 1,5,9,15 എന്ന ക്രമത്തിലുമാകാം).

എല്ലാ ഗ്രൂപ്പുകാരും പരിഹാരം കണ്ടെത്താനായി ഓരോ പ്രശ്നം നല്കണം. ഉദാ: നിങ്ങളുടെ അഭിപ്രായത്തിൽ അധ്യാപകനു് (കോളേജു് യൂണിയൻ ചെയർമാനു്, പ്രിൻസിപ്പലിനു്, രാഷ്ട്രീയനേതാവിനു്, അല്ലെങ്കിൽ ആദ്ധ്യാത്മിക നേതാവിനു്) ഉണ്ടായിരിക്കേണ്ട ഗുണങ്ങളും ഏതെല്ലാം? അവയെ പ്രാധാന്യമനുസരിച്ചു് ക്രമമനുസരിച്ചു് എഴുതുകയും ആ ഗുണങ്ങളും ആ ക്രമത്തിൽ നിശ്ചയിക്കുവാനുള്ള കാരണങ്ങളും കാര്യകാരണസഹിതം സമർത്ഥിക്കുകയും ചെയ്യുക.

വിവിധ സ്ഥലങ്ങളിലിരുന്നു് അവർ ഒരേസമയത്തു് പ്രശ്നം ചർച്ചചെയ്തു് തീരുമാനങ്ങളും കുറിച്ചെടുക്കണം. ചർച്ചതീർന്നാലുടൻ റിപ്പോർട്ടു് പരിശീലകനെ ഏല്പിക്കണം. ഗ്രൂപ്പുകളെ അറിയിക്കാതെ ഓരോ ഗ്രൂപ്പിനും പ്രശ്നപരിഹാരത്തിനായി ചെലവഴിച്ച സമയം പരിശീലകൻ രേഖപ്പെടുത്തണം.

വിശദീകരണം: എല്ലാഗ്രൂപ്പുകളും ഉത്തരം എഴുതി എത്തിച്ചു കഴിഞ്ഞാൽ പൊതുസമ്മേളനം നടത്താം. അതിൽ എല്ലാഗ്രൂപ്പുകളുടെയും ഉത്തരങ്ങൾ വായിക്കണം. ഓരോ ഗ്രൂപ്പിന്റെയും വലിപ്പവും തീരുമാനത്തിലെത്താൻ അതാതു ഗ്രൂപ്പുകളും ചെലവഴിച്ച സമയവും തമ്മിൽ താരതമ്യപ്പെടുത്തണം. ഗ്രൂപ്പിന്റെ വലുപ്പത്തിനനുസരിച്ചു് പ്രശ്നപരിഹാരത്തിനുള്ള മേന്മയും താരതമ്യവിഷയമാക്കാം.

— വ്യക്തികളേക്കാൾ ചെറിയ സമൂഹങ്ങളും അവയേക്കാൾ അധികമായി വലിയ സമൂഹങ്ങളും പ്രശ്നപരിഹാരത്തിനു് കൂടുതൽ സമയമെടുക്കും.

— വ്യക്തി തീരുമാനമെടുക്കുന്നതു് സ്വന്തം അനുഭവത്തിന്റെയും ജ്ഞാനത്തിന്റെയും പശ്ചാത്തലത്തിൽ മാത്രമാണെങ്കിൽ ഗ്രൂപ്പിൽ എല്ലാവരുടെയും അനുഭവവും വിജ്ഞാനവും പ്രശ്നംപഠിക്കുവാനും വിഷയത്തിന്റെ നാനാവശങ്ങളെ വിലയിരുത്തുവാനും സഹായിക്കും.

— ഗ്രൂപ്പ് ചർച്ചയിൽ അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടാകാം. ഒരുവന്റെ വീക്ഷണം മറെറാരുവനെ മനസ്സിലാക്കാനും ബോദ്ധ്യപ്പെടുത്തുവാനും കുറേ സമയം വേണ്ടിവരും.

— വിജ്ഞാനവും കഴിവുമുള്ള വ്യക്തിയുടെ സാന്നിദ്ധ്യം ഗ്രൂപ്പിന്റെ ചർച്ചയേയും തീരുമാനത്തെയും മേന്മയേറിയതാക്കും.

— ഗ്രൂപ്പ് ചർച്ചയിൽ സജീവമായി പങ്കെടുക്കുകയും അനുകൂലാഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നവർ ഗ്രൂപ്പിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലും തല്പരരായിരിക്കും. ആ തീരുമാനത്തെപ്പറ്റി ചർച്ചയിൽ പങ്കെടുക്കാതിരുന്നവരിൽ നിന്നു ചോദ്യമുയർന്നാൽ അവർ ഗ്രൂപ്പിന്റെ തീരുമാനത്തെ കാര്യകാരണ സഹിതം ന്യായീകരിക്കുവാനും സന്നദ്ധരായേക്കും. ഗ്രൂപ്പ് എടുത്ത തീരുമാനങ്ങൾ മൂലമുണ്ടായ പാളിച്ചകൾ സമചിത്തതയോടെ സഹിക്കുവാനും അവർ തയ്യാറാകും. മറിച്ച് നേതാവു തനിച്ചെടുത്ത തീരുമാനത്തിന്റെ പൂർണ്ണ ഉത്തരവാദി നേതാവു മാത്രമായിരിക്കും.

— വ്യക്തിയുടെ തീരുമാനത്തിൽ കടന്നുകൂടാവുന്ന ന്യൂനതകളെയും മുൻവിധികളെയും പക്ഷപാതപരമായ ചിന്താഗതികളെയും ഇല്ലാതാക്കി എല്ലാവർക്കും സ്വീകാര്യമായ തീരുമാനം പരസ്പരധാരണയോടെ എടുക്കുവാൻ ചർച്ചാസമ്മേളനങ്ങൾ സഹായിക്കും.

— സമൂഹത്തിലെ നിലവിലുള്ള വ്യവസ്ഥിതിയിലോ പാരമ്പര്യങ്ങളിലോ പരിവർത്തനം വരുത്തണമെങ്കിൽ ചർച്ചാസമ്മേളനങ്ങളിലൂടെയുള്ള ബോധവല്ക്കരണവും പൊതു തീരുമാനമെടുക്കലും കൂടുതൽ ഫലപ്രദമാണ്.

— ചില കാര്യങ്ങളിൽ തനിച്ചും മറുചില കാര്യങ്ങളിൽ ചർച്ചചെയ്തും നേതാവു തീരുമാനമെടുക്കേണ്ടിവരും. ഇവയെ വിവേചിച്ചറിയുവാൻ നേതാവിനു കഴിയണം.

— ചർച്ചാസമ്മേളനങ്ങളിൽ വിഷയം വിട്ട് സംസാരിക്കാൻ ഇടയായാൽ അതിനെ നിയന്ത്രിക്കണം.

— ചർച്ചാസമ്മേളനങ്ങളിൽ നല്ല ആശയങ്ങൾ സംഭാവന ചെയ്യുന്നവനെ ആ വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനപരിപാടികൾക്കു നേതൃത്വം ഏല്പിക്കുവാൻ സമൂഹം സന്നദ്ധമാകാറുണ്ട്.

19 കൂട്ടായ പ്രവർത്തനത്തിന്റെ ഗുണദോഷങ്ങൾ

ലക്ഷ്യം: പലർ സഹകരിച്ചു പ്രവർത്തിക്കുമ്പോഴുണ്ടാകാവുന്ന ഗുണദോഷങ്ങൾ മനസ്സിലാക്കുക.

സജ്ജീകരണം: ഉത്തരം കണ്ടുപിടിക്കുവാൻ ഏതാണ്ടു തുല്യ സമയം വേണ്ടിവരുന്ന മൂന്നു വലിയ ചോദ്യങ്ങൾ തയ്യാറാക്കുക. ഉദാ: ഒരു വലിയ ഇംഗ്ലീഷ് വാചകം നല്കിയിട്ട് അതിലെ അക്ഷരങ്ങളുടെ ക്രമനമ്പരുകൾ കണ്ടുപിടിക്കുവാൻ പറയാം.

നടപടിക്രമം: ആദ്യം എല്ലാവർക്കും ഒന്നാം ചോദ്യം നല്കുക. അതു ചെയ്തു തീർക്കാൻ ഓരോരുത്തനും ചെലവഴിച്ച സമയംകൂടി കണക്കാക്കണം.

രണ്ടാമത്തെ ചോദ്യം ഈരണ്ടു പേർക്കായി നല്കണം. ഒരാൾ അക്ഷരങ്ങൾക്കു തുല്യമായ അക്കങ്ങൾ കണ്ടുപിടിച്ചു പറയുമ്പോൾ മറ്റൊരാൾക്ക് കുറിച്ചുവയ്ക്കാം. അല്ലെങ്കിൽ, അക്ഷരങ്ങൾ പകുതിവീതം വീതിച്ചെടുത്ത് രണ്ടുപേർക്കുംകൂടി വേഗം ഉത്തരം കണ്ടുപിടിക്കാം. അതിനു ചെലവഴിച്ച സമയവും കണക്കാക്കണം.

മൂന്നാമത്തെ ചോദ്യം നാലുപേർ വീതമുള്ള ഗ്രൂപ്പുകൾക്കായിരിക്കണം നല്കുക. രണ്ടാം പ്രാവശ്യത്തെപ്പോലെ സഹകരിച്ചാൽ നാലുപേർക്കുംകൂടി ഉത്തരംവേഗം കണ്ടുപിടിക്കുവാൻ കഴിയും. അതിനെടുത്ത സമയവും കണക്കാക്കണം.

വിശദീകരണം: പ്രശ്നപരിഹാരത്തിനു ഉപയോഗിച്ച രീതിയിൽനിന്നു രണ്ടാമത്തെയും മൂന്നാമത്തെയും രീതികൾക്കുള്ള വ്യത്യാസം ഭംഗങ്ങളെക്കൊണ്ടുതന്നെ പറയിക്കാം.

— പലർ കൂടി ചെയ്യുമ്പോൾ ജോലികളും ഉത്തരവാദിത്വങ്ങളും വീതിച്ചെടുത്തു വേഗം പൂർത്തിയാക്കുവാൻ സാധിക്കും

— സഹകരിച്ചു പ്രവർത്തിക്കുമ്പോൾ ശ്രദ്ധയും പരാജയഭീതിയും കുറയുന്നു. തനിച്ചു പ്രവർത്തിക്കുമ്പോഴാകട്ടെ തെറ്റു പറ്റിയേക്കുമോ എന്ന ഭീതിയാൽ കൂടുതൽ ശ്രദ്ധയോടെ ജോലി നിർവ്വഹിക്കുന്നു

— സമൂഹ പ്രവർത്തനത്തിൽ മറ്റുള്ളവരുടെ സാന്നിദ്ധ്യവും സഹകരണവും പ്രവർത്തകർക്കു പരസ്പരം ഉന്മേഷവും ഉത്സാഹവും പകരുവാൻ സാദ്ധ്യതയുണ്ട്. അതിനാൽ ഒറ്റയ്ക്കു ചെയ്യുന്നതിനേക്കാൾ സമൂഹപ്രവർത്തനത്തിനു വിരസത കുറയും.

— സമൂഹത്തിൽ വിവിധ കഴിവുള്ളവർ ഉണ്ടാകും. അതിനാൽ പ്രവർത്തകരുടെ കഴിവും അഭിരുചിയുമനുസരിച്ചു ജോലികൾ വിഭജിക്കാനും പരസ്പരം സഹായിക്കാനും സാധിക്കും.

— അപകടം നിറഞ്ഞ ജോലികളിൽ സഹപ്രവർത്തകരുടെ സാന്നിദ്ധ്യം ധൈര്യം പകരും.

— മന്നിച്ചിരുന്ന ജോലി ചെയ്യുമ്പോഴും ജോലിയുടെ വേഗത വർദ്ധിക്കുമെങ്കിലും ജോലിയുടെ മേന്മ കുറയാനും തെറ്റുകൾ കടന്നു കൂടാനും സാദ്ധ്യതയുണ്ട്.

— തനിയെ ജോലി ചെയ്യുമ്പോഴും മന്ദഗതിയിൽ പ്രവർത്തിക്കുന്നവർ സമൂഹപ്രവർത്തനത്തിൽ അല്പംകൂടി വേഗതയിലും മറിച്ച് ഒറ്റയ്ക്ക് നന്നായി പ്രവർത്തിക്കുന്നവർ സമൂഹത്തിൽ അല്പം വേഗത കുറച്ചും പ്രവർത്തിക്കാനിടയാകുന്നു.

— സമൂഹത്തിന്റെ സാഹചര്യങ്ങളും ചെയ്യേണ്ട ജോലിയുടെ പ്രത്യേകതകളും പ്രവർത്തകരുടെ കഴിവുകളും സൗഹൃദ ബന്ധങ്ങളും കണക്കിലെടുത്തു നേതാവ് ജോലികൾ വിഭജിച്ചു കൊടുക്കുകയും അവയെ നിയന്ത്രിക്കുകയും വേണം.

20 ശ്രദ്ധ വ്യക്തികളിലും

ലക്ഷ്യം: സമൂഹാംഗങ്ങളെക്കൊണ്ട് കഴിയുന്നത്ര ജോലി ചെയ്യിച്ചു തീർക്കുന്നതിൽ മാത്രം നേതാവു ശ്രദ്ധിച്ചാൽ പോരാ; സഹപ്രവർത്തകരെ സംതൃപ്തരാക്കുവാനും അവരുടെ നന്മയ്ക്കായി പ്രവർത്തിക്കുവാനും കഴിയണം എന്നു വ്യക്തമാക്കുക

സജ്ജീകരണം: നടപടിക്രമത്തിൽ വിവരിക്കുന്ന അനുഭവകഥകളുടെ കോപ്പികൾ.

നടപടിക്രമം: താഴെകൊടുത്തിരിക്കുന്ന 'അനുഭവകഥകൾ' ക്യാമ്പംഗങ്ങളുടെ ചർച്ചയ്ക്കുവേണ്ടിയുള്ളതാണ്. ക്യാമ്പംഗങ്ങളിൽനിന്ന് വ്യക്തമായി വായിക്കുവാൻ കഴിയുന്ന ആറുപേരെ തെരഞ്ഞെടുത്തു അവർ ഓരോരുത്തരായി സ്റ്റേജിൽവന്ന് ഓരോ അനുഭവകഥ വായിക്കണം. വായിക്കുമ്പോൾ സ്വന്തം അനുഭവം പറയുന്നതുപോലെ വേണം വായിക്കുവാൻ. തദവസരത്തിൽ ഇതിന്റെ കോപ്പികൾ എല്ലാവർക്കും ഉണ്ടായിരിക്കുന്നതു നല്ലതാണ്.

കഥ അവതരിപ്പിക്കുന്നതിനു മുമ്പായി പിന്നീടു കാര്യമായ വിശകലനവും ചർച്ചയും ആവശ്യമായ ഈ കഥകൾ ഏകാഗ്രതയായി ശ്രദ്ധാപൂർവ്വം ശ്രവിക്കുവാൻ അംഗങ്ങളെ തയ്യാറാക്കണം. ടെക്നിക്കിന്റെ പേരോ ഉദ്ദേശമോ ആദ്യം വെളിപ്പെടുത്തേണ്ടതില്ല.

കോപ്പി എടുക്കേണ്ടത്

അനുഭവകഥകൾ

1 രാഷ്ട്രീയക്കാരൻ

ഞാനൊരു എക്സ് എം. എൽ. എ യാണ്. രണ്ടു തവണ ഞാൻ എന്റെ നിയോജകമണ്ഡലത്തിൽനിന്നു വിജയിച്ച് നിയമനിർമ്മാണസഭയിൽ അംഗമായിട്ടുണ്ട്. ആ രണ്ടുപ്രാവശ്യവും എന്റെ കുടുംബക്കാരും സുഹൃത്തുക്കളും നാട്ടുകാരും ഞാൻ അംഗമായിട്ടുള്ള സമുദായവും എന്റെ പാർട്ടിയിലെ സഹപ്രവർത്തകരും എനിക്കുവേണ്ടി തെരഞ്ഞെടുപ്പിൽ വളരെ ആത്മാർത്ഥതയോടെ സഹകരിച്ചിട്ടുണ്ട്. ആദ്യം ഞാൻ നിയമസഭാംഗമായിരുന്നപ്പോഴും എന്റെ സുഹൃത്തുക്കൾക്കും നാട്ടുകാർക്കും സമുദായത്തിനും പാർട്ടിപ്രവർത്തകർക്കും പല നന്മകളും ചെയ്തിട്ടുണ്ട്. രണ്ടു തെരഞ്ഞെടുപ്പുകൾക്കുശേഷവും ആവേശകരമായ സ്വീകരണമാണ് എല്ലാഭാഗത്തുനിന്നും എനിക്കു ലഭിച്ചതു് പക്ഷേ ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഞങ്ങളുടെ നാട്ടിലുള്ള മറ്റൊരാൾ എതിർസ്ഥാനാർത്ഥിയായി നിന്നു മത്സരിച്ച് എന്നെ പരാജയപ്പെടുത്തി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വിജയിച്ചിരുന്നെങ്കിൽ എനിക്കു മന്ത്രിസ്ഥാനം ലഭിക്കാനുള്ള സാദ്ധ്യതയുമുണ്ടായിരുന്നു.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ എന്റെ പാർട്ടിപ്രവർത്തകർ പലരും കാലുവാരിക്കളഞ്ഞു എനിക്കുവേണ്ടി പ്രവർത്തിച്ചവർപോലും അവസാനനിമിഷം എനിക്കെതിരായി സമ്മതിദായകരെ സ്വാധീനിച്ചതായിട്ടാണറിവ്. രണ്ടാംപ്രാവശ്യം ഞാൻ നിയമസഭാഗമായിട്ട് അവർക്ക് കാര്യമായ പ്രയോജനമൊന്നും എന്നേക്കൊണ്ട് ഉണ്ടായില്ല എന്നതാണ് അവരുടെ പരാതി. എന്റെ നിയോജകമണ്ഡലത്തിനും സമുദായാംഗങ്ങൾക്കും വേണ്ടി ഞാൻ രണ്ടാംപ്രാവശ്യം എം. എൽ. എ. ആയതിൽ പിന്നെ കാര്യമായൊന്നും ചെയ്തില്ലെന്ന പേരിലാണ് അവരും എന്റെ എതിർ സ്ഥാനാർത്ഥിയ്ക്ക് പിന്തുണ നല്കിയതെന്നു പറയുന്നു. പാർട്ടിയുടെ സംസ്ഥാനതലത്തിലും ദേശീയ തലത്തിലുമുള്ള പല ഉത്തരവാദിത്വങ്ങളും എന്നെ ഭരമേല്പിച്ചിരുന്നതിനാൽ സ്വന്തം നിയോജകമണ്ഡലത്തിൽ ശ്രദ്ധിക്കാനോ അവിടത്തെ പൊതു പരിപാടികളിൽ പങ്കെടുക്കാനുള്ള ക്ഷണം സ്വീകരിക്കാൻപോലുമോ എനിക്കു സൗകര്യവും സമയവും കിട്ടിയില്ല. എന്റെ

പേരിൽ ചില അഴിമതി ആരോപണങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അവയിൽ കുറേയൊക്കെ ശരിയുമാണ്. എന്റെ ഭാവികാലത്തെ സാമ്പത്തിക സുരക്ഷിതത്വം ഞാനല്ലാതെ പിന്നാരാണ് നോക്കുക.

പക്ഷേ ഇന്ന് എനിക്ക് കുറേ പണമുണ്ടെങ്കിലും ഞാൻ ആകെ അസ്വസ്ഥനാണ്. പണ്ടത്തെ നിലയിൽനിന്ന വ്യത്യസ്തമായി ഇന്ന് എന്നെ ആരും തിരിഞ്ഞുനോക്കുന്നപോലുമില്ല. സ്വന്തം പാർട്ടിപോലും എന്നെ തഴഞ്ഞമട്ടാണ്. എന്റെ നിയോജക മണ്ഡലത്തിൽ പൂവ്വ്സ്ഥാനം കൈയടക്കുവാൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു.

2 വ്യവസായി

ഞാനിന്ന് വലിയൊരു തൊഴിൽ സ്ഥാപനത്തിന്റെ ഉടമയാണ്. പക്ഷേ ഞാനിന്ന് ഏറ്റവും അസ്വസ്ഥനുമാണ്. അതിനു കാരണക്കാർ ഞാൻ തന്നെ തൊഴിൽ നല്കി ശമ്പളം നല്കി ഉപജീവനമാർഗ്ഗത്തിനു സഹായിക്കുന്ന എന്റെ സ്ഥാപനത്തിലെ തൊഴിലാളികളാണ്. അവർക്ക് എന്നോടു യാതൊരു സ്നേഹമോ ബഹുമാനമോ ഇപ്പോഴും ഇല്ല 'മെല്ലെപ്പോക്ക്' സമരവും തൊഴിൽ തക്കവും പലപ്പോഴും ഉണ്ടാകുന്നുണ്ട്. ഞാൻ അവർക്ക് ദിവസം 20 രൂപാ വീതം പ്രതിഫലം കൊടുക്കുന്നുണ്ട്. അതിലുപരി ആനുകൂല്യമോ വീട്ടുവീഴ്ചയോ ചെയ്യാൻ ഞാൻ തയ്യാറല്ല. അവരുടെ കുടുംബപ്രശ്നങ്ങളോ സാമ്പത്തിക ബുദ്ധിമുട്ടുകളോ രോഗവിവരങ്ങളോ ഞാനെന്തിനറിയണം? നിശ്ചിത കൂലിക്കപ്പുറം സാമ്പത്തിക സഹായം ഞാൻ നിഷേധിക്കുന്നതിൽ അവരെന്തിനു പിറുപിറുക്കണം? കിട്ടുന്ന പ്രതിഫലത്തിൽ കുറേ അത്യാവശ്യ സന്ദർഭങ്ങൾക്കുവേണ്ടി അവർ സൂക്ഷിച്ചുവയ്ക്കേണ്ടതല്ലേ? സ്ഥാപനത്തിന്റെ അച്ചടക്കം പാലിക്കുന്നകാര്യത്തിൽ ഞാൻ നിർബന്ധബുദ്ധിക്കാരനാണ്.

എന്റെ ജോലിക്കാരുടെ ശമ്പളം നിയന്ത്രിക്കുകയും ഫാക്ടറി നിയമവും അച്ചടക്കവും കർക്കശമായി പാലിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തിട്ടും എന്റെ സ്ഥാപനം അടിക്കടി പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. കാരണം എന്റെ ഫാക്ടറിയിലെ ഉല്പാദനം കുറയുകയും ഉല്പാദിപ്പിക്കുന്നവയുടെതന്നെ ഗുണനിലവാരം അടിക്കടി മോശമാവുകയും ചെയ്തുകൊണ്ടിരിക്കുന്നു. കൂടെക്കൂടെയുള്ള

തൊഴിൽതർക്കം മൂലം ഫാക്ടറി ഇടക്കിടെ പൂട്ടുന്നതിനാൽ ഉല്പന്നങ്ങൾ കരാറനുസരിച്ച് വിതരണം ചെയ്യാനുംകഴിയുന്നില്ല. ഇക്കണക്കിന് എന്റെ വ്യവസായസ്ഥാപനം താമസിയാതെ നിത്തലാക്കേണ്ട സാഹചര്യത്തിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്.

3 കുടുംബനാഥൻ

ഞാൻ വളരെ സമ്പന്നനായൊരു അബ്കാരി കോൺട്രാക്ടറാണ്. സ്വന്തമായി വളരെയേറെ സമ്പത്തും വിദേശനിർമ്മിത കാറുകളും ജീവിതസൗകര്യങ്ങളും എനിക്കുണ്ട്. സമൂഹത്തിൽ ഇന്ന വളരെയേറെ സ്വാധീനമുള്ള വ്യക്തിയുമാണ ഞാൻ. എന്നാൽ ഇന്നെന്റെ ഏറ്റവും വലിയ തലവേദന എന്റെ കുടുംബമാണ്.

ഞാനും ഭാര്യയും സ്നേഹിച്ച വിവാഹിതരായവരാണ്. വിവാഹശേഷവും ഞങ്ങൾ വളരെ സ്നേഹത്തിൽ തന്നെ കഴിഞ്ഞു വന്നു. അതിനിടയിലാണ് ഞാൻ ഇന്നത്തെ രീതിയിൽ വിപുലമായ ബിസിനസ്സിലേയ്ക്ക് കടന്നത്. വരുമാനം വർദ്ധിക്കുന്തോറും കൂടുതൽ കൂടുതൽ സമ്പാദിക്കുവാനുള്ള ആവേശമായിരുന്നു എനിക്ക്. പക്ഷേ അതിനിടയിൽ കുടുംബകാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ എനിക്ക് കഴിയാതെപോയി. എങ്കിലും കുട്ടികളെ ഞാൻ ഏറ്റവും ഉന്നതമായ ഇംഗ്ലീഷ് മീഡിയം സ്കൂളിലും ബോർഡിംഗിലുമാക്കി. അവധിക്കാലത്തുപോലും അവരുമായി ഇടപഴകുവാൻ എനിക്ക് സൗകര്യം ലഭിച്ചില്ല. അവർക്കുവേണ്ടി സമ്പാദിക്കുന്നതിനാണല്ലോ ഞാൻ ബദ്ധപ്പെടുന്നതെന്ന് ആശ്വസിച്ചു പക്ഷേ ഈയിടെയാണ ഞാനറിയുന്നത് എന്റെ കുട്ടികൾക്ക് എന്നോട് വെറുപ്പാണെന്ന്. അവരുടെ സ്വഭാവത്തിനുതന്നെ എന്തോ കാര്യമായ തകരാറു സംഭവിച്ചതുപോലെ. എന്തിനേറെ എന്റെ സ്നേഹനിധിയായ ഭാര്യപോലും എന്നിൽനിന്ന് അകലുന്നതുപോലെ തോന്നുന്നു. അവളിന്ന് എന്റെ ദാമ്പത്യ വിശ്വസ്ഥതയെപ്പോലും സംശയിക്കുന്നു. കുട്ടികളും അവളുടെ ഭാഗത്താണ്. അവരുടെ ഭാവം കണ്ടാൽ എന്നെ തോല്പിക്കാനുള്ള പുറപ്പാടാണെന്ന തോന്നും. അവർക്കുവേണ്ടിയുള്ള എന്റെ അദ്ധ്വാനം മുഴുവൻ വ്യർത്ഥമായിപ്പോലെ തോന്നുന്നു. അതേ, ഞാനിന്ന് തകർച്ചയുടെ വക്കിലാണ്

4 പശുക്കളുടെ ഉടമസ്ഥൻ

സാമ്പത്തിക ബുദ്ധിമുട്ടിലൂടെ വളർന്നുവന്ന ഒരു സാധാരണക്കാരനാണ് ഞാൻ. എനിക്കിന്ന് ആകെയുള്ള സമ്പത്ത് നല്ല ഇനത്തിൽപെട്ട നാലു പശുക്കളാണ്. അവയെ ശുശ്രൂഷിക്കുന്നതിലാണ് എന്റെ ശ്രദ്ധമുഴുവനുമെന്നു പറയാം. കാരണം അവയാണ് എന്റെ പ്രധാന വരുമാന മാർഗ്ഗം.

എന്റെ പശുക്കൾക്ക് സുരക്ഷിതമായ നല്ലൊരു തൊഴുത്ത് ഞാൻ നിർമ്മിച്ചിട്ടുണ്ട്. എല്ലാ ദിവസവും ഞാനതു വൃത്തിയാക്കും. പശുക്കളെ എല്ലാദിവസവും നല്ല പുൽമേടുകളിൽ കൊണ്ടുപോയി മേയിക്കും. വെറുതെ കെട്ടിയിട്ടു തീറ്റുന്നതിനേക്കാൾ അവയെ നടത്തി തീറ്റിയ്ക്കുന്നതിലാണ് എനിക്ക് താല്പര്യം. മറ്റു മൃഗങ്ങളിൽ നിന്നും മനുഷ്യരിൽനിന്നും അവയ്ക്ക് ശല്യമുണ്ടാകാതിരിക്കുവാൻ അവയെ 'കയറൂരി വിടാതെ' ഞാൻ തന്നെ അവയെ കൊണ്ടുനടന്നു തീറ്റുന്നു. അവയ്ക്ക് ഗുണകരവും രുചികരവുമായ കന്നുകാലി തീറ്റകളും ഞാൻ വാങ്ങി കൊടുക്കുന്നുണ്ട്. അവയുടെ ശരീരത്തിൽ പ്രാണികളും കടന്നു കൂടുവാൻ ഞാൻ അനുവദിക്കില്ല. എല്ലാ ദിവസവും ഞാൻ അവയെ കുളിപ്പിയ്ക്കും. പ്രസവകാലത്ത് ഞാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. എന്തെങ്കിലും രോഗലക്ഷണം കണ്ടാൽ ഞാൻ മൃഗഡോക്ടറെ വരുത്തി പരിശോധിപ്പിച്ച് വേണ്ട ചികിത്സ ചെയ്യുന്നുണ്ട്.

ആ മൃഗങ്ങളും എന്നോട് വലിയ സ്നേഹവും നന്ദിയും പ്രകടിപ്പിക്കുന്നുണ്ട്. എന്നെ കാണുമ്പോഴേ അവ എഴുന്നേല്ക്കും. പാലു കറക്കുവാൻ ഒരു ബുദ്ധിമുട്ടുമില്ല. ഞാൻ അവയെ തടവുന്നതു് അവർക്ക് വലിയ ഇഷ്ടമാണ്. അവ നന്നായി കൊഴുത്തിരിക്കുന്നതിനാൽ ധാരാളം പാൽ ലഭിക്കുന്നുണ്ട്. എന്റെ പശുക്കളുടെ കാര്യത്തിൽ ഞാൻ വളരെ സംതൃപ്തനാണ്.

5 കൃഷിക്കാരൻ

സ്വന്തമായി നെൽകൃഷി ചെയ്യുന്ന ഒരു സാധാരണക്കാരനാണ ഞാൻ. എന്റെ പ്രധാന വരുമാനം കൃഷിയിൽ നിന്നുള്ളതാണ്. ഏറ്റവും ഉചിതമായ സമയത്തു് കൃഷി ചെയ്യാനുള്ള നിലം ഞാനൊരുക്കും. നല്ല ഇനം വിത്തു മാത്രമേ ഞാൻ വിതയ്ക്കാൻ ഉപയോഗിക്കൂ. അവയെ പാകത്തിനു കിളിർപ്പിച്ചിട്ടാണ വിതയ്ക്കുന്നതു്. ഓരോ ഘട്ടത്തിനും അനുസരിച്ച് വെള്ളം ഞാൻ ക്രമീകരിക്കും. കൃഷി

വിദഗ്ധരുമായി ആലോചിച്ച് ഉചിതമായ വളം പാകത്തിനു് ഇടുവാനും ഞാൻ ശ്രദ്ധിക്കുന്നുണ്ടു്. കളകളും ശ്രദ്ധാപൂർവ്വം പറിച്ചു മാറ്റുക, കീടബാധകളിൽ നിന്നു സംരക്ഷിക്കുക, ശാസ്ത്രീയമായ കണക്കനുസരിച്ച് ചെടികളും തമ്മിലുള്ള അകലം ക്രമീകരിക്കുക, കന്നുകാലികളുടെ ശല്യം ഒഴിവാക്കുക, യഥാസമയം കൊയ്യുക എന്നിങ്ങനെ എല്ലാക്കാര്യത്തിലും ഞാൻ ശ്രദ്ധിക്കുന്നു.

എന്റെ കൃഷിയിൽ എനിക്കഭിമാനമുണ്ടു്. കാരണം ലാഭകരമായി എനിക്കതു ചെയ്യുവാൻ സാധിക്കുന്നു നാട്ടിലുള്ള മറ്റാരേയുംകാൾ വിളവു ലഭിക്കുന്നതു് എനിക്കാണു്.

6 കാറിന്റെ ഉടമസ്ഥൻ

ഞാൻ പണ്ടുമുതലേ ഒരു ടാക്സി ഡ്രൈവറാണു്. സ്വന്തമായി ഒരു കാർ സമ്പാദിക്കുകയായിരുന്നു എന്റെ ജീവിതാഭിലാഷം. ഇന്നു ഞാനതു സാധിച്ചിരിക്കുന്നു. എന്റെ ഇന്നത്തെ ഏറ്റവും വലിയ സമ്പത്തു് ഈ കാറാണെന്നു പറയാം.

വളരെ ശ്രദ്ധാപൂർവ്വമാണു് ഞാനെന്റെ കാർ ഉപയോഗിക്കുന്നതു്. വെയിലും മഴയും എല്ലുതെയും മോഷണം നടക്കാതെയുമിരിക്കുവാൻ എന്റെ വീടിനോടനുബന്ധിച്ചു് സുരക്ഷിതമായൊരു കാർ ഷെഡ്ഡു് ഞാൻ നിർമ്മിച്ചിട്ടുണ്ടു്. എല്ലാദിവസവും തന്നെ ഞാൻ കാർ തുടച്ചു വൃത്തിയാക്കും. യഥാസമയങ്ങളിൽ 'സർവ്വീസു്' ചെയ്യിക്കും. യന്ത്രതകരാറുകളും ആരംഭത്തിലെ നന്നാക്കും. കാർ ഓടിക്കുവാൻ മറ്റാരെയും ഞാൻ എല്പിക്കാറില്ല. കാറിന്റെ സുരക്ഷിതത്വത്തിനുവേണ്ടി ഞാൻ അതു ഗട്ടറിൽ ചാടാതെയും ഓവർ സ്പീഡു് എടുക്കാതെയും ശ്രദ്ധിക്കുന്നു. അതിനാൽ ഇന്നുവരെ ഒരു അപകടവും ഉണ്ടായിട്ടില്ല.

യാത്രക്കാർക്കു് എന്റെ കാർ കൂലിക്കെടുക്കുന്നതാണിഷ്ടം. കാരണം അതു വൃത്തിയുള്ളതും യാത്രാമദ്ധ്യേ സാധാരണ എഞ്ചിൻ തകരാർ ഉണ്ടാകാത്തതുമാണു്. അതിനാൽ മറ്റു ടാകു്സിക്കാരേക്കാളും കൂടുതൽ വരുമാനം എനിക്കു ലഭിക്കുന്നുണ്ടു്. എന്റെ ശ്രദ്ധ കൊണ്ടു് ഒരുപാടു പാഴ്ചിലവുകളും ബുദ്ധിമുട്ടുകളും കുറയുണ്ടെന്നു് മറ്റു ടാകു്സിക്കാർപോലും സമ്മതിക്കുന്നുണ്ടു്. എന്റെ ജോലിയിൽ ഞാൻ സന്തുഷ്ടനാണു്.

.....കോപ്പി എടുക്കേണ്ടതു്.....

'അനുഭവ കഥകളും' വായിച്ച കേട്ടശേഷം അല്പസമയം മൗനമായി അതേക്കുറിച്ച് ചിന്തിക്കുവാൻ അവസരം കൊടുക്കാം. അംഗങ്ങളെ ഗ്രൂപ്പുചർച്ചയ്ക്കു വേണ്ടി മൂന്നോ അതിലധികമോ ഗ്രൂപ്പുകളായി തിരിക്കണം. ആദ്യത്തെ മൂന്നു കഥകളിൽ ഒന്നും രണ്ടാമത്തെ മൂന്നു കഥകളിൽ ഒന്നും വീതം ഈരണ്ടു കഥകളും ഓരോ ഗ്രൂപ്പിനും ചർച്ചയ്ക്കു നിശ്ചയിച്ചു കൊടുക്കാം.

ഗ്രൂപ്പുചർച്ച: ഓരോ ഗ്രൂപ്പും വെവ്വേറെ സമ്മേളിച്ച് ആവശ്യമെങ്കിൽ തങ്ങൾക്കു നിശ്ചയിച്ച കഥകളും വീണ്ടും വായിച്ചു കേൾക്കണം. തുടർന്ന് താഴെപ്പറയുന്ന കാര്യങ്ങളും ചർച്ച ചെയ്യാം.

1 ഗ്രൂപ്പിൽ വായിച്ച ആദ്യത്തെ അനുഭവകഥയിലെ നേതാവിന്റെ പ്രവർത്തനം പരാജയപ്പെടുവാനുണ്ടായ കാരണങ്ങളും ഏവ?

2 ഗ്രൂപ്പിൽ വായിച്ച രണ്ടാമത്തെ അനുഭവകഥയിലെ ഉടമസ്ഥന് നല്ല ഫലം സിദ്ധിക്കാൻ കാരണങ്ങളും ഏവ?

3 ആദ്യത്തെയും രണ്ടാമത്തെയും അനുഭവകഥകളും തമ്മിൽ താരതമ്യപ്പെടുത്തുക.

4 ആദ്യത്തെ അനുഭവകഥയിലെ കഥാപാത്രത്തിന്റെ രംഗത്തുള്ള സംതൃപ്തനായ ഒരു നേതാവിന്റെ അനുഭവകഥ ഭാവനാത്മകമായി രൂപപ്പെടുത്തുക.

പൊതുചർച്ച: ഗ്രൂപ്പുചർച്ചയ്ക്കുശേഷം എല്ലാഗ്രൂപ്പുകളും പൊതുവായി സമ്മേളിക്കണം. ഓരോ ഗ്രൂപ്പിന്റെയും ഉത്തരവും ഗ്രൂപ്പിൽ തയ്യാറാക്കിയ സംതൃപ്തനായ നേതാവിന്റെ 'അനുഭവകഥയും' ഗ്രൂപ്പ് സെക്രട്ടറിമാർ അവതരിപ്പിക്കണം. തുടർന്ന് പൊതുചർച്ചയും വിശദീകരണവും നടത്തണം.

വിശദീകരണം: നേതൃത്വം ഒരു 'വൺവേ ട്രാഫിക്കല്ല'. സമൂഹത്തെ ചൂഷണം ചെയ്യാൻ മാത്രമേ നേതാവു ശ്രദ്ധിക്കുന്നുള്ളുവെങ്കിൽ പരാജയമാകും ഫലം.

—സമൂഹത്തിന്റെ ഫലപ്രാപ്തിയിലും അംഗങ്ങളുടെ സംതൃപ്തിയിലും നേതാവ് ഒരുപോലെ ശ്രദ്ധിക്കണം.

—അംഗങ്ങൾ കൂടുതൽ സംതൃപ്തരാകുമ്പോൾ അവർ നേതാവിനും സമൂഹത്തിന്റെ പൊതുലക്ഷ്യത്തിനും വേണ്ടി ആത്മാർത്ഥമായി യത്നിക്കും.

—സഹപ്രവർത്തകരുടെയും കീഴ്ജീവനക്കാരുടെയും വ്യക്തിപരമായ പ്രശ്നങ്ങളിലും ബുദ്ധിമുട്ടുകളിലും കഴിയുന്നത്ര

സഹായിക്കുകയും അവരോടുള്ള സ്നേഹവും പരിഗണനയും പ്രകടമാക്കുകയും വേണം.

21 വ്യക്തിപരമായ ലക്ഷ്യങ്ങൾ

ലക്ഷ്യം: വ്യക്തികളും സമൂഹത്തിൽ പേരുന്നതിനു് പൊതു ലക്ഷ്യത്തേക്കാളുപരി വ്യക്തിഗതോദ്ദേശ്യങ്ങളും ഉണ്ടായിരിക്കുമെന്നു മനസ്സിലാക്കുക.

ക്യാമ്പിന്റെ രസപ്രദവും വിജയപ്രദവുമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങളും അംഗങ്ങളിൽനിന്നു ശേഖരിക്കുക.

വിശദീകരണം: ഇപ്രാവശ്യം വിശദീകരണം ആദ്യം നലു് കണം. വ്യക്തിഗതോദ്ദേശ്യങ്ങളും, പൊതുലക്ഷ്യങ്ങളും എന്നിവ എന്താണെന്നും അവയെ എങ്ങനെ സംയോജിപ്പിച്ചുകൊണ്ടു പോകണമെന്നും ഉദാഹരണസഹിതം വിവരിച്ചുകൊടുക്കണം.

— സമൂഹത്തിൽ എല്ലാവർക്കും ആവശ്യമായ ഒരു പൊതു ലക്ഷ്യം ഉണ്ടായിരിക്കും. ഉദാ. ക്യാമ്പിന്റെ ലക്ഷ്യം: നേതൃത്വപരിശീലനം. അതിനെ ഉന്നംവച്ചുകൊണ്ടുള്ളതായിരിക്കണം സമൂഹത്തിന്റെ പ്രവർത്തനങ്ങളും.

— എന്നാൽ സമൂഹാംഗങ്ങളും പൊതുലക്ഷ്യത്തെമാത്രം ലാക്കാക്കി ആയിരിക്കുകയില്ല അതിൽ പ്രവർത്തിക്കുന്നതു്. പകരം അവർക്കു ചില വ്യക്തിപരമായ ഉദ്ദേശ്യങ്ങളുണ്ടാകാം. ഉദാ: കൂട്ടുകാരുടെകൂടെ ഉല്ലസിക്കുക, കളികളിൽ പങ്കെടുക്കുക, വീട്ടിൽനിന്നു് ഏതാനും ദിവസം അകന്നു നില്ക്കുക, അദ്ധ്യാപകരുടേയോ മാതാപിതാക്കളുടെയോ നിർബന്ധപ്രകാരം ക്യാമ്പിൽ പങ്കെടുത്തെന്നു വരുത്തുക തുടങ്ങിയവ.

— സമൂഹത്തിന്റെ പൊതുവായ ലക്ഷ്യത്തെക്കുറിച്ചു് അംഗങ്ങളും ബോധവാന്മാരല്ലെങ്കിൽ പൊതു ലക്ഷ്യത്തിനുവേണ്ടിയുള്ള നേതാവിന്റെ നിർദ്ദേശങ്ങളും അപ്രസക്തവും അർത്ഥശൂന്യവുമായി അംഗങ്ങൾക്കു് അനുഭവപ്പെടും. സമൂഹപ്രവർത്തനങ്ങളിൽ അവർ വിരസത പ്രകടിപ്പിക്കുകയും അസംതൃപ്തരായി കാണപ്പെടുകയും ചെയ്യും. അതിനാൽ അംഗങ്ങളെ ലക്ഷ്യോന്മുഖരാക്കണം.

— അംഗങ്ങളുടെ വ്യക്തിപരമായ ലക്ഷ്യങ്ങളും ഏവയെന്നു് നേതാവറിഞ്ഞിരിക്കണം. പൊതു ലക്ഷ്യപ്രാപ്തിക്കു് ഹാനികരമായവയുണ്ടെങ്കിൽ അവയെ സ്നേഹപൂർവ്വം തിരുത്തണം. ദോഷകരമല്ലാത്ത വ്യക്തിതാല്പര്യങ്ങളും

പൊതു ലക്ഷ്യത്തോടൊപ്പം സാധിച്ചു കൊടുക്കുവാൻ കഴിഞ്ഞാൽ സമൂഹാംഗങ്ങൾ കൂടുതൽ സംതൃപ്തരാകും.

ചുരുക്കത്തിൽ സമൂഹത്തിന്റെ അഥവാ നേതാവിന്റെ ലക്ഷ്യം സമൂഹവും, സമൂഹാംഗങ്ങളുടെ ലക്ഷ്യങ്ങൾ നേതാവും അറിഞ്ഞു കഴിയുന്നതു സഹകരിച്ചു പ്രവർത്തിക്കണം.

നടപടിക്രമം: ഓരോ അംഗവും താഴെപറയുന്ന രണ്ടു ചോദ്യങ്ങളുടെ ഉത്തരം വളരെ സത്യസന്ധമായി കടലാസ്സിൽ എഴുതണം.

(1) ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ എന്നെ പ്രേരിപ്പിച്ച ഘടകങ്ങൾ അഥവാ സാഹചര്യങ്ങൾ ഏവ?

(2) ഈ ക്യാമ്പിലൂടെ (സെമിനാറിലൂടെ) എന്തെല്ലാം സാധിക്കണമെന്നാണു് എന്റെ പ്രതീക്ഷ.

അടുത്തതായി, നേതൃത്വപരിശീലകനും ക്യാമ്പിന്റെ മറ്റു സംഘാടകരുണ്ടെങ്കിൽ അവരും, തങ്ങൾ ഈ ക്യാമ്പു് സംഘടിപ്പിക്കുന്നതിൽ ലക്ഷ്യം വയ്ക്കുന്നവ എന്തെല്ലാം എന്നു വിശദീകരിക്കാം.

ഗ്രൂപ്പ് ചർച്ച: തുടർന്നു് പരസ്പരം ഇഷ്ടപ്പെടുന്ന വ്യക്തികൾ ഒന്നിച്ചുകൂടി തങ്ങളുടെ ഉത്തരങ്ങൾ വായിക്കുകയും ആവശ്യമായ വിശദീകരണം നല്കുകയും ചെയ്യുന്നു. അവർ ചർച്ച ചെയ്തു് ഗ്രൂപ്പിലെ എല്ലാവർക്കും സ്വീകാര്യമായ ലക്ഷ്യവും രണ്ടോ മൂന്നോ പ്രതീക്ഷകളും മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തണം.

പൊതുചർച്ച: എല്ലാ ഗ്രൂപ്പിലും പെട്ടവർ പൊതുചർച്ചയ്ക്കായി സന്നദ്ധരാകണം. ഗ്രൂപ്പുകൾ രേഖപ്പെടുത്തിയ പൊതു ലക്ഷ്യവും പ്രധാന പ്രതീക്ഷകളും ഗ്രൂപ്പ് സെക്രട്ടറിമാർ പൊതുവേദിയിൽ വായിക്കണം. തുടർന്നുള്ള ചർച്ചയിൽ ക്യാമ്പിന്റെ പൊതുവായ ലക്ഷ്യവും അംഗങ്ങളുടെ സംതൃപ്തിക്കുവേണ്ടി സാക്ഷാൽക്കരിക്കാവുന്ന ഉപലക്ഷ്യങ്ങളും പ്രതീക്ഷകളും ക്രോഡീകരിക്കുന്നു. (ഉദാ: വിനോദപരിപാടികൾ, കടൽത്തീരത്തുപോകുവാൻ അവസരം, ഷോപ്പിംഗിനു് സൗകര്യം മുതലായവ). ക്യാമ്പിന്റെ പൊതുലക്ഷ്യത്തിനു ഹാനികരമാകാതെ അനുവദിക്കാവുന്ന ഇത്തരം കാര്യങ്ങൾ മാത്രമേ പരിശീലകൻ വാഗ്ദാനം ചെയ്യാവൂ.

22 പൊതുലക്ഷ്യവും നിയമങ്ങളും

ലക്ഷ്യം: സമൂഹത്തിൽ നിയമങ്ങൾ ഉടലെടുക്കുന്നതു് എങ്ങനെയെന്നു വ്യക്തമാക്കുക.

— നിയമത്തിന്റെ പ്രസക്തിയും പ്രയോജനവും മനസ്സിലാക്കുക.

— നിയമാനുഷ്ഠാനങ്ങളോടു നേതാവിനുണ്ടായിരിക്കേണ്ട സമീപനം വ്യക്തമാക്കുക.

നടപടിക്രമം: ക്യാമ്പംഗങ്ങളെ നാലോ അഞ്ചോ പേരടങ്ങുന്ന വിവിധ ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനോടും തങ്ങൾ വിനോദയാത്രയ്ക്കു് പോകുമെന്നുള്ള സങ്കല്പത്തിൽ എല്ലാവരുടെയും സൗകര്യങ്ങൾക്കനുസരിച്ചു് ദിവസം, സമയം, സ്ഥലം, ഇടയ്ക്കു കാണേണ്ട സ്ഥലങ്ങൾ, കൂടുതൽ സമയം ചെലവഴിക്കേണ്ട കേന്ദ്രങ്ങൾ, യാത്രയ്ക്കുള്ള വാഹനം തുടങ്ങിയവ ചർച്ച ചെയ്തു് നിശ്ചയിക്കുവാൻ പറയണം. ചില വിനോദയാത്രാ കേന്ദ്രങ്ങൾ അവരിൽ ചിലരെങ്കിലും കണ്ടിരിക്കും. മറ്റു ചിലർക്കു് അസൗകര്യമുള്ള ദിവസങ്ങൾ കാണും. ചിലർക്കു് യാത്രാമദ്ധ്യേ സുഹൃത്തുക്കളെയോ ബന്ധുക്കളെയൊ കാണാനുണ്ടാവും. മറ്റു ചിലർക്കു് സിനിമ കാണുക, ഷോപ്പിംഗ് നടത്തുക, കടൽത്തീരത്തു കളിക്കുക തുടങ്ങിയ പ്രത്യേക ഉദ്ദേശ്യങ്ങൾ കാണും. ഇവയെല്ലാം പ്രകടിപ്പിക്കുകയും പൊതുവെ എല്ലാവർക്കും കൂടുതൽ സൗകര്യപ്രദമാകുന്ന വിധത്തിൽ ചില വിട്ടുവീഴ്ചകളോടെ എല്ലാം നിശ്ചയിക്കുകയും വേണം. അങ്ങനെ വിനോദയാത്ര എന്ന പൊതു ലക്ഷ്യത്തോടൊപ്പം മറ്റുള്ളവരുടെ താത്പര്യങ്ങൾക്കനുസരിച്ചു് അവയിൽ വരുത്തിയ വ്യവസ്ഥകൾ (നിയമങ്ങൾ) ഓരോ ഗ്രൂപ്പുകാരും തയ്യാറാക്കണം.

ഗ്രൂപ്പ് ചർച്ചയിലൂടെ വിനോദയാത്രാസംഘത്തിനു് തയ്യാറാക്കുന്ന 'നിയമ നിർമ്മാണ'ത്തിനു സഹായിക്കുവാൻ താഴെപറയുന്ന ആശയങ്ങൾ സഹായിക്കും:

..... കോപ്പി എടുക്കേണ്ടതു് .....

വിനോദയാത്ര: നിബന്ധനകൾ

1 ലക്ഷ്യസ്ഥലം
2 ആരംസ്ഥലം
3 ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന തീയതി, സമയം.
4 ആർക്കെല്ലാം പങ്കെടുക്കാം,
5 റെജിസ്ട്രേഷൻ, ഫീസു് എന്നിവ സംബന്ധിച്ച നിബന്ധനകൾ
6 പങ്കെടുക്കുന്നവർ കരുതേണ്ട സാധനങ്ങൾ
7 ഇടയ്ക്കു കാണുവാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ, അവയ്ക്കു നിശ്ചയിക്കപ്പെട്ട സമയം
8 ഭക്ഷണം സംബന്ധിച്ച ക്രമീകരണം
9 അച്ചടക്കം സംബന്ധിച്ച നിർദ്ദേശങ്ങൾ
10 പണം തികയാതെ വന്നാൽ.....
11 പണം മീതി വന്നാൽ.....
12 യാത്രയ്ക്കു് ഉദ്ദേശിക്കുന്ന വാഹനം
13 സംഘത്തെ നയിക്കുന്ന ലീഡർ
14 മറ്റു പ്രത്യേക നിബന്ധനകൾ.....
.....
.....

.....കോപ്പി എടുക്കേണ്ടതു് .....

തുടർന്നു് തങ്ങൾ ക്രോഡീകരിച്ച നിയമങ്ങൾ ലംഘിച്ചാലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്തു് പ്രധാനപ്പെട്ടവയെങ്കിലും സെക്രട്ടറി കുറിച്ചു വയ്ക്കണം.

പൊതുചർച്ച: ഗ്രൂപ്പ് ചർച്ചയെ തുടർന്നു് എല്ലാ ഗ്രൂപ്പുകളും പൊതുവായി സമ്മേളിച്ചു് തങ്ങൾ ക്രോഡീകരിച്ച നിയമങ്ങളും അവ ലംഘിച്ചാലുണ്ടാകാവുന്ന ഭവിഷ്യത്തുകളും അവതരിപ്പിച്ചു് ചർച്ച ചെയ്യുന്നു.

വിശദീകരണം:— ഏതൊരു രാഷ്ട്രമോ, രാഷ്ട്രീയ പാർട്ടിയോ, ക്ലബ്ബോ പുതുതായി രൂപപ്പെട്ടാലും ആദ്യഘട്ടത്തിൽ തന്നെ പ്രധാനമായി ചെയ്യുന്നതു് ആ പ്രസ്ഥാനത്തെ നിയന്ത്രി

ക്കേണ്ട ഭരണഘടനയോ നിയമങ്ങളോ തയ്യാറാക്കുകയാണു്.

— സമൂഹത്തിന്റെ പൊതു ലക്ഷ്യം സാധിക്കുന്നതിനും വ്യക്തികളുടെ പൊതു നന്മയെക്കരുതിയും രൂപപ്പെടുത്തുന്ന അംഗീകൃത പെരുമാറ്റ ചട്ടങ്ങളാണു് നിയമങ്ങൾ. അവ സമൂഹത്തെ ലക്ഷ്യത്തിലേയ്ക്കു നയിക്കുകയും അതിനെ ക്രമാനുഗതവും കെട്ടുറപ്പുള്ളതുമാക്കുകയും ചെയ്യും.

— നേതാവിന്റെയും സമൂഹാംഗങ്ങളുടെയും പ്രവർത്തനങ്ങളുടെ അതിർവരമ്പുകൾ നിശ്ചയിക്കുവാൻ നിയമങ്ങൾക്കു കഴിയുന്നു. നിയമാനുസൃതം സമൂഹത്തെ നയിക്കേണ്ട നേതാവു് നിയമങ്ങളുടെ പ്രസക്തിയെ മനസ്സിലാക്കുകയും അവയെ അനുസരിക്കുകയും അനുസരിക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും നിയമ ലംഘകരെ നിയന്ത്രിക്കുകയും വേണം. നിയമത്തിന്റെ പ്രസക്തിയെ മനസ്സിലാക്കിയാൽ അതനുസരിക്കുവാൻ അംഗങ്ങൾ കൂടുതൽ താല്പര്യം കാണിക്കും. നിയമങ്ങളനുസരിക്കുവാൻ മറ്റുള്ളവർക്കു പ്രേരണ നല്കുന്നതു് നേതാവിന്റെ നിയമാധിഷ്ഠിത ജീവിതമായിരിക്കും.

— നേതാവു് നിരന്തരം നിയമം ലംഘിക്കുകയോ അധികാര ദുർവിനിയോഗം നടത്തുകയോ ചെയ്താൽ പ്രശ്നങ്ങളുണ്ടാകും.

— 'നിയമം മനുഷ്യർക്കുവേണ്ടിയാണു്. മനുഷ്യർ നിയമത്തിനുവേണ്ടിയല്ല'. അപ്രസക്തമായ നിയമങ്ങൾ അടിച്ചേല്പിക്കേണ്ടതില്ല.

— പരമ്പരാഗത സമൂഹത്തിൽ നവാഗതനായി വരുന്ന നേതാവു് അവിടത്തെ സ്ഥിരപ്രതിഷ്ഠ നേടിയ ആചാരങ്ങളും പാരമ്പര്യങ്ങളും താൽക്കാലികമായെങ്കിലും തുടർന്നില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും.

തുടർന്നു് ക്യാമ്പിലെ നിബന്ധനകളും അവ ലംഘിച്ചാലുണ്ടാകാവുന്ന ബുദ്ധിമുട്ടുകളും ചർച്ച ചെയ്യുന്നതു നന്നായിരിക്കും.

23 സമൂഹാംഗങ്ങളുടെ ഐക്യം

ലക്ഷ്യം: സമൂഹത്തിന്റെ വിജയത്തിനു് അംഗങ്ങളുടെ ഐക്യത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുക

സമൂഹത്തിലെ ഓരോ അംഗവും സമൂഹത്തെ സംബന്ധിച്ചിടത്തോളം വിലപ്പെട്ടതാണെന്നു ബോധ്യപ്പെടുത്തുക.

സമൂഹത്തിന്റെ കെട്ടുറപ്പു നിലനിർത്തുവാനുതകുന്ന പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കുവാൻ നേതാക്കളെ സഹായിക്കുക.

i ഗ്രൂപ്പുതിരിഞ്ഞ് മുദ്രാവാക്യമത്സരം

സജ്ജീകരണം: തുല്യ അംഗബലമുള്ള ഗ്രൂപ്പുകളായി തിരിക്കത്തക്കവിധം ഗ്രൂപ്പുകളുടെ എണ്ണത്തിനനുസരിച്ച് നേതാക്കളുടെ ഓരോ പേരും കളിയിൽ പങ്കെടുക്കുന്ന ആകെ അംഗങ്ങളുടെയത്രയും എണ്ണമുള്ള ചെറിയ കാർഡുകളിൽ എഴുതി തയ്യാറാക്കിയിരിക്കണം.

നടപടിക്രമം: ഈ പുസ്തകത്തിലെ 'നേതാക്കളുടെ ആവിർഭാവം' എന്ന ശീർഷകത്തിലുള്ള ആദ്യത്തെ ടെക്നിക്ക് തന്നെയാണിതും. ചർച്ചാവിഷയത്തിൽ മാറ്റമുണ്ടെന്നുമാത്രം.

എല്ലാവരും വൃത്താകൃതിയിൽ കൈപ്പത്തികൾ പിറകിൽ ചേർത്തുപിടിച്ചു നില്ക്കുന്നു. നേതാക്കളുടെ പേരെഴുതി ഇടകലർത്തിയ ചെറിയ കാർഡുകൾ ഓരോരുത്തരുടെയും കൈകളിൽ വച്ചുകൊടുക്കണം. വിസിൽ കേൾക്കുമ്പോൾ എല്ലാവരും കാർഡിലെ പേരുവായിച്ച് ആ നേതാവിന് 'ജയ്' വിളിക്കുന്നു. ഒരേനേതാക്കൾക്കു ജയ് വിളിക്കുന്നവരെ പരസ്പരം കണ്ടെത്തി ആദ്യം രൂപപ്പെടുത്തുന്ന ഗ്രൂപ്പിന് പോയിന്റ് നല്കാം. ഗ്രൂപ്പുകൾ രൂപപ്പെട്ടശേഷം അവർക്ക് പരസ്പരം പരിചയപ്പെടാം.

അടുത്തതായി ഗ്രൂപ്പടിസ്ഥാനത്തിൽ മുദ്രാവാക്യ മത്സരമാണ്. നല്ല മുദ്രാവാക്യങ്ങൾ തയ്യാറാക്കുന്ന ഗ്രൂപ്പിനും എല്ലാവരും ചേർന്ന് നന്നായി മുദ്രാവാക്യം മുഴക്കുന്ന ഗ്രൂപ്പിനും പോയിന്റു ലഭിക്കുന്നു. മുദ്രാവാക്യങ്ങൾ തയ്യാറാക്കാൻ പത്തുമിനിറ്റു സമയം മതി. മത്സരസമയത്തു് ഓരോ ഗ്രൂപ്പും 5 മിനിറ്റ് സമയത്തേക്കു് മുദ്രാവാക്യം മുഴക്കണം. പോയിന്റുകൾ കൂട്ടി സമ്മാനാർഹമായ ഗ്രൂപ്പിനെ നിശ്ചയിക്കാം.

ഗ്രൂപ്പുചർച്ച: അടുത്തതായി വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ ഗ്രൂപ്പുകളിൽ ചർച്ചയ്ക്കു വയ്ക്കണം.

1 നിങ്ങളുടെ ഗ്രൂപ്പിൽ പരസ്പരം സംസാരിക്കാതിരുന്ന എത്രപേർ പരിചയപ്പെടുവാനും സംസാരിക്കുവാനും ഇടയായി?

2 ഗ്രൂപ്പു രൂപപ്പെട്ടപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ ഐക്യബോധം പിന്നീടുണ്ടായോ? എന്തുകൊണ്ട്?

3 മുദ്രാവാക്യം ശ്രുപപ്പെടുത്തുവാനും അവ മുഴക്കുവാനും നേതൃത്വം കൊടുക്കുന്നവരോട് മറ്റുള്ളവർ നന്നായി സഹകരിച്ചോ? സഹകരിക്കുവാൻ പ്രേരിപ്പിച്ച ഘടകം എന്ത്?

4 നിങ്ങളുടെ ഗ്രൂപ്പിന്റെ വിജയത്തിനു വേണ്ടിയല്ലെങ്കിൽ ഇപ്രകാരം പരസ്യമായി മുദ്രാവാക്യം മുഴക്കുവാൻ നിങ്ങളും തയ്യാറാകുമായിരുന്നോ?

5 നിങ്ങളുടെ ഗ്രൂപ്പിൽ മുമ്പ് ഏതെങ്കിലും കാര്യത്തിനു് മുദ്രാവാക്യം മുഴക്കാത്തവർ എത്ര പേരുണ്ട്? ഗ്രൂപ്പിനോടു പേർന്നു് മുദ്രാവാക്യം മുഴക്കുവാൻ അവർ തയ്യാറായോ?

സ്വമനസ്സാലെയാണോ അതോ സമൂഹത്തിന്റെ താല്പര്യത്തേയും പ്രേരണയേയും കരുതിയാണോ ഇക്കാര്യത്തിൽ അവർ സഹകരിച്ചതു്.

6 നമ്മുടെ സംഘടനയിൽ അംഗങ്ങളും തമ്മിലുള്ള കൂട്ടായ്മ വർദ്ധിപ്പിക്കുവാനുള്ള പ്രായോഗിക നിർദ്ദേശങ്ങളും എഴുതുക.

തുടർന്നു് ഗ്രൂപ്പുകളും സമ്മേളിച്ചു് ഉത്തരങ്ങളും വായിക്കുകയും പൊതുചർച്ച നടത്തുകയും ചെയ്യുന്നു.

ii നേതാവിനെ കണ്ടു പിടിക്കുക

ഒരാളൊഴിച്ചു് ബാക്കി എല്ലാവരും വൃത്താകൃതിയിൽ പരസ്പരം കാണത്തക്കവിധം ഇരിക്കണം. സീറ്റു ലഭിക്കാത്ത ആളും വൃത്താകൃതിയിൽ ഇരിക്കുന്നവരെ കാണാത്തവിധം വെളിയിൽ ഇറങ്ങി നിലുക്കണം. വൃത്തത്തിലിരിക്കുന്നവർ തങ്ങളിൽ നിന്നു തന്നെ ആംഗ്യത്തിലൂടെ ഒരു നേതാവിനെ നിശ്ചയിക്കുന്നു. നേതാവു് കയ്യടിക്കുമ്പോൾ ഗ്രൂപ്പിലുള്ള ബാക്കി എല്ലാവരും അയാളെ അതേരീതിയിൽ അനുകരിച്ചു് കയ്യടിക്കണം. കയ്യടി കേൾക്കുമ്പോൾ പുറത്തു നിലുക്കുന്ന ആൾക്കു് വൃത്തത്തിനുള്ളിൽ പ്രവേശിക്കാം. നേതാവു് ആംഗ്യങ്ങൾ മാറി മാറി കുറേ സമയം വീതം ചെയ്യും. അതോടൊപ്പം ഗ്രൂപ്പിലുള്ള മറ്റെല്ലാവരും നേതാവിനെ തിരിച്ചറിയാൻ പാടില്ലാത്തവിധം ഉടനെ അനുകരിക്കണം. ഇതിനിടയിൽ ആംഗ്യങ്ങൾക്കു് നേതൃത്വം കൊടുക്കുന്ന ആളിനെ വൃത്തത്തിനു മധ്യത്തിൽ നിലുക്കുന്ന ആൾ കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നു. അഞ്ചുമിനിറ്റിനകം അയാൾ നേതാവിനെ കണ്ടു പിടിച്ചു പറയണം. നേതാവു കണ്ടു പിടിക്കപ്പെട്ടാൽ അടുത്തതായി നേതാവു് വെളിയിൽ പോകുകയും അയാളുടെ സ്ഥാനം നടുക്കു നിന്ന ആൾ കരസ്ഥമാക്കുകയും ചെയ്യും. ഗ്രൂപ്പ് മറ്റൊരാളെ നേതാവായി നിശ്ചയിച്ചു് കളി തുടരാം. നേതാവിനെ കണ്ടു പിടിക്കുന്നതിൽ നടുക്കു നിലുക്കുന്ന ആൾ പരാജയപ്പെട്ടാൽ മറ്റൊരാൾ സ്വയം വെളിയിൽ പോയി കളി തുടരണം.

ആംഗ്യം കാണിക്കുന്നതിനു് ഉദാഹരണം: താളാത്മകമായ കയ്യടി, കൈ വീശുക, കൈ ഞൊടിക്കുക, വയറു തടവുക, മൂക്കു ചൊറിയുക, തല ചൊറിയുക, കൈകൊണ്ടു് കാൽമുട്ടുകളിൽ അടിക്കുക, വായു് അടയ്ക്കുകയും തുറക്കുകയും ചെയ്യുക....

പൊതു ചർച്ച: അടുത്തതായി ഈ കളിയെക്കുറിച്ചു് താഴെ പറയുന്ന ആശയങ്ങളും അംഗങ്ങളെക്കൊണ്ടു് പറയിക്കത്തക്കവിധം ചോദ്യങ്ങളും ചോദിക്കുകയും തുടർന്നു പരിശീലകൻ അതേക്കുറിച്ചു് വിശദീകരണക്ലാസ്സു് എടുക്കുകയും ചെയ്യാം.

— ഈ കളിയുടെ വിജയം അംഗങ്ങളുടെ സഹകരണത്തിലും നേതാവിനോടുള്ള യോജിപ്പിലുമാണു കുടികൊള്ളുന്നതു്.

— നേതാവിനു് അംഗങ്ങളിൽ വിശ്വാസവും അംഗങ്ങൾക്കു് നേതാവിനോടു് ആത്മാർത്ഥതയുമുണ്ടാകണം.

— കളിയുടെ സമയത്തു് അംഗങ്ങൾ തമ്മിൽ മാനസിക ഐക്യമുണ്ടാകുന്നു.

— സമൂഹത്തിനു് ഒരു പൊതു എതിരാളിയെയോ പ്രശ്നത്തെയോ നേരിടേണ്ടിവരുമ്പോഴാണു് കൂട്ടൻ ഐക്യബോധം വളരുക.

iii *ഏറ്റവും നീളം കൂടിയ നിര*

ഒരു ഗ്രൂപ്പിൽ എട്ടോ പത്തോ അംഗങ്ങൾ വീതം വരത്തക്കവിധം തുല്യ അംഗബലമുള്ള ഗ്രൂപ്പുകളായി അംഗങ്ങളെ തിരിക്കണം. വിശാലമായ ഹോളിലോ തുറസ്സായ സ്ഥലത്തോ ഇടമുറിയാതെ പരസ്പരം കൈ നീട്ടിപ്പിടിച്ചു് ഓരോ ഗ്രൂപ്പും ലൈൻ നില്ക്കണം. കൈകൾ നീട്ടിപ്പിടിക്കുന്നതോടൊപ്പം ലൈനുകളുടെ നീളം വർദ്ധിപ്പിക്കുവാൻ തങ്ങളുടെ കൈവശമുള്ള സാധനങ്ങൾ കൈയിൽ നീട്ടിപ്പിടിക്കാം. ഉദാ: പേന, കുട, പുസ്തകം, തുണി മുതലായവ. ഇടമുറിയാതെ ഏറ്റവും വലിയ നിര രൂപപ്പെടുത്തുന്ന ഗ്രൂപ്പു് വിജയിക്കുന്നു.

ഗ്രൂപ്പു് ചർച്ച: കളിയ്ക്കുശേഷം താഴെപ്പറയുന്ന കാര്യങ്ങൾ ഗ്രൂപ്പിനെ ചർച്ചയ്ക്കു നല്കാം

1 ഈ കളിയുടെ വിജയത്തിനു് ഗ്രൂപ്പിലെ അംഗങ്ങളുടെ ഭാഗത്തുനിന്നു് ഉണ്ടായ സഹകരണം എന്തെല്ലാം?

2 ഈ കളിയിലൂടെ സമൂഹപ്രവർത്തനങ്ങളെ സംബന്ധിച്ചു നമുക്കു ലഭിക്കുന്ന സന്ദേശങ്ങൾ എവ?

3 വ്യക്തിപരമായി ഈ കളിയിൽ താല്പര്യമില്ലാത്ത എത്ര പേർ ഗ്രൂപ്പിൽ ഉണ്ടായിരുന്നു. അവർ സഹകരിച്ചുവെങ്കിൽ എന്തുകൊണ്ട്?

iv കൈകൾ ഉയർത്തിപ്പിടിക്കൽ

അംഗങ്ങൾക്കു സമൂഹത്തോടുള്ള വിധേയത്വം പരീക്ഷിക്കുന്നതിനുള്ള ഒരു കളിയാണിത്. അംഗങ്ങളെ ആറോ എട്ടോ പേർ വീതം തുല്യഅംഗങ്ങളുള്ള ഗ്രൂപ്പുകളായി തിരിക്കുക. ഗ്രൂപ്പടിസ്ഥാനത്തിൽ അംഗങ്ങൾ നിരനിരയായി നിന്നു് ഇരു കൈകളും ഇരുവശങ്ങളിലും തോളിനോടൊപ്പം ഉയർത്തിപ്പിടിച്ചു നില്ക്കണം. അംഗങ്ങളുടെ കൈകൾ തമ്മിൽ സ്പർശിക്കാതെ അകലത്തിൽ വേണം നില്ക്കുവാൻ. ഗ്രൂപ്പിലെ ഒരാൾ കൈ തോളിനു താഴെ താഴ്ത്തിയാൽ ആ ഗ്രൂപ്പ് കളിയിൽ നിന്നു പുറത്താക്കപ്പെടും അവസാനംവരെ പിടിച്ചു നില്ക്കുന്ന ഗ്രൂപ്പ് വിജയിക്കുന്നു.

ഗ്രൂപ്പ് ചർച്ച

1 സമൂഹജീവിതത്തിനു് ഈ കളി നല്കുന്ന ഗുണപാഠം എന്തു്?

2 കൈകൾ വേദനിച്ചപ്പോഴും പിടിച്ചു നില്ക്കാൻ ശ്രമിച്ചതു് സമൂഹത്തിന്റെ വിജയത്തിനുള്ള താല്പര്യം കൊണ്ടോ അതോ സമൂഹത്തെ ഭയന്നിട്ടോ?

3 കൈകൾ താഴ്ത്താതിരിക്കാൻ സമൂഹാംഗങ്ങൾ പരസ്പരം പ്രേരണ നല്കുന്നുണ്ടായിരുന്നോ?

4 കൈ താഴ്ത്താൻ നിർബന്ധിതനായ ആളിനെ മറ്റുള്ളവർ കുറ്റപ്പെടുത്തിയോ?

5 സാധാരണ സമൂഹങ്ങളിൽ അംഗങ്ങൾ സഹിക്കേണ്ടിവരുന്ന ത്യാഗവും അതുകൊണ്ടു് അവർക്കു ലഭിക്കാവുന്ന നേട്ടവും എവ?

v നാടകാവിഷ്കരണം

സജ്ജീകരണം:

മനുഷ്യന്റെ കൈയുടെയും കാലിന്റെയും വയറിന്റെയും ചിത്രങ്ങൾ ആലേഖനം ചെയ്ത ഓരോ വലിയ കാർഡുകൾ.

'നിരാഹാരസമരം 1-ാം ദിവസം', 'സമരം 2-ാം ദിവസം', 'സമരം 3-ാം ദിവസം' എന്നെഴുതിയ ഓരോ പ്ലക്കാഡുകൾ.

പഴം തുടങ്ങിയ ഏതാനും ആഹാര സാധനങ്ങളും

നടപടിക്രമം: മനുഷ്യ ശരീരത്തിലെ മൂന്ന് അവയവങ്ങളെ പ്രതിനിധാനം ചെയ്ത് അഭിനയിക്കുന്നതിനു് കഴിവുള്ള മൂന്നു പേരെ നിശ്ചയിക്കണം. കഴിയുന്നത്ര വണ്ണവും കൂടവയറുമുള്ള ആളെ വയറായും മെലിഞ്ഞു് നീളമുള്ള ഒരാളെ കൈയായും മറെറാരാളെ കാലായും അഭിനയിപ്പിക്കുന്നതാണു നല്ലതു്. ഓരോരുത്തനും പ്രതിനിധാനം ചെയ്യുന്ന അവയവത്തിന്റെ ചിത്രം ആലേഖനം ചെയ്ത കാർഡ് എല്ലാവർക്കും കാണത്തക്കവിധം വസ്ത്രത്തിൽ പിൻ ചെയ്യുകയോ കഴുത്തിൽ തൂക്കിയിടുകയോ ചെയ്യാം. താഴെ പറയുന്ന രീതിയിൽ അവർ അഭിനയിക്കുകയും സംസാരിക്കുകയും ചെയ്യുന്നു.

നാടകാവതരണം: രംഗം ആരംഭിക്കുമ്പോൾ സ്റ്റേജിന്റെ മദ്ധ്യഭാഗത്തു് കൈകൾ പുറകിൽ കെട്ടി 'വയറും' അയാളുടെ ഇരുവശങ്ങളിലുമായി 'കൈയും' 'കാലും' നില്ക്കുന്നു.

വയർ: ആഹാരം കഴിച്ചിട്ട സമയം എത്രയായി. വല്ലാത്ത വിശപ്പ്. ഇനി എന്തെങ്കിലും കഴിക്കണം.

കാൽ: ശരി പൊയ്ക്കൊള്ളാം.

(കാൽ വയറിനെ പുറകിൽനിന്നു തള്ളി ഭക്ഷണം ഒരുക്കിവച്ചിട്ടുള്ള സ്റ്റേജിന്റെ ഒരു വശത്തേക്കു നീക്കുന്നു. കൈ പഴമെടുത്തു് തൊലി പൊളിച്ച് വയറിന്റെ വായിൽ വച്ചു കൊടുക്കുന്നു. ആഹാരം കഴിച്ചശേഷം കാൽ വയറിനെ തള്ളി സ്റ്റേജിന്റെ മദ്ധ്യഭാഗത്തു കൊണ്ടുവരുന്നു. കൈയും വയറിനടുത്തുവന്നു നില്ക്കുന്നു.)

കാൽ: (വിയർപ്പു തുടയ്ക്കുന്നതായി ഭാവം) ഹോ! എന്തൊരു കഷ്ടപ്പാടു്. എത്രനാളായി ഞാനിവനെ ചുമക്കുന്നു; കല്ലും മുള്ളും കുന്നും കുഴിയുമെല്ലാം താണ്ടി! എനിക്കാകെ വേദനയാണു്. (വയറിനെ ചൂണ്ടി) ഇവനു് തിന്നാനും കുടിക്കാനും വേണ്ടിയല്ലേ ഞാൻ രാപകൽ അദ്ധ്വാനിക്കുന്നതു്. ഇവനാകട്ടെ ഒരു വേലയും ചെയ്യുന്നുമില്ല. തോന്നുമ്പോൾ തോന്നുമ്പോൾ കുശാലായ തീറ്റ. പാവം എനിക്കോ ഒന്നുമില്ല.

കൈയ്: ഹല്ലേലും കഷ്ടം തന്നെയാ. താൻ പറഞ്ഞതു തന്നെയാ എന്റെയും സ്ഥിതി. ജോലിയെല്ലാം ചെയ്യാൻ ഞാൻ വേണം. എന്തിനു് ആഹാരം അവന്റെ വായിൽവരെ ഞാനെത്തിക്കണം. എന്നിട്ടെനിക്കെന്തോ ഒരു പ്രയോജനം? പ്രതിഫലമില്ലാത്ത ഈ കഷ്ടപ്പാടു് ഇന്നോ ഇന്നലെയോ തുടങ്ങിയതാണോ?

കാൽ: ഈ കളി ഇനി ഇവിടെ നടപ്പില്ല. നമുക്ക് സമരം ചെയ്യാം. ഒരു പണിയും ചെയ്യേണ്ട. ആർക്കുവേണ്ടി, എന്തിനു വേണ്ടിയാ ഈ കഷ്ടപ്പാട്? അവനെവിടെങ്കിലും പോയി ഒറഞ്ഞു കഴിക്കുകയോ പട്ടിണികിടന്നു ചാകുകയോ ചെയ്യട്ടെ.

വയറ്: സുഹൃത്തുക്കളെ നിങ്ങളെന്തൊരു മണ്ടരിച്ചിരിക്കുകയാ. നമ്മളെല്ലാം ഒരു ശരീരത്തിന്റെ ഭാഗങ്ങളാണ്. നാമെല്ലാം പരസ്പര പൂരകങ്ങളും സഹകരിച്ചു പ്രവർത്തിക്കേണ്ടവരുമാണ്. പരസ്പരം ആശ്രയിക്കാതെ നമുക്കു ജീവിക്കാനാവില്ല. ഒരു വായി അവിവേകമൊന്നും കാട്ടല്ലേ! അതു നമ്മെ നാശത്തിലേയ്ക്കു നയിക്കും.

കൈയ്: (വയറിനെ ചൂണ്ടി) താൻ ഇനി മിണ്ടിപ്പോകരുത്. തന്റെ അഭ്യാസം ഞങ്ങളുടെ അടുത്തിറക്കേണ്ട. ഈ അനീതി ഞങ്ങളും സഹിക്കില്ല. ഞങ്ങളും ഇപ്പോൾ മുതൽ സമരം ആരംഭിക്കുകയാണ്.

(കൈയ്യും കാലും ഇരിക്കുന്നു. വയർ നില്പു തുടരുന്നു. കാൽ 'നിരാഹാര സമരം 1-ാം ദിവസം' എന്നെഴുതിയ പ്ലാക്കാഡ് കുറെ സമയം ഉയർത്തിപ്പിടിക്കുന്നു. അടുത്തതായി കൈയ് 'സമരം 2-ാം ദിവസം' എന്നെഴുതിയ പ്ലാക്കാഡ് ഉയർത്തിപ്പിടിക്കുന്നു. വയർ ക്ഷീണിതനായി ഇരിക്കുന്നു. കാലും കൈയും ക്ഷീണിതരായി ഭാവിക്കുന്നു. അല്പം കഴിഞ്ഞ് കാൽ 'സമരം 3-ാം ദിവസം' എന്നെഴുതിയ പ്ലാക്കാഡ് ഉയർത്തിപ്പിടിക്കുന്നു. മൂന്നുപേരും വളരെയേറെ ക്ഷീണിതരായി കിടക്കുന്നു).

കാൽ: (ക്ഷീണിതനായി) ഹോ! എന്തൊരു ക്ഷീണം. എഴുന്നേറ്റു നിൽക്കാൻപോലും പറ്റുന്നില്ല.

കൈയ്: അതുതന്നെയാണെനിക്കും. വല്ലാത്ത ക്ഷീണം തന്നെ. എന്താ തകരാറെന്നു് ഒരു പിടിയും കിട്ടുന്നില്ല.

(രണ്ടുപേരും തളർന്നു കിടക്കുന്നു. വയർ സാവധാനം വേച്ചുവേച്ചു് എഴുനേൽക്കാൻ ഭാവിക്കുന്നു).

വയർ: (രണ്ടുപേരോടുമായി) എനിക്കും നന്നാ ക്ഷീണമുണ്ട്. നിങ്ങളെനിക്കു് ഇനിയെങ്കിലും ആഹാരം തരിക എന്നാൽ ഞാൻ പഴയതുപോലെ നിങ്ങളെ സംരക്ഷിക്കാം. എങ്കിൽ മാത്രമേ നിങ്ങൾക്കു് ശക്തി ലഭിക്കൂ.

കൈയും കാലും: (വേച്ചുവേച്ചു് എഴുനേൽക്കുവാൻ ശ്രമിച്ചുകൊണ്ടു്) ശരി, താൻ പറഞ്ഞതുപോലെ ഒന്നു ശ്രമിച്ചുനോക്കാം. തനിക്കു് ആഹാരം തേടി തരാം. താൻ പറയുന്നതു സത്യമാണോ എന്നറിയട്ടെ.

(മൂന്നുപേരും ക്ഷീണിതരാണ്. കാൽ വയറിനെ പുറകിൽ നിന്നു തള്ളി ഭക്ഷണമിരിക്കുന്നിടത്തു് എത്തിക്കുന്നു. കൈയ് വയറിനു് ആഹാരം തയ്യാറാക്കി വായിൽ വച്ചുകൊടുക്കുന്നു. മൂവരും സ്റ്റേജിന്റെ മദ്ധ്യഭാഗത്തേക്കു നീങ്ങുന്നു. മൂവരും ക്രമേണ ഉന്മേഷവാന്മാരായി കാണപ്പെടുന്നു).

കൈയ്: എത്രയായാലും തന്നെ സമ്മതിച്ചു തന്നിരിക്കുന്നു. എന്റെ ക്ഷീണം മാറി.

കാൽ: അതെ, അതുതന്നെയാണെനിക്കും പറയാനുള്ളതു്. ഇപ്പോഴല്ലെ താൻ ഞങ്ങളുടെ നിലനിൽപിനാവശ്യമാണെന്നു ബോദ്ധ്യമായതു്.

കൈയ്: ശരിയാ നമ്മിൽ ഓരോരുത്തനും സഹകരിച്ചില്ലെങ്കിൽ എല്ലാവരും തകർന്നതുതന്നെ. ഓരോരുത്തനും തോന്നും താനാണു കൂടുതൽ അദ്ധ്വാനിക്കുന്നതെന്നു്. വ്യത്യസ്ത റോളുകളിലെങ്കിലും നാമെല്ലാം ശരീരത്തിന്റെ അവിഭാജ്യ ഘടകങ്ങളാണു്.

ഗ്രൂപ്പ് ചർച്ച: അംഗങ്ങളെ പല ഗ്രൂപ്പുകളായി തിരിച്ചു് താഴെപറയുന്ന ചോദ്യങ്ങൾ ചർച്ചയ്ക്കായി നൽകാം.

1 ഈ നാടകം നമുക്കു നല്കുന്ന പൊതുവായ സന്ദേശം എന്താണു്?

2 വയറിന്റെ അവസാനോപദേശം ചെവിക്കൊള്ളാതെ കൈയും കാലും സമരം തുടർന്നിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?

3 സമൂഹ ജീവിതത്തിൽ നേതാവും സമൂഹാംഗങ്ങളും തമ്മിലുള്ള അഭിപ്രായ ഭിന്നതയെ ഈ നാടകവുമായി താരതമ്യപ്പെടുത്തിയാൽ നമുക്കു ലഭിക്കുന്ന ഗുണപാഠം എന്തു്?

4 ഒരു ഫാക്ടറിയിലെ സമരത്തെ ഈ നാടകത്തിലെ സമരമായും ഫാക്ടറി ഉടമയേയും തൊഴിലാളികളെയും നാടകത്തിലെ കഥാപാത്രങ്ങളായും താരതമ്യപ്പെടുത്തി നാടകത്തിന്റെ സന്ദേശം അവതരിപ്പിക്കുക.

വിശദീകരണം: മേൽ വിവരിച്ച അഞ്ചുകളികൾക്കും പൊതുവായി അവതരിപ്പിക്കാവുന്ന പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു.

— സമൂഹത്തിന്റെ പുരോഗതിക്കും ലക്ഷ്യപ്രാപ്തിക്കും സമൂഹാംഗങ്ങളുടെ ഐക്യം സുപ്രധാനമാണു്. അതിനാൽ സമൂഹബന്ധം ശക്തിപ്പെടുത്തുവാൻ നേതാവു ശ്രദ്ധിക്കണം.

— സമൂഹബന്ധത്തെ ശക്തിപ്പെടുത്തുന്നതിന് അനുകൂലമാകാവുന്ന ഘടകങ്ങളും താഴെ ചേർക്കുന്നു:

— അംഗങ്ങൾ കൂടെക്കൂടെ സന്ധിക്കുവാൻ അവസരമുണ്ടാക്കുക.

— സമൂഹത്തെ ലക്ഷ്യത്തിലേക്കു നയിക്കാനുപകരിക്കുന്ന വേണ്ടത്ര പ്രവർത്തന പരിപാടികളും ഉണ്ടായിരിക്കണം.

— സമൂഹത്തിന്റെ ലക്ഷ്യമോ ഉപലക്ഷ്യമോ അത്യാവശ്യകാര്യമായി അംഗങ്ങൾക്ക് അനുഭവപ്പെടുക.

— മറ്റു ഗ്രൂപ്പുകളുമായുള്ള ആരോഗ്യകരമായ മത്സരം.

— സമൂഹപ്രവർത്തനത്തിലൂടെ അംഗങ്ങൾക്കു ലഭിക്കുന്ന സംതൃപ്തി.

— സമൂഹത്തിൽ വ്യക്തികൾക്കുള്ള അംഗീകാരം, പ്രോത്സാഹനം, സ്ഥാനമാനങ്ങൾ മുതലായവ നൽകുക.

— വലിയ സമൂഹങ്ങളെക്കാൾ ചെറിയ സമൂഹങ്ങളിൽ കൂടുതൽ ഐക്യവും കെട്ടുറപ്പുമുണ്ടാകും.

— പൊതുവായ ചിഹ്നം (എംബ്ലം), ബാഡ്ജ്, പതാക, യൂണിഫോം, പ്രത്യേക അഭിവാദ്യങ്ങൾ, സംഘടനയുടെ പ്രത്യേക ഗാനം മുതലായവ ഐക്യബോധം അനുസ്മരിപ്പിക്കും.

— ചില സമൂഹങ്ങളിൽ ഓരോ വ്യക്തിയും അതിന്റെ ജയപരാജയങ്ങളെ നിർണ്ണയിക്കത്തക്ക പ്രാധാന്യമുള്ളവനായിരിക്കും. ഉദാ: നാടകഗ്രൂപ്പ്, പന്തുകളിയുടെ ടീമുകൾ, ഗായക സംഘം മുതലായവ. അതിനാൽ വ്യക്തികൾക്കു സമൂഹത്തോടുള്ള കടപ്പാടും നേതാവിന് വ്യക്തികളോടുള്ള താത്പര്യവും ഇത്തരം സമൂഹങ്ങൾക്കു പരമ പ്രാധാന്യമാണ്.

— സമൂഹത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തുണ്ടാകുന്ന പ്രശ്നം സമൂഹത്തെ മുഴുവൻ പ്രതികൂലമായി ബാധിക്കും.

— സമൂഹത്തോടും നേതാവിനോടുമുള്ള താല്പര്യത്തിനനുസരിച്ചായിരിക്കും അംഗങ്ങൾ ത്യാഗങ്ങൾ സഹിക്കുവാൻ തയ്യാറാവുക.

24 സമൂഹഘടന നിർണ്ണയിക്കൽ

i *അനുസമൂഹങ്ങളുടെ*

ലക്ഷ്യം: സമൂഹഘടന നിർണ്ണയിക്കുവാൻ പരിശീലിപ്പിക്കുക.

— സമൂഹത്തിൽ കൂടുതൽ സ്വാധീനമുള്ള വ്യക്തികളെയും ഒന്നിച്ചു പ്രവർത്തിക്കുവാൻ ഇഷ്ടപ്പെടുന്ന ഉപഗണങ്ങളെയും പ്രശ്നകാരികളാകാവുന്ന ഒറ്റപ്പെട്ട വ്യക്തികളെയും കണ്ടെത്തുവാൻ സഹായിക്കുക.

— ഔദ്യോഗിക സംഘങ്ങളുടെ ഘടന മനസ്സിലാക്കുക.

വിശദീകരണം: ഈ ടെക്നിക്കിൽ സമൂഹഘടന എന്താണെന്നും അതെങ്ങിനെ കണ്ടുപിടിക്കാമെന്നും പരിശീലകൻ ആദ്യംതന്നെ വിശദീകരണം നൽകണം.

എതൊരു സമൂഹവും പ്രവർത്തനോന്മുഖമാകുന്നതോടെ, സമൂഹലക്ഷ്യവും നിയമങ്ങളും പോലെതന്നെ തനതായ ഒരു സമൂഹ ഘടനയും രൂപമെടുക്കും.

— വ്യക്തികളുടെ ഇടയിൽ സംജാതമാകുന്ന സൗഹൃദത്തിന്റെയും പൊരുത്തക്കേടുകളുടെയും സാമ്യങ്ങളുടെയും സിമ്യമില്ലായ്മയുടെയും പ്രവർത്തനരംഗത്തുള്ള കഴിവുകളുടെയും കഴിവുകേടുകളുടെയും വെളിച്ചത്തിലാണ് സമൂഹഘടന രൂപപ്പെടുക.

— അംഗങ്ങൾ പരസ്പരം ഇഷ്ടപ്പെടുന്നതും വെറുക്കുന്നതും ആരെയെല്ലാമെന്നു ചോദിച്ച് അവയെ ചിത്രരൂപേണ ആലേഖനം ചെയ്യാൻ കഴിയും. അംഗങ്ങളെ അവരുടെ പേരുകളോ പകരം അക്ഷരങ്ങളോ വഴിയും, അവർ തമ്മിലുള്ള ബന്ധപ്പെട്ട പരസ്പരം ഘടിപ്പിക്കുന്ന രേഖകൾ വഴിയും ചിത്രീകരിക്കാം. പൂർണ്ണരേഖകൾ വഴി അംഗങ്ങൾ തമ്മിലുള്ള ഐക്യം, സ്നേഹം, അധികാര–വിധേയബന്ധം മുതലായവയും ഇടവിട്ട രേഖകൾ വഴി അവർ തമ്മിലുള്ള വിയോജിപ്പും വ്യക്തമാക്കാം. ശരചിഹ്നങ്ങൾവഴി അംഗങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ദിശയും സ്പഷ്ടമാക്കാറുണ്ട്.

നടപടിക്രമം: നേരത്തെ സുപരിചിതരോ ഒന്നിച്ചു പ്രവർത്തിച്ചിട്ടുള്ളതോ ആയ എട്ടുപത്തു വ്യക്തികൾ വീതം ഒരുമിച്ചുകൂടുവാൻ ആവശ്യപ്പെടണം. ഓരോരുത്തരും ഓരോ കാർഡു നൽകി അതിന്റെ മുകൾഭാഗത്തു് ഇടതുവശത്തായി സ്വന്തം പേരു് എഴുതണം. ആ ഗ്രൂപ്പിൽ താൻ ഏറ്റവും ഇഷ്ടപ്പെടുന്ന വ്യക്തിയുടെ പേരു് ഒന്നാം നമ്പരിട്ടും അതുകഴിഞ്ഞാൽ ഏറെ ഇഷ്ടപ്പെടുന്ന വ്യക്തി ഉണ്ടെങ്കിൽ അയാളുടെ പേരു് രണ്ടാം നമ്പരിട്ടും ചേർക്കണം. ആർക്കെങ്കിലും കാര്യമായ പിണക്കം ഗ്രൂപ്പിലുള്ള ആരോടെങ്കിലുമുണ്ടെങ്കിൽ അതു കാർഡിൽ പ്രത്യേകം എഴുതാം.

പല ഗ്രൂപ്പുകളും എഴുതിയ കാഡുകളും കൂടികലർത്തിയതിനു ശേഷം, ഏതുഗ്രൂപ്പിൻറേതെന്നു് അംഗങ്ങളെ അറിയിക്കാതെ താഴെ പറയുംപ്രകാരം ഒരു ഗ്രൂപ്പിൻറെ ചാർട്ടു് പരിശീലകൻ ബോർഡിൽ രേഖപ്പെടുത്തണം. വ്യക്തികളുടെ പേരിനു പകരം ഇംഗ്ലീഷു് അക്ഷരമാലയിലെ അക്ഷരങ്ങളും ഉപയോഗപ്പെടുത്തിയാൽ മതി.

വ്യക്തി	ഇഷ്ടപ്പെടുന്നതു്		വെറുക്കുന്നതു്
	I	II	
A	C	B	—
B	D	A	—
C	A	B	H
D	B	F	—
E	D	—	—
F	D	G	—
G	H	—	—
H	F	—	C

വ്യക്തി	ലഭിച്ച പിന്തുണ	
	I	II
A	1	1
B	1	2
C	1	—
D	3	—
E	—	—
F	1	1
G	—	1
H	1	—


വ്യക്തിയെ എത്രപേർ ഇഷ്ടപ്പെടുന്നു എന്നു കണക്കാക്കിയാണു് പിന്തുണ രേഖപ്പെടുത്തിയിരിക്കുന്നതു്.

ചാർട്ടിൻറെ സഹായത്തോടെ സമൂഹത്തിൻറെ ഘടന തയ്യാറാക്കണം. അതു രേഖപ്പെടുത്തുന്നതു താഴെ പറയുംപ്രകാരമാണു്.

ഏറ്റവും പിന്തുണയുള്ള വ്യക്തിയുടെ പേരു് ആദ്യം ബോർഡിൻറെ മുകൾ ഭാഗത്തു് വൃത്തത്തിലിടണം. (ഉദാ: ഇവിടെ D). അതിനു താഴെ അയാൾക്കു പിന്തുണ നല്കുന്നവരുടെ പേരുകൾ വൃത്തത്തിലിട്ടു്, ആരു് ആരെ ഇഷ്ടപ്പെടുന്നു എന്നു സൂചിപ്പിക്കുവാൻ ശരചിഹ്നം കൊടുക്കുന്നു. അടുത്തതായി കൂടുതൽ പിന്തുണയുള്ള ആളിൻറെ പേരും അയാളെ ഇഷ്ടപ്പെടുന്നവരുടെ പേരും ശരചിഹ്നവുമാണു് രേഖപ്പെടു

ത്തേണ്ടതു്. ഇപ്രകാരം ഇഷ്ടപ്പെട്ടവരെയെല്ലാം രേഖപ്പെടുത്തിയശേഷം പരസ്പരം വെറുക്കുന്നവരുണ്ടെങ്കിൽ അവരെ ഇടമുറിഞ്ഞ ശരഛിഹ്നം വഴി ചിത്രീകരിക്കണം.—ചിത്രീകരണം പൂർത്തിയായി കഴിയുമ്പോഴേക്കും കൂടുതൽ ഭംഗിയായി അതിനെ വീണ്ടും വരയ്ക്കുന്നതു നല്ലതാണു്. സമൂഹഘടനയ്ക്കുള്ള കാർഡുകളും എഴുതി വാങ്ങിയ ശേഷം വിശ്രമവേള നല്കിയിട്ടു് പരിശീലകൻ രണ്ടുമൂന്നു ഗ്രൂപ്പുകളുടെ ഘടന കടലാസിൽ വരച്ചുനോക്കി ക്രമപ്പെടുത്തിയ ശേഷം എല്ലാവരെയും വിളിച്ചുകൂട്ടി ആദ്യംമുതൽ ബോർഡിൽ വരച്ചു കാണിക്കുന്നതാണു നല്ലതു്.

മുകളിൽ കൊടുത്തിരിക്കുന്ന ചാർട്ടുപ്രകാരമുള്ള സമൂഹത്തിന്റെ ഘടന മാതൃകയ്ക്കായി ചുവടെ ചേർക്കുന്നു.



വിശദീകരണം മുകളിൽ കാണുന്ന ഘടനയെ ഉദാഹരണമാക്കിയുള്ള വിശദീകരണമാണു്. ഇവിടെ ചേർക്കുന്നതു്.

— കൂടുതൽ സ്വാധീനമുള്ള വ്യക്തി D ആകയാൽ അയാളെ ഗ്രൂപ്പിന്റെ നേതാവാക്കാം.

—A, B, C എന്നിവർ ഗ്രൂപ്പിലെ ഒരു ഉപഗണവും F, G, H എന്നിവർ മറ്റൊരു ഉപഗണവുമാണു്. ഉപഗണമനുസരിച്ചു് ഗ്രൂപ്പിന്റെ ജോലികളും ഉത്തരവാദിത്വങ്ങളും വീതിച്ചുകൊടുത്താൽ ഉപഗണങ്ങളിലുള്ളവർ പരസ്പരം സഹകരിച്ചു പ്രവർത്തിച്ചുകൊള്ളും.

— B, F എന്നിവരെ ഉപഗണങ്ങളുടെ നേതാക്കളാക്കാം. C യും H ഉം തമ്മിൽ അഭിപ്രായഭിന്നതയുള്ളതിനാൽ അവർ രണ്ടും സഹകരിച്ചു ചെയ്യാൻ പണി ഏല്പിച്ചാൽ ഫലപ്രദമാവില്ല.

— C യും H ഉം തമ്മിലുള്ള ഭിന്നത ഉപഗണങ്ങളിലേയ്ക്കു പകരുവാനും ഉപഗണങ്ങളും തമ്മിൽ ഭിന്നിപ്പുണ്ടാകുവാനും

ഇടയുള്ളതിനാൽ അവർ തമ്മിലുള്ള പ്രശ്നം കഴിവതും വേഗം തീർക്കുവാൻ നേതാവു ശ്രമിക്കണം.


— E ഒറ്റപ്പെട്ട വ്യക്തിയാണു്. നേതാവിനോടു മാത്രമുള്ള ബന്ധമാണു് അയാളെ സമൂഹത്തിൽ നിലനിർത്തുന്നതുതന്നെ. അയാൾക്കു വേണ്ട സ്നേഹവും പരിഗണനയും നേതാവു നലകുകയും സമൂഹവുമായി ബന്ധപ്പെടുത്തുവാൻ ശ്രമിക്കുകയും വേണം.

ii *സ്വന്തം സമൂഹത്തിനെറ*

ലക്ഷ്യം: വ്യക്തിയ്ക്കു് സമൂഹത്തിലുള്ള തനെറ സ്ഥാനവും സ്വാധീനവും നിർണ്ണയിക്കുവാൻ സഹായിക്കുക.

സുഹൃദ്വലയം വർദ്ധിപ്പിക്കുവാൻ പ്രചോദനമേകുക.

നടപടിക്രമം: വ്യക്തിപരമായി ചെയ്യേണ്ട ഒന്നാണിതു്. ഓരോരുത്തനും ഓരോ കടലാസ് എടുത്തു് അതിനെറ മദ്ധ്യഭാഗത്തു് 'ഞാൻ' എന്നെഴുതി ഒരു ചെറിയ വൃത്തത്തിലാക്കണം. തന്നെ സ്നേഹിക്കുകയും തന്നോടു സഹകരിക്കുകയും ചെയ്യുന്നവ



രെ (സുഹൃത്തക്കളോ ബന്ധുക്കളോ ആകാം) പ്രതിനിധാനം ചെയ്യുന്ന ഓരോ അടയാളം 'ഞാൻ' എന്നതിനോട് ചേർന്ന് സ്നേഹത്തിന്റെ കൂടുതൽ കുറവനുസരിച്ച് അടുപ്പിച്ചോ അകലത്തിലോ അടയാളപ്പെടുത്തണം. സുഹൃത്തുക്കളെ രേഖപ്പെടുത്തിക്കഴിഞ്ഞ് അവയുടെ പുറമെ ഒരു വൃത്തം രേഖപ്പെടുത്തി അതിരു നിശ്ചയിക്കണം. അതിനു വെളിയിൽ തനിക്ക് അത്ര പരിചയമോ സൗഹൃദമോ ഇല്ലാത്തതും എന്നാൽ സൗഹൃദം സ്ഥാപിക്കാൻ ബുദ്ധിമുട്ടില്ലാത്തതുമായ വിവിധ ജനവിഭാഗങ്ങളെ സൂചിപ്പിക്കുന്ന അടയാളങ്ങൾ കൊടുക്കാം. അവ തീരുന്ന അതിരു നിശ്ചയിക്കാനും ഒരു വലിയ വൃത്തം കൊടുക്കാം. ആ വൃത്തത്തിനു വെളിയിലായി താനുമായി വിയോജിപ്പിൽ കഴിയുന്നവരെ അടയാളപ്പെടുത്തണം.

വിശദീകരണം: സമൂഹത്തിൽ കൂടുതൽ സ്വാധീനമുള്ള വ്യക്തിയാണ് നേതാവാകുക. അതിനാൽ നമ്മുടെ സുഹൃദ്വലയം വികസിപ്പിക്കുവാൻ സാധിക്കണം

— നാമുമായി സൗഹൃദത്തിലല്ലാത്തവരുടെ സ്നേഹവും സൗഹൃദവും സമ്പാദിക്കുവാനുള്ള എളുപ്പമാർഗ്ഗം അപരിചിതമായ അത്തരം വിവിധ സമൂഹങ്ങളിൽ സ്വാധീനമുള്ള വ്യക്തികളുമായി സുഹൃദ്ബന്ധം സ്ഥാപിക്കുകയാണ്. ഒരാളുമായുള്ള നമ്മുടെ സ്നേഹബന്ധം അയാളുമായി ബന്ധപ്പെട്ട അനേകരെ നമ്മിലേക്കടുപ്പിക്കുവാൻ സഹായിക്കും

— ശത്രുത വളരുവാൻ അനുവദിച്ചാൽ അത് നേതാവിനു വളരെ ദോഷകരമായി ഭവിക്കും. ശത്രുക്കൾ അവരുമായ ബന്ധപ്പെടുന്നവരുടെയിടയിൽ നേതാവിനെപ്പറ്റി തെറ്റിദ്ധാരണകളും കിംവദന്തികളും പ്രചരിപ്പിക്കുകയും പലരെ നേതാവിൽനിന്നകറ്റുകയും ചെയ്തെന്നു വരും


അല്പസമയം മൗനമായി താൻ വരച്ച ചിത്രത്തെ കേന്ദ്രീകരിച്ച് ചിന്തിക്കാൻ അംഗങ്ങളോട് പറയാം. സുഹൃദ്വലയം എങ്ങനെ വിപുലപ്പെടുത്താമെന്നും വിയോജിപ്പിൽ കഴിയുന്നവരുമായി എങ്ങനെ സഹകരിച്ചു പ്രവർത്തിക്കാമെന്നുമാണ് ചിന്തിക്കേണ്ടത്.

iii *ഔപചാരിക സമൂഹങ്ങളുടെ*

ലക്ഷ്യം: ഔപചാരിക സമൂഹങ്ങളുടെ ഘടന നിർണ്ണയിച്ച് സ്വന്തം സ്ഥാനം അടയാളപ്പെടുത്തുക.

ഔപചാരിക സമൂഹങ്ങളിലെ നേതൃത്വത്തിന്റെ പ്രത്യേകതകളും മനസ്സിലാക്കുക.

നടപടിക്രമം: ഓരോരുത്തരും താൻ ഔദ്യോഗികമായി അംഗമായിരിക്കുന്ന ഒരു ഔപചാരിക സമൂഹത്തെ മനസ്സിൽ ദർശിക്കണം. അത് സ്വന്തം കുടുംബമോ, സ്കൂളോ, കോളേജോ, ഫാക്ടറിയോ, മറെറന്തുമാകാം. ആ സ്ഥാപനത്തിന്റെ ഔദ്യോഗിക ഘടന അധികാര അധീന ക്രമമനുസരിച്ച് ചിത്ര രൂപേണ ഓരോരുത്തരും രേഖപ്പെടുത്തണം. അതിൽ തന്റെ സ്ഥാനം പ്രത്യേകം അടയാളപ്പെടുത്താം. കോളേജിലെ അദ്ധ്യാപകാദ്ധ്യേതാക്കളുടെ ഘടനയിൽ ഒരു ലക്ചറുടെ സ്ഥാനം ഉദാഹരണത്തിനായി താഴെ ചേർക്കുന്നു.



(ഇതു കൂടാതെ അനദ്ധ്യാപകരുടെ ഘടനയുമുണ്ട്)

വിശദീകരണം: തീരുമാനങ്ങളെടുക്കുന്നതും ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും സന്ദേശങ്ങൾ കൈമാറുന്നതും ഈ ശൃംഖലയെ പരിഗണിച്ചായിരിക്കണം. അല്ലെങ്കിൽ പ്രശ്നങ്ങൾ ഉടലെടുക്കാം.

— ഔദ്യോഗിക സമൂഹങ്ങളിൽ വ്യക്തിബന്ധങ്ങൾക്കനുസരിച്ച് അനൗപചാരിക ഘടനയും ഉണ്ടാകും.

25 ഘടനയിൽ വരാവുന്ന മാറ്റങ്ങൾ

ലക്ഷ്യം: സാഹചര്യങ്ങൾക്കനുസരിച്ച് സമൂഹത്തിന്റെ ഘടനയിലും നേതൃത്വത്തിലും വ്യതിയാനം സംഭവിക്കാമെന്ന് വ്യക്തമാക്കുക.

നടപടിക്രമം: സമൂഹഘടന നിർണ്ണയിക്കുവാൻ ചെയ്തതുപോലെ അംഗങ്ങളെ പരിചയത്തിന്റെ അടിസ്ഥാനത്തിൽ ചെറിയ ഗ്രൂപ്പുകളാക്കി തിരിക്കണം. ഓരോ ഗ്രൂപ്പിലും ആറോ ഏഴോ പേർ മതിയാവും. വ്യക്തികളോട് തങ്ങളുടെ ഗ്രൂപ്പിന് വ്യത്യസ്ത ധർമ്മങ്ങൾ അനുഷ്ഠിക്കേണ്ടി വരുമെന്നും അവയ്ക്കോരോന്നിനും ഏറ്റവുമധികം സഹകരിച്ചു പ്രവർത്തിക്കാവുന്നതു് ഏതെല്ലാം വ്യക്തികളോടാണെന്നും രഹസ്യമായി

എഴുതിത്തരുവാൻ പറയണം. ഓരോ വ്യക്തിയേയും ഇംഗ്ലീഷ് അക്ഷരങ്ങൾ വഴി പ്രതിനിധാനം ചെയ്തുകൊണ്ട് വിവിധ സാഹചര്യങ്ങളിലെ ഘടനകൾ നിർണ്ണയിക്കണം.

ഉദാ: ഗാനാലാപം, പന്തുകളി എന്നീ ധർമ്മങ്ങളിൽ ഏഴുപേരടങ്ങുന്ന ഒരു ഗ്രൂപ്പിന്റെ ഘടനയിൽ വന്ന വ്യത്യാസം താഴെക്കാണും വിധമാണ്.

വ്യക്തി	ഗാനാലാപത്തിൽ സഹകരിക്കാൻ	പന്തുകളിയിൽ സഹകരിക്കാൻ
A	B	D
B	A	D
C	F	E
D	C	E
E	A	F
F	A	A
G	A	E


വ്യക്തി	ഗാനാലാപത്തിൽ പിഴുണ	പന്തുകളിയിൽ പിഴുണ
A	4	1
B	1	0
C	1	0
D	0	2
E	0	3
F	1	1
G	0	0

ചാർട്ടിൽ വ്യക്തികൾ ലഭിക്കുന്ന പിന്തുണ കണക്കാക്കിയിരിക്കുന്നത് ഗ്രൂപ്പിലെ മറ്റംഗങ്ങൾ അയാൾക്കു നല്കുന്ന മുൻഗണനയുടെ എണ്ണം അനുസരിച്ചാണ്.

25-ാം നമ്പർ ടെക്നിക്കിലേതുപോലെ ഈ ചാർട്ടിന്റെ സഹായത്തോടെ ഒരേ ഗ്രൂപ്പിന്റെ രണ്ടു സാഹചര്യങ്ങളിലെ ഘടന ചിത്രീകരിക്കണം.

(ഓരോരുത്തനും ആരെ പിന്താങ്ങുന്നുവെന്നു് 'ആരോമാക്സ്' സൂചിപ്പിക്കുന്നു)

വിശദീകരണം: ചാർട്ടിൽനിന്നു വ്യക്തമാകുന്നതുപോലെ A യ്ക്ക് ഗാനാലാപത്തിൽ ലഭിക്കുന്ന പിന്തുണ പന്തുകളിയിലാകുമ്പോൾ വളരെ കുറുങ്ങുന്നു. എന്നാൽ ഗാനാലാപത്തിൽ തീരെ അവഗണിക്കപ്പെട്ടിരുന്ന E പന്തുകളിയിൽ വളരെ സ്വാധീനമുള്ളവനായി കാണപ്പെടുന്നു. അതിനാൽ



സമൂഹഘടന
ഗാനാലാപത്തിൽ പന്തുകളിയിൽ

A ഉം E ഉം സാഹചര്യങ്ങൾക്കനുസരിച്ച് നേതൃത്വം കൈമാറേണ്ടി വരുന്നു. ഘടനയുടെ ചിത്രീകരണങ്ങളിൽ നിന്നും ഇതു കൂടുതൽ വ്യക്തമാണ്. D യ്ക്ക് ഗാനാലാപാവസരത്തിൽനിന്നു വ്യത്യസ്തമായി പന്തുകളിയിൽ കൂടുതൽ സ്വാധീനം ലഭിക്കുന്നുണ്ട്. മറ്റു പലരുടെയും സ്ഥാനത്തെ സാഹചര്യത്തിന്റെ വ്യതിയാനം സ്വാധീനിക്കുന്നതായി കാണാം.

— സമൂഹത്തിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് നേതൃത്വശൈലിയിൽ വ്യതിയാനം വരുത്തണം.

— സമൂഹത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലെല്ലാം ഒരുവനെത്തന്നെ നേതാവാക്കി വയ്ക്കുണ്മെന്നില്ല.

— സമൂഹത്തിന്റെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും കഴിയുന്നത്ര പ്രാവീണ്യം സമ്പാദിക്കുവാൻ നേതാവ് ശ്രദ്ധിക്കണം.

താഴെപറയുന്ന കാരണങ്ങളാൽ സമൂഹത്തിന്റെ ഘടനയിൽ മാറ്റം സംഭവിക്കാം.

1 മറ്റു സമൂഹങ്ങളുമായി മത്സരമോ സംഘട്ടനമോ ഉണ്ടാകുമ്പോൾ.

2 സമൂഹത്തിന്റെ പ്രവർത്തന മണ്ഡലത്തിലെ വ്യതിയാനം.

3 അപരിചിതർ ഇടപഴകി തുടങ്ങുമ്പോൾ

4 നേതാവിന്റെ തിരോധാനം

5 സ്വാധീനമുള്ള വ്യക്തികളുടെ രംഗപ്രവേശനം

— സാഹചര്യങ്ങൾക്കനുസരിച്ച് സമൂഹത്തിന്റെ ഘടനയിലുണ്ടാകുന്ന മാറ്റങ്ങളെ നേതാവ് സശ്രദ്ധം പഠിക്കണം.

- സമൂഹാംഗങ്ങളുടെ സ്ഥാനചലനംവഴി ചില അവസരങ്ങളിൽ മെച്ചമായ ഫലം പുറപ്പെടുവിക്കുവാൻ കഴിഞ്ഞേക്കും.

26 ആശയ വിനിമയത്തിലെ അപാകതകൾ

ലക്ഷ്യം: ആശയവിനിമയത്തിൽ സാധാരണ കടന്നുകൂടാവുന്ന അപാകതകളും മനസ്സിലാക്കുക.

- തെറ്റിദ്ധാരണകളെ ഒഴിവാക്കി വസ്തുനിഷ്ഠമായി കാര്യങ്ങളും വിലയിരുത്തുവാൻ സഹായിക്കുക.

- വ്യത്യസ്ത വീക്ഷണങ്ങളും ധാരണപിശകുകളും അഭിപ്രായഭിന്നതകളും എങ്ങനെ ഉടലെടുക്കുന്നുവെന്നു് മനസ്സിലാക്കുക.

i *മൂന്നംഗ സംഘങ്ങൾ*

ക്യാമ്പംഗങ്ങളെ മൂന്നുപേർ വീതമുള്ള ഗ്രൂപ്പുകളായി തിരിയണം. ഓരോ ഗ്രൂപ്പിലും ഒരാൾ സംസാരിക്കുന്നവനും മറ്റൊരാൾ ശ്രോതാവും മൂന്നാമൻ റെഫറിയുമാകണം. ആദ്യത്തെ ആൾ തന്റെ ജീവിതത്തിലെ ഒരു അവിസ്മരണീയ സംഭവം രണ്ടാമനോടു പറയുന്നു. രണ്ടാമൻ അതു മുഴുവൻ ശ്രദ്ധിച്ചിട്ടു് താൻ കേട്ടകാര്യം മുഴുവൻ സ്വന്തവാക്യത്തിൽ തിരികെ ഗ്രൂപ്പിൽ പറയുന്നു. ഒന്നാമൻ പറഞ്ഞ ആശയത്തിൽ നിന്നു രണ്ടാമൻ വ്യതിചലിച്ചാൽ റെഫറിയോ ഒന്നാമനോ ഇടപെട്ടതിരുത്താം.

അടുത്തതായി രണ്ടാമൻ സംസാരിക്കുന്നവനും മൂന്നാമൻ (മുൻ റെഫറി) ശ്രോതാവും ഒന്നാമൻ റെഫറിയുമാകുന്നു. അങ്ങനെ മൂന്നുപേരും റോളുകൾ മാറിമാറി എടുക്കണം.

മൂന്നംഗ ഗ്രൂപ്പുകളുടെ പങ്കുവയ്ക്കലിനുശേഷം രണ്ടോ മൂന്നോ ഗ്രൂപ്പുകൾ ചേർന്നു് വലിയ ഗ്രൂപ്പുകൾ ഉണ്ടാക്കണം. ഗ്രൂപ്പിൽ താഴെപറയുന്ന കാര്യങ്ങൾ ചർച്ചചെയ്യാം.

1 സ്വന്തം അനുഭവം മറ്റുള്ളവരോടു പറയുന്നതിലാണോ മറ്റുള്ളവരെ ശ്രവിക്കുന്നതിലാണോ കൂടുതൽ തൃപ്തി തോന്നിയതു്?

2 ഒരാൾ സംസാരിക്കുന്നതു് മറ്റൊരാൾ ശ്രവിച്ചു് വീണ്ടും പറഞ്ഞപ്പോൾ വ്യത്യാസം വന്നോ? വ്യത്യാസം വന്നതു് ഏതെല്ലാം കാര്യങ്ങളിലാണു്?

3 വ്യത്യാസം വന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

ii *വിവിധ വ്യാഖ്യാനങ്ങൾ*

ക്ലാസ്സിലുള്ള മൂന്നുനാലു പേർ ചേർന്നു് പലവിധത്തിൽ വ്യാഖ്യാനിക്കാൻ സാധ്യതയുള്ള ഒരു പ്രമേയം പ്രത്യേക വേഷവിധാനം കൂടാതെ ആംഗ്യഭാഷയിൽ അഭിനയിക്കണം.

ഉദാ: 1 രണ്ടുപേർ ചേർന്നു് വഴക്കുണ്ടാക്കുന്നു. ഒരാൾ അവസാനം വീണു കിടക്കുന്നു. മറേറ ആൾ ഓടി രക്ഷപെടുന്നു. മൂന്നാമതൊരാൾ അതിലെ കടന്നു വരുന്നു. അയാൾ അവശനായി കിടക്കുന്ന ആളിനോടു കാര്യങ്ങൾ ആംഗ്യഭാഷയിൽ ചോദിച്ചു മനസ്സിലാക്കുന്നു. ഉടനെ മൂന്നാമതായി വന്ന ആൾ വഴക്കുണ്ടാക്കിയിട്ടു് ഓടിയ ആളിനെ പിടിച്ചുകൊണ്ടു വന്നു് അടികൊടുക്കുകയും അവശനായ ആളിനോടു് ക്ഷമ ചോദിപ്പിക്കുകയും ചെയ്യുന്നു

2 ധനികനെന്നു തോന്നുന്ന ഒരാൾ പെട്ടിയുടെ താക്കോൽ കൈയിൽ പിടിച്ചുകൊണ്ടു നടക്കുന്നു. അയാളുടെ പിറകെചെന്നു് മറെറാരാൾ ആംഗ്യഭാഷയിൽ എന്തോ ചോദിക്കുന്നു. എന്നാൽ ആദ്യത്തെയാൾ സഹായം നിരസിക്കുന്നു. രണ്ടാമൻപോയി മറെറാരുവനെക്കൂടി കൂട്ടിക്കൊണ്ടുവന്നു് ആദ്യത്തെ ആളിനെ ആക്രമിച്ചു് അയാളുടെ പോക്കറെറിലുള്ള പണമെല്ലാം തട്ടിക്കൊണ്ടുപോകുന്നു.

തങ്ങൾ രംഗത്തു് അവതരിപ്പിച്ചുകണ്ടതു് എന്താണെന്നു് കഥാരൂപത്തിൽ വിവരിക്കുവാൻ നാലോ അഞ്ചോ പേരെ തെരഞ്ഞെടുക്കാം. അവർ മറെറാരു മുറിയിൽ നിന്നുകൊണ്ടു് ഓരോരുത്തരായി വന്നു് കഥ പറയുന്നു. തങ്ങളുടെ ഭാവനയനുസരിച്ചു് അഭിനയിച്ചുകണ്ടതുമായി ബന്ധപ്പെടുത്തി കഥപറയുവാൻ പ്രോത്സാഹിപ്പിക്കണം. വ്യത്യസ്ത രീതിയിലായിരിക്കും അവർ പറയുക. അതിനുശേഷം അഭിനയിച്ചവർ എന്തു പ്രമേയമാണു് തങ്ങൾ ഉദ്ദേശിച്ചിരുന്നതെന്നു് പറയണം.

തുടർന്നു് ക്ലാസ്സിലുള്ളവരെ പത്തിൽതാഴെ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകളായി തിരിച്ചു് താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യിക്കണം.

1 ഒരേ സംഭവത്തെ പലർ പലവിധത്തിൽ വ്യാഖ്യാനിക്കുന്നതെന്തുകൊണ്ടു്?

2 വ്യക്തമായി മനസ്സിലാകാത്ത കാര്യത്തെ വ്യാഖ്യാനിക്കുമ്പോൾ വ്യക്തികളെ സ്വാധീനിക്കാനിടയുള്ള ഘടകങ്ങൾ ഏവ?

3 ഈ ടെക്നിക്കിൽനിന്ന് സമൂഹജീവിതവുമായി ബന്ധപ്പെടുത്തി നാം മനസ്സിലാക്കേണ്ട കാര്യങ്ങൾ ഏവ?

iii *പത്ര റിപ്പോർട്ടുകൾ*

സജ്ജീകരണം: ഒരേ സംഭവത്തെക്കുറിച്ച് വിഭിന്ന വീക്ഷണമുള്ള പത്രങ്ങൾ പ്രസിദ്ധീകരിച്ച വൈവിധ്യമുള്ള റിപ്പോർട്ടുകൾ

നടപടിക്രമം: സജ്ജീകരണത്തിൽ പറഞ്ഞിട്ടുള്ളതുപോലുള്ള പത്രറിപ്പോർട്ടുകൾ പത്രങ്ങളുടെ പേരു വെളിപ്പെടുത്തിക്കൊണ്ട് പരിശീലകൻ വായിക്കുകയോ അവയുടെ കോപ്പികൾ അംഗങ്ങൾക്ക് വിതരണം ചെയ്യുകയോ വേണം. തുടർന്ന് അംഗങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാം.

1 ഒരേ സംഭവത്തെക്കുറിച്ച് നിങ്ങൾ ശ്രവിച്ച പത്രറിപ്പോർട്ടുകളിലെ വ്യത്യാസങ്ങൾ ഏവ?

2 ഇപ്രകാരം വ്യത്യാസമുണ്ടാകാനുള്ള കാരണങ്ങൾ ഏവ?

3 ഓരോ പത്രത്തിന്റെയും വീക്ഷണവും അതാതിന്റെ വായനക്കാരുടെ പ്രത്യേകതയും അനുസരിച്ച് വാർത്തകൾക്ക് കൊടുത്തിട്ടുള്ള പ്രാധാന്യം, അവതരണ രീതി, വ്യാഖ്യാനം, ധ്വനികൾ എന്നിവ വിശകലനം ചെയ്യുക.

4 ഈ ടെക്നിക്കിലൂടെ നേടാക്കാൻ മനസ്സിലാക്കേണ്ട കാര്യങ്ങൾ ഏവ?

iv *ചിത്രരചന*

ക്ലാസ്സിൽനിന്ന് ഈ ടെക്നിക്കിൽ പങ്കെടുക്കുവാൻ നാലുപേരെ തെരഞ്ഞെടുക്കണം. അതിൽ മൂന്നുപേരെ മറ്റൊരു മുറിയിലേയ്ക്ക് പറഞ്ഞു വിടണം നാലാമത്തെ ആളിനെമാത്രം ചിത്രരചനയ്ക്ക് ബുദ്ധിമുട്ടില്ലാത്ത ഒരു പെറിയ വസ്തു പരിശീലകൻ കാണിക്കണം. ഉദാ: കുപ്പി, സ്ക്രൂഡ്രൈവർ, താക്കോൽ. ആ വസ്തു ഒളിച്ചുവച്ചശേഷം അടുത്ത മുറിയിൽ പോയ ഒരാളെ വിളിച്ചുവരുത്തി മുറിയിലുണ്ടായിരുന്ന ആൾ നല്കുന്ന നിർദ്ദേശത്തിനനുസരിച്ച് ബോർഡിൽ എല്ലാവർക്കും കാണത്തക്കവിധം ചിത്രം വരയ്ക്കാൻ പറയണം. ചിത്രരചനയ്ക്ക് നിർദ്ദേശം നല്കുന്ന ആൾ ബോർഡിൽ നോക്കാതെവേണം നിർദ്ദേശം നല്കാൻ. താൻ കണ്ട വസ്തു ഏതാണെന്നു നേരിട്ടു വെളിപ്പെടുത്താതെ എതു സെൻറീമീറ്റർ നീളത്തിൽ ഏതു ദിശയിലേയ്ക്കു വരയ്ക്കണം. പിന്നീട് വര ഏതു ഭാഗത്തേയ്ക്കു തിരിയണം എന്നിങ്ങനെയേ പറയാൻ പാടുള്ളൂ.

അവരുടെ ചിത്രരചന കഴിയുമ്പോൾ അടുത്ത മുറിയിലുള്ള മറ്റൊരാളെ വിളിച്ച് അതേ വസ്തു കാണിക്കണം. അയാൾ നല്കുന്ന നിർദ്ദേശപ്രകാരം നാലാമനും വരയ്ക്കണം. അവസാനം വരയ്ക്കാൻ നിർദ്ദേശിക്കപ്പെട്ട വസ്തു എന്തായിരുന്നുവെന്നും എല്ലാ ചിത്രങ്ങളും കാണിക്കാം.

തുടർന്ന് ഗ്രൂപ്പു തിരിഞ്ഞ് താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യണം.

1 ഒരാളുടെ മനസ്സിലെ വ്യക്തമായ ആശയം മറ്റൊരാളെ വ്യക്തമായി പറഞ്ഞ് ഫലിപ്പിക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ട്?

2 സമൂഹജീവിതത്തിൽ ഈ ടെക്നിക്ക് നല്കുന്ന ഗുണപാഠം എന്ത്?

v *വീക്ഷണ വ്യത്യാസം*

വ്യത്യസ്ത പശ്ചാത്തലത്തിലോ വീക്ഷണത്തിലോ നിന്നുകൊണ്ടുള്ള രണ്ടുപേരുടെ സംഭാഷണം നാടകത്തിൽനിന്നോ കഥയിൽനിന്നോ മതഗ്രന്ഥത്തിൽനിന്നോ ചരിത്രത്തിൽനിന്നോ വായിക്കണം. ഉദാ: ബൈബിളിലെ യോഹന്നാന്റെ സുവിശേഷത്തിൽനിന്ന്: മൂന്നു ദിവസംകൊണ്ട് 'ദൈവാലയം' പുനരുദ്ധരിക്കും (2:19–21), വീണ്ടും 'ജനിക്കണം' (3:1–7). യേശുവും സമറിയാക്കാരിയും (4:1–19), യേശുവും ശിഷ്യന്മാരും (4:31–38), സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം (6:34–59).

തുടർന്ന് ഗ്രൂപ്പുകളായി തിരിഞ്ഞു താഴെ പറയുന്ന കാര്യങ്ങൾ ചർച്ചചെയ്യണം.

1 നാം വായിച്ചുകേട്ട സംഭവം / കഥയിലെ തെറ്റിദ്ധാരണ എന്ത്?

2 ആ തെറ്റിദ്ധാരണ ഉണ്ടാകാനുള്ള കാരണമെന്ത്?

3 ആ തെറ്റിദ്ധാരണ നിലനിന്നാലുള്ള പരിണിതഫലമെന്ത്?

4 ആ തെറ്റിദ്ധാരണ എങ്ങനെ ഒഴിവാക്കാം?

vi *അന്ധർ ആനയെ കണ്ട കഥ*

എല്ലാവരും കേൾക്കത്തക്കവിധം താഴെക്കാണുന്ന പ്രസിദ്ധമായ കഥ പരിശീലകൻ വിവരിക്കുകയോ വായിക്കുകയോ ചെയ്യണം.

''ഒരു കൊച്ചു ഗ്രാമത്തിലെ ജനങ്ങളെല്ലാവരും അന്ധരായിരുന്നു. ഒരിക്കൽ ഒരു ആന ആ ഗ്രാമത്തിലെത്തി. ഈ മൃഗത്തെക്കുറിച്ച് അവിടെയുള്ള അന്ധന്മാർ ധാരാളം കേട്ടിരുന്നു. പക്ഷേ ആനയെ കണ്ടിട്ടില്ലാത്ത അവർക്ക് അതെങ്ങനെ ഇരിക്കുന്നെന്നു് ഊഹിക്കാൻപോലും കഴിഞ്ഞിരുന്നില്ല. ആന വന്നപ്പോൾ അവർ ചുറ്റുംകൂടി അതിനെ തപ്പിനോക്കി. ഒരാൾക്ക് ആനയുടെ തുമ്പിക്കൈയിലാണ് പിടികിട്ടിയതു്. അവൻ പറഞ്ഞു: ''വളരെ രസമായിരിക്കുന്നു, ആന വാഴപ്പിണ്ടിപോലിരിക്കുന്നു.'' ആനയുടെ ചെവിയിൽ സ്പർശിച്ചുകൊണ്ടിരുന്നവൻ പറഞ്ഞു: ''താനെന്താ ഈ പറയുന്നതു്, ആന നെല്ല് പേറുന്ന മുറം പോലെയുണ്ടു്.'' മൂന്നാമതൊരുവൻ അവരെ പരിഹസിച്ചുകൊണ്ടു പറഞ്ഞു: ''ഹേയ് വിഡ്ഢികളെ, നിങ്ങളെന്താ ഈ പറയുന്നതു്. തീർച്ചയായും ആന പാമ്പിനെപ്പോലിരിക്കുന്നു.'' കാരണം അവൻ പിടികിട്ടിയതു് ആനയുടെ വാലിലായിരുന്നു. നാലാമതൊരുവൻ ആനയുടെ കാലിൽ തപ്പിക്കൊണ്ടു് വിളിച്ചുപറഞ്ഞു. ''നിങ്ങളാരും പറഞ്ഞതല്ല ശരി ആന ഒരു തൂണുപോലെയുണ്ടു്.''

കഥ വിവരിച്ചശേഷം താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാം.

1 അന്ധന്മാർ തമ്മിൽ ആനയെ സംബന്ധിച്ച് അഭിപ്രായഭിന്നത ഉണ്ടായതെന്തുകൊണ്ടു്?

2 അവരുടെ തർക്കം പരിഹരിക്കാനുള്ള മാർഗ്ഗമെന്തു്?

3 ഈ കഥയും നമ്മുടെ സമൂഹത്തിലെ അഭിപ്രായഭിന്നതകളും തമ്മിലുള്ള സാമ്യം വിലയിരുത്തുക.

വിശദീകരണം: മേൽ വിവരിച്ച ആറു ടെക്നിക്കുകൾക്കും പൊതുവായി നല്കാവുന്ന വിശദീകരണമാണു് ചുവടെ ചേർക്കുന്നതു്.

— സമൂഹത്തിലുണ്ടാകുന്ന നിരവധി പ്രശ്നങ്ങൾ ആശയവിനിമയത്തിലെ അപാകതകൾമൂലം ഉടലെടുക്കുന്നവയാണു്.

— മറ്റുള്ളവരെ ക്ഷമാപൂർവ്വം ശ്രവിക്കുന്നതിനേക്കാൾ അവരുടെമേൽ തന്റെ ആശയം അടിച്ചേല്പിക്കുവാനുള്ള പ്രവണതയാണു് പലപ്പോഴും ഉണ്ടാകുക.

— അഭിപ്രായ ഭിന്നതകളും തർക്കങ്ങളുമുണ്ടാകുമ്പോഴും എതിരാളി ന്യായീകരണമോ വിശദീകരണമോ നല്കുമ്പോഴും അയാൾക്കെതിരെ പറയാനുള്ളവയെ മനസ്സിൽ കരുതു

വാൻ ശ്രമിക്കുന്നതിനാൽ നല്ല ശ്രോതാക്കളാകുവാൻ പലർക്കും പ്രയാസമാണു്.

— നമ്മുടെ അറിവും ഭാവനയും പൂർവ്വാനുഭവങ്ങളും സാമൂഹ്യ സാംസ്ക്കാരിക പശ്ചാത്തലവും മറ്റും മറ്റുള്ളവരെ മുൻവിധിയോടെ കാണുവാൻ ഇടയാക്കുന്നു.

— സത്യത്തെ പൂർണ്ണമായും വസ്തുനിഷ്ഠമായും പഠിക്കുവാൻ പലരും കൂട്ടാക്കാറില്ല.

— സ്വയം ന്യായീകരിക്കാനും മറ്റുള്ളവരെ കുറ്റപ്പെടുത്തുവാനുമുള്ള പ്രവണത എല്ലാവരിലും തന്നെ ഉണ്ടാകുന്നു. ആരും തന്നെ അന്യന്റെ വീക്ഷണഗതിയിലേയ്ക്കു് കടന്നുചിന്തിക്കാൻ തയ്യാറാകാറില്ല.

— നിർദ്ദേശങ്ങളും നല്ലുപദേശവും സംസാരിച്ചയാൾ ഉദ്ദേശിച്ചതുതന്നെയാണോ ശ്രോതാക്കൾ ഗ്രഹിച്ചതെന്നറിയുവാൻ അവർ ഗ്രഹിച്ചതു് അവരെക്കൊണ്ടു പറയിക്കുകയും ആവശ്യമായ തിരുത്തലും വിശദീകരണവും നല്കുകയും വേണം.

— മറ്റുള്ളവരുടെ വ്യാഖ്യാനത്തേക്കാൾ വസ്തുതകൾ നേരിട്ടു പഠിക്കുകയാണുത്തമം.

— ധാരണപ്പിശകുകൾ ആരംഭത്തിലെ തിരുത്തുന്നില്ലെങ്കിൽ അവ വലിയ പ്രശ്നങ്ങൾക്കു വഴിതെളിക്കും.

27 കിംവദന്തികൾ

ലക്ഷ്യം: വാർത്തകൾ യാഥാർത്ഥ്യത്തിൽനിന്നു് വ്യതിചലിച്ചു് അപശ്രുതികളായി പരക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കുക.

— കിംവദന്തികളെ ഒഴിവാക്കുവാനും നിയന്ത്രിക്കുവാനും പഠിക്കുക.

i *സംഭവ വിവരണം*

ക്യാമ്പംഗങ്ങളിൽനിന്നു് അഞ്ചോ ആറോ പേരെ ഈ ടെക്നിക് അവതരിപ്പിക്കുവാൻ തെരഞ്ഞെടുക്കണം. അവരിൽ രണ്ടുപേരൊഴിച്ചു് ബാക്കിയുള്ളവർ ക്ലാസ്സിൽ പറയുന്നതു കേൾക്കാത്തവിധം മറ്റൊരു മുറിയിൽ പോകണം. ഒന്നാമൻ ക്ലാസ്സിലുള്ള എല്ലാവരും കേൾക്കെ ഒരു സംഭവമോ അനുഭവകഥയോ പറയണം. നേരത്തെ തെരഞ്ഞെടുത്ത മൂന്നാമനെ ക്ലാസ്സിൽ വരുത്തിയശേഷം രണ്ടാമൻ താൻ ഒന്നാമനിൽനിന്നു കേട്ട കാര്യങ്ങൾ സ്വന്തം ഭാഷയിലും ശൈലിയിലും അവത

രിപ്പിക്കണം. അടുത്തതായി നാലാമനെ വരുത്തിയശേഷം മൂന്നാമൻ താൻ കേട്ട കാര്യങ്ങൾ അയാളോട് പറയണം. ഈ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടതിലെ അവസാനത്തെ ആൾ വരെ തുടരുന്നു. അവസാനത്തെ ആൾ താൻ കേട്ട കാര്യങ്ങൾ ക്ലാസ്സിൽ പറയണം. അതിനുശേഷം ആദ്യം പറഞ്ഞ ആളിനോട് വേണമെങ്കിൽ താൻ ആദ്യം പറഞ്ഞ കാര്യം ആവർത്തിച്ചു പറയാൻ ആവശ്യപ്പെടാം.

ഈ ടെക്നിക്ക് നടന്നുകൊണ്ടിരിക്കുമ്പോൾ ക്ലാസ്സിലുള്ള മറ്റാരും സംസാരിക്കുവാൻ പാടില്ല. പരിശീലകനും ക്ലാസ്സിലുള്ളവരും, ഓരോരുത്തനും മറ്റൊരാൾക്കു പറഞ്ഞുകൊടുത്ത പ്രോഗ്രാം കൂട്ടിച്ചേർത്തത്, കുറവു ചെയ്തത്, വ്യത്യാസം വരുത്തിയത് എന്നിവ കുറിച്ചുവയ്ക്കണം. സൗകര്യപ്രദമെങ്കിൽ എല്ലാവരുടെയും വിവരണം ടേപ്പിൽ റിക്കോഡ് ചെയ്താൽ എളുപ്പമായിരിക്കും.

അനന്തരം ഗ്രൂപ്പുകളായി തിരിഞ്ഞ് താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാം:

1 വാർത്ത ആരംഭത്തിൽനിന്ന് അവസാനംവരെ കൈമാറിയപ്പോൾ വന്ന വ്യത്യാസങ്ങൾ ഏവ?

2 ഈ വ്യത്യാസങ്ങൾ വരുന്നതിനു പ്രേരകമായ ഘടകങ്ങൾ ഏവ?

3 കിംവദന്തികളെ നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുക.

ii *നിശബ്ദ അഭിനയം*

കഴിഞ്ഞ ടെക്നിക്കുപോലെ തന്നെയാണ് ഇതും അവതരിപ്പിക്കുന്നത്. പ്രധാനമായുള്ള വ്യത്യാസം സംഭവ വിവരണത്തിനു പകരം ഇവിടെ ഒന്നാമൻ അർത്ഥപൂർണ്ണമായ എന്തെങ്കിലും നിശ്ശബ്ദമായി തന്നത്താൻ അഭിനയിക്കുകയാണ്. മുൻ ടെക്നിക്കിലേതുപോലെതന്നെ വ്യത്യാസങ്ങൾ രേഖപ്പെടുത്തുകയും ഗ്രൂപ്പ് ചർച്ചകൾ നടത്തുകയും വേണം.

iii *സന്ദേശം കൈമാറൽ*

നടപടിക്രമം: ഈ പരിപാടിയെപ്പറ്റി ലഘുവായൊരു വിവരണം ആദ്യം നല്കണം. കഴിഞ്ഞ ടെക്നിക്കുകളിൽനിന്നു വ്യത്യസ്തമായി ഇതു് എല്ലാ അംഗങ്ങളെയും സജീവമായി പങ്കെടുപ്പിച്ചുകൊണ്ടുള്ളതാണ്. എല്ലാവരെയും നിരനിരയായോ വൃത്തത്തിലോ ഇരുത്തുക. ആദ്യത്തെ ആൾക്ക് പരിശീ

ലകൻ ചെറിയൊരു നിർദ്ദേശമോ സന്ദേശമോ രഹസ്യമായി നല്കണം. അയാൾ താൻ കേട്ടത് രണ്ടാമത്തെയാളുടെ ചെവിയിൽ രഹസ്യമായി ഒരിക്കൽമാത്രം മന്ത്രിക്കണം. രണ്ടാമൻ മൂന്നാമനും, അയാൾ നാലാമനും, അങ്ങനെ ഏറ്റവും അവസാനത്തെ വ്യക്തിവരെ അതു കൈമാറണം.

അവസാനത്തെയാൾ തനിക്കു ലഭിച്ച സന്ദേശം പരസ്യമായി അവതരിപ്പിക്കുന്നതുടർന്ന് പരിശീലകൻ ആദ്യം പറഞ്ഞത് എന്തായിരുന്നുവെന്ന് വെളിപ്പെടുത്തണം. അവ രണ്ടും തമ്മിൽ വലിയ അന്തരം കാണാൻ സാദ്ധ്യതയുണ്ട്. ഇടയ്ക്കു വന്ന വ്യതിയാനങ്ങളറിയാൻ നിരയിൽ ഇടയ്ക്കുള്ള ചിലരോടു തങ്ങൾ കേട്ടവ വിവരിക്കുവാൻ ആവശ്യപ്പെടണം.

ഈ ടെക്നിക്കിനു ശേഷവും കഴിഞ്ഞ രണ്ടു ടെക്നിക്കുകളിലെ ചോദ്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പ് ചർച്ച നടത്തണം.

വിശദീകരണം: യാഥാർത്ഥ്യത്തിനു് അധികാരികതയില്ലാതെ വിപുലമായി പ്രചരിക്കുന്ന വാർത്തകളാണ് കിംവദന്തി എന്നു പറയാം.

— സംശയകരമോ ഒരുഹമോ, പ്രതിസന്ധിനിറഞ്ഞതോ ആയ കാലഘട്ടങ്ങളിലാണ് കിംവദന്തികൾ സാധാരണ ഉടലെടുക്കുക. അതിനാൽ സമൂഹത്തിലെ അത്തരം സന്ദർഭങ്ങളിൽ നേതാവ് എല്ലാവരെയും കാര്യങ്ങൾ വസ്തുനിഷ്ഠമായും ആധികാരികമായും അറിയിച്ചുകൊണ്ടിരിക്കണം. സമൂഹത്തിലെ അസംതൃപ്തരായ വ്യക്തികൾ ചിലപ്പോൾ നേതാവിനോടോ മറ്റാരോടെങ്കിലുമോ പക വീട്ടാൻ ഇത്തരം മാർഗ്ഗം സ്വീകരിച്ചെന്നു വരാം. അവരെ വേണ്ട വിധത്തിൽ ശ്രദ്ധിക്കുകയും നിയന്ത്രിക്കുകയും അവരുടെ കഴിവുകളെ നന്മയിലേക്കു തിരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യണം.

— കിംവദന്തികൾ അനൗപചാരിക സമൂഹഘടനയ്ക്കുസരിച്ച് സൗഹൃദ വലയങ്ങളിലൂടെയാവും പ്രചരിക്കുക അതിനാൽ സമൂഹത്തിന്റെ ആശയവിനിമയ പാത മനസ്സിലാക്കി അപശ്രുതികളുടെ ഉറവിടം കണ്ടെത്തുവാനും തെറ്റിദ്ധാരണയുള്ളവരെ കണ്ടുപിടിച്ച് തിരുത്തുവാനും കഴിയും.

— കേട്ടുകേൾവികളെ അപ്പടി വിശ്വസിച്ച് വ്യക്തികളെക്കുറിച്ച് വിധിയെഴുതുവാൻ പാടില്ല. യാഥാർത്ഥ്യം മനസ്സിലാക്കുവാനും വെളിപ്പെടുത്തുവാനും കഴിയണം.

— വാത്കം കൈമാറുമ്പോൾ ഓരോരുത്തനും തന്റെ ഭാവനയും അന്തർ വിചാരങ്ങളും സ്വതന്ത്രമായി ഭാഷയും ശൈലിക്കനുസരിച്ച് അതിൽ വ്യത്യാസം വരുത്തുന്നു.

— വാത്കം കൈമാറുന്ന വ്യക്തികളും തമ്മിലുള്ള ബന്ധത്തിനും അവരുടെ ജീവിതവീക്ഷണങ്ങളും തമ്മിലുള്ള അന്തരത്തിനുമനുസരിച്ച് വാത്തയെ വളച്ചൊടിക്കുകയോ ചെത്തി മിനുസപ്പെടുത്തുകയോ ചെയ്യുന്നവരും.

28 വഴക്കുകളോടുള്ള സമീപനം

ലക്ഷ്യം: ഗ്രൂപ്പുവഴക്കുകളും എങ്ങനെ ഉത്ഭവിക്കുകയും പ്രചരിക്കുകയും ചെയ്യുന്നുവെന്നു മനസ്സിലാക്കുക.


— വഴക്കുകളോട് സ്വീകരിക്കേണ്ട ആരോഗ്യകരമായ സമീപനരീതി പഠിക്കുക.

i *തെറ്റിദ്ധാരണ നീക്കൽ*

ഇരു വിഭാഗങ്ങളുള്ള ഒരു സമൂഹത്തിൽ ആശയവിനിമയത്തിന്റെ അപാകതകൊണ്ട് പ്രശ്നങ്ങളും സംഘർഷങ്ങളും ആരംഭിക്കുകയും വിപുലമാകുകയും ചെയ്യാറുണ്ട്. ഈ ആശയം വ്യക്തമാക്കുവാനാണ് ഈ ടെക്നിക്കിൽ ശ്രമിക്കുക.

ക്ലാസ്സിലുള്ളവരിൽനിന്നും ടെക്നിക്കു് അവതരിപ്പിക്കുവാൻ 15 പേരെ തെരഞ്ഞെടുക്കണം. ബാക്കിയുള്ളവർ നിരീക്ഷകരായിരുന്നാൽ മതി. തെരഞ്ഞെടുക്കപ്പെട്ട 15 പേരിൽ ഒരാൾ സന്ദേശവാഹകനാകണം. ബാക്കിയുള്ളവരെ 7 പേർ വീതമുള്ള രണ്ടു ഗ്രൂപ്പായി തിരിക്കണം. ഗ്രൂപ്പുകൾക്ക് സമൂഹത്തിൽ വരാവുന്ന രണ്ടു വിഭാഗങ്ങളുടെ പേരു നല്കണം. (ഉദാ: വിദ്യാർത്ഥികളും ബസ് ജീവനക്കാരും, ഹിന്ദുക്കളും മുസ്ലീങ്ങളും, കെ. എസ്. യു വും എസ്. എഫ്. ഐ യും, അയൽപക്കക്കാരായ രണ്ടു കുടുംബങ്ങൾ). ഇരു വിഭാഗങ്ങളെയും ചിത്രത്തിൽ കാണുന്നതുപോലെ രണ്ടു ലൈനായി മുഖാഭിമുഖം ഇരുത്തണം. ഓരോ വിഭാഗവും തങ്ങളിലെ നേതൃത്വകഴിവനുസരിച്ച് അംഗങ്ങളെ ലൈൻ നിർത്തണം. ഏറ്റവും കഴിവുള്ള ആൾക്കാർ മുമ്പിലായിരിക്കണം. ചിത്രത്തിലെ X_1 ഉം Y_1 ഉം നേതാക്കന്മാരും X_7 ഉം Y_7 ഉം ഏറ്റവും സ്വാധീനം കുറഞ്ഞവരുമാണ്. സന്ദേശവാഹകൻ ഇരുവിഭാഗത്തിലുംപെടുന്നില്ല.

അടുത്തതായി ഇരുവിഭാഗങ്ങളിലും സ്വാധീനം കുറഞ്ഞ വ്യക്തികളുടെ മദ്ധ്യത്തിലായി ഇരിക്കുന്നു. ഇരുവിഭാഗത്തിലും പെട്ട രണ്ടു പേർ തമ്മിൽ വഴക്കുണ്ടായ ഒരു സംഭവം X_7, Y_7



എന്നിവരോട് അവരവരുടെ വിഭാഗത്തിൽപ്പെടുന്നവരെപ്പോലെ രഹസ്യമായി സംസാരിക്കണം.

X_7 തനിക്കു ലഭിച്ച സന്ദേശം തന്റെ തന്നെ വാക്യത്തിൽ X_6നോടും അയാൾ X_5നോടും അങ്ങനെ X_1ൽ എത്തുന്നതുവരെ പറയണം. മറുവശത്തുള്ളവരും അതേ രീതിയിൽ ചെയ്യണം. ഇരുവശത്തെയും പ്രമുഖനേതാക്കന്മാർക്ക് സന്ദേശം ലഭിച്ചുകഴിയുമ്പോൾ അവർ രണ്ടുപേരും എഴുന്നേറ്റു നിന്ന് തങ്ങൾക്കു ലഭിച്ചിരിക്കുന്ന അറിവനുസരിച്ച് തങ്ങളുടെ ഗ്രൂപ്പിനുവേണ്ടി വാദപ്രതിവാദം നടത്തണം. ഇരുവരും അവരെ നിയന്ത്രിക്കേണ്ടതില്ല. സ്ഥാനം മാറാതെ ഇരു ഗ്രൂപ്പിലുമുള്ളവർക്കു തങ്ങളുടെ ഗ്രൂപ്പിനുവേണ്ടി വാദിക്കാം.

വാദപ്രതിവാദം മുഖ്യാവസ്ഥയിലെത്തുമ്പോൾ പരിശീലകൻ ഇടപെട്ട് വാദപ്രതിവാദം നിർത്തണം. പരിശീലകൻ പ്രശ്നമെന്താണെന്നും ഇരു വിഭാഗത്തെയും പ്രമുഖ നേതാവുമുതൽ എല്ലാവരോടും ക്രമമായി ചോദിക്കണം. ഓരോരുത്തനും താൻ പ്രശ്നത്തെപ്പറ്റി എന്താണു കേട്ടതെന്നും എന്താണ് സമീപത്തുള്ള ആളിനോടു പറഞ്ഞതെന്നും വെളിപ്പെടുത്തണം. അവസാനം സന്ദേശവാഹകനോട് വാസ്തവത്തിൽ സംഭവിച്ചതെന്താണെന്നും താൻ ഇരു കൂട്ടരോടും പറഞ്ഞതെങ്ങിനെയാണെന്നും വ്യക്തമാക്കണം.

വിശദീകരണം: ആശയ വിനിമയത്തിലെ അപാകത മൂലം പല പ്രശ്നങ്ങളും രൂപപ്പെടുകയോ വിപുലമാക്കപ്പെടുകയോ ചെയ്യാറുണ്ട്.

— ശ്രോതാവിന്റെ താല്പര്യമനുസരിച്ചായിരിക്കും വാർത്തകൾ കൈമാറുന്നത്. ഉദാ: സഹപാഠിയുമായി വഴക്കുണ്ടാക്കിയ കുട്ടി അക്കാര്യം തന്റെ കൂട്ടുകാരനോടും അധികാരിയോടും പറയുന്നത് വ്യത്യസ്ത രീതിയിലായിരിക്കും.

— കേട്ടുകേൾവികളെ അപ്പാടെ വിശ്വസിക്കാതെ പ്രശ്നത്തിന്റെ നാനാ വശങ്ങളെ പഠിക്കാനും കഴിവതും നേരിട്ട് സത്യം കണ്ടെത്താനുമാണ് ശ്രമിക്കേണ്ടത്.

— നേതാവിനെയോ സമൂഹത്തിന്റെ പ്രവർത്തനപരിപാടികളെയോപറ്റി അപശ്രുതി പരക്കുന്നതായി അറിഞ്ഞാൽ യഥാർത്ഥ്യമെന്തെന്ന് വ്യക്തമാക്കണം.

ii 'തീ അണച്ചിട്ടേ മുന്നോട്ട് കൊടുത്തുകൂ'

സജ്ജീകരണം: താഴെ പറയുന്ന കഥയുടെ കോപ്പികളെടുത്ത് അംഗങ്ങൾക്ക് വിതരണം ചെയ്യുകയോ ഓരോ ഗ്രൂപ്പിനും ഓരോ കോപ്പി വീതം നല്കുകയോ ചെയ്യാം.

നടപടിക്രമം: അംഗങ്ങളെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് താഴെ പറയുന്ന കഥ ധ്യാനാത്മകമായ അന്തരീക്ഷത്തിൽ വായിക്കുവാൻ പറയണം.

.....കോപ്പി എടുക്കേണ്ടത്.....

'തീ അണച്ചിട്ടേ മുന്നോട്ട് കൊടുത്തുകൂ'

മലമ്പ്രദേശത്തുള്ള മനോഹരമായ ഒരു ചെറിയ ഗ്രാമത്തിൽ ഒരു രാത്രിയിൽ അപ്രതീക്ഷിതമായി അഗ്നി ബാധയുണ്ടായി. ആ വീട്ടിലെ താമസക്കാരായ യുവദമ്പതികൾ തീ കണ്ടപ്പോഴേ അതിൽ നിന്നും രക്ഷപെടുവാൻ വെളിയിലേയ്ക്കോടി. തീ പെട്ടെന്നു കെടുത്തുവാനുള്ളതേ ഉണ്ടായിരുന്നുള്ളുവെങ്കിലും നിർഭാഗ്യവശാൽ അവർ തമ്മിൽ വാദപ്രതിവാദമായി.

ഭർത്താവ്: ഞാനൊരു നൂറുവട്ടം നിന്നോട് പറയാറുണ്ട് അടുപ്പിലെ തീ ശരിക്കു കെടുത്തിയശേഷമേ ഉറങ്ങാൻ പോകാവൂ എന്ന്. പക്ഷേ നീ അതൊന്നും ശ്രദ്ധിക്കാറില്ല. ഓ ഇപ്പോൾ എങ്ങിനിയിരിക്കുന്നു! നിനക്കു തൃപ്തിയായില്ലേ?

ഭാര്യ: ഇതെന്റെ കുഴപ്പമല്ല, നിങ്ങളുടേതാണ്. കിടക്കയിൽ വച്ചു പുകവലിക്കരുതെന്ന് ആയിരംവട്ടമല്ല നിങ്ങളോട് ഞാൻ പറയുന്നത്. ഹൊ നിങ്ങളുണ്ടോ ഞാൻ

പറഞ്ഞാൽ വകവയ്ക്കുന്നു! നല്ല കണക്കായിപ്പോയി. ദാ നോക്കിക്കേ തീ എവിടാ പിടിച്ചിരിക്കുന്നതെന്നു് കിടപ്പുമുറിയിലാ നമ്മടെ തീ കണ്ടതു് എന്നിട്ടിപ്പോഴെ നിയ്ക്കാ കുറ്റം! അപകടം വരുത്തിവച്ചതു ഞാനല്ല; നിങ്ങളാണു് നിങ്ങടെ മാത്രം.

ഭർത്താവു്: മിണ്ടിപ്പോകരുതു്. എന്തുവന്നാലും നിനക്കെന്നെ കുറ്റപ്പെടുത്താനല്ലേ നേരമുള്ള തീ അടുക്കളയിലും ബാധിച്ചിട്ടുണ്ടു്. ഇതു നിന്റെ കുഴപ്പം കൊണ്ടാണു്... നിന്റെ മാത്രം അനാസ്ഥകൊണ്ടു്.

അവരുടെ വാദപ്രതിവാദത്തിന്നിടയിൽ തീ കൂടുതൽ ആളിപ്പടരുവാനും ഭീകരമാകുവാനും തുടങ്ങി ആ ഭവനത്തിന്റെ മേൽക്കൂര കത്തി നിലം പതിച്ചു. ആരുടെ കുറ്റം കൊണ്ടാണു് വീടിനു തീ പിടിച്ചതെന്ന അവരുടെ വാദകോലാഹലം തീരും മുമ്പേ അവരുടെ വീടും അതിലെ വിലപ്പെട്ട എല്ലാ സാധന സാമഗ്രികളും വെറും ചാരക്കൂമ്പാരമായി മാറി.

⋮ ⋮

....കോപ്പി ചേർക്കേണ്ടതു്..... .....

കഥ വായിച്ചശേഷം ഓരോരുത്തനും ഇതേക്കുറിച്ചു് ചിന്തിച്ചു് താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഉത്തരം സ്വയം രേഖപ്പെടുത്തണം.

1 വീടിനു തീ പിടിച്ചതിനു് ആരാണുത്തരവാദി?

2 തീ കെടുത്തി തങ്ങളുടെ സമ്പത്തു സംരക്ഷിക്കുവാൻ മുമ്പതികൾക്കു കഴിയാതെ പോയതെന്തുകൊണ്ടു്?

3 നിസ്സാര പ്രശ്നങ്ങൾ ആരംഭത്തിലെ പറഞ്ഞു തീർക്കാതെ വിപുലീകരിക്കുകയും വലിയ നഷ്ടം സംഭവിക്കുകയും ചെയ്ത ഒരനുഭവമെങ്കിലും പങ്കുവയ്ക്കുക.

4 സമൂഹജീവിതത്തിൽ ഈ കഥ നമുക്കെന്തു ഗുണപാഠമാണു നല്കുന്നതു്.

ഓരോരുത്തന്റെയും ഉത്തരം ഗ്രൂപ്പിൽ വായിച്ചശേഷം ഗ്രൂപ്പു് ചർച്ചയിലൂടെ പൊതുവായ ഉത്തരം കണ്ടെത്തുന്നു. തുടർന്നു് ഗ്രൂപ്പുകൾ പൊതുവായി സമ്മേളിച്ചു് ഗ്രൂപ്പുകളുടെ ഉത്തരങ്ങൾ വായിക്കുകയും പരിശീലകൻ പ്രസക്തമായ വിശദീകരണം നല്കുകയും ചെയ്യുന്നു.

29 വഴക്കുകൾ പരിഹരിക്കൽ

ലക്ഷ്യം: സമൂഹത്തിലെ പേരിതിരിഞ്ഞുള്ള വഴക്കുകൾ പരിഹരിക്കുന്നതിനുള്ള രീതി മനസ്സിലാക്കുക.

സജ്ജീകരണം: കാര്യക്രമത്തിൽ കൊടുത്തിരിക്കുന്നതുപോലെ ചർച്ചാവിഷയമാകുന്ന പ്രശ്നത്തിന്റെ വിവിധ വീക്ഷണങ്ങളുടെ പകർപ്പുകൾ.

നടപടിക്രമം: അംഗങ്ങളെ രണ്ടു തുല്യഗ്രൂപ്പുകളായി തിരിക്കുക. ഗ്രൂപ്പുകളിലെ അംഗസംഖ്യ വിപുലമാണെങ്കിൽ ഓരോ ഗ്രൂപ്പിനുംവേണ്ടി വാദിക്കുവാൻ മൂന്നോ നാലോ പ്രതിനിധികളെ വീതം തെരഞ്ഞെടുക്കണം. ഇരു ഗ്രൂപ്പുകാരും രണ്ടു പേരികളായി തിരിഞ്ഞു് വാദപ്രതിവാദം നടത്തത്തക്കവിധം ഒരേ പ്രശ്നത്തിന്റെ രണ്ടു വീക്ഷണങ്ങൾ ഓരോ ഗ്രൂപ്പിനെയും വിശദമായി എഴുതി ഏല്പിക്കണം.

ഉദാഹരണത്തിനു്, പ്രശ്നം വിദ്യാർത്ഥികളും ബസ്ജീവനക്കാരും തമ്മിൽ നടന്ന സംഘട്ടനമാണെന്നിരിക്കട്ടെ. അതിന്റെ ചർച്ചയ്ക്കായി ഓരോ ഗ്രൂപ്പിനെയും എഴുതി ഏല്പിക്കേണ്ടതിന്റെ മാതൃകയാണു് ചുവടെ ചേർക്കുന്നതു്.

....കോപ്പി എടുക്കേണ്ടതു്.....

⋮ ⋮

ഗ്രൂപ്പ് വഴക്കുകൾ
ഒന്നാം ഗ്രൂപ്പ്: വിദ്യാർത്ഥി പ്രതിനിധികൾ

വിഷയം: വിദ്യാർത്ഥികളും ബസ് ജീവനക്കാരും തമ്മിൽ നടന്ന സംഘട്ടനം.

വിശദവിവരങ്ങൾ: നിങ്ങൾ വിദ്യാർത്ഥി പ്രതിനിധികളാണു്. മൂന്നുദിവസംമുമ്പു് ബസ്ജീവനക്കാരും വിദ്യാർത്ഥികളും തമ്മിൽ നടന്ന അതിക്രൂരവും ഭീകരവുമായ സംഘട്ടനത്തെത്തുടർന്നു് നിങ്ങളുടെ കോളേജു് അടച്ചിട്ടിരിക്കയാണു്. സംഘർഷാവസ്ഥ ഇപ്പോഴും നിലനിൽക്കുന്നതിനാലും വിദ്യാർത്ഥികൾ കോളേജു് പരിസരങ്ങളിൽ രഹസ്യമായി സംഘടിക്കുന്നതിനാലും ബസ് ജീവനക്കാർ ബസ്സു് തുടർന്നു് ഓടിക്കുവാൻ മടിക്കുന്നു. അതിനാൽ മൂന്നുദിവസമായി ബസ്സുകൾ ഓടാതായിട്ടു്. ഇതുമൂലം ഫാക്ട

റി തൊഴിലാളികളും ജോലിക്കാരുമടക്കമുള്ള പൊതുജനം വളരെ ക്ലേശിക്കുന്നു. ജില്ലാ കലക്ടറുടെ മദ്ധ്യസ്ഥതയിൽ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ വിദ്യാർത്ഥി പ്രതിനിധികളായ നിങ്ങളേയും ബസ്ജീവനക്കാരുടെ പ്രതിനിധികളേയും വിളിച്ചുകൂട്ടിയിരിക്കയാണു്. ഈ പ്രശ്നത്തിനു് കഴിവതുംവേഗം പരിഹാരം കാണുക അത്യാവശ്യമാണു്. പക്ഷേ, നിങ്ങളുടെ സുരക്ഷിതത്വത്തിനും അവകാശങ്ങൾക്കുംവേണ്ടി ശക്തിയുക്തം വാദിക്കേണ്ടതും നിങ്ങളുടെ കടമയാണു്. വേണ്ടിവന്നാൽ പ്രശ്നപരിഹാരത്തിനു് ചില വിട്ടുവീഴ്ചകൾക്കു തയ്യാറാകാം.

പ്രശ്നം ഇപ്രകാരമാണു്. നിങ്ങളുടെ ചില വിദ്യാർത്ഥി സുഹൃത്തുക്കൾ കോളേജിൽ പോകാൻ അവരുടെ ഗ്രാമത്തിലെ കവലയിൽ മണിക്കൂറുകൾ കാത്തുനിന്നാലും ബസ്സുകളൊന്നും നിർത്താറില്ല. ബസ്സിൽനിന്നു് ആളുകൾ ഇറങ്ങാനുണ്ടെങ്കിൽ കവലയിൽനിന്നു വളരെ അകലെ അവരെ ഇറക്കിയശേഷം വിദ്യാർത്ഥികൾ ഓടി എത്തുന്നതിനു മുമ്പേ ബസ്സു് വിട്ടുപോകുന്നു. ചില ബസ്സുകളിൽ നിന്നു യാത്രചെയ്യാൻ സൗകര്യമുണ്ടായാലും ഇതുതന്നെ ആവർത്തിക്കുന്നു. ഇതിൽ പ്രതിഷേധിച്ചുകൊണ്ടു് മൂന്നുദിവസം മുമ്പു് ആ ഗ്രാമവാസികളുടെ സഹായത്തോടെ അവർ ബസ്സു തടഞ്ഞുവച്ചു് ഭരതിൽ കയറുവാൻ ശ്രമിച്ചു. ആൾക്കൂട്ടത്തെ ഭയന്നു് കണ്ടക്ടർ അതിനു വഴങ്ങി. പക്ഷേ, ബസ്സു് അല്പദൂരം ചെന്നുകഴിഞ്ഞപ്പോൾ കണ്ടക്ടറും ഒരു വിദ്യാർത്ഥിയും തമ്മിൽ വാദപ്രതിവാദമായി. തുടർന്നു സംഘട്ടനമായി. അതിൽ കണ്ടക്ടർക്കും രണ്ടു വിദ്യാർത്ഥികൾക്കും പരിക്കേറ്റു. അപ്പോഴേക്കും യാത്രക്കാർ ഇടപെട്ടു് ഇരുകൂട്ടരേയും പിടിച്ചുമാറ്റി. ബസ്സു് യാത്ര തുടർന്നു.

മർദ്ദനത്തിന്റെ വാർത്ത കേട്ടതോടെ കോളേജു് യൂണിയന്റെ നേതൃത്വത്തിൽ വമ്പിച്ച സമരം നടന്നു. കുറെ വിദ്യാർത്ഥികൾ മർദ്ദനമേറ്റ വിദ്യാർത്ഥികൾ കയറിയിരുന്ന ബസ്സുകാത്തു് പതുങ്ങിയിരുന്നു. അല്പസമയത്തിനുള്ളിൽ ആ ബസ്സു് തിരിച്ചുവന്നു. വിദ്യാർത്ഥികൾ അതു തടഞ്ഞുനിർത്തി. അപ്രതീക്ഷിതമായി അതിൽ യാത്രക്കാർക്കു പുറം ബസ്സു് ജീവനക്കാരായിരുന്ന കൂട്ടരുമായി ഉണ്ടായിരുന്നതു്. അവർ ആയുധങ്ങളുമേന്തി സംഘട്ടനത്തിനു തയ്യാറായാണു വന്നതു്. തുടർന്നു് പൊരിഞ്ഞയുദ്ധംതന്നെ നടന്നു. ഇരുകൂട്ടരിലുംപെട്ട അനവധിപേർക്കു് പരിക്കുകളേറ്റു. ചിലരുടെ നില ഗുരുതരമാണു്. ബസ്സു് സംഘ

സ്ഥലത്തുനിന്നും തന്ത്രപൂർവ്വം കടത്തിക്കൊണ്ടുപോകുവാൻ ഡ്രൈവർ ശ്രമിച്ചു. പക്ഷേ, ഏതാനും പേർ അതു തടഞ്ഞു നിർത്തി, തീവച്ചു നശിപ്പിച്ചു. ഡ്രൈവറെ മർദ്ദിച്ചു് അവശനാക്കി.

ഈ സമയംകൊണ്ടു് പോലീസ് രംഗത്തെത്തി പ്രശ്നത്തിൽ ഇടപെട്ടു. അരമണിക്കൂർകൊണ്ടു് രംഗം ശാന്തമായി. നിരവധിപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഏതാനും പേരുടെ നില ഗുരുതരമാണു്. ഈ പ്രശ്നമൂലം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു് അനിശ്ചിത കാലത്തേക്കു് അവധി പ്രഖ്യാപിച്ചിരിക്കയാണു്. എങ്കിലും സംഘർഷാവസ്ഥ നിലനില്ക്കുന്നതിനാൽ ബസ് ജീവനക്കാരും ട്രാൻസ്പോർട്ട് കോർപ്പറേഷനും ബസ്സ് സർവ്വീസ് തുടരുവാൻ ഭയപ്പെടുന്നു. ഈ പ്രശ്നത്തിനു് ഉടൻതന്നെ പരിഹാരം കാണേണ്ടിയിരിക്കുന്നു.

.....കോപ്പി എടുക്കേണ്ടതു്.....

ഗ്രൂപ്പ് വഴക്കുകൾ
രണ്ടാം ഗ്രൂപ്പ്: ബസ് ജീവനക്കാരുടെ പ്രതിനിധികൾ

വിഷയം: വിദ്യാർത്ഥികളും ബസ് ജീവനക്കാരും തമ്മിൽ നടന്ന സംഘട്ടനം.

വിശദവിവരങ്ങൾ: നിങ്ങൾ കെ.എസ്.ആർ.ടി.സി. യിലെ വിവിധ തൊഴിലാളി യൂണിയനുകളുടെ നേതാക്കളാണു് മൂന്നുദിവസംമുമ്പു് ബസ് ജീവനക്കാരും വിദ്യാർത്ഥികളും തമ്മിൽ നടന്ന സംഘട്ടനത്തെത്തുടർന്നു് ബസ്സോടിക്കാൻ നിങ്ങൾ ഭയപ്പെടുന്നു. കാരണം സംഘർഷാവസ്ഥ ഇപ്പോഴും നിലനില്ക്കുകയാണു്. കോളേജു വിദ്യാർത്ഥികൾ ബസ്സുകൾ തടഞ്ഞുവയ്ക്കാനും അവയ്ക്കു തീവയ്ക്കുവാനുമായി സംഘടിച്ചു പതിയിരിക്കുന്നതായി റിപ്പോർട്ടുണ്ടു്. അതിനാൽ മൂന്നുദിവസമായി ബസ്സുകൾ ഓടുന്നില്ല. ഇതുമൂലം ഫാക്ടറി തൊഴിലാളികളും മറ്റു ജോലിക്കാരുമടക്കമുള്ള പൊതുജനം വളരെയേറെ ക്ലേശിക്കുന്നു. ജില്ലാ കളക്ടറുടെ മദ്ധ്യസ്ഥതയിൽ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ നിങ്ങളേയും വിദ്യാർത്ഥിപ്രതിനിധികളേയും വിളിച്ചു കൂട്ടിയിരിക്കയാണു്. ഈ പ്രശ്നത്തിനു്

പരിഹാരം കാണുക അത്യാവശ്യമാണ്. എന്നാൽ നിങ്ങളുടെ സുരക്ഷിതത്വത്തിനും അവകാശങ്ങൾക്കുംവേണ്ടി ശക്തിയുക്തം വാദിക്കേണ്ടതും നിങ്ങളുടെ കടമയാണ്. വേണ്ടിവന്നാൽ ചില വിട്ടുവീഴ്ചകൾക്കു തയ്യാറാകാം

പ്രശ്നം നടന്നതു് ഇപ്രകാരമാണു്. കോളേജിൽ ക്ലാസ്സുകൾ ഉള്ള ദിവസങ്ങളിലെല്ലാംതന്നെ ബസ്സിൽ വലിയ തിരക്കായിരിക്കും. കൂടിയാൽ പത്തോ പതിനഞ്ചോ പേരെ മാത്രമേ ബസ്സിൽ നിർത്തിക്കൊണ്ടുപോകേണ്ടതുള്ളുവെന്നു നിങ്ങൾക്കു് കോർപ്പറേഷൻ വക പ്രത്യേക നിർദ്ദേശമുണ്ടു്. മാത്രമല്ല വളരെ തിരക്കായാൽ ബസ്സു് ഓരോ പോയിൻറ് കടക്കുമ്പോഴും ടിക്കറ്റുകൾ കൊടുത്തുതീർത്തു് അവ ചാർട്ടറിൽ രേഖപ്പെടുത്തുവാൻ പ്രയാസമാണു്. യാത്രക്കാർ ബസ്സിൽ കയറിക്കഴിഞ്ഞാൽ വാതിലുകൾക്കൽ അടഞ്ഞുകൂടി നിലക്കും. അവരെയെല്ലാം മുൻപിലേക്കു നീക്കുക വളരെ ശ്രമകരമാണു്. ഈ കാരണങ്ങളാലാണു് പ്രശ്നം ആരംഭിച്ച കവലയിൽ പലപ്പോഴും ബസ്സു നിർത്തുവാൻ നിങ്ങൾ മടിക്കുന്നതു്.

ഒരു ദിവസം നാട്ടുകാരുടെ സഹായത്തോടെ വിദ്യാർത്ഥികൾ ബസ്സു തടഞ്ഞുനിർത്തി കയറിയെങ്കിലും പ്രശ്നം കഴിവതും ഒഴിവാക്കാൻ കണ്ടക്ടർ ശ്രമിച്ചിരുന്നു. പക്ഷേ, ഒരു വിദ്യാർത്ഥിയുടെ മർദ്ദനം ഏല്പിക്കേണ്ടി വന്നപ്പോൾ മാത്രമാണു് കണ്ടക്ടർ സമചിത്തതവിട്ടു പെരുമാറിയതു്. തൽഫലമായി കണ്ടക്ടർക്കും രണ്ടു വിദ്യാർത്ഥികൾക്കും ചെറിയ തോതിൽ പരിക്കേറ്റു.

കൂട്ടികൾ സമരത്തിനിറങ്ങിയേക്കാം എന്നു നിങ്ങൾക്കു പ്രതീക്ഷയുണ്ടായിരുന്നു എങ്കിലും പ്രശ്നം ഇത്ര സങ്കീർണ്ണമാകുമെന്നു കരുതിയിരുന്നില്ല. വഴിയിൽവച്ചു് കേടായ ഒരു ബസ്സു നന്നാക്കുവാൻ അത്യാവശ്യം ഉപകരണങ്ങളുമായി ട്രാൻസ്പോർട്ടു് ഗാരേജിലെ കുറെ തൊഴിലാളികൾ ബസ്സു് തിരികെ പോയപ്പോൾ കയറിയിരുന്നു. വിദ്യാർത്ഥികളെ വീണ്ടും മർദ്ദിക്കുവാൻ നിങ്ങൾക്കു് ഉദ്ദേശമില്ലായിരുന്നു എന്നാൽ അവർ ബസ്സുതടഞ്ഞു നിർത്തുകയും കണ്ടക്ടറെ വീണ്ടും കയ്യേറ്റം ചെയ്യാൻ ശ്രമിക്കയും ചെയ്തപ്പോഴാണു് മറ്റു തൊഴിലാളികൾ ഇടപെട്ടതു്. പക്ഷേ, അതു് വലിയൊരു കുരുക്ഷേത്ര യുദ്ധത്തിലാണു് അവസാനിച്ചതു്. ഇരുകൂട്ടരിലുംപെട്ട നിരവധി പേർക്കു് ഗുരുതരമായ പരിക്കുകളേറ്റു. ബസ്സു് സംവേസ്ഥലത്തു നിന്നു് തന്ത്രപൂർവ്വം കടത്തിക്കൊണ്ടുപോകുവാൻ ഡ്രൈവർ

ശ്രമിച്ചെങ്കിലും ഏതാനും വിദ്യാർത്ഥികളും അതു തടഞ്ഞു തീവച്ചു് നശിപ്പിച്ചു. ഡ്രൈവറെ അവർ മർദ്ദിച്ചു് അവശനാക്കി.

ഈ സമയംകൊണ്ടു് പോലീസു് രംഗത്തെത്തി പ്രശ്നത്തിൽ ഇടപെട്ടു. അരമണിക്കൂർകൊണ്ടു് രംഗം ശാന്തമായി. നിരവധിപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഏതാനും പേരുടെ നില ഗുരുതരമാണു്. ഈ പ്രശ്നം മൂലം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു് അനിശ്ചിത കാലത്തേക്കു് അവധി പ്രഖ്യാപിച്ചിരിക്കയാണു്. എങ്കിലും സംഘർഷാവസ്ഥ നിലനിൽക്കുന്നതിനാലും വിദ്യാർത്ഥികളും ബസ്സുകളും തടഞ്ഞുവച്ചു് പ്രശ്നം രൂക്ഷമാക്കാൻ ഒളിച്ചിരിക്കുന്നതായി അറിവുകിട്ടിയതിനാലും നിങ്ങളും ട്രാൻസ്പോർട്ടു് കോർപ്പറേഷനും ബസ്സു് സർവ്വീസു് നടത്തുവാൻ മടിക്കുന്നു. ഈ പ്രശ്നത്തിനു് ഉടൻ തന്നെ പരിഹാരം കാണേണ്ടിയിരിക്കുന്നു.

⋮ ⋮

....കോപ്പി എടുക്കേണ്ടതു്..... ....

ഇതുപോലെ മറ്റു് ഏതു പ്രശ്നവും വിവിധ വീക്ഷണങ്ങളിലൂടെ എഴുതിക്കൊടുത്തു ചർച്ചാവിഷയമാക്കാം. ഉദാ: തൊഴിലാളിസമരം, കുടുംബകലഹങ്ങൾ, രാഷ്ട്രീയ പാർട്ടിയിലെ പിളർപ്പു്, അവിവാഹിതയായ ഗർഭിണിയുടെ കുടുംബക്കാരും അവളെ തള്ളിപ്പറയുന്ന കാമുകന്റെ കൂട്ടരുമായുള്ള പ്രശ്നം മുതലായവ.

ഇരുഗ്രൂപ്പുകാരോടും തങ്ങൾക്കു ലഭിച്ച വിവരങ്ങൾ ശരിക്കു മനസ്സിലാക്കുവാൻ ആവശ്യപ്പെടണം. ചർച്ചയ്ക്കു വരുന്നതിനുമുമ്പു് പ്രശ്നത്തിൽ തങ്ങളുടെ ഗ്രൂപ്പിന്റെ നിലപാടു്, എതിർ ഗ്രൂപ്പിനെക്കുറിച്ചു തങ്ങൾക്കുള്ള മിന്താഗതിയും രൂപപ്പെടുത്തുവാൻ സമയം കൊടുക്കണം. ഏതെല്ലാം കാര്യങ്ങൾക്കു് എങ്ങനെയെല്ലാമാണു് ഒത്തുതീർപ്പു സമ്മേളനത്തിൽ വാദിക്കേണ്ടതെന്നും അപ്പോൾ ചർച്ച ചെയ്തു തീരുമാനിക്കാമല്ലോ.

ഒത്തുതീർപ്പുചർച്ച: ചർച്ചാവേളയിൽ ഇരു പാർട്ടികളെയും നയിക്കുവാൻ ഓരോ നേതാവിനെ അതാതു ഗ്രൂപ്പുകാർ നിശ്ചയിക്കണം. ഓരോ ഗ്രൂപ്പിന്റെയും നേതാവും രണ്ടു പ്രതിനിധികളുംവീതം മദ്ധ്യസ്ഥന്റെ (പരിശീലകന്റെ) ഇരുഭാഗങ്ങളിലുമായി പരസ്പരം കാണത്തക്കവിധം ഇരിക്കണം. ഗ്രൂപ്പുകളിലെ മറ്റംഗങ്ങൾക്കു് തങ്ങളുടെ പ്രതിനിധികളിരിക്കുന്ന വശങ്ങളിൽ അവർക്കു് അഭിമുഖമായി ഇരിക്കാം. എന്നാൽ

നേതാക്കളെടക്കമുള്ള പ്രതിനിധികൾക്കുമാത്രമേ ചർച്ചാവേള യിൽ സംസാരിക്കുവാൻ അനുവാദമുള്ളൂ. കാരണം മറ്റുള്ളവർ നിരീക്ഷകർ മാത്രമാണ്. എന്നാൽ ഓരോ ഗ്രൂപ്പും തനിയെ ചർച്ച ചെയ്യുമ്പോഴും പ്രതിനിധികൾക്ക് ആവശ്യമായ നിർ ദ്ദേശങ്ങളും നല്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ട്.

മദ്ധ്യസ്ഥചർച്ച ആരംഭിക്കുമ്പോഴും ആദ്യം ഓരോ ഗ്രൂപ്പി ലേയും നേതാക്കളും തങ്ങളുടെ വാദഗതികളും അവതരിപ്പിച്ചു കൊണ്ട് സംസാരിക്കുന്നു. അതിനുശേഷം പ്രതിനിധികൾക്ക് അവസരം നല്കുന്നു. ചർച്ചാവേളയിൽ സംസാരിക്കുന്നതു് എപ്പോഴും മദ്ധ്യസ്ഥന്റെ അനുവാദത്തോടുകൂടിയായിരിക്കണം. പരസ്പരം വാദപ്രതിവാദം ഉയരുമ്പോഴും അവർ തമ്മിൽ കൂട്ട ത്തൽ അകലുക സ്വാഭാവികമാണ്. ഇരുകൂട്ടരും താന്താങ്ങളുടെ പ്രവർത്തനങ്ങളെയും അഭിപ്രായഗതികളെയും ന്യായീകരിക്കും. അതോടൊപ്പം മറുപക്ഷത്തെ എതിർക്കുകയും നിശിതമായി വിമർശിക്കുകയും ചെയ്യും.

ചർച്ച നിഷ്ഫലമാകുമെന്നു തീർച്ചയാകുമ്പോഴും മദ്ധ്യ സ്ഥൻ ഇരുകൂട്ടരെയും തത്ക്കാലത്തേക്കു പിരിച്ചുവിടുന്നു. ഓ രോ വിഭാഗവും തനിയെ വീണ്ടും സമ്മേളിച്ച് താഴെപ്പറയുന്ന കാര്യങ്ങളും ചർച്ചചെയ്തു് ഉത്തരങ്ങളും രേഖപ്പെടുത്തുന്നു:

1 ഈ പ്രശ്നത്തിൽ നിങ്ങളുടെ ഗ്രൂപ്പിന്റെ വ്യക്തമായ നിലപാടു് എന്താണു്?

2 നിങ്ങളുടെ നിലപാടിനെ നിങ്ങളും മറുവിഭാഗക്കാരും എ ങ്ങനെ വീക്ഷിക്കുന്നു?

3 ഈ പ്രശ്നത്തിൽ മറുവിഭാഗക്കാരുടെ നിലപാടു് എ ന്താണു്?

4 അവരുടെ നിലപാടിനെ നിങ്ങളും അവരും എങ്ങനെ വീക്ഷിക്കുന്നു.

5 ഈ പ്രശ്നം കഴിവതും വേഗം പരിഹരിക്കേണ്ടതാണെ ന്നു നിങ്ങൾക്കു ബോദ്ധ്യമുണ്ടോ?

6 ഇതു പരിഹരിക്കുന്നതിനായി നിങ്ങളും അവരും താത് പര്യം കാണിക്കുകയും സഹകരിക്കുകയും ചെയ്യുന്നുണ്ടോ?

ഈ ചോദ്യങ്ങൾക്കു് ഉത്തരം കണ്ടെത്തിയശേഷം മദ്ധ്യ സ്ഥന്റെ അദ്ധ്യക്ഷതയിൽ ഇരു വിഭാഗക്കാരും വീണ്ടും സമ്മേ ളിക്കുന്നു. തങ്ങളുടെ റിപ്പോർട്ടുകൾ അവർ പരസ്യമായി വാ യിക്കുന്നു. അവയുടെ വെളിച്ചത്തിൽ മദ്ധ്യസ്ഥൻ അവരുടെ

വീക്ഷണങ്ങളിലുള്ള ഐക്യവും അന്തരവും വിശകലനം ചെയ്യുന്നു.

ഓരോ ഗ്രൂപ്പുകാരും അവരവരുടെ നിലപാടിനെ നീതീകരിക്കുകയും മറുവിഭാഗക്കാരെ കുറ്റപ്പെടുത്തുകയും ചെയ്യുക സ്വാഭാവികമാണ്. തങ്ങൾ പ്രശ്നപരിഹാരത്തിനു തയ്യാറാണെങ്കിലും മറ്റേകക്ഷിയാണ് വേണ്ടത്ര സഹകരിക്കുന്നില്ല എന്ന പരാതി ഇരുകൂട്ടരും പറയും.

ഇരുകൂട്ടരും പരസ്പരം മനസ്സിലാക്കത്തക്കവിധം മദ്ധ്യസ്ഥൻ അവരുടെ പ്രശ്നങ്ങളും നിസ്സഹായാവസ്ഥയും വിശകലനം ചെയ്യണം. സാഹചര്യത്തിന്റെ കെട്ടുപാടുകളും തെറ്റിദ്ധാരണകളുമാണല്ലോ പലപ്പോഴും പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നതു്. അവ പരിഹരിക്കുവാനും ഇരുകൂട്ടരും തമ്മിൽ കൂടുതൽ ഐക്യപ്പെടുവാനും ഉതകുന്ന നിർദ്ദേശങ്ങളും മദ്ധ്യസ്ഥൻ നല്കണം. വീണ്ടും ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച ചെയ്യുന്നതിനായി അവരെ വിടുക.

ഇപ്രാവശ്യം ഗ്രൂപ്പുകൾ തനിയെ ചർച്ച ചെയ്യേണ്ട ആശയങ്ങൾ:

1 എന്തുകൊണ്ടാണു് നമ്മൾ പ്രശ്നത്തെ സൃഷ്ടിപരമായി കണ്ടാതിരുന്നതു്?

2 എന്തെല്ലാം പ്രശ്നങ്ങളാണു് ഇനിയും നിലനില്ക്കുന്നതു്?

3 ഏതെല്ലാം വിട്ടുവീഴ്ചകൾ ഇരുവിഭാഗത്തുനിന്നും മുണ്ടാകണം?

4 മറുവിഭാഗക്കാർ നമ്മുടെ നിലപാടുമായി എത്രമാത്രം യോജിക്കുന്നു?

5 പ്രശ്നപരിഹാരത്തിനു് അനുപേക്ഷണീയമായി നമുക്കു് അവകാശപ്പെടാനുള്ളതെന്തെല്ലാം?

വീണ്ടും മദ്ധ്യസ്ഥന്റെ സഹായത്താൽ ഒന്നിച്ചുകൂടി ഇരുകൂട്ടരും തങ്ങളുടെ പുതിയ സമീപനങ്ങൾ അവതരിപ്പിക്കുന്നു. തുടർന്നു്, ഇരുകൂട്ടർക്കും സ്വീകാര്യമായ പ്രത്യേക നിബന്ധനകളോടുകൂടി മദ്ധ്യസ്ഥൻ പ്രശ്നപരിഹാരത്തിനു് അന്തിമരൂപം നല്കണം. ഉദാ: കോളേജു് സമയത്തു് കൂടുതൽ ബസ്സുകൾ പ്രശ്നമുണ്ടായ റൂട്ടിൽ അനുവദിക്കുന്നതിനു ഗതാഗതവകുപ്പിൽ സമ്മർദ്ദം ചെലുത്തുക, കഴിവുള്ളിടത്തോളം വിദ്യാർത്ഥികളെ ബസ്സിൽ കയറുവാൻ കണ്ടക്ടർമാർ ശ്രമിക്കുക തുടങ്ങിയവ. പ്രശ്നം പരിഹരിക്കുന്നതോടെ പരസ്പരം ഹ

സ്തുതിഗാനം നല്കി പരിപാടി അവസാനിപ്പിക്കുന്നു.

വിശദീകരണം: താഴെ പറയുന്ന ആശയങ്ങൾ പരിശീലകൻ വിശദീകരിക്കുകയോ പൊതു ചർച്ചയിലൂടെ ക്ലാസ്സിൽ പങ്കെടുക്കുന്നവരെക്കൊണ്ടു പറയിക്കുകയോ ചെയ്യുന്നതു നല്ലതാണു്.

— സമൂഹത്തിൽ പ്രശ്നങ്ങളുണ്ടാവുക സ്വാഭാവികമാണു്.

— വിവേക പൂർവ്വകമായ സമീപനത്തിലൂടെ പല പ്രശ്നങ്ങളും ഒഴിവാക്കുവാൻ സാധിക്കും.

— കക്ഷിതിരിഞ്ഞു് പ്രശ്നം പൊട്ടിപുറപ്പെട്ടാൽ എതിർ കക്ഷിയുമായി സൗഹാർദ്ദ പൂർവ്വവും പരസ്പരം മനസ്സിലാക്കിയുള്ള ആശയവിനിമയം തകരാറിലാകും.

— ഓരോ കക്ഷിയും തങ്ങളുടെ പ്രവർത്തനങ്ങളിൽ ന്യായീകരണവും എതിർ കക്ഷിയിൽ കുറ്റങ്ങളും മാത്രം കാണാനാവും ശ്രമിക്കുക.

— വഴക്കടിച്ചു് അകലുംതോറും പരസ്പരധാരണയിലെത്തുക ദുഷ്കരമാണു്.

— സുസ്സമ്മതനും കക്ഷിരഹിതനുമായ മദ്ധ്യസ്ഥന്റെ പ്രവർത്തനം പ്രശ്നപരിഹാരത്തിനു സഹായകമാണു്.

— പ്രശ്നം പരിഹരിക്കണമെന്നുള്ള ആവശ്യബോധവും പരസ്പരം ശ്രവിക്കുവാനും മനസ്സിലാക്കുവാനുമുള്ള സന്നദ്ധതയും വീട്ടുവീഴ്ചാ മനോഭാവവും ഉണ്ടെങ്കിലേ ഒത്തുതീർപ്പു ചർച്ച ഫലപ്രദമാകൂ.

— 'ചേറിൽ ചവുട്ടിയിട്ട പാദംകഴുകുന്നതിനേക്കാൾ നല്ലതു് ചേറിൽ ചവിട്ടാതിരിക്കുകയാണു്.' എന്ന പൊല്ലു് വഴക്കുകളെ സംബന്ധിച്ചു് വളരെ അർത്ഥവത്താണു്.

30 പൊതു സമ്മേളനങ്ങൾ സംഘടിപ്പിക്കൽ

i *പദ്ധതി തയ്യാറാക്കൽ*

ലക്ഷ്യം: പൊതുയോഗങ്ങൾ, വാർഷികാഘോഷങ്ങൾ, പ്രകടനങ്ങൾ, കൺവെൻഷനുകൾ, റാലികൾ മുതലായവയിലേക്കു് ആളുകളെ ആകർഷിക്കാനുള്ള വിവിധ മാർഗ്ഗങ്ങൾ ക്യാമ്പംഗങ്ങളെക്കൊണ്ടുതന്നെ അവതരിപ്പിക്കുക.

— പൊതുപരിപാടിയിൽ വരുത്തേണ്ട ക്രമീകരണങ്ങളെക്കുറിച്ചു് സ്വയം മനസ്സിലാക്കുക.

നടപടിക്രമം: അംഗങ്ങളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനും വ്യത്യസ്തങ്ങളായ പൊതു പരിപാടികളിലോരോന്നും നിശ്ചയിച്ചുകൊടുക്കണം. ഓരോ ഗ്രൂപ്പും തങ്ങൾക്ക നിശ്ചയിക്കപ്പെട്ട പൊതു പരിപാടി സംഘടിപ്പിക്കുന്നവരായി സങ്കല്പിച്ച് അതിനുവേണ്ട ക്രമീകരണങ്ങളും ആളുകളെ ആകർഷിക്കുവാനുള്ള പ്രചരണ പരിപാടികളും ആസൂത്രണം ചെയ്യണം. ഏറ്റവും നന്നായി പരിപാടികൾ സംവിധാനം ചെയ്യുന്ന ഗ്രൂപ്പിന് സമ്മാനം വാങ്ങാനം ചെയ്യാം. ഓരോ ഗ്രൂപ്പിനും നിശ്ചയിച്ചുകൊടുക്കാവുന്ന പൊതു പരിപാടിയുടെ ഏതാനും ഉദാഹരണങ്ങൾ:

1 പുതിയ മന്ത്രിയുടെ ജന്മനാട്ടിൽ സ്വീകരണം
2 യുവജനസംഘടനയുടെ (ക്ലബ്ബിന്റെ) ധനശേഖരണാർത്ഥം ടിക്കറ്റുവച്ച് ഒപ്രാഫഷണൽ നാടകം സംഘടിപ്പിക്കൽ
3 ക്ലബ്ബിന്റെ വാർഷികം
4 രാഷ്ട്രീയപാർട്ടിയുടെ ജില്ലാ വാർഷികം
5 ബൈബിൾ കൺവെൻഷൻ
6 ക്ലബ്ബുകെട്ടിടത്തിന്റെ ഉൽഘാടനം
7 ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിനോദയാത്ര

പൊതുചർച്ച: ഗ്രൂപ്പ് ചർച്ചയുടെ ശേഷം ഓരോ ഗ്രൂപ്പിന്റെയും തീരുമാനങ്ങൾ പൊതുചർച്ചാവേളയിൽ അവതരിപ്പിക്കുക.

അവയുടെ വെളിച്ചത്തിൽ ഈ വിഷയം വിശകലനം ചെയ്യണം. മാത്രമല്ല അവതരിപ്പിക്കപ്പെടാത്ത ആശയങ്ങളുണ്ടെങ്കിൽ അവകൂടി മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യാം.

ii *സ്വയംസജ്ജീകൃത സമ്മേളനം*

ലക്ഷ്യം: സാധാരണ സമ്മേളനങ്ങൾ സംഘടിപ്പിക്കുവാൻ പരിശീലനം നല്കുക.

നടപടിക്രമം: ക്യാമ്പംഗങ്ങളെ പതിനഞ്ചുപേരിൽ കുറയാത്ത ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പും സ്വയം ഒരു സമ്മേളനം സംഘടിപ്പിക്കണം. അതിനു വേണ്ട ആലോചനയ്ക്കും ക്രമീകരണത്തിനുമായി 20 മിനിറ്റു നല്കണം തുടർന്നുള്ള സമ്മേളനത്തിന് 40 മിനിറ്റും. സമ്മേളനത്തിനുവേണ്ട അദ്ധ്യക്ഷനും പ്രസംഗകരും സ്വാഗതം, കൃതജ്ഞത മുതലായവ പറയുന്നവരും എല്ലാം ഗ്രൂപ്പിലുള്ളവർതന്നെ ആയിരിക്കണം. സമ്മേളനത്തിന്റെ വിഷയം അവർ തന്നെ നിശ്ചയിക്കാം. ഒരേ സമയം വിവിധ ഗ്രൂപ്പുകളുടെ സമ്മേളനം പല മൂറികളിലായി നടത്താം. സമ്മേളനത്തിന്റെ പ്രധാന ഘടകങ്ങളെ

പരിശീലകൻ മുൻകൂടി വിശദീകരിക്കുന്നതു് ഉചിതമായിരിക്കും

31 ആൾക്കൂട്ട നിയന്ത്രണം

ലക്ഷ്യം: ആൾക്കൂട്ടത്തിന്റെ ഘടനയും സ്വഭാവവും മനസ്സിലാക്കുക.

ഫലപ്രദമാംവിധം ആൾക്കൂട്ടത്തെ നിയന്ത്രിക്കുവാൻ പഠിക്കുക.

സജ്ജീകരണം: ആകർഷകമായ എന്തെങ്കിലും ഒന്നിനെ കേന്ദ്രമാക്കി ആളുകൾ ഒന്നിച്ചു കൂടുന്നതാണല്ലോ ആൾക്കൂട്ടം.

കുട്ടികളുടെ ക്യാമ്പാണെങ്കിൽ അവരെക്കൊണ്ടുതന്നെ ആൾക്കൂട്ടത്തെ രൂപപ്പെടുത്തിയും ആൾക്കൂട്ടത്തെ നിയന്ത്രിച്ചും കാണിക്കാം. എന്നാൽ അതിനു് അമ്പതിലധികം കുട്ടികൾ ഉള്ളതാണു നല്ലതു്. യുവജനങ്ങൾക്കുള്ള ക്യാമ്പിലാണെങ്കിൽ ലഭ്യമാകുന്നപക്ഷം കുട്ടികളെ ഉപയോഗപ്പെടുത്തി ഈ ടെക്നിക്കു് ചെയ്യുകയും ക്യാമ്പംഗങ്ങളെ നിരീക്ഷകരാക്കുകയും ചെയ്യുകയാണുത്തമം. കുട്ടികളുടെ ക്യാമ്പു് എന്ന നിലയിലാണു് നടപടിക്രമത്തിൽ വിവരിച്ചിരിക്കുന്നതു്.


കുട്ടികൾക്കു് വളരെ ആകർഷകവും അവർ നേരത്തെ കണ്ടിട്ടില്ലാത്തവയുമായ ചില വസ്തുക്കൾ, ഏതാനും ഡസ്ക്കുകൾ എന്നിവ കരുതിയിരിക്കണം.

കാര്യക്രമം: എല്ലാവരെയും ഹോളിൽ വിളിച്ചുകൂട്ടി അവർക്കു് കാണുവാൻ വളരെ താല്പര്യമുള്ള ഒരു (പെറിയ) വസ്തു അടുത്ത മുറിയിലെ മേശപ്പുറത്തു് വച്ചിട്ടുണ്ടെന്നും വേഗം പോയാൽ കാണാമെന്നും പറയുക.

ആ വസ്തു കാണുവാൻ അവർ മേശയ്ക്കുചുറ്റും കൂടുമ്പോൾ വലിയ ഉന്തും തള്ളും ബഹളവുമെല്ലാം ഉണ്ടാവുക സ്വാഭാവികമാണല്ലോ. എന്നാൽ ഉടനെ അവരെ നിയന്ത്രിക്കേണ്ടതില്ല. ബഹളം വളരെ വർദ്ധിക്കുമ്പോൾ എല്ലാവരെയും ഹാളിൽ വിളിച്ചുകൂട്ടി ആൾക്കൂട്ടത്തിന്റെ ഘടനയും സ്വഭാവവും വ്യക്തമാക്കണം.

വിശദീകരണം (1): ആകർഷകമായ വസ്തുവിനുചുറ്റും ആളുകൾ തിങ്ങിക്കൂടുന്നു. അവർക്കും ആകർഷക വസ്തുവിനുമിടയിൽ അല്പം സ്വതന്ത്രസ്ഥലമുണ്ടായിരിക്കും. ആളുകൾ ചുറ്റും കൂടുന്നതു് വിവിധ നിരകളായാണെങ്കിലും അവയിൽ ഏറ്റവും അകത്തെ നിരയും പുറത്തെ നിരയും കൂടുതൽ വ്യക്തമായിരിക്കും. പുറത്തു നില്ക്കുന്നവർ ആകർഷക വസ്തു കാണുവാനുള്ള

ആകാംക്ഷയാൽ അകത്തേക്കു തള്ളിക്കയറുന്നു. അതേസമയം അകത്തെ നിരയിലുള്ളവർ ആകർഷകവസ്തു കണ്ടുകഴിഞ്ഞതിനാലോ അതിൽ താത്പര്യം കുറഞ്ഞതിനാലോ പുറത്തേക്കിറ




ആൾക്കൂട്ടത്തിന്റെ ചിത്രം

ങ്ങാൻ ശ്രമിക്കുന്നു. അങ്ങനെ അകത്തേക്കും പുറത്തേക്കും തള്ളൽ നടക്കുമ്പോഴും ബഹളം ആരംഭിക്കാം. ഇതിന്റെ ഫലമായി ആംഗ്ലേട്ടത്തിലെ ഭൂരിപക്ഷം വ്യക്തികൾക്കും അകത്തു നടക്കുന്നതെന്തെന്നു കാണുവാൻ കഴിയാതെ പോകുന്നു. നാൽക്കവലകളിൽ പാമ്പിനെ കളിപ്പിക്കുന്ന പാമ്പാട്ടി, ചെറിയ സർക്കസ് കമ്പനിക്കാർ, ബസ്സപകടങ്ങൾ മുതലായവയ്ക്കുചുറ്റും തടിച്ചു കൂടുന്ന ജനം ആംഗ്ലേട്ടത്തിനു് ഉദാഹരണങ്ങളാണു്.

ആൾക്കൂട്ടത്തെ നിയന്ത്രിക്കുവാൻ

i ഉൾവശം വർദ്ധിപ്പിക്കുക

എല്ലാവർക്കും കാണത്തക്കവിധം മറ്റൊരു ആകർഷകവസ്തു മേശമേൽ വയ്ക്കുക. അതിനു ചുറ്റുമായി സ്വതന്ത്രമായ




ഉൾവശം കൂടുതൽ വരത്തക്കവിധം ഡസ്ക്കുകൾ വൃത്തത്തിലിടുക. അതിനുശേഷം ഡസ്ക്കിനു ചുറ്റുമായി നിന്നു് ആകർഷ

കവസ്സു കാണുവാൻ അംഗങ്ങളെ അനുവദിക്കുക. അകലം മൂലം അവർക്കു ശരിക്കു കാണുവാൻ സാധിക്കുന്നില്ലെങ്കിൽ ഒരാളെ അതു ഡസ്ക്കിനടുത്തേക്കു കൊണ്ടുചെന്നു് വട്ടത്തിൽ നടന്നു കാണിക്കണം.

ii കയറാനും ഇറങ്ങാനും പ്രത്യേക വഴികൾ

താഴെയുള്ള ചിത്രത്തിൽ കാണുന്നവിധം ഡസ്ക്കുകളും രണ്ടുനിരയായി നീളത്തിൽ അടുക്കിയിടുക. അവസ്സാടിയിലൂടെ ഓരോ വ്യക്തിക്കു വീതം നിരയായി നീങ്ങുവാനുള്ള ഇടമേ ഉണ്ടാകാവൂ. ഡസ്ക്കുകളുടെ ഒരു നിരസ്സാടിയിൽ ആകർഷകമായ മറെറാരു വസ്തു വയ്ക്കുക. അതിനുശേഷം അംഗങ്ങളെ ഒരുവശത്തുകൂടി കയറുകയും മറുവശത്തുകൂടി ഇറക്കിവിടുകയും ചെയ്യണം.



വിശദീകരണം(2): ആകർഷകമായ വസ്തു എല്ലാവരും കണ്ടുകഴിഞ്ഞു് അവരെ ഹാളിലേക്കു വിളിച്ചു് കാര്യങ്ങൾ വിശദമാക്കണം.

ആത്മപ്രേരണയിലൂടെയുള്ള പഠനത്തിനായി ആദ്യം അതിന്റെ ഉത്സുകത വർദ്ധിപ്പിക്കയാണു നാം ചെയ്യുന്നതു്. ഇതുമൂലം അകത്തെ നിരീക്ഷണം വളരെ ആഴത്തിലുള്ളതാക്കാനും ആത്മപ്രേരണയുടെ എണ്ണം (ഘനം) കുറയ്ക്കാനും കഴിയുന്നു. അതിനാൽ കൂടുതൽ ആളുകൾക്കു് അകത്തു വച്ചിരിക്കുന്ന വസ്തുക്കളും നടക്കുന്ന സംഭവങ്ങളും സൗകര്യപ്രദമായി കാണുവാൻ സാധിക്കുന്നു. അപകട സ്ഥലങ്ങളിലും സർക്കസ് കൂടാരങ്ങളിലും മറ്റും ഇതു പ്രായോഗികമാക്കാറുണ്ടു്. ഇവിടെ ഉപയോഗിച്ച ഡസ്ക്കുകളും പകരം കുറിയ ടിച്ചു് കയർ കെട്ടുകയോ അകത്തേക്കുള്ള മാർഗ്ഗത്തിനു മറേറതെങ്കിലും വിധത്തിൽ പ്രതിബന്ധം സൃഷ്ടിക്കുകയോ ചെയ്യാം.

രണ്ടാമത്തെ രീതിയിലാവട്ടെ, ബഹളം ഉണ്ടാകാതിരിക്കാൻ അകത്തേക്കും പുറത്തേക്കും പോകേണ്ടവർക്കു് തടസ്സം കൂടാതെ നീങ്ങുവാനുള്ള സൗകര്യമൊരുക്കുന്നു. സിനിമാശാലകളിൽ ടിക്കറ്റു് വില്ക്കുമ്പോഴും ഉന്നതരായ വ്യക്തികളുടെ മൃതദേഹങ്ങൾ പൊതു സന്ദർശനത്തിനു വയ്ക്കുമ്പോഴും ഈ രീതിയാണല്ലോ പൊതുവെ ഉപയോഗിച്ചു വരുന്നതു്. ഉത്സവ സ്ഥല

ങ്ങളിലും പൊതുസദസ്സുകളിലും കലാപരിപാടികളും സശ്രദ്ധം വീക്ഷിച്ചു കൊണ്ടിരിക്കുന്നവർക്ക് അസൗകര്യം ഉണ്ടാകാതിരിക്കാൻ ഇടയ്ക്ക് വന്നും പോയുമിരിക്കുന്നവർക്കു വേണ്ടി പ്രത്യേകം വഴികളും തിരിക്കാറുണ്ടല്ലോ.

ആൾക്കൂട്ടത്തിൽ എല്ലാവരും അകത്തെ പരിപാടികളും കാണുവാനും അവിടെ പറയുന്നവ ശ്രവിക്കുവാനുമാണ് ഉള്ളിലേക്കു തള്ളിക്കയറുക. എല്ലാവർക്കും കാണത്തക്കവിധം ഉയർന്ന സ്റ്റേജോ ബാൽക്കണിയോ സ്ഥാപിച്ചുകൊണ്ടും ഉച്ചഭാഷിണികളും ഉപയോഗിച്ചുകൊണ്ടും ജനക്കൂട്ടത്തെ ശാന്തമാക്കാൻ കഴിയും.

രാഷ്ട്രപതിയോ, പ്രധാനമന്ത്രിയോ, വിദേശ രാഷ്ട്രനേതാക്കളോ പങ്കെടുക്കുന്ന വമ്പിച്ച പൊതുസമ്മേളനങ്ങളിൽ അവർ സഞ്ചരിക്കുന്ന പാതകളിരുവശങ്ങളിലും, സമ്മേളനനഗരിയെ പല തുണ്ടുകളായി വിഭജിച്ചും മുളയുപയോഗിച്ച് ബാരിക്കേഡുകളും കെട്ടി ആൾക്കൂട്ടത്തെ നിയന്ത്രിക്കാറുണ്ട്.

32 ഉത്തേജിത ജനക്കൂട്ടം

ലക്ഷ്യം: മിൻ്റ്സിൻ്റെ (Mintz) പരീക്ഷണമുപയോഗിച്ച് ഉത്തേജിത ജനക്കൂട്ടത്തിൻ്റെ സ്വഭാവം മനസ്സിലാക്കുക.


ഉത്തേജിത ജനക്കൂട്ടത്തെ നിയന്ത്രിക്കുവാനുള്ള സാധ്യതകളെക്കുറിച്ചു ചിന്തിക്കുക.

സജ്ജീകരണം: ഒരു കോണിക്കൽ ഫ്ളാസ്ക്, ഫ്ളാസ്ക്കിൻ്റെ വായിലൂടെ കഷ്ടിച്ചു കടന്നു പോകാവുന്ന നാലോ അഞ്ചോ കോർക്കു കഷണങ്ങളും, ഒരു ഗ്ലാസ്സ് ദണ്ഡ്, ഒരു പാത്രം വെള്ളം എന്നിവ കരുതിയിരിക്കണം. കോർക്കുകഷണങ്ങളും ഒരേ നീളത്തിലുള്ള ചരടുകളിൽ കെട്ടിയിടുക മറേറ അറ്റം ഓരോ ദണ്ഡുമായി ബന്ധിപ്പിച്ചിരിക്കണം.

നടപടിക്രമം: ക്യാമ്പംഗങ്ങളിൽനിന്നു നാലോ അഞ്ചോ പേരെ വിളിക്കുക. ഓരോരുത്തൻ്റെയും കൈയിൽ കോർക്കു കെട്ടിത്തൂക്കിയ ദണ്ഡു നല്കണം. സദസ്യർക്കു കാണാവുന്ന വിധം ഫ്ളാസ്ക്കു ഉയർത്തിപ്പിടിക്കുക. കോർക്കു പിടിച്ചിരിക്കുന്നവർ അവ ഫ്ളാസ്ക്കിലിറക്കി ഒരേ ഉയരത്തിൽ പിടിക്കണം. ഗ്ലാസ്സു ദണ്ഡു ഉപയോഗിച്ചു ഫ്ളാസ്ക്കിൽ വെള്ളമൊഴിക്കുക. കോർക്കുകളിൽ സ്പർശിക്കാതെ അവസ്തൂതുള്ളവരെ ജലവിതാനം ഉയരത്തക്കവിധം നേരത്തെ വെള്ളം ഒഴിച്ചു വയ്ക്കാം. തുടർന്നു വെള്ളം ഒഴിക്കുവാൻ തുടങ്ങുമ്പോൾ കോർക്കു പിടിച്ചിരിക്കുന്നവർക്കു കോർക്കു പുറത്തേക്കു വലിച്ചെടുക്കു

വാൻ വിസിൽ ഊതുന്നു. അടിയിൽനിന്നു് ഉയന്നുവരുന്ന ജലവിതാനം ആരുടെയെങ്കിലും കോർക്കിൽ സ്പർശിച്ചാൽ അയാൾ പരാജയപ്പെട്ടതായി കണക്കാക്കണം.

ഇപ്രകാരം പ്രവർത്തിക്കുമ്പോൾ ഒന്നോ രണ്ടോ കോർക്കുകൾ 'രക്ഷപെട്ടാ'ലും മറ്റുള്ളവ ഒന്നിച്ചു് ഫ്ളാസ്ക്കിന്റെ വക്കിൽ വന്നു് തങ്ങി നില്ക്കും. ഫ്ളാസ്ക്കിന്റെ ജലവി



താനം ഉയന്നുവരുന്നതിനാൽ ആരും തന്റെ കോർക്കു് മറ്റൊരാൾക്കുവേണ്ടി താഴ്ത്തിക്കൊടുക്കുവാൻ തയ്യാറാവില്ല. തൽഫലമായി ഫ്ളാസ്ക്കിന്റെ വക്കിൽ തങ്ങുന്ന എല്ലാ കോർക്കുകളും നനയുന്നു.

വീണ്ടും ഇതേ രീതി ആവർത്തിക്കുക, എന്നാൽ ഇപ്രാവശ്യം കോർക്കു് വലിക്കാൻ ഓരോരുത്തനും നിർദ്ദേശം നല്കണം. ഒരാളുടെ കോർക്കു് വലിച്ചാലുടൻ അടുത്തയാളിന്റേതു വലിക്കാൻ ആവശ്യപ്പെടാം. അതിന്റെ ഫലമായി ജലവിതാനം കോർക്കിൽ സ്പർശിക്കാനവസരം കൊടുക്കാതെ എല്ലാ കോർക്കുകളും അല്ലെങ്കിൽ ഭൂരിപക്ഷമെങ്കിലും രക്ഷപെടുത്തുവാൻ കഴിയുന്നു.

വിശദീകരണം: ജനക്കൂട്ടം പലപ്പോഴും വികാരഭരിതമായി കാണപ്പെടാറുണ്ടു്; പ്രത്യേകിച്ചു് അപകടസാഹചര്യങ്ങളിൽ. ഇപ്രകാരം വികാരഭരിതമായ ആൾക്കൂട്ടത്തെ ഉത്തേജിത ജനക്കൂട്ടമെന്നു വിളിക്കാം. അപകടഭീതി വർദ്ധിക്കുമ്പോൾ ഇവർ സ്വാഭാവികമായി സ്വന്തം കാര്യത്തിലാവും താത്പര്യം പ്രദർശിപ്പിക്കുക.

സിനിമാശാലയ്ക്കു് പ്രദർശന സമയത്തു് തീപിടിക്കുക, യാത്രക്കാർ തിങ്ങിനിറഞ്ഞ ബസ്സിനു തീപിടിക്കുക, ജനക്കൂട്ടത്തിനു

നേരെ പോലീസ് ലാത്തിച്ചാർജ് നടത്തുക തുടങ്ങിയ സാഹചര്യങ്ങളിൽ അപകടത്തിൽനിന്നു രക്ഷപെടാനുള്ള വഴികളും (ഉദാ: ബസ്സിന്റെയോ സിനിമാശാലയുടെയോ വാതിൽ) പലപ്പോഴും വളരെ ഇടുങ്ങിയതായിരിക്കും. എല്ലാവരും ഈ ജീവന്മരണ സമരത്തിൽ പ്രാണരക്ഷാർത്ഥം വാതിലിലേയ്ക്ക് തള്ളിക്കേറുന്നു. തൽഫലമായി ചിലർ നിലത്തു വീണു പോകാം. അവരുടെ ശരീരത്തിൻ ചവുട്ടിയും മറ്റുള്ളവർ മുമ്പോട്ട് നീങ്ങിയെന്നു വരും. കാരണം അപ്പോഴാരും മറ്റുള്ളവരെക്കുറിച്ച് കാര്യമായി ചിന്തിക്കയില്ല കടക്കാവുന്നതിൽ കൂടുതൽ ആളുകൾ വാതിലിലേയ്ക്ക് തള്ളിനീങ്ങുമ്പോൾ ഫ്ളാസ്ക്കിൽ കോർക്കുകൾ തിങ്ങിനിറഞ്ഞതുപോലെ ആർക്കും പുറത്തുകടക്കാനാവാതെ ഭൂരിപക്ഷം പേരും വാതിൽപ്പടിയിൽ അടഞ്ഞു നിന്നുപോകുന്നു. അതിനാൽ അപകടം അവരെയെല്ലാം ബാധിക്കുന്നു.

കോർക്കുപയോഗിച്ച് നാം രണ്ടാമതു നടത്തിയ രീതി പ്രായോഗികമാക്കിയാൽ വളരെയധികം പേരെ – ഒരുപക്ഷേ, എല്ലാവരെയും — രക്ഷപ്പെടുത്തുവാൻ കഴിഞ്ഞെന്നുവരും. നേതാവ് മുമ്പോട്ട് വന്ന് ഉത്തേജിതജനക്കൂട്ടത്തെ നിയന്ത്രിക്കുകയും അയാളുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുകയും ചെയ്താൽ അപകടം വളരെയേറെ ഒഴിവാക്കാവുന്നതാണ്. അപകടഭീതി ഉത്തേജിതജനക്കൂട്ടത്തിന്റെ സ്വഭാവത്തെ ത്വരിതപ്പെടുത്തുന്നതാകയാൽ ഉച്ചഭാഷിണിയിലൂടെ അപകടത്തിന്റെ തന്നി സ്വഭാവത്തെയും ആംക്കൂട്ടം ചെയ്യേണ്ടവയേയും സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുന്നതു് എപ്പോഴും ഉത്തമമാണ്.

കൗണ്ടറുകളിൽ തള്ളിക്കൂടാതെ ക്യൂ പാലിക്കൽ, ട്രാഫിക്ക് നിയന്ത്രണം തുടങ്ങിയ അന്നദിനജീവിതത്തിലെ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഇതു കൂടുതൽ വിശദമാക്കാം.

33 പ്രശ്നവേദി

ലക്ഷ്യം: നേതൃത്വത്തെക്കുറിച്ചും സമൂഹസ്വഭാവത്തെക്കുറിച്ചുമുള്ള ഓരോരുത്തന്റെയും ആശയങ്ങൾ സ്വയം വിലയിരുത്തുക.

താൻ ശീലിച്ചുവരുന്ന നേതൃത്വശൈലി ശരിയായ വിധമാണോ എന്നു പുനഃപരിശോധിക്കുക.

സജ്ജീകരണം: മൂന്നുവിധത്തിലുള്ള ചോദ്യാവലികളാണ് പൂരിപ്പിക്കുവാനായി ഇവിടെ ചേർക്കുന്നതു് അവയിൽ ഉചിതമെന്നു തോന്നുന്നതു് തെരഞ്ഞെടുത്തു് ആവശ്യാനുസരണം കോപ്പികൾ എടുപ്പിക്കുക.

....കോപ്പി എടുക്കേണ്ടത്.....

സമൂഹവും നേതൃത്വവും: ചോദ്യാവലി

(താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായിട്ടുള്ളവയ്ക്ക് അവയുടെ നേരെ കൊടുത്തിരിക്കുന്ന ബ്രാക്കറ്റുകളിൽ 'ടിക്' ചെയ്യുക. തെറ്റായവയ്ക്ക് ക്രോസ് ചിഹ്നം ഇടണം.)

1 സമൂഹത്തിൽ പ്രശ്നങ്ങളുണ്ടാവുക സ്വാഭാവികമാണ്. ( )

2 സമൂഹത്തിന്റെ ലക്ഷ്യവും നിയമങ്ങളും നേതാവ് വ്യക്തമായി അറിഞ്ഞിരിക്കണം. ( )

3 പലർ ഒന്നിച്ചുകൂടി പ്രവർത്തിക്കുമ്പോൾ ജോലിയിൽ കൂടുതൽ വേഗമുണ്ടാകുമെങ്കിലും അതിന്റെ മേന്മ താരതമ്യേന കുറവായിരിക്കും. ( )

4 ചർച്ചാവേളകളിൽ പുതിയ തീരുമാനങ്ങൾക്കുവേണ്ടി വാദിക്കുന്നതിനുള്ള സമയമായിരിക്കും അവ പ്രാവർത്തികമാക്കുന്നതിൽ ഓരോരുത്തന്റെയും നിലപാട്. ( )

5 സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ എല്ലാവരും തുല്യതാത്പര്യത്തോടെ പങ്കെടുക്കും. ( )

6 സ്വപരിശ്രമത്താൽ ഒരുവനു പടിപടിയായി നേതൃത്വത്തിലേയ്ക്കുയരാം. ( )

7 നല്ലൊരു നേതാവ് അധികാരത്തിനുവേണ്ടിയായിരിക്കുകയില്ല, സമൂഹത്തിനുവേണ്ടിയാവും നിലകൊള്ളുക. ( )

8 നേതാവ് തന്റെ കഴിവുകളിൽ വിശ്വാസമുള്ളവനും അവയെ അവസരോചിതം പ്രകടിപ്പിക്കുന്നവനുമായിരിക്കണം. ( )

9 അയാം ഭരണനൈപുണ്യവും നയോപായങ്ങളും ഉള്ളവനായിരിക്കണം. ( )

10 പട്ടാളമേധാവിയുടെ നേതൃത്വശൈലിതന്നെയാണ് രാഷ്ട്രീയ പ്രവർത്തകന്റെയും. ( )

11 അംഗങ്ങളെ ആവേശംകൊള്ളിക്കാനും അവരുടെ വിശ്വാസമാർജ്ജിക്കാനും നേതാവിനു കഴിയണം. ( )

12 സമൂഹാംഗങ്ങളുടെ മൂല്യങ്ങളും ഉൾക്കൊള്ളുവാനും അവരുടെ ബുദ്ധിമുട്ടുകളിൽ പങ്കുചേരുവാനും നേതാവ് ശ്രമിക്കണം. ( )

13 അയാളും തന്റെ അന്തസ്സ് എപ്പോഴും സംരക്ഷിക്കണം. ( )

14 അലസന്മാരുടെ സാന്നിദ്ധ്യം സമൂഹാംഗങ്ങളുടെ സേവന തീക്ഷ്ണതയെ പ്രതികൂലമായി ബാധിക്കും.( )

15 നേതാവ് താൻ നിർദ്ദേശിക്കുന്ന കാര്യങ്ങളും സ്വയം അനുസരിക്കണമെന്നില്ല. ( )

16 സാഹചര്യങ്ങൾക്കനുസരിച്ച് നേതൃത്വ ശൈലിയിൽ വ്യതിയാനം വരുത്തണം. ( )

17 നേതാവ് താൻ നിർദ്ദേശിക്കുന്ന പുതിയ വ്യതിയാനങ്ങളുടെ കാരണം വിശദമാക്കണം. ( )

18 അയാളും പക്ഷപാതരഹിതമായി വേണം എല്ലാം പ്രവർത്തിക്കുവാൻ. ( )

19 കേട്ടുകേൾവികളെ പൂർണ്ണമായി വിശ്വസിക്കുകയോ, അതെക്കുറിച്ച് ശരിക്കും അന്വേഷിക്കാതെ അഭിപ്രായ പ്രകടനം നടത്തുകയോ ചെയ്യരുത്. ( )

20 നേതാവ് സമൂഹത്തിന്റെ നിയമങ്ങൾക്ക് അതീതനാണ്. ( )

.....കോപ്പി എടുക്കേണ്ടതു്.....

ശരിയുത്തരം: ക്രമനമ്പർപ്രകാരം അഞ്ചും അതിന്റെ പെരുക്കങ്ങളിലും വരുന്ന വാചകങ്ങളും തെറ്റും ബാക്കിയുള്ളവ ശരിയുമാണ്.

.....കോപ്പി എടുക്കേണ്ടതു്.....

ii *നിങ്ങളുടെ നേതൃത്വ കഴിവുകൾ:* ചെക്ക്‌ലിസ്റ്റ്

(ഉത്തരങ്ങൾ A,B,C അല്ലെങ്കിൽ D എന്നെഴുതുക. A = ഉവ്, B = ചിലപ്പോൾ, C = വല്ലപ്പോഴും, D = ഇല്ല).

1 ഇപ്പോഴുള്ള സ്ഥാനത്തുനിന്നും ഉയരണമെന്നും നിങ്ങൾക്ക് ആഗ്രഹമുണ്ടോ? ( )

2 കഴിയുന്നത്ര സുഹൃത്തുക്കളെ സമ്പാദിക്കുവാൻ താങ്കൾ ശ്രമിക്കാറുണ്ടോ? ( )

3 താങ്കൾ പ്രവർത്തനങ്ങളിൽ കൃത്യനിഷ്ഠയുള്ളവനും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമാണോ? ( )

4 കഴിവുകൾ വികസിപ്പിക്കുവാൻ ലഭിക്കുന്ന അവസരങ്ങൾ ശരിയായി ഉപയോഗപ്പെടുത്താറുണ്ടോ? ( )

5 മറ്റുള്ളവരെ സഹായിക്കാനും അവരുമായി സഹകരിക്കുവാനും ലഭിക്കുന്ന അവസരങ്ങൾ ശരിക്കു വിനിയോഗിക്കാറുണ്ടോ? ( )

6 താങ്കളുടെ ധാർമ്മിക നിലവാരവും സൽകീർത്തിയും സംരക്ഷിക്കുവാൻ ശ്രദ്ധിക്കാറുണ്ടോ? ( )

7 മറ്റുള്ളവരുടെ വിരസമായ സംസാരംപോലും ശ്രവിക്കാറുണ്ടോ? ( )

8 താങ്കൾ ഉന്നതമായ ആദർശങ്ങൾ വച്ചു പുലർത്താറുണ്ടോ? ( )

9 വ്യക്തമായ ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടാണോ താങ്കൾ പ്രവർത്തിക്കുന്നത്? ( )

10 സദാചാരപൂർവ്വം പെരുമാറുവാനും വൈകാരിക പക്വത നിലനിർത്തുവാനും താങ്കൾക്കു കഴിയുന്നുണ്ടോ? ( )

11 താങ്കൾ സ്വയം ചിന്തിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ സ്വന്തമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും അവയിൽ അടിയുറച്ചു നിൽക്കുകയും ചെയ്യാറുണ്ടോ? ( )

12 സത്യസന്ധതയോടും ആത്മാർത്ഥതയോടും കൂടിയാണോ താങ്കൾ സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്? ( )

13 താങ്കൾക്ക് ആത്മവിശ്വാസവും ആത്മധൈര്യവും കാര്യക്ഷമതയുമുണ്ടോ? ( )

14 പരാജയങ്ങളിൽനിന്ന് പുതിയ പാഠങ്ങൾ പഠിക്കുവാൻ ശ്രമിക്കാറുണ്ടോ? ( )

15 താങ്കളെക്കുറിച്ചുള്ള വിമർശനങ്ങളെ സ്വാഗതം ചെയ്യുകയും അവയുടെ വെളിച്ചത്തിൽ സ്വയം തിരുത്തുകയും ചെയ്യാറുണ്ടോ? ( )

16 ചെയ്യുന്ന കാര്യങ്ങൾക്കെല്ലാം താങ്കൾ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കാറുണ്ടോ? ( )

17 സഹപ്രവർത്തകരുടെ വ്യക്തിത്വത്തെ മാനിക്കുകയും അവരുടെ അഭിപ്രായങ്ങളെ പരിഗണിക്കുകയും ചെയ്യാറുണ്ടോ? ( )

18 സഹപ്രവർത്തകരുടെ നല്ല പ്രവർത്തനങ്ങളിലും വിജയത്തിലും അവരെ അഭിനന്ദിക്കാറുണ്ടോ? ( )

19 സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരുമായി അടുത്തു് ഇടപഴകാറുണ്ടോ? ( )

20 സമൂഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു് താങ്കൾക്കു് ശാസ്ത്രീയജ്ഞാനമുണ്ടോ? ( )

ശ്രദ്ധിക്കുക: ഈ കഴിവുകൾ താങ്കൾക്കു കുറവാണെങ്കിൽ അവ ആർജ്ജിക്കുവാനും നിലനിർത്തുവാനും പരമാവധി പരിശ്രമിക്കുക.

.... കോപ്പി എടുക്കേണ്ടതു്.....

iii *ഞാൻ ഒരു സംഘടനയുടെ നേതാവെങ്കിൽ...*

(താഴെ പറയുന്നവയിൽ താങ്കൾ യോജിക്കുന്നവയ്ക്കു് 'ടിക്' ചെയ്യുക; അല്ലാത്തവയ്ക്കു് ഗ്രണനചിഹ്നം ഇടുക)

1 അംഗങ്ങളോടു് സ്നേഹപൂർവ്വം പെരുമാറും. ( )

2 വാഗ്ദാനങ്ങൾ കൃത്യമായി പാലിക്കും. ( )

3 പാരമ്പര്യങ്ങളിൽനിന്നു് അണുവിട വ്യതിചലിക്കാതെ സമൂഹത്തെ നയിക്കും. ( )

4 സംഘടനയുടെ സജീവ പ്രവർത്തനത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കും. ( )

5 ജോലികൾ വിവിധ വ്യക്തികൾക്കായി വീതിച്ചുകൊടുക്കും. ( )

6 സമൂഹത്തിൽ ഒറ്റപ്പെട്ടവരെ അവഗണിക്കും ( )

7 സംഘടനയുടെ കെട്ടുറപ്പും ഭദ്രതയും നിലനിർത്തുവാൻ പരമാവധി പരിശ്രമിക്കും. ( )

8 സമൂഹത്തിലെ കഴിവതും എല്ലാവരുമായി സൗഹൃദ ബന്ധം സ്ഥാപിക്കും. ( )

9 സംഘടനയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച തീരുമാനങ്ങളെല്ലാം ഞാൻ തനിയെ എടുക്കും. ( )

10 സംഘടനയുടെ പേരിലുള്ള വരവുചെലവു കണക്കുകൾ കൃത്യമായി തയ്യാറാക്കിക്കൊണ്ടിരിക്കും. ( )

11 സമൂഹത്തിന്റെ അത്യാവശ്യങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞു പ്രവർത്തിക്കും. ( )

12 സമൂഹത്തിന്റെ പ്രവർത്തനങ്ങൾ കൂട്ടുതലും ഞാൻതന്നെ ചെയ്യും. ( )

13 സംഘടനയിൽ വരുത്തുവാനുദ്ദേശിക്കുന്ന വ്യതിയാനങ്ങൾ യഥാസമയം അംഗങ്ങളെ അറിയിക്കുകയും വിശദീകരിക്കുകയും ചെയ്യും. ( )

14 സമൂഹത്തിന്റെ കാര്യക്ഷമതയ്ക്കും വ്യക്തികൾക്കും തുല്യപ്രാധാന്യം നല്കും. ( )

15 സഹപ്രവർത്തകരെ അഭിനന്ദിക്കുന്നതിനെക്കാൾ കൂടുതൽ വിമർശിക്കുവാൻ ശ്രമിക്കും. ( )

16 സംഘടനയുടെ നിയമങ്ങൾക്കനുസൃതമായി മാതൃകാപരമായ ജീവിതം നയിക്കും. ( )

17 സംഘടനയ്ക്കുള്ളിൽ സംഘർഷമുണ്ടായാൽ അതു പരിഹരിക്കുവാൻ മുൻകൈയെടുക്കും. ( )

18 സമൂഹലക്ഷ്യം എങ്ങനെയും നേടിയെടുക്കുക എന്നതിൽ മാത്രമേ ഞാൻ താത്പര്യം പ്രദർശിപ്പിക്കൂ. ( )

19 പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു മുമ്പായി കഴിയുമെങ്കിൽ മറ്റുള്ളവരുമായി അതേക്കുറിച്ച് ചർച്ചചെയ്യുകയും അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കുകയും ചെയ്യും. ( )

20 സംഘടനയുടെ നിയമങ്ങൾ അവരുടെതന്നെ നന്മയ്ക്കുവേണ്ടിയാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തും. ( )

21 സംഘടനയുടെ പാരമ്പര്യങ്ങൾ പരിഗണിക്കുകയില്ല. ( )

22 പ്രശ്നകാരികളാകുന്നവരുടെ വീക്ഷണഗതിയും പ്രത്യേക സാഹചര്യങ്ങളും ക്ഷമാപൂർവ്വം പഠിക്കും. ( )

23 കാലാനുസൃതമായ വ്യതിയാനങ്ങൾക്ക് ഞാൻ സന്നദ്ധനാകും. ( )

24 എന്നെക്കുറിച്ചുതന്നെ ഞാൻ പ്രശംസിച്ചു സംസാരിക്കും. ( )

25 സഹപ്രവർത്തകർക്ക് വേണ്ടത്ര അംഗീകാരവും സ്ഥാനക്കയറ്റവും നല്കും. ( )

..... കോപ്പി എടുക്കേണ്ടതു്.....

ശരിയുത്തരം: ക്രമനമ്പറിൽ മൂന്നും മൂന്നിന്റെ പെരുക്കങ്ങളും ഉള്ള വാചകങ്ങളും തെറ്റും ബാക്കിയുള്ളവ ശരിയുമാണു്.

9 സംഘടനകൾക്കനുസരിച്ച പരിശീലനം

വിവിധ മതക്കാരോ രാഷ്ട്രീയ പാർട്ടികളോ സാമൂഹ്യ സംസ്ക്കാരിക സംഘടനകളോ തങ്ങളുടെ യുവതലമുറയ്ക്ക് നേതൃത്വപരിശീലനം നല്കുന്നതു് ഭാവിയിൽ തങ്ങളുടെ മതത്തിന്റെയോ പാർട്ടിയുടെയോ സംഘടനയുടെയോ പ്രസ്ഥാനത്തിന്റെയോ മൂല്യങ്ങളും ആദർശങ്ങളും ഉൾക്കൊള്ളുന്നവരാക്കി അവരെ രൂപപ്പെടുത്തുന്നതിനുകൂടിയാണല്ലോ അതിനാൽ നേതൃത്വപരിശീലനത്തോടൊപ്പം മാതൃസംഘടനയുടെ ലക്ഷ്യത്തെയും ആദർശത്തെയും മുന്നിൽ കണ്ടുകൊണ്ടു് അവയ്ക്കനുസരിച്ചു് നേതൃത്വപരിശീലന ക്യാമ്പുകളെ രൂപപ്പെടുത്തേണ്ടിവരും. സംഘടനയുടെ പ്രവർത്തനമേഖലകൾ, നേതൃത്വശൈലി, സ്ഥാപകനേതാക്കളുടെ വ്യക്തിത്വം മുതലായവയ്ക്കു് ഊന്നൽ കൊടുക്കണം.

ക്രൈസ്തവ സംഘടനകളുടെ നേതൃത്വപരിശീലന ക്യാമ്പുകളിൽ ഉപയോഗിക്കാവുന്ന 'ക്രൈസ്തവ നേതൃത്വത്തെ സംബന്ധിച്ച ചില പ്രത്യേക ടെക്നിക്കുകളാണു് ഉദാഹരണത്തിനായി താഴെ ചേർക്കുന്നതു്. മറ്റു സംഘടനകൾ ഇതേ രീതിയിൽ തങ്ങളുടെ സംഘടനയ്ക്കനുസരിച്ചു് ടെക്നിക്കുകളെ ക്രമപ്പെടുത്താവുന്നതാണു്.

ക്രൈസ്തവ നേതൃത്വം

വിശദീകരിക്കാൻ ചില ആശയങ്ങൾ:

— ആദർശനേതാവു് ക്രിസ്തു.

— സഭയിലെ ഡീക്കന്മാർ, വൈദികർ, മെത്രാന്മാർ തുടങ്ങി പൗരോഹിത്യ പദവികളിലുള്ളവർ ക്രൈസ്തവ നേതൃത്വത്തിനു് പ്രത്യേകമായി അഭിഷിക്തരായിരിക്കുന്നു

— ക്രൈസ്തവ നേതൃത്വം അധികാരത്തേക്കാളുപരി ശുശ്രൂഷയാണു്.

— സഭയിലെ സമർപ്പിതർ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവരാണു്.

— അൽമായരുൾപ്പെടെ എല്ലാ ക്രൈസ്തവരും യേശുവിന്റെ നേതൃത്വത്തിൽ പങ്കുകാരാണു്.

— ദൈവജനത്തെ സ്നേഹത്തിൽ ഒന്നിപ്പിച്ച് പിതാവി ലേയ്ക്കടുപ്പിക്കുകയായിരുന്ന യേശുവിന്റെ നേതൃത്വ ലക്ഷ്യം.

— ഇതേ ലക്ഷ്യത്തോടെയാണ് വിവിധ ജീവിതതുറകളി ലുള്ള എല്ലാ ക്രൈസ്തവരും പ്രവർത്തിക്കേണ്ടത്.

— ദൈവം നൽകിയ കഴിവുകളും അവസരങ്ങളും ഉപയോ ഗപ്പെടുത്തി നമ്മുടെ ചുറ്റുമുള്ളവർക്ക് യേശുവിന്റെ സ്നേഹം പരമാവധി പകരണം. അവരെ യേശുവിലേയ്ക്കും യേശു വഴി പിതാവായ ദൈവത്തിലേയ്ക്കും അടുപ്പിക്കണം.

— വിവിധ തുറകളിൽ പ്രവർത്തിക്കുന്ന സന്ന്യാസിനി സ ന്യാസികളെയും വൈദികരെയുംപോലെ സമൂഹത്തിൽ വിവിധ തൊഴിലുകളിലുള്ള അൽമായരും ക്രൈസ്തവ സ്നേ ഹവും സേവനവും വഴി സമൂഹാംഗങ്ങളെ യേശുവിലേയ്ക്ക നയിക്കുവാൻ തങ്ങളുടെ കഴിവുകളും സ്വാധീനവും പ്രയോ ജനപ്പെടുത്തണം.

— ക്രൈസ്തവ നേതാവ് ദൈവത്തെ അറിയുന്നവനും ദൈ വത്തിൽ ശരണം വയ്ക്കുന്നവനും ദൈവഹിതം അന്വേഷിക്ക ുന്നവനുമാകണം.

— ക്രൈസ്തവ നേതാവിന്റെ സേവനങ്ങൾ സ്വന്തം താല്പ ര്യത്തേക്കാളുപരി ദൈവസ്നേഹത്തേയും പരസ്നേഹത്തേയും പ്രതി ആയിരിക്കണം.

— ക്രൈസ്തവനായ മേലധികാരി യജമാനത്വം പുലർത്തു ന്നതിനേക്കാൾ യേശുവിനെപ്പോലെ ശുശ്രൂഷിക്കുന്നതിൽ ആനന്ദം കണ്ടെത്തണം.

— നേതാവ് സമൂഹത്തെയും സമൂഹം നേതാവിനെയും സ്വാധീനിക്കുന്നതിലൂടെയാണ് നേതൃത്വം ഉടലെടുക്കുക. ക്രൈസ്തവ നേതാവ് തന്റെ സ്വാധീനം മറ്റുള്ളവരെ യേ ശുവിലേക്ക നയിക്കുവാൻ കൂടി പ്രയോജനപ്പെടുത്തുന്നു.

ക്രൈസ്തവ നേതൃത്വത്തേക്കുറിച്ചുള്ള ക്ലാസ്സിനെ തുടർന്ന് ഗ്രൂപ്പുചർച്ചകൾക്ക നൽകാവുന്ന ചില വിഷയങ്ങളാണ് താഴെ ചേർക്കുന്നത്. ഇവയെല്ലാം ഉത്തരം കണ്ടുപിടിച്ച് ഗ്രൂപ്പിൽ പങ്കുവയ്ക്കണം. ഗ്രൂ പ്പ് ചർച്ചയിലൂടെ ക്രോഡീകരിക്കുന്ന ഉത്തരങ്ങൾ പൊതു സ മ്മേളനത്തിൽ വായിച്ച് ചർച്ച ചെയ്യാം.

1 യേശുവിന്റെ നേതൃത്വഗുണങ്ങൾ ഏവ? മറ്റു നേതാ ക്കളിൽനിന്നും യേശുവിന്റെ നേതൃത്വത്തെ വേർതിരിക്കുന്നു

പ്രത്യേകതകളും ഏവ? ഉദാഹരണസഹിതം വ്യക്തമാക്കുക.

2 ഒരു ഗ്രൂപ്പിൽപെട്ടവർക്കു് ഒരു തൊഴിൽവീതം വിവിധ ഗ്രൂപ്പുകൾക്കു് വിവിധ തൊഴിൽ നിശ്ചയിക്കുക. അവർ ചർച്ച ചെയ്യേണ്ട വിഷയം: ''ഒരു ..... എന്ന നിലയിൽ ദൈവത്തിനും സമൂഹം ജനങ്ങൾക്കുംവേണ്ടി താങ്കൾക്കു് എന്തു സേവനം ചെയ്യുവാൻ കഴിയും?'' തൊഴിലുകൾക്കു് ഉദാഹരണം: അദ്ധ്യാപകൻ, ഡോക്ടർ, നേഴ്സ്, പത്രപ്രവർത്തകൻ, സർക്കാരുദ്യോഗസ്ഥൻ, സാഹിത്യകാരൻ, രാഷ്ട്രീയപ്രവർത്തകൻ, വക്കീൽ, ക്ലാർക്കു്, പോലീസ് ഉദ്യോഗസ്ഥൻ, കാഥികൻ, വിദ്യാർത്ഥിനേതാവു്, കർഷകൻ, റേഡിയോ / ടെലിവിഷൻ നിലയത്തിലെകലാകാരൻ, കച്ചവടക്കാരൻ, കൂട്ടുംബനാഥൻ.

3 ഭാരതത്തിൽ ക്രൈസ്തവ സ്വാധീനം എത്രമാത്രം ഉണ്ടെന്നു വിശകലനം ചെയ്യുക. കുറവുകൾ ഉണ്ടെങ്കിൽ കാരണസഹിതം ചൂണ്ടിക്കാണിക്കുക. ക്രിസ്തുവിനെയും ക്രൈസ്തവാദർശങ്ങളെയും വിവിധ തലങ്ങളിൽ എപ്രകാരമെല്ലാം പ്രചരിപ്പിക്കുവാൻ സാധിക്കും? ഉദാഹരണസഹിതം വ്യക്തമാക്കുക.

4 ഇടവകയിലെ യുവജനസംഘടനാഭാരവാഹികൾ അനുഷ്ഠിക്കേണ്ട നേതൃത്വശൈലി ഉദാഹരണസഹിതം വിവരിക്കുക.

5 ഇടവകയുടെയും ഇടവകാംഗങ്ങളുടെയും ഇടവകാതിർത്തിയിലുള്ള മറ്റു ജനങ്ങളുടെയും സർവ്വവിധ പുരോഗതിക്കുവേണ്ടി യുവജനങ്ങൾക്കു് അനുഷ്ഠിക്കാവുന്ന സേവനങ്ങൾ ഏവ?

6 കലാലയങ്ങളിൽ നിങ്ങൾക്കെങ്ങനെ ക്രൈസ്തവ നേതൃത്വം പ്രായോഗികമാക്കാം?

7 വിവിധ സാംസ്കാരിക സംഘടനകളിലൂടെ ക്രൈസ്തവ സാക്ഷ്യവും സ്വാധീനവും നിങ്ങൾക്കെങ്ങനെ നിർവ്വഹിക്കാം?

8 തൊഴിൽ രംഗങ്ങളിൽ ക്രൈസ്തവ നേതൃത്വം സാധിക്കുന്നതെങ്ങനെ? ഉദാഹരണസഹിതം വ്യക്തമാക്കുക.

9 ക്രൈസ്തവ കലാകാരന്മാർക്കു് ക്രിസ്തീയ സ്വാധീനം സമൂഹത്തിൽ എങ്ങനെ കൈവരിക്കാം?

10 സമൂഹത്തിൽ ഇന്നുള്ള തിന്മകൾ ലഘൂകരിക്കാൻ നിങ്ങൾക്കെന്തു പങ്കു വഹിക്കുവാൻ കഴിയും? പ്രായോഗിക നിർദ്ദേശങ്ങൾ അവതരിപ്പിക്കുക.

വ്യക്തിപരമായി വിലയിരുത്തുകയും തുടർന്ന തങ്ങൾക്ക സ്വാതന്ത്ര്യവും വിശ്വാസവുമുള്ള സമൂഹങ്ങളായി തിരിഞ്ഞ് പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാവുന്ന വിഷയങ്ങൾ:

1 ഞാൻ ഏതു തൊഴിലിൽ അഥവാ ജീവിതാന്തസ്സിൽ എത്തിച്ചേരുവാനാഗ്രഹിക്കുന്നു (നിങ്ങൾക്ക് ഇപ്പോൾ ഏതു തൊഴിൽ അഥവാ ജീവിതാന്തസ്സാണ് ലഭിച്ചിരിക്കുന്നത്) അതു തെരഞ്ഞെടുക്കാനുണ്ടായ കാരണങ്ങൾ ഏവ? അതിലൂടെ യേശുവിനേയും സഭയേയും സമൂഹത്തെയും എങ്ങനെ സേവിക്കുവാൻ സാധിക്കും?

2 താങ്കൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വൈദികൻ, സിസ്റ്റർ, അല്മായൻ, അല്ലെങ്കിൽ വിശുദ്ധൻ ആര്? അദ്ദേഹത്തിന്റെ പ്രധാന ഗുണങ്ങളും പ്രത്യേകതകളും ഏവ?

3 ക്രിസ്തീയ സാധീനം പ്രയോജനപ്പെടുത്തുന്നതിന് ഇന്നവരെ എനിക്കു ലഭിച്ചിട്ടുള്ള അവസരങ്ങൾ ഏവ? അവയെ ഞാൻ ഏപ്രകാരം പ്രയോജനപ്പെടുത്തി? ഭാവിയിൽ എനിക്ക് ഏതെല്ലാം തരത്തിൽ ക്രൈസ്തവ നേതൃത്വം പ്രാവർത്തികമാക്കാൻ കഴിയും?

10 ക്യാമ്പ് അവലോകനം

ക്യാമ്പുകളുടെയോ സെമിനാറുകളുടെയോ അവലോകനത്തിനു് വളരെ പ്രസക്തിയും പ്രാധാന്യവുമുണ്ടു്. ക്യാമ്പിൽ പങ്കെടുത്തവർക്കു് ഉൾക്കൊള്ളുവാൻ കഴിഞ്ഞ ആശയങ്ങളെ വിലയിരുത്തുവാനും മനസ്സിൽ സ്ഥിരീകരിക്കുവാനും അതു സഹായിക്കുന്നു. അവരുടെ വിലയിരുത്തലിലൂടെ പരിശീലകനു് സ്വയം മെച്ചപ്പെടുത്താനുപകരിക്കുന്ന വിലയേറിയ നിർദ്ദേശങ്ങളും ലഭിച്ചെന്നു വരും. ക്യാമ്പിന്റെ സന്ദേശത്തേയും മറ്റു നല്ല വശങ്ങളെയും സന്തോഷകരമായ സംവേദങ്ങളെയും അനുസ്മരിച്ചുകൊണ്ടു് ഹൃദ്യമായ അന്തരീക്ഷത്തിൽ പിരിയുവാൻ സഹായിക്കുകയും ചെയ്യും.

ക്യാമ്പ് അവലോകനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു പരിശീലകൻ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിച്ചാലും മിക്കവരും തങ്ങളുടെ വേനങ്ങളിലേയ്ക്കു മടങ്ങുവാനുള്ള തിരക്കിലായിരിക്കും. അതിനാൽ ക്യാമ്പ് അവലോകനം കഴിവതും ഹ്രസ്വവും കാര്യമാത്രപ്രസക്തവുമായിരിക്കുവാൻ ശ്രദ്ധിക്കണം. അവലോകനത്തിനു താഴെ ചേർക്കുന്ന ഏതെങ്കിലും ചോദ്യാവലിയോ വിഷയത്തോടനുബന്ധിച്ചു മറ്റു ചോദ്യങ്ങളോ നല്കാം.

ചോദ്യാവലി - 1

1 ഈ ക്യാമ്പിനെക്കുറിച്ചു് പൊതുവെയുള്ള നിങ്ങളുടെ അഭിപ്രായം?

2 ഈ ക്യാമ്പിലൂടെ നിങ്ങൾക്കു ലഭിച്ച നേട്ടങ്ങൾ?

3 ഈ ക്യാമ്പിലൂടെ നിങ്ങൾ ഉൾക്കൊണ്ട പുതിയ ആശയങ്ങൾ?

4 ഈ ക്യാമ്പിൽ നിങ്ങളെ ഏറ്റവും ആകർഷിച്ച പരിപാടി ഏതായിരുന്നു? എന്തുകൊണ്ടു്?

5 ക്യാമ്പ് കൂടുതൽ മെച്ചമാക്കുവാനുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ.

6 വീണ്ടും ഇത്തരം ക്യാമ്പിൽ പങ്കെടുക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എന്തുകൊണ്ടു്?

7 ഈ ക്യാമ്പിൽ ഒഴിവാക്കാമായിരുന്ന ഇനങ്ങൾ ഏവ? എന്തുകൊണ്ടു്?

ചോദ്യാവലി - 2

1 ക്യാമ്പിനെ സംബന്ധിച്ച് താങ്കളുടെ പൊതുവായ അഭിപ്രായം?

2 ക്യാമ്പിൽ വന്നപ്പോൾ താങ്കൾക്കുണ്ടായിരുന്ന പ്രതീക്ഷ എന്തെല്ലാം? അവ എത്രമാത്രം സഫലീകൃതമായി?

3 ഈ ക്യാമ്പുവഴി താങ്കൾക്കുണ്ടായ നേട്ടങ്ങൾ ഏവ?

4 ക്യാമ്പിൽ തുടർന്നും നടത്തേണ്ട ഇനങ്ങൾ ഏവ?

5 ക്യാമ്പിൽനിന്നും ഒഴിവാക്കാമായിരുന്ന ഇനങ്ങൾ?

6 ക്യാമ്പിൽ കൂട്ടത്തലായി ചേർക്കേണ്ട ഇനങ്ങൾ?

7 താഴെ പറയുന്നവയ്ക്ക് 'വളരെ മോശം, മോശം, മെച്ചം, നന്നായിരുന്നു, വളരെ നന്നായിരുന്നു' എന്നിവയിൽ ഏതെങ്കിലും എഴുതുക:

i താമസ സൗകര്യം
ii ഭക്ഷണം
iii ക്ലാസ്സുകൾ
iv കളികൾ
v ടെക്നിക്കുകൾ
vi ഗ്രൂപ്പ് ചർച്ചകൾ
vii ടൈംടേബിൾ
viii അച്ചടക്കം
ix കമ്മറിറികളുടെ പ്രവർത്തനം
x വിഷയം

8 നിങ്ങളുടെ സ്വതന്ത്രമായ മറ്റ് അഭിപ്രായങ്ങൾ

ചോദ്യാവലി - 3

1 ക്യാമ്പിൽ പങ്കെടുത്തതിൽ താങ്കൾ എത്രമാത്രം സംതൃപ്തനാണ്?

2 ഇതിൽ താങ്കളെ ഏറ്റവും ആകർഷിച്ച പരിപാടി ഏതു്? എന്തുകൊണ്ടു്?

3 താങ്കൾക്ക് ക്യാമ്പിലൂടെ ലഭിച്ച ആശയങ്ങൾ?

4 ക്യാമ്പിൽനിന്നു ലഭിച്ച പ്രചോദനങ്ങൾ?

5 ക്യാമ്പിലൂടെ ലഭിച്ച ആശയങ്ങളുടെ വെളിച്ചത്തിൽ

ഭാവിയിൽ താങ്കളുടെ പ്രവർത്തനരീതിയിൽ എന്തെല്ലാം മാറ്റം വരുത്തുവാൻ ആഗ്രഹിക്കുന്നു?

6 ക്യാമ്പിൽ ഏറ്റവും ഇഷ്ടപ്പെടാത്ത ഇനം?

7 ക്യാമ്പിൽ വിരസമായി അനുഭവപ്പെട്ട പരിപാടികൾ ഏവ?


8 ക്യാമ്പിൽ അപ്രസക്തമായി തോന്നിയ ഇനങ്ങൾ?

9 ക്യാമ്പിൽ ഉണ്ടാകേണ്ടിയിരുന്ന ഇനങ്ങൾ?

10 തുടർന്നു് ഇത്തരം ക്യാമ്പുകൾ വേണമോ? വേണമെങ്കിൽ അവയിൽ എന്തെല്ലാം വ്യത്യാസങ്ങൾ വരുത്തണം?

വ്യക്തിപരമായ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ശേഷം ഓരോരുത്തരായി സ്റ്റേജിൽ വന്നു് തങ്ങളുടെ ഉത്തരങ്ങൾ വായിക്കണം. ഏതെങ്കിലും ഉത്തരം തുറന്ന പ്രസ്താവിക്കാൻ താല്പര്യമില്ലെങ്കിൽ അവ ഒഴിവാക്കാം. അതിനുശേഷം ഉത്തരങ്ങൾ പരിശീലകനെ ഏല്പിക്കണം. ഉത്തരക്കടലാസിൽ പേരു വയ്ക്കാതിരിക്കുവാനും അംഗങ്ങൾക്കു സ്വാതന്ത്ര്യമുണ്ടു്. ഉത്തരങ്ങളുടെ ഇനംതിരിച്ചുള്ള പഠനം പരിശീലകന്റെ ഭാവി പ്രവർത്തനങ്ങളെ മെച്ചമാക്കാൻ സഹായിക്കും.

ക്യാമ്പിന്റെ സമാപനത്തിൽ പരിശീലകൻ സംഘാടകർക്കും ക്യാമ്പംഗങ്ങൾക്കും നന്ദിപറയണം. സംഘാടകരുടെ സഹകരണത്തെയും അംഗങ്ങളുടെ നല്ല പ്രവർത്തനങ്ങളെയും പ്രത്യേകം പ്രത്യേകം പ്രശംസിക്കണം. അനുമോദനങ്ങൾ നൽകുവാനും വാദ്ധാനം ചെയ്ത സമ്മാനങ്ങൾ വിതരണം ചെയ്യാനും മറക്കരുതു്. ക്യാമ്പംഗങ്ങളിൽ ആരെങ്കിലും പരിശീലകനും സംഘാടകർക്കും നന്ദിപറയാനാഗ്രഹിക്കുന്നെങ്കിൽ അതിനും അവസരം നല്കണം. പരസ്പരം ഹസ്തദാനം ചെയ്തുകൊണ്ടു് ക്യാമ്പംഗങ്ങൾക്കു് ക്യാമ്പിൽനിന്നു വിടവാങ്ങാം.


dcb

dcb

നേതൃത്വ പരിശീലനം

പുതിയ തലമുറയ്ക്കു നേതൃത്വപരിശീലനം നൽകാൻ സാമൂഹായിക സാംസ്കാരിക സംഘടനകളും രാഷ്ട്രീയ പാർട്ടികളും മതവിഭാഗങ്ങളും ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. സമൂഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചോ നേതൃത്വത്തിന്റെ പ്രത്യേകതകളെക്കുറിച്ചോ വേണ്ടത്ര ഫലം ലഭ്യമാകണമെങ്കിൽ ക്ലാസ്സുകൾക്കൊപ്പം വിവിധ സാഹചര്യങ്ങൾ കൃത്രിമമായി സൃഷ്ടിച്ചുകൊണ്ട് കളികളിലൂടെയും ടെക്നിക്കുകളിലൂടെയും പല പ്രായോഗിക തത്ത്വങ്ങളും അനുഭവേരസികമായി പഠിപ്പിക്കുവാൻ സാധിക്കണം. നേതൃത്വപരിശീലനത്തിന്റെ പ്രസക്തിയും പ്രാധാന്യവും കണക്കിലെടുത്തു രചിച്ച ഈ ഗ്രന്ഥം അതിനുപകരിക്കും—നേതാക്കന്മാർക്കും നേതൃത്വപരിശീലകർക്കും മികച്ചൊരു 'ഹാൻഡ് ബുക്ക്'.

ഡി.സി.ബി
പ്രസിദ്ധീകരണം